# കോവിഡ്-19 മഹാമാരിയും ലോക്ക്ഡൌണും കേരള സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം - ദ്രുതഗതിയിലുള്ള വിലയിരുത്തൽ

കേരള സംസ്ഥാന ആസൂത്രണ ബോർഡ്
തിരുവനന്തപുരം
മെയ് 2020

**ഉള്ളടക്കം**

ആമുഖം ........................................................................................................................ 1

ഭാഗം I സംസ്ഥാന വരുമാനം ........................................................................................................ 3

കോവിഡ്-19ന്റെ ഫലമായി സംസ്ഥാന മൊത്ത മൂല്യ വർദ്ധനവിലുണ്ടാവുന്ന കുറവ് .................... 3

ഭാഗം II മേഖല തിരിച്ചുള്ള വിലയിരുത്തൽ ..................................................................................... 70

കാർഷിക മേഖലയിലെ നഷ്ടത്തിന്റെ കണക്കുകൾ ........................................................................ 70

മൃഗസംരക്ഷണത്തിലെ നഷ്ടത്തിന്റെ കണക്കുകൾ ........................................................................ 96

മത്സ്യമേഖലയിലെ നഷ്ടങ്ങളുടെ കണക്കുകൾ ............................................................................ 107

വ്യവസായത്തിലും വ്യാപാരത്തിലും കോവിഡ്-19 ന്റെ ആഘാതം ............................................... 117

വിനോദസഞ്ചാര മേഖലയിലെ നഷ്ടങ്ങളുടെ കണക്കുകൾ ........................................................ 155

ഗതാഗതത്തിലെ നഷ്ടത്തിന്റെ കണക്കുകൾ ............................................................................... 162

ഐടി മേഖലയ്ക്കുമേലുള്ള കോവിഡ്-19 ന്റെ ആഘാതവും പ്രതികരണ നടപടികളും ...................... 84

കോവിഡ്-19 ന്റെ ഊർജ്ജ മേഖലയിലെ ആഘാതവും പ്രതികരണ നടപടികളും .......................... 92

കോവിഡ് 19 മൂലം തൊഴിൽ മേഖലയിലെ ആഘാതം .................................................................. 97

കോവിഡ്-19 ന്റെ സ്ത്രീകളുടെ തൊഴിലിന്മേലുള്ള ആഘാതം ........................................................ 103

കോവിഡ്-19 ന്റെ പ്രവാസിപ്പണത്തിന്മേലും പ്രവാസികളിലുമുള്ള സ്വാധീനം ................................ 112

അനുബന്ധം ഇൻപുട്ട്-ഔട്ട്പുട്ട് മോഡൽ ഉപയോഗിച്ചുള്ള കേരളത്തിന്റെ നഷ്ടം കണക്കാക്കൽ .... 118

# ആമുഖം

ഈ "കോവിഡ്-19 മഹാമാരിയും ലോക്ക്ഡൌണും കേരള സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം - ദ്രുതഗതിയിലുള്ള വിലയിരുത്തൽ" മഹാമാരിയുടേയും രാജ്യ മുഴവൻ നടപ്പിലാക്കിയ ലോക്ക്ഡൌണിന്റെയും ഫലമായി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാക്കിയ നഷ്ടങ്ങളുടെ പ്രാഥമിക വിലയിരുത്തലാണ്.

വിലയിരുത്തലിന്റെ പൊതുപരിശോധനാ കാലയളവ് ലോക്ക്ഡൌൺ കാലയളവാണ്, അതായത്, മാർച്ച് 25, 2020 മുതൽ മെയ് 3, 2020 വരെ. എന്നിരുന്നാലും, റിപ്പോർട്ടിലെ വിവിധ മേഖലകളിലെ പരിശോധനാ കാലയളവ് വ്യത്യാസപ്പെട്ടിരിക്കുന്നു, അവ ബന്ധപ്പെട്ട ഭാഗങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു.

മഹാമാരിയും അതിന്റെ ഫലമായുണ്ടാകുന്ന ലോക്ക്ഡൌണും മൂലമുണ്ടായ നാശനഷ്ടത്തിന്റെ വ്യാപ്തിയും പഠിക്കുന്നതിന്റെ ആവശ്യകതക്കായി നടത്തിയ ദ്രുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട്.

മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് സംസ്ഥാന ആസൂത്രണ ബോർഡ് റിപ്പോർട്ട് തയ്യാറാക്കിയത്. ലോക്ക്ഡൌൺ സംസ്ഥാന സമ്പദ്‌വ്യവസ്ഥയിലുണ്ടായ ആഘാതം, ഏറ്റവും കൂടുതൽ ബാധിച്ച മേഖല എന്നിവയെക്കുറിച്ച് ദ്രുതഗതിയിൽ വിലയിരുത്താൻ നടത്താനാണ് മുഖ്യമന്ത്രി ബോർഡിന് നിർദ്ദേശം നൽകിയത്.

റിപ്പോർട്ടിൽ രണ്ട് വിഭാഗങ്ങളുണ്ട്. റിപ്പോർട്ടിന്റെ ആദ്യ വിഭാഗം സംസ്ഥാനത്ത് മൊത്ത മൂല്യവർദ്ധനവിൽ മഹാമാരി, ലോക്ക്ഡൌൺ എന്നിവയുടെ പ്രത്യാഘാതത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. റിപ്പോർട്ടിലെ ആഘാതം കണക്കാക്കിയത് ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ അടിസ്ഥാന വിവരവും സംസ്ഥാന സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെയർപേഴ്സന്റെ നിർദ്ദേശങ്ങളും അടിസ്ഥാനമാക്കിയാണ്. ഇൻപുട്ട്-ഔട്ട്പുട്ട് മോഡലിനെ അടിസ്ഥാനമാക്കി സമ്പദ്‌വ്യവസ്ഥയ്ക്ക് നേരിട്ടും അല്ലാതെയുമുള്ള നഷ്ടം കണക്കാക്കിയത് റിപ്പോർട്ടിന്റെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

റിപ്പോർട്ടിന്റെ രണ്ടാം വിഭാഗം മേഖല തിരിച്ചുള്ള നഷ്ടങ്ങൾ കണക്കാക്കിയിരിക്കുന്നു. വിശദമായ പരിശോധനയ്ക്കായി ഞങ്ങൾ ഏറ്റെടുത്ത മേഖലകൾ മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരമുള്ളവയാണ് : കൃഷി, മൃഗ സംരക്ഷണം, ക്ഷീരമേഖല, മത്സ്യബന്ധനം, വ്യവസായങ്ങൾ, വ്യാപാരം, ടൂറിസം, ഗതാഗതം, വിവരസാങ്കേതികവിദ്യ, വൈദ്യുതി, തൊഴിൽ, സ്ത്രീകളുടെ തൊഴിൽ , പ്രവാസിപ്പണം. വകുപ്പുകളിൽ നിന്നുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന ആസൂത്രണ ബോർഡ്

അംഗങ്ങളും ഡിവിഷൻ മേധാവികളുമാണ് ഈ റിപ്പോർട്ടുകൾ തയ്യാറാക്കിയത്. മേഖലകളുടെ റിപ്പോർട്ടുകൾ പൂർത്തിയാക്കിയതിനനുസരിച്ച് മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു.

കോവിഡ് -19 മഹാമാരിയുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രതിസന്ധി മുന്പ് ഉണ്ടാകത്തതാണ്. മുൻകാല ദുരന്തങ്ങൾ പ്രധാനമായും പ്രകൃതിദുരന്തങ്ങളായിരുന്നു, ഒരു നിശ്ചിത സമയത്തിനുള്ളിൽ സമ്പദ്‌വ്യവസ്ഥയുടെ ഉൽപാദന ശേഷി ബാധിക്കുകയും, ഹ്രസ്വ, ഇടത്തരം കാലയളവിൽ അളക്കാവുന്ന പ്രത്യാഘാതങ്ങൾ ഉണ്ടാകുകയും ചെയ്തു. കോവിഡ്-19 പകർച്ചവ്യാധിയുടെ സമയത്ത് ചരക്കുകളുടെയും സേവനങ്ങളുടെയും ഉൽപാദനം പൂർണ്ണമായും നിലച്ചു. കൂടാതെ, കോവിഡ്-19 പാൻഡെമിക് സമയത്ത് ഉൽപാദനം നിർത്തുന്നത് പ്രദേശാധിഷ്ഠിതം അല്ല. അതിന്റെ പ്രത്യാഘാതങ്ങൾ എല്ലാ പ്രദേശങ്ങളിലും ഉണ്ട്. പ്രതിസന്ധി അവസാനിച്ചതിനുശേഷം ഉല്പാദനം പുനരാരംഭിക്കാൻ എടുക്കുന്ന കാലഘട്ടത്തെക്കുറിച്ച് അനിശ്ചിതത്വമുണ്ട്. മുമ്പത്തെ ഉല്പാദന നിലവാരം കൈവരിക്കാൻ എത്ര സമയമെടുക്കുമെന്നതും അനിശ്ചിതത്വത്തിലാണ്. കാരണം, ഉൽപാദനം പുനരാരംഭിക്കുന്നത് ദേശീയ അന്തർദ്ദേശീയ വിതരണ വിതരണ ശൃംഖലകളെ ആശ്രയിച്ച് നിലകൊള്ളുന്നു.

സമ്പദ്‌വ്യവസ്ഥ ചലനാത്മകമാണെങ്കിലും സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ നിലവിലുള്ള ലോക്ക്ഡൌണിന്റെ സ്വാധീനം വിവരിക്കുകയും കണക്കാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. സാധാരണ സാഹചര്യങ്ങളിൽപ്പോലും വിവിധ മേഖലകളുടെ പുരോഗതിയുടെ ഗണാത്മക വിവര ങ്ങൾ വലിയ കാലതാമസമുണ്ടാകാറുണ്ട്. ഈ റിപ്പോർട്ടിലെ ശ്രമം കൃത്യമായ കണക്കുകളേക്കാൾ നിലവിലുള്ള അവസ്ഥ വിവരിക്കുകയാണ് ചെയ്യുന്നത്. ഞങ്ങളുടെ എസ്റ്റിമേറ്റുകൾ ഇന്ന് ലഭ്യമായ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നിരുന്നാലും, സ്ഥിതി മാറിമറിയാവുന്നതാണ്, ഇത് പകർച്ചവ്യാധിയുടെ കാലാവധിയും അത് കൈകാര്യം ചെയ്യാൻ സർക്കാരുകൾ സ്വീകരിച്ച നടപടികളും അനുസരിച്ച് മാറാം, ഇത് സംസ്ഥാനത്ത് മാത്രമല്ല, രാജ്യത്തും ലോകമെമ്പാടും.

നഷ്ടം വിലയിരുത്തുന്നതിനുള്ള രണ്ടാംഘട്ടം ആരംഭിക്കാൻ ഞങ്ങൾ ഇപ്പോൾ നിർദ്ദേശിക്കുന്നു. ഈ ആവശ്യത്തിനായി, കോവിഡ്-19 മഹാമാരിയുടെ സന്ദർഭത്തിൽ സംസ്ഥാനതലത്തിലുള്ള സാമ്പത്തിക നഷ്ടങ്ങൾ കണക്കാക്കുന്നതിനുള്ള രീതിശാസ്ത്രത്തെക്കുറിച്ച് ഒരു ദേശീയ കൺസൾട്ടേഷൻ 2020 മെയ് 2 ന് ഞങ്ങൾ നടത്തി. ഇവയെയും മറ്റ് ചർച്ചകളെയും അടിസ്ഥാനമാക്കി, കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ മഹാമാരിയുടെ രാജ്യത്തും സംസ്ഥാനത്തുമുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധർ, സർക്കാർ വകുപ്പുകൾ, കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ, കേരള സംസ്ഥാന ദുരന്ത നിവാരണ ഏജൻസി എന്നിവയിൽ നിന്നുള്ള വിദഗ്ധർ ഇതിൽ പങ്കെടുത്തു. ഈ കൺസൾട്ടേഷനിൽ നിന്നുയർന്ന് വന്ന ആശയങ്ങൾ ഉൾപ്പെടുത്തി സാമ്പത്തിക ആഘാതം പഠിക്കുന്നതിനുള്ള പുതിയ രീതികൾ ഞങ്ങൾ വികസിപ്പിക്കും.

## ഭാഗം I

# സംസ്ഥാന വരുമാനം

## കോവിഡ്-19ന്റെ ഫലമായി സംസ്ഥാന മൊത്ത മൂല്യ വർദ്ധനവിലുണ്ടാവുന്ന കുറവ്
## ചില പ്രാഥമിക എസ്റ്റിമേറ്റുകൾ

## സംസ്ഥാന വരുമാനത്തിൻ മേലുള്ള സ്വാധീനം

2020-21 ന്റെ ആദ്യ പാദത്തിൽ 2020 മാർച്ച് മുതൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ മൊത്ത മൂല്യവർദ്ധനവിന്റെ (ജിവിഎ) കുറവുകളുടെ എസ്റ്റിമേറ്റ് മാത്രമാണ് ഈ ഭാഗം കൈകാര്യം ചെയ്യുന്നത്.

2018-19ൽ, ത്വരിത കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ മൊത്ത മൂല്യവർദ്ധനവ് (ജിവിഎ) നിലവിലെ വിലയിൽ 7 ലക്ഷം കോടി രൂപയാണ്. ഇത് 2019-20ൽ 10 ശതമാനം വളർന്ന് 7.73 ലക്ഷം കോടിയായി ഉയരുമെന്ന് പ്രതീക്ഷിച്ചിരുന്നു.

സർക്കാർ, ബാങ്കിംഗ്, വിവരവിനിമയം മുതലായവ തിരഞ്ഞെടുത്ത ഏതാനും മേഖലകളൊഴികെ ചരക്കുകളുടെയും സേവനങ്ങളുടെയും കുറഞ്ഞ ഉൽപാദനമുള്ള ലോക്ക്ഡൌണിന്റെ ഒരു മാസത്തിൽ, പ്രതിമാസ മൂല്യവർദ്ധനവിന്റെ 80 ശതമാനം നമ്മൾക്ക് നഷ്ടപ്പെട്ടേക്കാം.

2020 മാർച്ച് മാസത്തിൽ, 10 ദിവസത്തെ ഉൽപാദന നഷ്ടവും മാർച്ച് പകുതി മുതൽ സാമ്പത്തിക പ്രവർത്തനം കുറയുന്നുവെന്ന് കരുതിയാൽ, സംസ്ഥാനത്ത് മൂല്യവർദ്ധനവിന്റെ കുറവ് ഏകദേശം 29,000 കോടി രൂപയാണെന്ന് ഞങ്ങൾ കണക്കാക്കുന്നു.

2020-21 ന്റെ ആദ്യ പാദത്തിൽ, ഏപ്രിൽ മാസത്തെ സാമ്പത്തിക പ്രവർത്തനങ്ങളിൽ ആകെ തടസ്സം നേരിടുന്നു. ഇവയിൽ പലതും മെയ് മാസത്തിലും തുടർന്നുള്ള മാസങ്ങളിലും തുടരുമെന്ന് പ്രതീക്ഷിക്കുന്നു. 2020-21 ലെ സാധാരണ ഉൽപാദന നില 2019-20 നെ അപേക്ഷിച്ച് 5 ശതമാനം കൂടുതലാണെന്ന് കരുതിയാൽ ആദ്യ പാദത്തിൽ ഏകദേശം 80,000 കോടി രൂപയുടെ വരെ നഷ്ടമുണ്ടാകുമെന്നാണ് ഇത് അർത്ഥമാക്കുന്നത്.

കേരള സമ്പദ്‌വ്യവസ്ഥയുടെ മൊത്തം മൂല്യവർദ്ധനവിൽ ഒന്നാം പാദത്തിലെ നഷ്ടം ഏകദേശം 80,000 കോടി രൂപയായിരിക്കുമെന്ന് ഞങ്ങൾ കണക്കാക്കുന്നു.

പട്ടിക 1 **വിവിധ സാഹചര്യങ്ങളിൽ 2020-21 ലെ ആദ്യ പാദത്തിലെ ജിഎസ്‌വിഎയുടെ കുറവിന്റെ**

| **സാഹചര്യം** | **ഒന്നാം പാദം 2020-21 (Rs Crores)** | | | |
|---|---|---|---|---|
| | **ഏപ്രിൽ** | **മേയ്** | **ജൂൺ** | **ഒന്നാം പാദത്തിലെ മൊത്തം** |
| മൊത്ത മൂല്യ വർധനവിലെ കുറവ്:<br>ഏപ്രിൽ: 80 ശതമാനം<br>മെയ്: 15 ശതമാനം<br>ജൂൺ: 10 ശതമാനം | 60000 | 11400 | 7600 | 79000 |
| മൊത്ത മൂല്യ വർധനവിലെ കുറവ്<br>ഏപ്രിൽ: 80 ശതമാനം<br>മെയ്: 20 ശതമാനം<br>ജൂൺ: 15 ശതമാനം | 60000 | 15200 | 114000 | 86600 |

**കണക്കാക്കൽ, കോടി രൂപയിൽ**

**കുറിപ്പ്**

***അനുമാനം:***

ജിഎസ്ഡിപിയുടെ പൊതു അഡ്മിൻ ഭാഗം(public administration part) അതേ പോലെ നിലനിൽക്കുന്നു അല്ലെങ്കിൽ മെച്ചപ്പെടുന്നു, വിള ഉൽപാദനം, ആശയവിനിമയം, ധനകാര്യം മുതലായവ ചെറിയ കുറവുകൾ മാത്രം അനുഭവിക്കുന്നു.

കേരളത്തിലെ തൊഴിൽ ഘടനയെയും മേഖലയുടെ വരുമാന വിതരണത്തെയും അടിസ്ഥാനത്തിൽ സംപൂർണ ലോക്ക്ഡൌൺ മൂല്യവർദ്ധനവിൽ 80 ശതമാനം നഷ്ടം വരുത്തുമെന്ന് കണക്കാക്കപ്പെടുന്നു

ഭാഗം II

# മേഖല തിരിച്ചുള്ള വിലയിരുത്തൽ

## കാർഷിക മേഖലയിലെ നഷ്ടത്തിന്റെ കണക്കുകൾ

പരിശോധാന കാലായളവ്: 2020 മാർച്ച് മുതൽ ഏപ്രിൽ വരെ

***തോട്ടവിളകൾ ഉൾപ്പെടെ കാർഷിക മേഖലയിലെ മൊത്തം നഷ്ടം 1570.75 കോടി രൂപയാണ്. വേതനനഷ്ടം മൂലം കർഷകത്തൊലാളികൾക്ക് ഉണ്ടാകുന്ന നഷ്ടം ഏകദേശം 200.30 കോടി രൂപയാണ്***

കോവിഡ് -19 മഹാമാരി കേരളത്തിന്റെ കാർഷിക മേഖലയെ പലവിധത്തിൽ ബാധിച്ചു.

ഒന്നാമതായി, അന്താരാഷ്ട്ര വിപണിയിലെ ചാഞ്ചാട്ടം നാണ്യവിളകളുടെ വ്യാപാരത്തെ ബാധിക്കുന്നു. അത്തരം നാണ്യവിളകളുടെ ഗണ്യമായ ഉൽപ്പാദനമാണ് കേരളത്തിലെ കാർഷിക മേഖലയിലുള്ളത്. ലോക്ഡൗണിനു ശേഷം ആഗോള വ്യാപാരം ഏതാണ്ട് നിലച്ചു. 2020 ൽ ആഗോള ലോക വ്യാപാരം 13 മുതൽ 32 ശതമാനം വരെ കുറയുമെന്ന് ലോക വ്യാപാര സംഘടന (WTO) വിലയിരുത്തുന്നു. കേരളത്തിൽ കൃഷി ചെയ്യപ്പെടുന്ന കയറ്റുമതി അധിഷ്ഠിത സുഗന്ധവ്യഞ്ജനങ്ങളിലും തോട്ടവിളകളിലും ഇത് വലിയ പ്രത്യാഘാതമുണ്ടാക്കും.

രണ്ടാമതായി, ലോക്ഡൗൺ ആരംഭിച്ചതിനുശേഷം മിക്ക കാർഷിക വിളകളുടെയും കന്നുകാലി ഉൽപ്പന്നങ്ങളുടെയും മത്സ്യങ്ങളുടെയും ആഭ്യന്തര വില കുത്തനെ ഇടിഞ്ഞുതാണു. ഉൽപ്പാദനത്തിൽ ഉണ്ടായ പ്രതിസന്ധി പ്രതീക്ഷിച്ചത്ര രൂക്ഷമായില്ലെങ്കിലും, ഡിമാൻഡ് കുറയുകയും വിതരണ ശൃംഖല തടസ്സപ്പെടുകയും ചെയ്തത് സംസ്ഥാനത്തെ കർഷകർക്ക് കാര്യമായ വരുമാനനഷ്ടം വരുത്തി.

മൂന്നാമതായി, ലോക്ക്ഡൌണിന്റെ ഫലമായി തൊഴിലാളികളുടെ ലഭ്യതക്കുറവും പ്രത്യേകിച്ച് അതിഥി തൊഴിലാളികളുടെ ലഭ്യതക്കുറവ്, കാർഷിക മേഖലയിലെ നിരവധി പ്രോസസ്സിംഗ് യൂണിറ്റുകളുടെ പ്രവർത്തനത്തെ ബാധിച്ചു. കാർഷിക ഉൽപന്നങ്ങൾ പ്രോസസ്സ് ചെയ്യാൻ ഈ യൂണിറ്റുകളിൽ പറ്റാതെ വന്നത് വിതരണ ശൃംഖലയെയും കർഷകരെയും ബാധിച്ചു.

അവസാനമായി, ലോക്ക്ഡൌൺ കാർഷിക പൊതുമേഖലാസ്ഥാപനങ്ങൾക്ക് വലിയ വരുമാനനഷ്ടം വരുത്തി.

ലോക്ക്ഡൗൺ കാലയളവിൽ കാർഷിക വികസന-കർഷകക്ഷേമ വകുപ്പ് വിപണിയിൽ പ്രശംസനീയമായ ഇടപെടലുകൾ നടത്തി. ഇത് കാർഷിക മേഖലയ്ക്ക് വളരെയധികം ഗുണം ചെയ്തു. എന്നിരുന്നാലും, നമ്മുടെ നിയന്ത്രണത്തിന് അതീതമായ ചില ഘടകങ്ങളാൽ കാര്യങ്ങൾ നിർവ്വഹിക്കാനുള്ള കാര്യപ്രാപ്തിയെ പരിമിതപ്പെടുത്തി.

## 1. നെൽകൃഷി

ലോക്ക്ഡൗൺ തുടങ്ങിയ സമയത്ത് നെൽകൃഷി മേഖലയിൽ രണ്ടാം വിളയുടെ കൊയ്ത്തു നടത്തേണ്ടതായിരുന്നു. വിളവെടുപ്പ് ഏറ്റെടുക്കുന്നതിന് കൃഷിസ്ഥലങ്ങളിൽ കാർഷിക തൊഴിലാളികളുടെ കുറവ് കർഷകർ നേരിട്ടു. വിളവെടുപ്പ് പൂർത്തിയായപ്പോഴും നെല്ലിന്റെ സംഭരണത്തിലും വ്യാപാരത്തിലും തടസ്സങ്ങളുണ്ടായിരുന്നു. പലയിടത്തും ഗതാഗത മേഖലയിലെ ട്രക്ക് ഡ്രൈവർമാരുടെ കുറവും റോഡ് ഗതാഗതത്തിനുള്ള നിയന്ത്രണങ്ങളും സംഭരണം വൈകിപ്പിച്ചു. എറണാകുളം ജില്ലയിലെ പ്രധാന അരി മില്ലുകൾക്കും കുടിയേറ്റ തൊഴിലാളികളുടെ കടുത്ത ക്ഷാമം നേരിടേണ്ടി വന്നു, ഇത് മില്ലിംഗും, സംഭരണവും മന്ദഗതിയിലാക്കി. ചില പ്രദേശങ്ങളിൽ വിളവെടുപ്പ് വൈകി. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ മിക്ക ഭാഗങ്ങളിലും സംഭരണ വിലയിൽ തന്നെ സംഭരണം പൂർത്തിയായി, അതായത് ക്വിന്റലിന് 2,695 രൂപ. ലോക്ക്ഡൌൺ കാലയളവിൽ (2020 ഏപ്രിൽ ആദ്യ ആഴ്ച വരെ) 386,944 ടൺ നെല്ല് വിളവെടുത്തു, അതിൽ 1,64,951 ടൺ സപ്ലൈകോ സംഭരിച്ചു. സംഭരണം തുടരുകയുമാണ്.

ധാന്യങ്ങളുടെ നഷ്ടവും ഗതാഗതത്തിൽ വന്ന കാലതാമസവും കാരണം നെൽകൃഷി മേഖലയിൽ ഏകദേശം 15 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു. 2020 മെയ് മാസത്തിൽ വേനൽ സമയത്തുള്ള കാർഷിക വൃത്തികൾ ഉറപ്പാക്കാൻ നമുക്ക് കഴിയാതെ വന്നാൽ, 2020 ജൂണിൽ മൺസൂൺ കൃഷിയുടെ വിസ്തൃതി കുറയാൻ സാധ്യതയുണ്ട്. ഇത് ഒഴിവാക്കണം.

## 2. പച്ചക്കറികൾ

പച്ചക്കറികളുടെ കാര്യത്തിൽ, കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ വില കുറയുകയും വിളവെടുത്ത പച്ചക്കറികൾ സാധാരണ പോലെ വിപണനം ചെയ്യാൻ കഴിയാത്തതും മൂലം വളരെ നഷ്ടമുണ്ടായി. കേരളത്തിൽ നിന്നുള്ള പച്ചക്കറി കയറ്റുമതി കുറഞ്ഞു. ലോക്ക്ഡൗൺ കാലയളവിൽ കേരളത്തിൽ നിന്നുള്ള പച്ചക്കറി കയറ്റുമതിയിൽ 40 ശതമാനം കുറവുണ്ടായി. ഇതുമൂലം നഷ്ടം സംഭവിച്ചിട്ടുണ്ട്.

കേരളത്തിലെ പച്ചക്കറി മേഖലയിലെ നഷ്ടം കണക്കാക്കുന്നതിന് നിരവധി ബുദ്ധിമുട്ടുകൾ നേരിടുന്നു. കേരളത്തിലെ മൊത്തം പച്ചക്കറികളുടെ ഉത്പാദനം ഏകദേശം 12.12 ലക്ഷം മെട്രിക് ടൺ ആണ്. കേരളത്തിൽ പച്ചക്കറി ഉൽപ്പാദനത്തിന് മൂന്ന് പ്രധാന സീസണുകളുണ്ട്: ശബരിമല സീസൺ (3 മാസം); ഓണം സീസൺ (2 മാസം), വിഷു/വേനൽക്കാലം (2 മാസം). ചില ഏകദേശ അനുമാന ങ്ങളുടെ അടിസ്ഥാനത്തിൽ, 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പച്ചക്കറികളുടെ ഉത്പാദനം ഏകദേശം 2 ലക്ഷം മെട്രിക് ടൺ ആയിരിക്കുമെന്ന് അനുമാനിക്കുന്നു. ഉൽപാദനത്തിന്റെ വലിയൊരു ഭാഗം കർഷകരുടെ ഉപഭോഗത്തിനായി നീക്കിവച്ചിട്ടുണ്ടാവുമല്ലോ. ഇവിടെ ചെയ്തിട്ടുള്ള

കണക്കെടുപ്പിൽ വിപണനം ചെയ്ത മിച്ചവും കർഷകർ സ്വയം ഉപഭോഗത്തിനായി ഉപയോഗിക്കുന്ന വിഹിതവും ഉൾക്കൊള്ളുന്നു.

മാർച്ച് 20 നും ഏപ്രിൽ 10 നും ഇടയിൽ കേരളത്തിലെ പച്ചക്കറികളുടെ ദൈനംദിന വിലകളെക്കുറിച്ചു ള്ള ഔദ്യോഗിക വിവരങ്ങൾ ഞങ്ങൾ ശേഖരിച്ചു. 2019 ലും 2020 ലും സമാനമായ കാലയളവിൽ കേ രളത്തിൽ വളർത്തുന്ന തിരഞ്ഞെടുത്ത 10 പ്രധാന പച്ചക്കറികളുടെ വിലയെക്കുറിച്ചുള്ള വിവരങ്ങൾ ചി ത്രം ഒന്നിൽ നൽകുന്നു. ചില പച്ചക്കറികൾ ഒഴിച്ച് നിർത്തിയാൽ, പല പച്ചക്കറികൾക്കും 2020 ഏപ്രിൽ 10 ലെ വിലകൾ, 2019 ഏപ്രിൽ 10 ലെ വിലയേക്കാൾ കുറവായിരുന്നു. 2020 മാർച്ച് 26 നും 2020 ഏപ്രിൽ 10 നും ഇടയിൽ മിക്ക പച്ചക്കറികളുടെയും ശരാശരി വില ഇടിഞ്ഞു. എല്ലാ വില വ്യതിയാനങ്ങളും 2019 നും 2020 നും ഇടയിലുള്ള വ്യത്യാസങ്ങളും പരിഗണിച്ചതിന് ശേഷം, ലോക്ക്ഡൌൺ കാലയളവിൽ പച്ചക്കറികളുടെ ശരാശരി വില കിലോഗ്രാമിന് 7രൂപ കുറഞ്ഞിരിക്കാമെന്ന് കണക്കാക്കിയിരിക്കുന്നു.

അങ്ങനെ, 2 ലക്ഷം മെട്രിക് ടൺ വിപണന മിച്ചവും കിലോയ്ക്ക് ശരാശരി 7 രൂപയുടെ നഷ്ടവും കണക്കിലെടുത്ത്, 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ പച്ചക്കറി മേഖലയിലെ നഷ്ടം ഏകദേശം 147 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കുന്നു. ഇതിനുപുറമെ വിഎഫ്പിസികെയുടെ കീഴിലുള്ള സ്വാശ്രയ കർഷക സമിതികൾ (എസ്കെഎസ്) ഏകദേശം 11 കോടി രൂപയുടെ നഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പച്ചക്കറി വിപണനത്തിൽ ഇടപെടാൻ വകുപ്പും വി.എഫ്.പി.സി.കെയും ഹോർട്ടികോർപ്പും നടത്തിയ ശ്രമ ങ്ങൾക്കിടയിലും നഷ്ടം സംഭവിച്ചു (ബോക്സ് 1 കാണുക)., വി. എഫ്..പി.സി.കെയും വിപണി വിലയിലെ അനാവശ്യ ഏറ്റക്കുറച്ചിലുകളിൽ നിന്ന് കർഷകരെ പ്രധാനമായും സംരക്ഷിച്ചിട്ടുണ്ട്. എന്നിരുന്നാലും, ഈ ഏജൻസികൾ നടത്തുന്ന പച്ചക്കറി വ്യാപാരത്തിന്റെ തോത് മൊത്തം വ്യാപാരവുമായി തട്ടിച്ചു നോക്കുമ്പോൾ തുലോം കുറവാണ്.

**ബോക്സ് 1**

**പച്ചക്കറി വിപണികളിൽ സർക്കാർ ഇടപെടൽ**

ലോക്ക്ഡൗൺ കാലയളവിൽ, കൃഷി -കർഷക ക്ഷേമ വകുപ്പ്, വിഎഫ്പിസികെ, ഹോർട്ടികോർപ്പ് എന്നിവയുടെ സമയോചിതമായ ഇടപെടൽ കാരണം കർഷകരുടെ നഷ്ടം ഗണ്യമായി കുറഞ്ഞു. പ്രാദേശികമായി സ്ഥാപിച്ച ഫാർമേഴ്സ് റീട്ടെയിൽവിപണികൾ മൂലം (ഓരോ പഞ്ചായത്തിലും ഒന്നു വീതം, മുനിസിപ്പാലിറ്റികളിൽ രണ്ട് വീതവും കോർപ്പറേഷനുകളിൽ അഞ്ച് വീതവും) കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ പ്രാദേശികമായി വിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ ഏജൻസികൾ സ്വീകരിച്ച ഓൺലൈൻ വിപണന തന്ത്രം, മാമ്പഴം, പൈനാപ്പിൾ, വാഴപ്പഴം, പപ്പായ, പച്ചക്കറികൾ തുടങ്ങിയ ഉൽപ്പന്നങ്ങൾ നഗരവാസികൾക്ക് നേരിട്ട് വിൽക്കാൻ സഹായിച്ചു. മാത്രമല്ല, മിച്ച

ഉൽപന്നങ്ങളുടെ മറ്റ് ജില്ലകളിലേക്കുള്ള കൊണ്ടുപോകലും സാധ്യമായി. പാലക്കാട്, കുട്ടനാട്, കോൾ പ്രദേശങ്ങളിൽ വകുപ്പ് (600 നമ്പറുകൾ) നെൽ മെതിക്കുന്നതിനുള്ള സംവിധാനമൊരുക്കി. വിളവെട്ടുപ്പിനും കാലതാമസത്തിനുമുള്ള നെല്ലിന്റെ നഷ്ടം ഇത് കുറച്ചു.

2020 മാർച്ച് 23 മുതൽ 2020 ഏപ്രിൽ 15 വരെ ഹോർട്ടികോർപ്പ് 1200 മെട്രിക് ടൺ പഴങ്ങളും പച്ചക്കറികളും കർഷകരിൽ നിന്നും സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങി. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ സ്വകാര്യ ഓൺലൈൻ ഭക്ഷ്യ വിതരണ പോർട്ടലുകളിലൂടെ പഴങ്ങളും പച്ചക്കറികളും ഓൺലൈൻ വിപണനം നടത്തി. സംസ്ഥാനത്തൊട്ടാ കെയുള്ള വിവിധ കമ്മ്യൂണിറ്റി അടുക്കളകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, അതിഥി തൊഴിലാളി ക്യാമ്പുകൾ, മറ്റ് ഏജൻസികൾ എന്നിവയ്ക്കും പഴങ്ങളും പച്ചക്കറികളും വിതരണം ചെയ്തു. 100 സ്വന്തം സ്റ്റാളുകളിലൂടെയും ഹോർട്ടി കോർപ്പിന്റെ 200 ഓളം ഫ്രാഞ്ചൈസികളിലൂടെയും പഴങ്ങളും പച്ചക്കറികളും ഉപഭോക്താക്കൾക്ക് വിപണനം നടത്തി.

വാർഷിക അടിസ്ഥാനത്തിൽ, പച്ചക്കറികളുടെ മൊത്തം ഉത്പാദനം 12.12 ലക്ഷം മെട്രിക് ടൺ ആണെങ്കിൽ, വി.എഫ്.പി.സി. കെ മാർക്കറ്റുകളിൽ വരുന്ന അളവ് (അതായത്, എസ്കെഎസ്) 83,280 മെട്രിക് ടൺ മാത്രമാണ്. സംസ്ഥാനത്തെ മൊത്തം ഉൽപാദനത്തിന്റെ 7 ശതമാനം മാത്രമാണ് അത്.

എന്നിരുന്നാലും, 2019 മാർച്ച്-ഏപ്രിൽ, 2020 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ വിഎഫ്പിസികെ വിപണികളിൽ നടന്ന വ്യാപാരത്തിന്റെ വ്യാപ്തി താരതമ്യം ചെയ്താൽ, വിഎഫ്പിസികെ വിപണികളിലെ വ്യാപാരം വർദ്ധിച്ചതായി നമുക്ക് കാണാം. 2019 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ 1627 മെട്രിക് ടൺ പച്ചക്കറികൾ വി.എഫ്.പി.സി.കെ വിപണിയിൽ വന്നു. 2020 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ (2020 ഏപ്രിൽ 15 വരെ) 1782 മെട്രിക് ടൺ പച്ചക്കറികൾ വിഎഫ്പിസികെ വിപണിയിൽ വന്നിട്ടുണ്ട്. 2020 ഏപ്രിൽ 30 വരെ ഉള്ള കണക്ക് പരിശോധിക്കുമ്പോൾ, ഇത് വർദ്ധിച്ചേക്കാം. ലോക്ക്ഡൌൺ കാലാവധിയിൽ എല്ലാ വി.എഫ്.പി.സി.കെ വിപണികളും തനത് സമയത്ത് തുറന്നിട്ടില്ല എന്ന കാര്യം കൂടി പരിഗണിക്കുമ്പോൾ ഇത് വളരെ ആശാവഹമാണ്.

2020 മാർച്ച് 1 നും 2020 ഏപ്രിൽ 13 നും ഇടയിൽ ഹോർട്ടികോർപ്പ് വിപണികളിലെവിപണനവും വർദ്ധിച്ചു. എല്ലാ ജില്ലകളിലെയും വിപണികൾ വഴി വിറ്റഴിച്ച അളവ് 38.6 ലക്ഷം കിലോഗ്രാമും മൊത്തം വിൽപ്പന 8.3 കോടി രൂപയുമാണ്. 2019 ലെ ഇതേ കാലയളവിൽ ഇത് യഥാക്രമം 11.6 ലക്ഷം കിലോഗ്രാമും, മൂല്യം 4.1 കോടി രൂപയുമാണ്. ഹോർട്ടികോർപ്പ് വഴിയുള്ള മൊത്തം വിൽപ്പനയുടെ മൂല്യം ഏകദേശം 10 കോടി രൂപയും വിൽക്കുന്ന അളവ് 50 ലക്ഷം കിലോഗ്രാമും ആയിരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെയും ഒരു നല്ല ശതമാനം കർഷകർ ഗുണഭോക്താക്കൾ ആയെങ്കിലും, സംസ്ഥാനത്തിന്റെ മൊത്തം വിപണി കണക്കാക്കുമ്പോൾ ഇത് വളരെ കുറവാണ്.

## 3. പഴവർഗങ്ങളും കിഴങ്ങുവർഗങ്ങളും

(i) നേന്ത്രനിലും മറ്റു വാഴപ്പഴങ്ങളിലും, വിലയിൽ സംഭവിച്ച കുറവാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ലോക്ക്ഡൌൺ കാലത്ത് നേന്ത്രന്റെ വില കിലോയ്ക്ക് 40-45 രൂപയിൽ നിന്ന് 20-25 രൂപയായി കുറഞ്ഞു. മറ്റു വാഴപ്പഴങ്ങലിലും സമാനമായ നഷ്ടം പ്രതീക്ഷിക്കുന്നു.


കേരളത്തിൽ നേന്ത്രന്റെയും മറ്റു വാഴപ്പഴങ്ങളുടേയും വാർഷിക ഉൽപാദനം ഏകദേശം 8.1 ലക്ഷം മെട്രിക് ടൺ ആണ്. 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നേന്ത്രന്റെയും മറ്റു വാഴപ്പഴത്തിന്റെയും ഉത്പാദനം ഏകദേശം 1.3 ലക്ഷം മെട്രിക് ടൺ ആയിരിക്കുമെന്ന് കണക്കാക്കുന്നു. കർഷകർക്ക് ഒരു കിലോയുടെ വിലയിൽ 20 രൂപ നഷ്ടമുണ്ടാകുമെന്ന് കരുതുക, രണ്ട് മാസക്കാലത്തേക്ക് ഏത്തപ്പഴത്തിനും മറ്റ് വാഴപ്പഴത്തിനും ഉണ്ടാകുന്ന മൊത്തം നഷ്ടം ഏകദേശം 269 കോടി രൂപയാണ്.


(ii) മധ്യ കേരളത്തിലെ പ്രധാന വിളയായ പൈനാപ്പിളിന്റെ വില ലോക്ക്ഡൌൺ കാലത്ത് കിലോയ്ക്ക് 20-25 രൂപയിൽ നിന്ന് 10-15 രൂപയായി കുറഞ്ഞു. കാർഷികോല്പാദന മേഖലകളിൽ നിന്ന് പൈനാപ്പിൾ വാങ്ങാനും ഓൺലൈനിൽ വിൽക്കാനുമുള്ള കാര്യമായ ശ്രമം ഹോർട്ടികോർപ്പും വി.എഫ്.പി.സികെയും നടത്തിയിട്ടുണ്ട്. എന്നിട്ടും സംസ്ഥാനത്തെ 50,000 മെട്രിക് ടൺ പൈനാപ്പിൾ വിളവെടുപ്പിന് ഏകദേശം 50 കോടി രൂപയാണ് നഷ്ടം കണക്കാക്കുന്നത്.

(iii) കശുവണ്ടിയിൽ, അടച്ചിടൽ സമയത്ത് വിളവെടുക്കാൻ കഴിയാത്തതിനാലും സംസ്കരണ സൗകര്യങ്ങളുടെ അഭാവത്താലും നഷ്ടം സംഭവിച്ചു. 10 കോടി രൂപയാണ് നഷ്ടം കണക്കാക്കുന്നത്.


iv) കിഴങ്ങുവർഗ്ഗ വിളകളുടെ കാര്യത്തിൽ സംസ്ഥാനത്തെ നഷ്ടം 20 കോടി രൂപയാണെന്ന് ആസൂത്രണ ബോർഡ് കണക്കാക്കുന്നു.


ചിത്രം 1 **കേരളത്തിലെ പ്രധാന പച്ചക്കറികളുടെ വിലപ്രവണത , 2020 മാർച്ച് മുതൽ ഏപ്രിൽ 10 വരെ , കി ഗ്രാമിന് രൂപയിലും 100 ഗ്രാമിന് രൂപയിലും**







മത്തൻ
Prices, Rs per kg
Date
20M 21M 23M 24M 25M 26M 27M 28M 30M 31M 1A 2A 4A 6A 8A 9A 10A
2019
2020


നാടൻ ബീൻസ് (അമരക്ക)
Prices, in Rs per kg
Date
2019
2020
20M 21M 23M 24M 25M 26M 27M 28M 30M 31M 1A 2A 4A 6A 8A 9A 10A



നാടൻ ബീൻസ് (വള്ളിപ്പയർ)
80
70
60
50
40
30
20
10
0
Prices, in Rs per kg
67.57
64.36
63.64
63.64
64.86
63.79
63.36
63.5
61.43
57.5
55.36
57
57.07
56.36
59.79
59.5
58.43
58.17
59.09
56.25
55.38
54.46
52.23
51.08
50.92
51.92
50.69
50
48.85
48.92
49.82
47.54
47.21
47.21
20M 21M 23M 24M 25M 26M 27M 28M 30M 31M 1A 2A 4A 6A 8A 9A 10A
Date
2019
2020


നാടൻ പയർ(അച്ചിങ്ങ പയർ)






പാവയ്ക്ക
Prices, in Rs per kg
Date
2019
2020
55.43
57.57
57.57
57.57
56.79
56.07
56
56
57.07
56.36
55.64
54.64
54.64
54.86
55.21
55.5
55.86
40.21
40.21
43.38
47.08
49.17
50.92
49.09
50
49.46
47.38
46.92
45.83
45.77
45.46
44.83
45.25
46.3
20M
21M
23M
24M
25M
26M
27M
28M
30M
31M
1A
2A
4A
6A
8A
9A
10A



വെള്ളരിക്ക
Prices, in Rs per kg
Date
2019
2020
20M 21M 23M 24M 25M 26M 27M 28M 30M 31M 1A 2A 4A 6A 8A 9A 10A
25.86 26.43 26.43 26.43 25.64 25.5 25.79 25.36 25.57 25.14 24.36 24 22.29 23.07 22.29 22.07 22.93
18.57 18.57 19.85 22.25 24.31 25.08 27.5 30 28.69 27.08 27.15 26.69 26.92 26.69 26.85 27.23 26.18



വെണ്ടയ്ക്ക
Prices, in Rs per kg
Date
70
60
50
40
30
20
10
0
20M
21M
23M
24M
25M
26M
27M
28M
30M
31M
1A
2A
4A
6A
8A
9A
10A
48.5
46.21
44.43
44.43
43.5
42.29
40.07
41.29
40.14
44.21
41.64
40.21
40.79
39.64
38.36
38.5
38.07
39.36
35.43
35.43
41.85
45.08
48.08
49.17
60
48.46
50.92
53.31
49.62
48.54
48.08
47.15
48.77
48.36
2019
2020



പടവലങ്ങ
Prices, in Rs per kg
Date
2019
2020
20M 21M 23M 24M 25M 26M 27M 28M 30M 31M 1A 2A 4A 6A 8A 9A 10A
36.5 36.36 36.5 36.5 37.93 39.71 40.07 40.43 41.36 40.86 38.86 39.64 38.57 36.64 37.43 37.64 38
29.14 29.14 30.38 30.67 34 36.46 37.45 40 34.69 34.69 34.92 34.77 34.38 34.15 33.92 34.08 35.27




സ്രോതസ്സ്: സാമ്പത്തിക ശാസ്ത്ര സ്ഥിതിവിവരക്കണക്ക് വകുപ്പ്, കേരള സർക്കാർ

## 4. വിവിധ കമ്മോഡിറ്റി ബോർഡുകൾക്ക് കീഴിലുള്ള വിലകൾ

(i) 2011 ന് ശേഷമുള്ള വിലയിലുണ്ടായ ഇടിവ് കാരണം പ്രകൃതിദത്ത റബ്ബർ (എൻആർ) മേഖല പ്രതിസന്ധി ഘട്ടത്തിലാണ്. എല്ലാ പ്രകൃതിദത്ത റബ്ബർ മാർക്കറ്റുകളും ലോക്ക്ഡൗൺ തീയതി മുതൽ അടച്ചിരുന്നു, അതിനാൽ മാർക്കറ്റിൽ കാര്യമായ വരവുണ്ടായിട്ടില്ല. ലോക്ക്ഡൗൺ തുടങ്ങിയത്

മുതൽ പ്രകൃതിദത്ത റബ്ബറും കേരളത്തിന് പുറത്തേക്ക് കയറ്റുമതി ചെയ്തിട്ടില്ല. എന്നിരുന്നാലും, റബ്ബർ എസ്റ്റേറ്റുകൾ, ലാറ്റക്സ് പ്രോസസ്സിംഗ് വ്യവസായങ്ങൾ, കയ്യുറ നിർമാണ യൂണിറ്റുകൾ എന്നിവ 2020 ഏപ്രിൽ 14 ന് ശേഷം പ്രവർത്തിക്കാൻ അനുമതിയുണ്ടായിരുന്നു. അതിനാൽ, എൻആർ ലാറ്റെക്സിൽ വ്യാപാരം ഏപ്രിൽ 14 ന് ശേഷം ആരംഭിക്കാം എന്ന് പറഞ്ഞിട്ടുണ്ട്. സാധാരണ ട്രേഡ് ചെയ്യപ്പെടുന്ന ആർഎസ്എസ് 4 ഗ്രേഡിന്റെ വില ലോക്ക്ഡൗൺ പ്രഖ്യാപിച്ച സമയം കിലോയ്ക്ക് 125 രൂപയായിരുന്നു. ഉയർന്ന സ്റ്റോക്ക്, റബ്ബർ ഉപഭോഗത്തിൽ ഇടിവ്, അന്താരാഷ്ട്ര വിലക്കുറവ് എന്നിവ കാരണം വ്യാപാരം ആരംഭിക്കുമ്പോൾ റബ്ബറിന്റെ വില കുറയുമെന്ന് പ്രതീക്ഷിക്കുന്നു. അന്താരാഷ്ട്ര സാമ്പത്തിക വളർച്ച കുറഞ്ഞതിനാൽ പ്രകൃതിദത്ത റബ്ബർ വിപണികളെ പ്രതികൂലമായി ബാധിക്കും.

2018-19 ൽ കേരളത്തിൽ പ്രകൃതിദത്ത റബ്ബറിന്റെ മൊത്തം ഉത്പാദനം 540,775 ടൺ ആയിരുന്നു. ചില അനുമാനങ്ങൾ ഉപയോഗിച്ച്, കേരളത്തിൽ 45,064 ടൺ പ്രകൃതിദത്ത റബ്ബറിന്റെ വിറ്റുപോകാത്ത സ്റ്റോക്ക് ഉണ്ടെന്ന് കണക്കാക്കുന്നു. ഇതിന്റെ മൂല്യം 563 കോടി രൂപയാണ്.

(ii) കോവിഡ്-19 പ്രതിസന്ധിക്ക് മുമ്പ് തന്നെ കേരളത്തിലെ തേയിലത്തോട്ട മേഖല പ്രതിസന്ധിയിൽ ആയിരുന്നു. വിലകൾ കുറവായിരുന്നു, ഓരോ വർഷവും ഉൽപാദനം കുറയുകയും ഉൽപാദനച്ചെലവ് വർദ്ധിക്കുകയും ചെയ്തു.

കോവിഡ് -19, ലോക്ക്ഡൗൺ കാരണം : (എ) തൊഴിലാളികളുടെ അഭാവവും സംസ്കരണ ഫാക്ടറികൾ അടച്ചതുകാരണം വിളവെടുപ്പിൽ നഷ്ടം സംഭവിച്ചു; (ബി) വിതരണ ശൃംഖലയിലെ തടസ്സങ്ങൾ കാരണം വിപണനത്തിലെ നഷ്ടം; (സി) വേതനം നൽകാൻ പണത്തിന്റെ അഭാവം; (ഡി) ഗോഡൗണുകളിൽ വിറ്റുപോവാത്ത തേയില ശേഖരിക്കൽ; (ഇ) കയറ്റുമതിയുടെ നിശ്ചലാവസ്ഥ;
(എഫ്) വായ്പ തിരിച്ചടവിന്റെ അഭാവം ഇവയെല്ലാം കേരള സർക്കാരിന്റെ ഇടപെടലുകൾക്ക് ശേഷവും ഇതെല്ലാം തുടരുന്നു(ബോക്സ് 2 കാണുക)

**ബോക്സ് 2**

**കേരള സർക്കാർ തേയിലയുടെ കൊച്ചി വില്പനയിലെ വില ഉയർത്തുന്നുന്നു**

പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണത്തിനായി ബ്ലാക്ക് ടീ വാങ്ങാനുള്ള കേരള സർക്കാരിന്റെ നീക്കം കൊച്ചി ലേലത്തിലെ വില ഉയർത്തി.

20 ദിവസത്തെ ഇടവേളയ്ക്ക് ശേഷം ആരംഭിച്ച തേയില ലേലത്തിൽ കിലോയ്ക്ക് 10-15 രൂപയും ചിലപ്പോഴൊക്കെ അതിലധികവും ഉയർന്നു. പ്രധാനമായും സർക്കാർ ഉടമസ്ഥതയിലുള്ള സിവിൽ

സപ്ലൈസ് കോർപ്പറേഷന്റെ സപ്ലൈകോ വലിയതോതിൽ വാങ്ങിയതാണ് ഇതിന് കാരണം. ലോക്ക്ഡൌൺ കാലയളവിൽ വിതരണം ചെയ്യുന്ന അവശ്യവസ്തുക്കളുടെ കിറ്റുകളുടെ ഭാഗമായി പിഡിഎസിന് കീഴിൽ വിതരണത്തിനായി 2.5 ലക്ഷം കിലോഗ്രാം സപ്ലൈകോ വാങ്ങി.

വില്പനായി നൽകിയ 8.9 ലക്ഷം കിലോയിൽ, 8.19 ലക്ഷം കിലോഗ്രാം തേയില ശരാശരി 120.90 രൂപയ്ക്ക് വിറ്റു. മുൻ വിൽപ്പനയിൽ ഇതിന്റെ വില 112.64 രൂപയായിരുന്നു.

സ്രോതസ്സ്: ദി ഹിന്ദു ബിസിനസ്സ് ലൈൻ, കൊച്ചി, ഏപ്രിൽ 9, 2020.

തോട്ടങ്ങളുടെ ഒരു അധികച്ചെലവ് കൊളുന്തു നുള്ളൽ പുനരാരംഭിക്കാനുള്ള ചെലവാണ്. ദക്ഷിണേന്ത്യയിൽ 15 മുതൽ 18 ദിവസം വരെ നീളുന്ന വിളവെടുപ്പ് ചക്രം തുടരുന്നത്. ഈ കാലയളവിനുള്ളിൽ കൊളുന്തുകൾ വിളവെടുക്കുന്നില്ലെങ്കിൽ, തേയിലത്തോട്ടങ്ങൾ വളരുകയും ഗുണനിലവാരമുള്ള ചായ യുടെ നിർമ്മാണത്തിന് അനുയോജ്യമല്ലാതാവുകയും ചെയ്യും. പതിവ് വിളവെടുപ്പ് ചക്രത്തിലേക്ക് തേയില തോട്ടങ്ങൾ തിരികെ കൊണ്ടുവരുന്നതിന്, തേയിലക്കാടുകൾ അരിവാൾകൊണ്ടു മുറിച്ചുക ളയണം.

തേയിലത്തോട്ടങ്ങളിലെ നഷ്ടകണക്കുകൾ ദക്ഷിണേന്ത്യയിലെ തേയില മേഖലയുടെ മൊത്തത്തിൽ ഉള്ളതു മാത്രമാണ് ലഭ്യമായിട്ടുള്ളത്. ദക്ഷിണേന്ത്യയിലെ തേയില ഉൽപാദനത്തിൽ കേരളത്തിന്റെ പങ്ക് ഏകദേശം 26 ശതമാനമാണ്. ദക്ഷിണേന്ത്യയിലെ തേയില മേഖലയ്ക്കുള്ള നഷ്ടത്തിൽ കേരളത്തിന്റെ പങ്ക് ഇതായിരിക്കുമെന്ന് നമ്മൾ കരുതുന്നു. ഈ അനുമാനത്തെ അടിസ്ഥാനമാക്കി ദക്ഷിണേന്ത്യയിലെ തേയില വ്യവസായത്തിനും കേരളത്തിലെ തേയില വ്യവസായത്തിനും ഉണ്ടായ മൊത്തം നഷ്ടം പട്ടിക 1 ൽ നൽകിയിരിക്കുന്നു. കേരളത്തിലെ തേയില മേഖലയുടെ ആകെ നഷ്ടം 141.1 കോടി രൂപയാണ്. പ്രതീക്ഷിക്കുന്ന വിളനാശം താരതമ്യേന ഉയർന്നതാണ്, കാരണം ഏപ്രിൽ-മെയ് മാസങ്ങൾ സാധാരണയായി ഈ പ്രദേശത്തെ ഏറ്റവും ഉയർന്ന വിളവെടുപ്പ് കാലമാണ്.

ലോക്ക്ഡൌൺ കാലത്ത് തേയിലത്തോട്ടങ്ങൾ തൊഴിലാളികൾക്ക് വേതനം നൽകിയിട്ടില്ലെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ചില തോട്ടങ്ങൾ തൊഴിലാളികൾക്ക് ഒരു ചെറിയ അഡ്വാൻസ് വേതനം നൽകിയിട്ടുണ്ട്, എന്നാൽ ഇത് വ്യക്തമാക്കാൻ വേണ്ട വിവരങ്ങൾ ഇല്ല.

പട്ടിക 1 **തേയില മേഖലയിലെ നഷ്ടങ്ങൾ, ദക്ഷിണേന്ത്യയും കേരളവും**

| **നഷ്ടത്തിന്റെ സ്വഭാവം** | **ദക്ഷിണേന്ത്യ** | **കേരളത്തിന്റെ പ്രതീക്ഷിത നഷ്ടം** |
|---|---|---|
| (1) | (2) | (3) |
| **ലോക്ക്ഡൌൺ കാരണമുള്ള വിള നഷ്ടം** | | |
| തൂക്കം (ദശലക്ഷം കിലോഗ്രാം) | 23.0 | 6.0 |

| | | |
|---|---|---|
| മൂല്യം (കോടി രൂപ) | 314.0 | 81.6 |
| **ആഭ്യന്തര വിപണിയിൽ തേയില വിൽക്കാതിരിക്കുന്നതിലെ നഷ്ടം** | | |
| തൂക്കം (ദശലക്ഷം കിലോഗ്രാം) | 10.0 | 2.6 |
| മൂല്യം (കോടി രൂപ) | 115.5 | 30.0 |
| **കയറ്റുമതി വിപണിയിൽ തേയില വിൽക്കാതിരിക്കുന്നതിലെ നഷ്ടം** | | |
| തൂക്കം (ദശലക്ഷം കിലോഗ്രാം) | 3.0 | 0.8 |
| മൂല്യം (കോടി രൂപ) | 52.5 | 13.7 |
| **തോട്ടങ്ങളും ഫാക്ടറിയും വീണ്ടും പ്രവർത്തിച്ചു തുടങ്ങുന്നതിന്റെ ചെലവ്** | | |
| മൂല്യം* (കോടി രൂപ) | 60.8 | 21.8 |
| **ആകെ നഷ്ടം (കോടി രൂപ)** | **542.8** | **141.1** |

സ്രോതസ്സ്: കോളം 2 ഉപാസി; കോളം 3 ആസൂത്രണ ബോർഡിന്റെ കണക്കാക്കലുകൾ.

കുറിപ്പ് *: തുറന്നു പ്രവർത്തിപ്പിക്കാനുള്ള കേരളത്തിന്റെ പങ്ക് 36 ശതമാനമാവാമെന്നു കരുതുന്നു.

iii) ലോക്ക്ഡൌൺ ആരംഭിക്കുമ്പോൾ കാപ്പി മേഖലയും ഒരു പ്രയാസകരമായ ഘട്ടത്തിലൂടെ കടന്നുപോവുകയായിരുന്നു. കാരണം ഉയർന്ന ഉൽപാദനച്ചെലവും ഉല്പന്നങ്ങളുടെ കുറഞ്ഞ വിലയു മാണ്. തിരിച്ചറിവും. ഇതിനു മുകളിലേക്കാണ് കോവിഡ്-19 വന്നത്. ഇത് സാധാരണമായിട്ടുള്ള തോട്ടം പ്രവർത്തനങ്ങളിൽ തടസ്സമുണ്ടാക്കുകയും കയറ്റുമതി ഉൾപ്പെടെയുള്ള വ്യാപാരം റദ്ദാക്കുകയോ നീട്ടിവെക്കുകയോ ചെയ്യുകയും രാജ്യത്തുടനീളം കാപ്പിയുടെ നീക്കത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തു കയും ചെയ്തു. തോട്ടങ്ങളിൽ, റോബസ്റ്റ കാപ്പിയുടെ വിളവെടുപ്പ് കുടിയേറ്റ തൊഴിലാളികളുടെ അഭാവ ത്താൽ ബാധിക്കുകയുണ്ടായി. ചില ഉയർന്ന ഉയരത്തിലുള്ള അറബിക്ക ഇനം കൃഷിചെയ്യുന്ന പ്രദേശ ങ്ങളിൽ കാപ്പിക്കുരു പറിച്ചെടുക്കൽ പുരോഗമിക്കുന്നു. തോട്ടത്തിനോടു ചേർന്നുള്ള കടയിലെ വിൽപന പൂജ്യമാണ്. പാകപ്പെടുത്തുന്ന പ്ലാന്റുകളിലേക്ക് കാപ്പി എത്തിക്കുന്നതിൽ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. അവശ്യവസ്തുക്കളുടെ പട്ടികയിൽ കാപ്പി ഉണ്ടായിരുന്നിട്ടും പ്രാദേശിക തലത്തിലുള്ള ഗതാഗതത്തെ നിരവധി പ്രാദേശിക ഘടകങ്ങൾ തടസ്സപ്പെടുത്തി. ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ ഒരു ജോലിസ്ഥ ലത്ത് അഞ്ചിൽ കൂടുതൽ തൊഴിലാളികളെ അനുവദിക്കാത്തതിനാൽ സംസ്കരണം തന്നെ മന്ദഗതിയി ലാണ് നടക്കുന്നത്.

കാപ്പിയുടെ കയറ്റുമതി 2018-19 ന് ശേഷം കുറഞ്ഞുവരികയായിരുന്നു. പ്രസിദ്ധീകരിച്ച 2019-20 ലെ കയറ്റുമതി കണക്കുകൾ കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിരക്കാണ്. 2018-19 നും 2019-20 നും ഇടയിൽ ഇന്ത്യയിൽ നിന്നുള്ള കാപ്പി കയറ്റുമതി 12 ശതമാനം കണ്ട് കുറഞ്ഞു. അല്ലെ ങ്കിൽ ഏകദേശം 600 കോടി രൂപ കുറവ് ഇക്കാലയളവിലുണ്ടായി. ഇതേ കാലയളവിൽ കാപ്പിയുടെ വില 4 ശതമാനം ഇടിഞ്ഞു. ഒരു ടണ്ണിന് 1.64 ലക്ഷം രൂപയിൽ നിന്ന് 1.58 ലക്ഷം

രൂപയായി. ലോക്ക്ഡൌൺ സമയത്ത് കയറ്റുമതികളൊന്നും നടക്കുന്നില്ല. സംസ്കരണ പ്ലാന്റുക ളിൽ നിന്ന് തുറമുഖങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ ട്രക്കുകളുടെ കുറവുകൊണ്ടും ഗതാഗത നിയന്ത്രണം കൊണ്ടും തടസ്സപ്പെടുത്തുന്നു. തുറമുഖത്തൊഴിലാളികളുടെയും കണ്ടെയ്നറുകളുടെയും അല്ലെങ്കിൽ ലൈന റുകളുടെയും കുറവ് മംഗലാപുരം, കൊച്ചി തുറമുഖങ്ങളിൽ സാധാരണമാണ്.

കണക്കാക്കുന്ന മൊത്തം നഷ്ടം ഈ ഘട്ടത്തിൽ വ്യക്തമാക്കാൻ പ്രയാസമാണ്. റിപ്പോർട്ടുകൾ പ്രകാരം 400 കോടി രൂപ വിലവരുന്ന ഏകദേശം 21,000 മെട്രിക് ടൺ ദക്ഷിണേന്ത്യൻ കാപ്പി വിവിധ കാപ്പി സംസ്കരണ കേന്ദ്രങ്ങളിലും തുറമുഖങ്ങളിലും കുടുങ്ങിക്കിടക്കുന്നു. കേരളത്തിന്റെ വിഹിതം ഏകദേശം 23 ശതമാനമാണെന്ന് കരുതുകയാണെങ്കിൽ, ഈ അക്കൗണ്ടിൽ കേരളത്തിന് ഉണ്ടായ നഷ്ടം 92 കോടി രൂപയുടേതാണ്.

## 4. **സുഗന്ധവ്യഞ്ജനങ്ങൾ**

ലോക്ക്ഡൌൺ സാരമായി ബാധിച്ച വിളകളിലൊന്നാണ് ഏലം. ഏലച്ചെടി സംരക്ഷണ പ്രവർത്തന ങ്ങളുടെ പതിവ് രീതിയും 6-8 റൗണ്ട് വിളവെടുപ്പ് ചക്രങ്ങളും അടങ്ങിയ ഏല കൃഷി പ്രക്രിയ കാണിക്കുന്നതി തൊഴിൽ വിതരണമടക്കം അവശ്യവസ്തു വിതരണ ശൃംഖലകളിൽ ദീർഘകാലം തടസ്സമു ണ്ടാകുന്നത് വിളയെ പ്രതികൂലമായി ബാധിക്കും എന്നാണ്. പ്രധാന ഉല്പാദന മേഖലയായ ഇടുക്കിയിലെ തൊഴിൽ എടുക്കുന്നതിനുമേൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ മൂലം കാര്ഷിക പ്രവർത്തനങ്ങളെ ബാധിച്ചു. രാജ്യത്തെ മൊത്തം ഏലകൃഷി വിസ്തൃതിയുടെ യും ഉൽപാദനത്തിന്റെയും 50 ശതമാനത്തിലധികവും കേന്ദ്രീകരിച്ചിരിക്കുന്നത് ഇടുക്കി ജില്ലയിലാണ്.

നിലവിൽ ഏലത്തോട്ടത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ ജലസേചനവും മറ്റ് കാർഷിക പ്രവൃത്തി കളും ഉൾപ്പെടുന്നു. ഇപ്പോൾ വിളനാശം നാമമാത്രമാണ് എന്നാണ് റിപ്പോർട്ടു ചെയ്തിട്ടുള്ളത്. ഏലം തോട്ടങ്ങളിൽ വിളവെടുപ്പ് കൂടുതലും പൂർത്തിയായതായി റിപ്പോർട്ടുകൾ ഉണ്ടെങ്കിലും ചില തോട്ടങ്ങളിൽ അവസാന ഘട്ട വിളവെടുപ്പ് ഇപ്പോഴും അവശേഷിക്കുന്നുണ്ടെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കേരള ത്തിലെ ഏലത്തിന്റെ വിളവെടുപ്പ് തമിഴ്നാട്ടിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികളാണ് ചെയ്യുന്നത്. ലോക്ക്ഡൌൺ കാലത്ത് കേരള-തമിഴ് നാട് അതിർത്തി അടച്ചിരുന്നതിനാൽ, ഈ തൊഴിലാളി കളെ വിളവെടുപ്പിന് കിട്ടുന്നില്ല. ഏലം ഒരു നശിക്കാത്ത വിളയാണെന്ന് കണക്കിലെടുക്കുമ്പോൾ, മനുഷ്യശക്തിയുടെ അഭാവം മൂലം ഏലം വിളവെടുക്കാത്തതുമൂലം ഉണ്ടാകുന്ന നഷ്ടം ഹെക്ടറിന് കുറഞ്ഞ ത് 10 കിലോഗ്രാം എന്ന തോതിൽ കണക്കുകൂട്ടിയെടുക്കാം. അതനുസരിച്ച്, ഈ സീസണിൽ ആകെ കണക്കാക്കിയ വിളനാശം ഏകദേശം 300 മെട്രിക് ടൺ ആയിരിക്കും.

കിലോയ്ക്ക് 1000 രൂപയുടെ വില കുത്തനെ ഇടിഞ്ഞതിനെത്തുടർന്ന് 2020 മാർച്ച് പകുതിയോടെ ലേലം നിർത്തിവച്ചു. സംസ്ഥാനത്തെ ഏലയ്ക്കയുടെ 90 ശതമാനത്തിലധികം ഇ-ലേല

കേന്ദ്രങ്ങളിലൂടെയാണ് വിൽക്കുന്നത്. അതിന്റെഫലമായി, സ്റ്റോക്ക് കുമിഞ്ഞുകൂടി, ഏലം കർഷകർക്ക് ആഴ്ചതോറും കിട്ടേണ്ട പണം ലഭിക്കുന്നില്ല. ഇപ്പോൾ ഒരു ഏലം വ്യാപാരവും നടക്കുന്നില്ല.

സ്പൈസസ് ബോർഡിൽ നിന്നുള്ള ഇ-ലേലങ്ങളുടെ കണക്കുകൾ സൂചിപ്പിക്കുന്നത് 2019 മാർച്ച്, ഏപ്രി ൽ മാസങ്ങളിൽ തോട്ട ഉടമകളും ഡീലർമാരും കൂടെ 2861 മെട്രിക് ടൺ ഏലയ്ക്ക വ്യാപാരം നടത്തി യിരുന്നെങ്കിൽ 2020 ൽ അത് 588 മെട്രിക് ടൺ മാത്രമായിരുന്നു. ഇ-ലേലങ്ങളിലെ വ്യാപാരത്തിന്റെ മൂല്യം 2019 മാർച്ചിലും ഏപ്രിലിലും കൂടെ 461 കോടിയിൽ നിന്ന് 2020 മാർച്ചിലും ഏപ്രിലിലും കൂടെ 239 കോടി രൂപയായി കുറഞ്ഞു (2019 ഏപ്രിലിൽ ഒരു കിലോയ്ക്ക് 1813 രൂപയിൽ നിന്ന് 2020 ഏപ്രിലിലേക്ക് 2667 രൂപയായി ഉയർന്നു. അല്ലാതെ ഇത് ദുക്കത്തിന്റെ പ്രതിഫലനമല്ല).

ഫലപ്രദമായ വില്പന മാർഗമില്ലാതെ കർഷകർ വിളവുകൾ തങ്ങളുടെ കൈവശം വയ്ക്കുന്നു. സുഗന്ധവ്യഞ്ജനങ്ങളുടെ ആഗോള ചോദനം കുറഞ്ഞിട്ടില്ല, പക്ഷേ ആഗോള വിതരണ ശൃംഖലയെ കോവിഡ് ബാധിച്ചിട്ടുണ്ട്. ഏപ്രിൽ 21 മുതൽ ആരംഭിക്കുന്ന റമദാൻ സീസണിൽ ഗൾഫ് മേഖലയിലേക്കുള്ള ഏലക്കായ് കയറ്റമതി ഓർഡറുകൾ മാറ്റിവയ്ക്കുകയോ റദ്ദാക്കുകയോ ചെയ്തു. ദില്ലി, മുംബൈ തുടങ്ങിയ ആഭ്യന്തര വിപണികൾ അടച്ചതും ഏലം വില്പനയിൽ ഇടിവുണ്ടാക്കി.

വിള നഷ്ടം മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാധാരണ വിളവെടുപ്പിന്റെ 30 ശതമാനം വരെ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ആഴ്ചയിൽ 200 മെട്രിക് ടൺ സ്റ്റോക്ക് കർഷകരിൽ കുടുങ്ങിക്കിടക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്, ഒരു മാസത്തേക്ക് ഏകദേശം 800 മെട്രിക് ടൺ ഏലയ്ക്ക, ഏകദേശം 180 കോടി രൂപ വിലമതിക്കുന്നു. കേരളത്തിലെ നഷ്ടം ഏകദേശം 126 കോടി രൂപ വരെയാകാം.

കുരുമുളകിന്റെ സാധാരണ വിളവെടുപ്പ് ഡിസംബർ മുതൽ ഫെബ്രുവരി വരെയാണ്. 2020 മാർച്ച് തുടക്കത്തോടെ വിളവെടുപ്പ് കാലം അവസാനിച്ചു. തൽഫലമായി കോവിഡ്-19 കേരളത്തിലെ കുരുമുളകിന്റെ വിളവെടുപ്പിനെ ബാധിച്ചില്ല. കേരളത്തിൽ പുരയിട കൃഷി സമ്പ്രദായവും കുടുംബ തൊഴിൽ (family labourOഅടിസ്ഥാനമാക്കിയുള്ള ചെറുകിട ഉടമകളുടെ ഉല്പാദന സമ്പ്രദായവും ആയതുകൊണ്ട് 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ കുരുമുളക് വള്ളികളുടെ വേനൽക്കാല പരിചരണവും പരിപാലനവും ഏറ്റെടുക്കാൻ ഭൂരിപക്ഷം കർഷകർക്കും കഴിയും.

എന്നിരുന്നാലും, വിലയിലുണ്ടായ ഇടിവ് ആഘാതം ഉണ്ടാക്കിയിട്ടുണ്ട്. കുരുമുളക് വില കിലോയ്ക്ക്

330 രൂപയിൽ നിന്ന്   290 രൂപയായി കുറഞ്ഞു. കേരളത്തിലെ കുരുമുളക് മേഖലയിലെ മൊത്തം നഷ്ടം 50 കോടി രൂപയാണ്.

ജൂൺ-ആഗസ്റ്റ് മാസങ്ങളിൽ നല്ല വിളവെടുപ്പ് ലഭിക്കാൻ ജാതിക്കയുടെ വേനൽക്കാല പരിചരണം പ്രധാനമാണ്. കൃഷി വീട്ടുവളപ്പുകളിൽ ആണെന്നുള്ളതുകൊണ്ട് നഷ്ടം താരതമ്യേന കുറവായിരിക്കാം. വേനൽക്കാല പുതയിടൽ, സസ്യസംരക്ഷണ പ്രവൃത്തികൾ, ജലസേചനം തുടങ്ങിയ പ്രവർത്തനങ്ങളെ ബാധിച്ചേക്കാം. എന്നിരുന്നാലും, ഈ സീസണിലെ ഉൽപാദന ആഘാതം 5 ശതമാനത്തിൽ കുറവായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വേനൽക്കാലത്ത് കാർഷിക ഇടപെടലുകൾ തടസ്സപ്പെടുന്നതിനാൽ പ്രവർത്തനങ്ങൾ മരങ്ങളെ ദുർബലപ്പെടുത്തുകയും വരാനിരിക്കുന്ന മൺസൂൺ സീസണിൽ രോഗബാധ വർദ്ധിപ്പിക്കുകയും ചെയ്യും. കോവിഡ് -19 അവസ്ഥയിൽ നിന്ന് ഉണ്ടാകുന്ന നിയന്ത്രണങ്ങൾ ജൂൺ മാസത്തോടെ തീരുകയാണെങ്കിൽ, വിളനാശം നിയന്ത്രിക്കാൻ കഴിയും.

## 5. സ്ഥാപനങ്ങൾ

i) കശുവണ്ടി, ഓയിൽ പാം, റബ്ബർ എന്നിവയുടെ വിൽപ്പനയിൽ ഉണ്ടായ നഷ്ടം കാരണം കേരളത്തിലെ പ്ലാന്റേഷൻ കോർപ്പറേഷന് മൊത്തം 6.9 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു.

ii) കൂടാതെ, നഴ്സറികൾ, ഗതാഗതം, ഇൻപുട്ട് ഡീലർമാർ തുടങ്ങിയ കാർഷിക ഉപമേഖലകളിൽ 50 കോടി രൂപയുടെ നഷ്ടം പ്രതീക്ഷിക്കാമെന്ന് കണക്കാക്കുന്നു.

iii) ഹോർട്ടികോർപ്പിനെ സംബന്ധിച്ചിടത്തോളം, ലോക്ക്ഡൗൺ കാലയളവിൽ ഒരു കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. ഇവ കൂടുതലും അവരുടെ ഫാമുകളിൽ നിന്നുള്ള വരുമാന നഷ്ടമാണ്.

iv) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് (കെയ്കോ), ലോക്ക്ഡൗൺ കാലയളവിൽ ആകെ നഷ്ടം 7 കോടി രൂപയാണ്.

v) ലോക്ക് ഡൌൺ കാരണം കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്ക് (കെഎയു) ഏകദേശം 10 കോടി രൂപയുടെ നഷ്ടം സംഭവിച്ചു. വിത്തുകൾ, നടീൽ വസ്തുക്കൾ, ബയോ ഇൻപുട്ടുകൾ, കാർഷികോൽപ്പന്നങ്ങൾ, കൂൺ, സംസ്കരിച്ച ഉൽപന്നങ്ങൾ, എന്നിവയുടെ ഉൽപ്പാദനവും, വിൽപ്പനയും നിന്നതിനാലും പൂന്തോട്ടങ്ങളിലേക്കുള്ള പ്രവേശന ഫീസ്, പ്രതീക്ഷിച്ച മറ്റ് നഷ്ടങ്ങൾ എന്നിവ മൂലമാണ് ഈ നഷ്ടം.

vi) ലോക്ക്ഡൗൺ കാരണം കേരള സ്റ്റേറ്റ് ഫാർമിംഗ് കോർപ്പറേഷന്റെ (എസ്എഫ്സികെ) നഷ്ടം 0.85 കോടി രൂപയായി കണക്കാക്കുന്നു.
vii) ലോക്ക്ഡൗൺ കാരണം കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിന് (കാംകോ) ഒരു കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു.

## 6. നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ

i) ചില അനുമാനങ്ങൾ ഉപയോഗിച്ച്, നെല്ല്, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ വിളകളിൽ ജോലിയുടെ അഭാവം മൂലം കർഷക തൊഴിലാളികൾക്ക് ആകെ നഷ്ടം 10 കോടി രൂപയാണെന്ന് ഞങ്ങൾ കണക്കാക്കുന്നു.

ii) റബ്ബറിൽ 70,000 റബ്ബർ ടാപ്പർമാരും മറ്റ് തൊഴിലാളികളും ഗ്രൂപ്പ് പ്രോസസിംഗ് സെന്ററുകളിലും ലാറ്റെക്സ് കളക്ഷൻ സെന്ററുകളിലും (അസംഘടിത ചെറുകിട കൃഷി മേഖലയിൽ) ഉണ്ട്. ലോക്ക്ഡൗൺ കാരണം അവർക്ക് ജോലി നഷ്ടപ്പെട്ടു. ലോക്ക്ഡൌൺ സമയത്ത് നഷ്ടപ്പെട്ട പ്രവൃത്തി ദിവസങ്ങളുടെ എണ്ണം 30 ദിവസമാണെന്ന് അനുമാനിക്കുന്നു. പ്രതിദിനം ശരാശരി 525 രൂപ (പ്രതിദിനം 300 മരങ്ങളും കൂലിക്ക് ഒരു മരത്തിനു 1.75 രൂപയും), വേതനനഷ്ടം ഒരാൾക്ക് 15,750 രൂപയാകും. ഏകദേശം 110 കോടി രൂപയാണ് ഇവിടത്തെ തൊഴിലാളികൾക്ക് നഷ്ടം [1].

iii) കേരളത്തിലെ ഏല കൃഷിയുടെ വിസ്തീർണ്ണം ഏകദേശം 40,000 ഹെക്ടർ ആണ്. വിളവെടുപ്പ്, ജലസേചനം, തളിക്കൽ എന്നിവ 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നിശ്ചയിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കുറച്ച് തൊഴിലാളികളെ നിയമിച്ചിരുന്നു. നഷ്ടപ്പെട്ട വ്യക്തി ദിവസങ്ങളുടെ എണ്ണം ഹെക്ടറൊന്നിന് ഒരാൾക്ക് 20 തൊഴിൽ ദിവസമായി കണക്കാക്കുന്നു. അതിനാൽ, നഷ്ടപ്പെട്ട വ്യക്തി ദിവസങ്ങൾ ഏകദേശം 800,000 വ്യക്തിഗത ദിവസങ്ങളായിരിക്കുമെന്ന് കണക്കാക്കുന്നു. പ്രതിദിനം 360 രൂപ പ്രതിദിന വേതനത്തിൽ തൊഴിലാളികൾക്ക് സാമ്പത്തിക നഷ്ടം 28.8 കോടി രൂപയായി കണക്കാക്കപ്പെടുന്നു.

iv) തേയിലയിൽ കേരളത്തിലെ തോട്ടം തൊഴിലാളികളുടെ എണ്ണം 43,000 ആണ്. പ്രതിദിനം 399.21 രൂപയാണ് വേതന നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. 2020 മാർച്ചിനും ഏപ്രിലിനുമിടയിൽ 30 ദിവസത്തേക്ക് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്ന് ഞങ്ങൾ അനുമാനിക്കുന്നു.

[1] ഈ റിപ്പോർട്ടിന്റെ ലേബർ വിഭാഗത്തിൽ ഒരു ബദൽ കണക്കുകൂട്ടൽ ഉണ്ട്. ഡാറ്റയുടെ ഉറവിടത്തിലെ വ്യത്യാസം കാരണമാണ് കണക്കുകൂട്ടലിലെ വ്യത്യാസം. ഈ വിഭാഗത്തിൽ, ഡാറ്റയുടെ ഉറവിടം യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസിയേഷൻ ഓഫ് സതേൺ ഇന്ത്യയാണ്.

അതിനാൽ, തേയിലത്തോട്ട മേഖലയിലെ മൊത്തം വേതന നഷ്ടം 51.5 കോടി രൂപയായി കണക്കാക്കപ്പെടുന്നു [2].

## 7. ഭാവി തന്ത്രങ്ങൾ

കാർഷിക മേഖലയിലെ ഭാവി തന്ത്രം ഈ മഹാമാരിയുടെ അനുഭവത്തിന്റെ പാഠങ്ങൾ ഉൾക്കൊള്ളണം.

1. ഭക്ഷ്യ, ഭക്ഷ്യവിളകളുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിന് കേരളം പ്രവർത്തിക്കണം. നെൽകൃഷി സംബന്ധിച്ച്. തരിശുനിലങ്ങൾ സംസ്ഥാനത്തുടനീളം തിരിച്ചറിയുകയും കൃഷി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളെ (ജെഎൽജി) ഏൽപ്പിക്കുകയും വേണം. അടുത്ത രണ്ട് വർഷത്തിനുള്ളിൽ 25,000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തണം.

2. പച്ചക്കറി ഉൽപാദനത്തിൽ കേരളത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും. കഴിഞ്ഞ കുറച്ച് വർഷങ്ങളായി പച്ചക്കറി ഉത്പാദനം പ്രശംസനീയമായി വർദ്ധിക്കുകയും ഉത്പാദനം ഇരട്ടിയാക്കുകയും ചെയ്തു. എന്നിരുന്നാലും, അടുത്ത മൂന്ന് നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പച്ചക്കറി ഉൽപാദ നത്തിൽ ഇരട്ടിപ്പിക്കൽ നടത്താം. ഇത് ഉറപ്പാക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഗ്രാമീണ, നഗര പ്രദേശങ്ങളിൽ ലഭ്യമായ എല്ലാ സ്ഥലങ്ങളും ഈ സംരംഭത്തിനായി ഉപയോഗപ്പെ ടുത്തണം.

3. സംസ്ഥാനത്തെ 14 പ്രത്യേക പ്രദേശങ്ങൾ സ്പെഷ്യൽ അഗ്രികൾച്ചറൽ സോൺ (സാസ്) വികസിപ്പിക്കുന്നതിന് ഇതിനകം കണ്ടെത്തിയിട്ടുണ്ട്. എന്നിരുന്നാലും, ഈ നയം മുന്നോട്ട് പോകാൻ ഒരു പുരോഗതിയും ഉണ്ടായിട്ടില്ല. അത്തരം നടപടികൾക്ക് കൂടുതൽ വിഭവങ്ങൾ ആവശ്യമില്ല; എന്നാൽ വിത്ത്, മണ്ണ്, ജലം, യന്ത്രവൽക്കരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവയിൽ നിലവിലുള്ള ഇടപെടലുകൾ സംയോജിപ്പിക്കുന്നതിന് ശ്രദ്ധാപൂർവമായ ആസൂത്രണം ആവശ്യമാണ്.

4. കോവിഡ് -19 പ്രതിസന്ധിക്ക് കേരള കൃഷിക്ക് ഒരു പാഠമുണ്ടെങ്കിൽ, അത് കാർഷിക വിപണന സംവിധാനം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയാണ്. കാർഷിക വിപണന സംവിധാനം കാര്യക്ഷമ മാക്കുന്ന ഒരു നിയമനിർമ്മാണം കേരളത്തിന് ആവശ്യമാണ്. അത്തരം നിയമനിർമ്മാണം കേന്ദ്രസ ർക്കാർ പ്രചരിപ്പിക്കുന്ന onse size fits all model മാതൃകയാക്കാതെ, മറിച്ച് സംസ്ഥാനത്തിന്റെ ആവശ്യകതകളെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ വിലയിരുത്തലിനെ

[2] ഈ റിപ്പോർട്ടിന്റെ ലേബർ വിഭാഗത്തിൽ ഒരു ബദൽ കണക്കുകൂട്ടൽ ഉണ്ട്. ഈ കണക്കുകൂട്ടലിലെ വ്യത്യാസത്തിനു കാരണംജോലിയുടെ തൊഴിൽ ദിനങ്ങളുടെ അനുമാനത്തിലുള്ളവ്യത്യാസമാണ്.

അടിസ്ഥാ നമാക്കിയുള്ളതാണ്. തേങ്ങ, പച്ചക്കറി, വാഴപ്പഴം തുടങ്ങിയ വിളകളിൽ ഇത്തരമൊരു പരിഷ്കരണം എങ്ങനെ മികച്ച രീതിയിൽ നടപ്പാക്കാമെന്ന് നിർദ്ദേശിക്കാൻ സംസ്ഥാനം ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കണം. കൂടുതൽ ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ സൃഷ്ടിക്കേണ്ടതുണ്ട്.

5. സുഗന്ധവ്യഞ്ജന ബോർഡിന്റെ ഇ-ടെൻഡർ പ്ലാറ്റ്ഫോമിന്, പരിഷ്കരണങ്ങളോടെ, ലേല കേന്ദ്രത്തിലെ ഭൌതിക സാമ്പിളുകളുടെ പരിശോധന സംവിധാനം നീക്കംചെയ്ത് വ്യാപാരികൾക്ക് ഡിജിറ്റൽ ഇമേജ് അടിസ്ഥാനമാക്കിയുള്ള സാമ്പിളുകൾ നൽകിക്കൊണ്ട് കർഷകരെ നേരിട്ട് വ്യാപാരികളുമായി ബന്ധിപ്പിക്കാൻ ശ്രമിക്കാം. കൃഷിക്കാർക്ക് അവരുടെ വീടുകളിൽ നിന്നോ കർഷക കൂട്ടായ്മകളിലൂടെയോ വ്യാപാരം നടത്താൻ ഇത് സഹായിക്കും.

6. കോവിഡ്-19 പ്രതിസന്ധി യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനുള്ള ഒരു പ്രചാരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള അവസരമായിരിക്കാം. എല്ലാവർക്കും അറിയാവുന്ന തുപോലെ, യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നത് സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നത് മാത്രമല്ല, ബുദ്ധിപരമായി പ്രതിഫലദായകവുമാവണം. ഇതിന് ജോലികളുടെ യന്ത്രവൽക്കരണത്തിലും കാർഷിക സങ്കേതങ്ങളുടെ നവീകരണത്തിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. കർഷക ഉൽപാദന സംഘങ്ങൾ (എഫ്പിഒകൾ) ഉൾപ്പെടെ കർഷകരുടെ കൂട്ടായ്മകളുടെ രൂപീകരണം പ്രോത്സാഹിപ്പി ക്കുകയെന്നതാണ് മറ്റൊരു ആവശ്യം.

7. കോവിഡ്-19 പ്രതിസന്ധി കാർഷിക മേഖലയിലെ തൊഴിൽ ക്ഷാമത്തിന്റെ വെല്ലുവിളിയെ വിളിച്ചുവരുത്തി. ഈ പ്രശ്നം പരിഹരിക്കുന്ന സ്ഥാപനപരമായ സംവിധാനങ്ങൾ ഞങ്ങൾ സൃഷ്ടിക്കേ ണ്ടതുണ്ട്. യുണൈറ്റഡ് കിംഗ്ഡം പോലുള്ള രാജ്യങ്ങൾ കോവിഡ് -19 പ്രതിസന്ധി ഘട്ടത്തിൽ ഗ്രാമത്തിൽ നിന്ന് ഗ്രാമത്തിലേക്ക് സഞ്ചരിച്ച് കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന 'ലാൻഡ് ആർമീസ്' അല്ലെങ്കിൽ തൊഴിലാളികളുടെ ഗ്രൂപ്പുകൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യുന്നു. ലേബർ ബാങ്കിന്റെ ഒരു രൂപമായ കാർഷിക കർമ്മ സേനകൾ ഇതിനകം കേരളത്തിലുണ്ട്. ഈ സേനകളെ കൂടുതൽ ജനപ്രിയവും വിജയകരവുമാക്കുന്നതെങ്ങനെയെന്ന് ഞങ്ങൾ അടിയന്തിരമായി പരിശോധിക്കേണ്ടതുണ്ട്. പ്രാഥമിക നിരീക്ഷണങ്ങൾ മതിയായ പരിമിതിയുടെ അഭാവവും ജോലിയുടെ അളവും പ്രധാന പരിമിതികളായി സൂചിപ്പിക്കുന്നു.

8. കൃഷിക്കായി കേന്ദ്രസർക്കാർ ദുരിതാശ്വാസ പാക്കേജ് പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ അടിയന്തിരമായി ആവശ്യപ്പെടണം. ആവശ്യത്തിന് ഇനിപ്പറയുന്ന ഘടകങ്ങൾ ഉണ്ടായിരിക്കാം. ഇ.എസ്.ഐ, ഇ.പി.എഫ്.ഒ എന്നിവയ്ക്ക് തൊഴിലുടമയുടെ പങ്ക് കേന്ദ്രസർക്കാർ നൽകുന്ന പ്രധാൻ മന്ത്രി ഗരിബ് കല്യാൺ യോജനയിലെ പോലെ പ്ലാന്റേഷൻ മേഖലയിലക്ക് തൊഴിലാളികളുടെ എണ്ണത്തിനു മേൽ പരിധി നിശ്ചയിക്കാതെ വ്യാപിപ്പിക്കണം. തോട്ടങ്ങളുടെ

പ്രവർത്തനങ്ങൾക്ക് സബ്സിഡി നൽകാൻ കൊമ്മോഡിറ്റി ബോർഡുകൾ സജീവമായി ഇടപെടണം.

9. വിള വായ്പകൾക്കും തോട്ടവിളകൾക്കുള്ള വായ്പകൾക്കും കൂടുതൽ കാലം മൊറട്ടോറിയം ആവശ്യമാണ്. ഈ വായ്പകളുടെ പലിശ ഘടകം കേന്ദ്രം എഴുതിത്തള്ളണം. നിലവിലെ പ്രതിസന്ധിയെ നേരിടാൻ കർഷകരെ സഹായിക്കുന്നതിന് വിള വായ്പയുടെ പരിധി 25 ശതമാനം വർദ്ധിപ്പിക്കണം. കാർഷിക മേഖലയിലെ ജിഎസ്ടിയുടെ എല്ലാ പേയ്മെന്റുകളും ആറുമാസത്തേക്ക് എഴുതിത്തള്ളാം.

10. റബ്ബറിന്റെ എല്ലാ ഇറക്കുമതിയും ഒരു വർഷത്തേക്കോ ആഭ്യന്തര വിപണിയിൽ ലഭ്യമായ സ്റ്റോക്ക് തീരുന്നതുവരെയോ നിരോധിക്കണമെന്നും ആവശ്യപ്പെടണം. സ്വാഭാവിക റബ്ബറിനുള്ള തീരുവ നിരക്കിന്റെ പരിധി നിലവിലെ 25 ശതമാനത്തിൽ നിന്ന് ഉയർത്തണം. റബ്ബർ, റബ്ബർ ഉൽപന്നങ്ങൾ വിലകുറച്ച് ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നതിനെ നിയന്ത്രിക്കാനായി ഇന്ത്യ അടുത്തിടെ ഒപ്പുവച്ച സ്വതന്ത്ര വ്യാപാര കരാറുകളെ വീണ്ടും ചർച്ചയ്ക്ക് വിധേയമാക്കേണം. ഡബ്ല്യുടിഒ വ്യവസ്ഥയുടെ കീഴിൽ റബ്ബറിനെ ഒരു കാർഷിക ചരക്കായി കണക്കാക്കണം എന്നും ആവശ്യപ്പെടണം.

11. പ്ലാന്റേഷൻ ടാക്സും കാർഷിക വരുമാനനികുതിയും നീക്കം ചെയ്യാനുള്ള പദ്ധതി കേരള സർക്കാർ ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് കാലതാമസമില്ലാതെ നടപ്പാക്കണം. സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മൊത്തം വാങ്ങലിന്റെ 45 ശതമാനം മാത്രമാണ് കേരളത്തിൽ നിന്നുള്ള ചായ വാങ്ങുന്നത്, ബാക്കിയുള്ളവ തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്നാണ്. കൂടുതൽ അളവിൽ കേരളത്തിൽ നിന്നുള്ള ചായ വാങ്ങാൻ സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയേക്കാം, ഇത് കേരള ചായയുടെ ആവശ്യം വർദ്ധിപ്പിക്കും.

12. ഇത്തരം പ്രതിസന്ധി ഘട്ടങ്ങളിൽ വിള ഉപദേശക സേവനങ്ങൾക്ക് ഒരു പ്രധാന പങ്കുണ്ട്. ഒരു വിള ഉപദേശക സേവനം വിള ആരോഗ്യം, വിള വളരുന്നതിനാവിശ്യമായ പരിതസ്ഥിതി, വിവിധ വിത്ത് ഇനങ്ങൾ, വിത്തിന്റെ ലഭ്യത, വ്യക്തിഗത വിളകളുമായി കമ്പോള ബന്ധങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളും ഉപദേശവും നൽകുന്നു. വിള ഉപദേശങ്ങൾ ഇന്ത്യയിൽ സാധാരണമാണെങ്കിലും, ഇത്തരം അടിയന്തിര സാഹചര്യങ്ങളിൽ ഒരു പ്രത്യേക നിർണായക വിള ഉപദേശക സെൽ സജീവമാക്കേണ്ടതുണ്ട്.

13. ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളും കണ്ടെത്തൽ മാനദണ്ഡങ്ങളും കൂടുതൽ കർശനമാകാൻ സാധ്യതയുണ്ട്. നല്ല കാർഷിക രീതികൾ ജനപ്രിയമാക്കുന്നതിനും പ്രോത്സാഹജനകമായ നയത്തിലൂടെ tractability platform സൃഷ്ടിക്കുന്നതിനും ഒരു സമഗ്രമായ ശ്രമം ആവശ്യമാണ്. അത്തരം നടപടികളിൽ നാം പ്രത്യേക ശ്രദ്ധ നൽകണം.

14. ഡിപ്പാർട്ട്മെന്റ്, വിഎഫ്പിസികെ, എസ്എച്ച്എം, ഹോർട്ടികോർപ്പ് എന്നിവയുടെ പച്ചക്കറികളുടെയും പഴങ്ങളുടെയും വിസ്തീർണ്ണം, ഉത്പാദനം, വിപണനം എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിലും സമാഹരിക്കുന്നതിലും റിപ്പോർട്ട് ചെയ്യുന്നതിലും നിലവിലുള്ള നടപടിക്രമങ്ങളിലും അടിസ്ഥാന സൌകര്യങ്ങളിലും വിടവുകളുണ്ട്. കോവിഡ്-19 മൂലമുണ്ടായ നഷ്ടത്തിന്റെ അളവിനെ കണക്കിലാക്കുന്നതിനെ ഇത് ബാധിച്ചു. ഡാറ്റ റിപ്പോർട്ടുചെയ്യുന്നതിനും റെക്കോർഡുചെയ്യുന്നതിനുമുള്ള കേന്ദ്രീകൃത ഓട്ടോമേറ്റഡ് സിസ്റ്റം സ്ഥാപിക്കുന്നതിന് വകുപ്പ് അടിയന്തര നടപടികൾ കൈക്കൊള്ളണം. വകുപ്പിന്റെ മാർക്കറ്റിംഗ് സ്കീമുകൾക്കായി അനുവദിച്ച പദ്ധതി തുകയുടെ ഒരു ഭാഗം ഇതിനായി ഉപയോഗിക്കാം. 2020 സെപ്റ്റംബറിന് മുമ്പ് പണി പൂർത്തിയാക്കണം. ഈ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ആസൂത്രണ ബോർഡിന് സന്തോഷമേ ഉള്ളൂ.

15. ഗ്രാമീണ, നഗര ഭക്ഷ്യസുരക്ഷ, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വരുമാനം വർദ്ധിപ്പിക്കൽ എന്നിവയെ പിന്തുണയ്ക്കുന്നതിന്, പ്രാദേശികമായി ഉൽപാദന മാതൃകകളെ സംസ്ഥാനം പ്രോത്സാഹിപ്പിക്കാം. ഇന്റഗ്രേറ്റഡ് ഫാർമിംഗ് സിസ്റ്റം (ഐഎഫ്എസ്)ത്തിലെ സാങ്കേതിക വിദ്യകൾ സ്വീകരിച്ച് പുരയിട കൃഷി ആസൂത്രണം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിൽ നിന്ന് ലഭിക്കുന്ന മിച്ച ഉൽപ്പന്നങ്ങളുടെ സമാഹരണവും പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിലും നടത്താം. തേൻ, പാൽ, മുട്ട, മാംസം മുട്ട എന്നിവയുടെ ഉത്പാദനം, സംസ്കരണം, വിപണനം എന്നിവയ്ക്കൊപ്പം പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴങ്ങൾ, കാലിത്തീറ്റ എന്നിവയും ഉൾപ്പെടുത്താം. ഉത്പാദനം, സംസ്കരണം, വിപണനം എന്നിവ ആസൂത്രണം ചെയ്യുന്നതിനുള്ള സാങ്കേതിക സഹായ പ്ലാറ്റ്ഫോമുകൾ ഉൾപ്പെടെയുള്ള ആവശ്യമായ അടിസ്ഥാന സൊകര്യങ്ങൾ പ്രാദേശിക തലത്തിൽ സജ്ജീകരിക്കാം. നിർമ്മാതാക്കൾക്കുള്ള പേയ്മെന്റ് സംവിധാനങ്ങൾ PACS വഴി നടപ്പാക്കാം.

# മൃഗസംരക്ഷണത്തിലെ നഷ്ടത്തിന്റെ കണക്കുകൾ

പരിശോധന കാലയളവ്: 2020 മാർച്ച് മുതൽ ഏപ്രിൽ വരെ

***മൃഗസംരക്ഷണ മേഖലയിലെ മൊത്തം നഷ്ടം ഏകദേശം 181 കോടി രൂപയുടേതാകുമെന്ന് കണക്കാക്കുന്നു***

ലോക്ക്ഡൌൺ കാലയളവിലെ കേരളത്തിലെ മൃഗസംരക്ഷണ മേഖലയ്ക്കുള്ള ആഘാതം സമ്മി ശ്രിതമാണ്. ലോക്ക്ഡൌൺ ആരംഭിക്കുന്നതിന് മുമ്പുതന്നെ, ഈ മേഖലയിൽ പക്ഷിപ്പനി ബാധിച്ചിരുന്നു, ഇത് സംസ്ഥാനത്തുടനീളം ആയിരക്കണക്കിന് ഇറച്ചിക്കോഴികളുടെ മരണ ത്തിന് കാരണമായി. പനി ബാധിച്ചതു മൂലം പ്രധാനമായും കോഴിക്കോട്, മലപ്പുറം ജില്ലകളിൽ 2,500 മുതൽ 3,000 വരെ കോഴികൾ ചത്തു. അതിനുപുറമേ, പനി പടരാതിരിക്കാൻ പതിനായിര ത്തോളം കോഴികളെ ഈ രണ്ട് ജില്ലകളിലും മാറ്റിപ്പാർപ്പിക്കുകയുണ്ടായി. ഇത് കോഴി വളർത്തുന്ന വർക്ക് കനത്ത ഒരു പ്രഹരമായിരുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഇടപെടുകയും ഒരു പക്ഷിക്ക് 200 രൂപ വീതവും (2 മാസത്തിൽ കൂടുതൽ പ്രായമുള്ള ഇറച്ചിക്കോഴികൾക്ക്) ഒരു പക്ഷി ക്ക് 100 രൂപവീതവും (2 മാസത്തിൽ താഴെ പ്രായമുള്ള ഇറച്ചിക്കോഴികൾക്ക്) നഷ്ടപരിഹാരം നൽകി.

പക്ഷിപ്പനി കുറഞ്ഞുവരുന്ന സമയത്താണ് കോവിഡ്-19 ഈ മേഖലയെ ബാധിച്ചത്. പക്ഷിപ്പനി കാരണം കോഴിയിറച്ചിയുടെ ആവശ്യം ഇതിനകം കുറവായിരുന്നു, പ്രത്യേകിച്ചും കോഴിയിറച്ചി കഴിക്കുന്നതിനുള്ള ഭയം കാരണം.

കന്നുകാലി മേഖലയിലെ എല്ലാ നഷ്ടങ്ങളും കണക്കാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ല, നിരവധി നഷ്ടങ്ങൾ അദൃശ്യമായിരിക്കുന്നതാണ് കാരണം. ഈ മേഖലയിലെ നഷ്ടം സംബന്ധിച്ച് ഏകദേശ വിലയിരുത്തൽ നടത്തിയിട്ടുണ്ട്.

**മാംസവും കോഴിയിറച്ചിയും**

1) ഇറച്ചി ഉൽപാദനത്തിനായി സംസ്ഥാനത്ത് പ്രതിദിനം 2.6 ലക്ഷം ഇറച്ചിക്കോഴികളെ ഇറക്കുമതി ചെയ്യുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. 21 ദിവസത്തെ ലോക്ക്ഡൌൺ കാലയളവിൽ 30 ലക്ഷം ഇറച്ചിക്കോഴികളെ മാത്രമാണ് ഇറക്കുമതി ചെയ്തത്. അതേസമയം ആവശ്യകതയും കുറഞ്ഞു. വിവാഹം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മതപരമായ ചടങ്ങുകൾ എന്നിവ അടച്ചുപൂട്ടുകയോ റദ്ദാക്കുകയോ ചെയ്തതിനാൽ കോഴിയിറച്ചിയുടെ ആവശ്യത്തിൽ കുറവുണ്ടായി. മറുവശത്ത്, ആവശ്യത്തിന് മത്സ്യം വിപണിയിൽ വരാത്തതിനാൽ, ലോക്ക്ഡൌൺ കാലത്ത് മത്സ്യത്തിൽ നിന്ന് കോഴിയിറച്ചിയിലേക്ക് ഒരു മാറ്റം ഉണ്ടായി. എന്നിരുന്നാലും, മൊത്തത്തിലുള്ള ആവശ്യം നിരാശാജനകമായിരുന്നു.

2) കേരളത്തിലെ ബ്രോയിലർ യൂണിറ്റുകൾക്ക് വലിയ കമ്പനികളിൽ നിന്നാണ് കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നത്. ലോക്ക്ഡൌൺ കാലത്ത് ബ്രോയിലർ യൂണിറ്റുകൾക്ക് കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ ഇന്റഗ്രേറ്റർമാർക്ക് കഴിഞ്ഞില്ല. ലോക്ക്ഡൌൺ കാലയളവിൽ ഇറച്ചിക്കോഴി ഇറക്കുമതിയിൽ 45 ശതമാനം കുറവുണ്ടായി. ഇറച്ചിക്കോഴിയുടെ ആവശ്യകതയിലും ഗണ്യമായ ഇടിവുണ്ടായി. ലോക്ക്ഡൌൺ സമയത്ത് ഇറച്ചിക്കോഴിയുടെ വില കിലോഗ്രാമിന് 50 രൂപ യായി കുറഞ്ഞു, അത് ഒരു കിലോയുടെ ഉൽപാദനച്ചെലവായ 70 രൂപയേക്കാൾ കുറവാണ്. ഏപ്രിൽ 12 ന് ഈസ്റ്ററിനോടടുത്ത് മാത്രമാണ് ആവശ്യം ഉയർന്നത്.

2020 മാർച്ചിൽ 92.37 കോടി രൂപ വിലവരുന്ന 66 ലക്ഷം ഇറച്ചിക്കോഴികളെ സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്തു. 2019 ലെ ഇതേ കാലയളവിൽ ഇറക്കുമതിയുടെ മൂല്യം 103.02 കോടി രൂപയായിരുന്നു. 2020 മാർച്ചിൽ ഇറക്കുമതിയുടെ മൂല്യത്തിലെ കുറവ് 10.65 കോടി രൂപയായിരി ക്കുമെന്ന് കണക്കാക്കുന്നു. സാധാരണഗതിയിൽ, ഈസ്റ്റർ കാരണം ഏപ്രിൽ മാസം ഇറച്ചി വില്പന വളരെകൂടിയ ഒരു കാലമാണ്. കോവിഡ്-19 ഉം പക്ഷിപ്പനിയും 2020 ഏപ്രിലിൽ പടർന്നപ്പോൾ, ഇറക്കുമതിയുടെ മൂല്യത്തിൽ 2020 ഏപ്രിൽ 14 വരെ 52 കോടി രൂപയുടെ കുറവ് കണക്കാക്കുന്നു. അങ്ങനെ, 2020 മാർച്ച് 1 മുതൽ ഏപ്രിൽ 14 വരെയുള്ള 45 ദിവസത്തെ ഇറക്കുമതി മൂല്യത്തിലെ ആകെ കുറവ് 62.65 കോടി രൂപയായി കണക്കാക്കുന്നു. ഇത് 2020 മെയ് 3 ഓടുകൂടി മറ്റൊരു 45 കോടി രൂപ കൂടിയായി വർദ്ധിച്ചേക്കാം. ഇത് 2020 മാർച്ച് 1 മുതൽ 2020 മെയ് 3 വരെയുള്ള മൊത്തം ഇറക്കുമതി മൂല്യത്തിൽ 107.65 കോടി രൂപയുടെ കുറവുണ്ടാക്കും.

3) കേരളത്തിൽ കോഴിത്തീറ്റ പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉൽപാദിപ്പിക്കുന്നു. എന്നിരുന്നാലും, പൊതുമേഖലയിലെ കന്നുകാലി തീറ്റയുടെ മിക്കവാറും എല്ലാ ഉൽപാദനവും സംസ്ഥാന ഫാമുകളും കോഴി വളർത്തൽ ഫാമുകളുമാണ് ഉപയോഗിക്കുന്നത്. മറ്റൊരു തര ത്തിൽ പറഞ്ഞാൽ, വിപണിയിലെ കോഴിത്തീറ്റയുടെ മിക്കവാറും എല്ലാ ആവശ്യങ്ങളും നിറവേറ്റ ന്നത് സ്വകാര്യമേഖലയിലെ വിതരണക്കാരാണ്. തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്നാണ് ഈ സാധനങ്ങൾ എത്തുന്നത്. തമിഴ്നാട്ടിലെയും കർണാടകത്തിലെയും ഉൽപാദന തോതും ഗതാഗത തടസ്സങ്ങളും കാരണം കേരളത്തിലേക്ക് കോഴിത്തീറ്റയുടെ വരവ് തടസ്സപ്പെട്ടു. തീറ്റയുമായി വന്ന നിരവധി ട്രക്കുകൾക്ക് ചരക്കുമായി കേരളത്തിലേക്ക് പ്രവേശിക്കാൻ അനുമതി യുണ്ടായിരുന്നുവെങ്കിലും കാലിയായി മടങ്ങാൻ അനുവദിച്ചില്ല. ഇത് എല്ലായിടത്തെയും വിതര ണ ക്രമം തടസ്സപ്പെടുന്നതിലേക്ക് നയിച്ചു. ആദ്യ 21 ദിവസത്തെ ലോക്ക്ഡൌണിന്റെ രണ്ടാം പകുതിയിൽ വിതരണം ആരംഭിച്ചുവെങ്കിലും സാധാരണ നിലയേക്കാളും കുറവായിരുന്നു. ഇത് സംസ്ഥാനത്തിന്റെ പല പ്രദേശങ്ങളിലും കോഴിത്തീറ്റയുടെ കുറവിന് കാരണമായി.

4) ഏകദേശം 280 മുട്ടക്കോഴി നഴ്സറികൾ കേരളത്തിലുണ്ട്. അവർക്ക് സർക്കാരിന്റെ കോഴി ഫാമുകൾ കുഞ്ഞുങ്ങളെ നൽകുന്നു. ഈ നഴ്സറികൾ ഏകദേശം 45-60 ദിവസത്തേക്ക് കുഞ്ഞു ങ്ങളെ

വളർത്തി വകുപ്പിന്റെയും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതി കൾ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. നഴ്സറികൾ പൊതുജനങ്ങൾക്കും കുഞ്ഞുങ്ങളെ വിൽക്കുന്നു. ഒരു കോഴിക്കുഞ്ഞിന്റെ വില 110 രൂപയാണ്. ലോക്ക്ഡൌൺ ആരം ഭിച്ചതിനുശേഷം, വേണ്ടത്ര അളവിൽ തീറ്റ ലഭ്യമല്ലാത്തതും വളർന്നുവന്ന കുഞ്ഞുങ്ങൾക്ക് വിപണി യില്ലാത്തതുമായപ്പോൾ ഈ നഴ്സറികൾ പ്രതിസന്ധി നേരിട്ടു. പല നഴ്സറികളിലും ഈ കുഞ്ഞുങ്ങൾ 60 ദിവസം പൂർത്തിയാക്കുന്നു, അവ പെട്ടെന്ന് വിൽക്കേണ്ടവയാണ്. കോഴികളെ വാങ്ങുന്ന വരിലുണ്ടായ ഗണ്യമായ കുറവ് ഈ നഴ്സറികളുടെ വരുമാനത്തിൽ ഇടിവുണ്ടാക്കുന്നു. കർഷകന് വളർത്തൽ ചെലവും കൂടുന്നു. ഇത്തരം നഴ്സറികളുടെ രണ്ടുമാസക്കാലത്തെ ആകെ നഷ്ടം **75 ലക്ഷം രൂപ**യാണെന്നു കണക്കാക്കുന്നു.

5) മൃഗസംരക്ഷണ വകുപ്പിന്റെ കോഴി ഫാമുകളെയും പ്രതികൂലമായി ബാധിച്ചു. വകുപ്പിന്റെ ഫാമുക ളിൽ ശരാശരി വാർഷിക കോഴി കുഞ്ഞുങ്ങളുടെ ഉത്പാദനം ഏകദേശം 35 ലക്ഷമാണ്. അതി നാൽ, ശരാശരി പ്രതിമാസ കോഴി കുഞ്ഞുങ്ങളുടെ ഉത്പാദനം ഏകദേശം 2.92 ലക്ഷവും രണ്ട് മാസത്തെ ഉൽപാദനം 5.84 ലക്ഷവുമാണ്. നിലവിലെ ലോക്ക്ഡൌണിനു ശേഷം വകുപ്പിന്റെ ഫാമുകളിൽ ഉത്പാദനം നിലച്ചു. രണ്ട് മാസത്തെ ലോക്ക്ഡൌൺ കാലയളവ് പരിഗണിക്കുക യാണെങ്കിൽ, ഏകദേശ നഷ്ടം (18 രൂപ x 5.84 ലക്ഷം കോഴികുഞ്ഞുങ്ങൾ) 1.1 കോടി രൂപ.

6) പല വൻകിട കോഴി ഫാമുകളും കുടിയേറ്റ തൊഴിലാളികളെ വലിയതോതിൽ ആശ്രയിച്ചിരി ക്കുന്നവയാണ്. കുടിയേറ്റ തൊഴിലാളികളുടെ ലഭ്യതക്കുറവ് നിരവധി വൻകിട കോഴി ഫാമുക ളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. എന്നാൽ അത്തരം നഷ്ടങ്ങൾ കണക്കാക്കാൻ ബുദ്ധിമുട്ടാണ്.

## പന്നിയിറച്ചി

7) ലോക്ക്ഡൌൺ സമയത്ത് കേരളത്തിലെ പന്നികളുടെ വിൽപ്പനയിൽ വലിയ ഇടിവ് ഉണ്ടായി. വിൽപ്പന കുത്തനെ ഇടിഞ്ഞപ്പോൾ, സർക്കാർ ഉടമസ്ഥതയിലുള്ള മീറ്റ് പ്രൊഡക്ട്സ് ഇന്ത്യ ലിമിറ്റഡ് സംസ്കരണത്തിനും വിൽപ്പനയ്ക്കുമായി ധാരാളം പന്നികളെ വാങ്ങി. ലോക്ക്ഡൌ ണിന്റെ രണ്ടാഘട്ടത്തിൽ ഇത് പന്നി കർഷകരെ വളരെയധികം സഹായിച്ചു.

## കന്നുകാലികൾ/എരുമകൾ

8) സംസ്ഥാനത്ത് അറക്കുന്ന മൃഗങ്ങളിൽ 60 ശതമാനവും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. അതിനാൽ ലോക്ക്ഡൌൺ കേരളത്തിലെ ഇറച്ചി ഉൽപാദ നത്തെ പ്രതികൂലമായി ബാധിച്ചു. ലോക്ക്ഡൌൺ കാരണം കന്നുകാലികളുടെ/എരുമകളുടെ ഇറക്കുമതി കുറഞ്ഞു. ലോക്ക്ഡൌൺ കാലം ഉൾപ്പെടെയുള്ള 40 ദിവസത്തെ കാലയളവിൽ കേരളത്തിലെ

കന്നുകാലി/എരുമ ഇറച്ചി ഉൽപാദനം സാധാരണയിൽ നിന്ന് 60 ശതമാനം അഥവാ 15,000 ടൺ കുറഞ്ഞുവെന്നാണ് കണക്കാക്കുന്നത്. 45 കോടി രൂപയാണ് നഷ്ടം കണക്കാക്കുന്നത്. ചില അറവുശാലകളിൽ ലോക്ക്ഡൌൺ ആരംഭിക്കുന്നതിന് മുമ്പ് മൃഗങ്ങളെ കൊണ്ടുവന്നിരുന്നതിനാൽ ലോക്ക്ഡൌൺ കാലത്ത് സാധാരണ പ്രവർത്തനങ്ങൾ തുട ർന്നു. പക്ഷെ പെട്ടെന്ന് സ്റ്റോക്ക് കുറഞ്ഞതോടെ, ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള മൃഗങ്ങളുടെ കുറവ് അവർ അഭിമുഖീകരിക്കുന്നു.

## മുട്ട

9) ലോക്ക്ഡൌണിനു മുമ്പ് കേരളത്തിലെ പ്രതിദിന മുട്ടയുടെ ഉപഭോഗം 2 കോടി ആയിരുന്നു. ഈ ഉപഭോഗത്തിന്റെ പകുതിയും തദ്ദേശീയ ഉൽപാദനത്തിൽ നിന്നാണ്, ബാക്കി പകുതി സംസ്ഥാനത്തിന് പുറത്തുനിന്നുള്ളവയാണ്, പ്രധാനമായും തമിഴ്നാട്. എന്നിരുന്നാലും ലോക്ക്ഡൌൺ തുടങ്ങിയതിന് ശേഷം, മുട്ടകളുടെ വിതരണവും ആവശ്യകതയും കുറഞ്ഞു. സംസ്ഥാനത്തിന് പുറത്തുനിന്നുള്ള മുട്ട ഇറക്കുമതി 70 ശതമാനം കുറഞ്ഞു. അതായത്, 21 ദിവസത്തെ ലോക്ക്ഡൌൺ കാലയളവിൽ പ്രതിദിനം 30 ലക്ഷം മുട്ടകൾ മാത്രമാണ് ഇറക്കു മതി ചെയ്യപ്പെട്ടത്. മുട്ടയുടെ തദ്ദേശീയ ഉൽപാദനം കുറഞ്ഞു. അതേസമയംതന്നെ വിവാഹങ്ങ ൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മതപരവും മറ്റ് ചടങ്ങുകളും ഇല്ലാത്തതിനാൽ മുട്ടയുടെ ആവ ശ്യവും കുറഞ്ഞു. അതിനാൽ, മുട്ടയുടെ വില ഒന്നിന് 7 രൂപ എന്ന നിലയിൽ തന്നെ തുടർന്നു.

10) വകുപ്പിന്റെ ഫാമുകളിൽ ശരാശരി വാർഷിക മുട്ട ഉൽപാദനം ഏകദേശം 53 ലക്ഷം വരും. ശരാശരി പ്രതിമാസ ഉത്പാദനം ഏകദേശം 4.42 ലക്ഷം മുട്ടകളാണ്. മുട്ടയുടെ ഉത്പാദനവും കോഴികളുടെ തീറ്റച്ചെലവും കുറയ്ക്കുന്നതിനായി വകുപ്പിന്റെ കോഴി ഫാമുകളിൽ നിലവിൽ ശാസ്ത്രീയ മായ ഒരു ദിനം ഭക്ഷണം ഒഴിവാക്കൽ പരിപാടി നടപ്പാക്കുന്നു. ഇത് മുട്ട ഉൽപാദനത്തിൽ 20 ശതമാനം കുറവുണ്ടാക്കുമെന്നാണ് കണക്കാക്കുന്നത്. ഇതിനാൽ പ്രതിമാസ മുട്ട ഉൽപാദന ത്തിൽ 88,400 മുട്ടകളുടെ കുറവ് വരും എന്ന് കരുതുന്നു. രണ്ട് മാസത്തേക്ക്, ഇത് (88,400 x 2) 176,800 മുട്ടകൾ ആയിരിക്കും. ഒരു മുട്ടയ്ക്ക് ശരാശരി 5 രൂപ നിരക്കിൽ, രണ്ട് മാസത്തെ മുട്ട വിൽപ്പനയിൽ ഉണ്ടാകുന്ന നഷ്ടം (5 രൂപ x 176,800) 8.8 ലക്ഷം രൂപയാണ്.

## കേരള ഫീഡ്സ് ലിമിറ്റഡ്

11) മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമാണ് കേരള ഫീഡ്സ് ലിമിറ്റഡ്. ഇത് സംയോജിത കന്നുകാലി തീറ്റയും തീറ്റ അനുബന്ധങ്ങളും നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്നു. കല്ലേറ്റുംകര (തൃശ്ശൂർ), കരുനാഗപ്പള്ളി (കൊല്ലം), തിരുവാങ്ങൂർ (കോഴി ക്കോട്) എന്നിവിടങ്ങളിലായി കമ്പനിക്ക് മൂന്ന് ഉത്പാദന യൂണിറ്റുകളുണ്ട്. മറ്റ് സംസ്ഥാനങ്ങ ളിലെ കാർഷികാധിഷ്ഠിത അസംസ്കൃത വസ്തുക്കളുടെ സംഭരണ യൂണിറ്റുകൾ, അസംസ്കൃത വസ്തു സംസ്കരണ

പ്ലാന്റുകൾ, പ്രത്യേകിച്ച് എണ്ണ നീക്കിയ തവിട്, തവിട് (പിണ്ണാക്ക്) എന്നിവ ലോക്ക്ഡൌൺ കാരണം തുറക്കാത്തതിനാൽ കമ്പനിക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാകു ന്നില്ല. അതിർത്തികടന്നുള്ള ചരക്ക് ഗതാഗതത്തിനും നിയന്ത്രണങ്ങളുണ്ടായിരുന്നു. ലോ ക്ക്ഡൌണിന്റെ അവസാന ദിവസങ്ങളിൽ കുറച്ച് പുരോഗതി ഉണ്ടായെങ്കിലും ഉൽപാദനം കുറഞ്ഞു. 2020 മാർച്ച് 25 മുതൽ ഏപ്രിൽ 11 വരെ ഉൽപാദനത്തിന്റെ അളവിൽ കുറവുണ്ടായി. സാധാരണ നിലയുമായി താരതമ്യപ്പെടുത്തുമ്പോൾ വിൽപ്പന 6110 മെട്രിക് ടൺ വരെ കുറഞ്ഞു. ഇതിന്റെ ഫലമായി കമ്പനിക്ക് ഉൽപാദനവും വിൽപ്പനയുമായി ബന്ധപ്പെട്ട് ഏകദേശം 14.7 കോടി രൂപയുടെ നഷ്ടം വന്നു ചേർന്നു.

## കേരള സംസ്ഥാന കന്നുകാലി വികസന ബോർഡ്

കേരള സംസ്ഥാന കന്നുകാലി വികസന ബോർഡ് (കെഎൽഡിബി) മാട്ടുപ്പെട്ടി, ധോണി, കുളത്തൂപ്പുഴ എന്നിവിടങ്ങളിലെ മൂന്ന് പ്ലാന്റുകളിൽ ശീതീകരിച്ച ബീജത്തിന്റെ ഉൽപാദനത്തിലും വിൽപ്പനയിലും ഏർപ്പെട്ടിരിക്കുന്നു. ലോക്ക്ഡൌൺ കാരണം ഫ്രീസുചെയ്ത ബീജത്തിന്റെ ഉത്പാദനത്തിൽ മാട്ടുപ്പെട്ടിയിൽ 125,000 ഡോസും ധോണിയിൽ 83,000 ഡോസും കുളത്തൂപ്പുഴയിൽ 15,000 ഡോസും കണ്ട് കുറഞ്ഞു. ഈ അക്കൗണ്ടിൽ കെഎൽഡിബിയുടെ മൊത്തം വരുമാന നഷ്ടം 89.2 ലക്ഷം രൂപയാണ്. പോണ്ടിച്ചേരിയിൽ നിന്ന് വരുന്ന ദ്രാവക നൈട്രജന്റെ അഭാവമാണ് ഉത്പാദനത്തെ പ്രധാനമായും ബാധിച്ചത്. കിട്ടിയ പരിമിതമായ അളവിലുള്ള ദ്രാവക നൈട്രജൻ ശീതീകരിച്ച ബീജത്തിന്റെ ഡോസുകൾ സൂക്ഷിക്കാനായി ഉപയോഗിച്ചു.

ലോക്ക്ഡൌൺ കാലയളവിൽ കെഎൽഡിബി സംസ്ഥാനത്തെ എല്ലാ കേന്ദ്രങ്ങളിലേക്കും ശീതീകരിച്ച ബീജം, ദ്രാവക നൈട്രജൻ, മറ്റ് കൃത്രിമ ബീജസങ്കലനം (എഐ) ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നത് തുടർന്നു. എന്നിരുന്നാലും സാങ്കേതിക ഉദ്യോഗസ്ഥരുടെ അഭാവം മൂലവും നിരവധി എഐ കേന്ദ്രങ്ങൾ അടച്ചതുമൂലം ശീതീകരിച്ച ബീജത്തിനുള്ള ഓർഡറുകൾ പല എഐ കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചില്ല. ശീതീകരിച്ച ബീജ വിൽപ്പനയുടെ കുറവ് 48.47 ലക്ഷം രൂപ വിലമതിക്കുന്ന 88,132 ഡോസുകൾ എന്ന് കണക്കാക്കുന്നു. കൂടാതെ, 5.60 ലക്ഷം രൂപ വിലമതിക്കുന്ന ശീതീകരിച്ച ബീജം (2020 മാർച്ച് 31 ന് മുമ്പ് നടപ്പിലാക്കാൻ) തമിഴ്നാടിന് വിൽക്കാൻ കഴിഞ്ഞില്ല.

കെഎൽഡിബിയുടെ മൊത്ത നഷ്ടം 1.43 കോടി രൂപയാണെന്ന് കണക്കാക്കപ്പെടുന്നു.

## കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

13) കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്പിഡിസി) മറ്റൊരു പൊതുമേഖലാ സ്ഥാപനമാണ്. കുടപ്പനക്കുന്നിൽ (തിരുവനന്തപുരം) ബ്രോയിലർ ബ്രീഡിംഗ് ഫാം ഉണ്ട്. സാധാരണ കോഴിക്കുഞ്ഞുങ്ങളുടെ (ഒരു ദിവസം പ്രായമുള്ള) ഉത്പാദനം പ്രതി മാസം

100,000 ആണ്. ഈ കുഞ്ഞുങ്ങളെ കരാർ ഫാമുകളിൽ 30 രൂപ നിരക്കിൽ നൽകുന്നു. ഒരു ദിവസം പ്രായമുള്ള ബ്രോയിലർ കുഞ്ഞുങ്ങളുടെ കുറഞ്ഞ വിൽപ്പന മൂലം ഉണ്ടാവുന്ന നഷ്ടം രണ്ട് മാസത്തേക്ക് 60 ലക്ഷം രൂപയാണ് (200,000 കുഞ്ഞുങ്ങൾ x 30 രൂപ / കോഴിക്കുഞ്ഞ്). കൊട്ടിയത്തെയും മാളയിലെയും ഫാമുകളിലെ നഷ്ടം ഏകദേശം 20 ലക്ഷം രൂപയാണ്. അധിക മരണനിരക്ക്, തീറ്റയുടെ ഗതാഗതം എന്നിവ മൂലമുള്ള മറ്റ് നഷ്ടങ്ങൾ 28 ലക്ഷം രൂപയുടേതാണ്.

കെഎസ്പിഡിസിയുടെ മൊത്തം നഷ്ടം ഏകദേശം 1.08 കോടി രൂപയാണ്.

**പാൽ**

14) പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് നീങ്ങുന്ന സംസ്ഥാനത്തിന്റെ വിജയ മാണ് പാൽ ഉൽപാദന മേഖലയിൽ ഉണ്ടായ ഭാഗികമായ പ്രതിസന്ധിക്ക് കാരണം. 2016 ൽ പ്രതിദിനം 9 ലക്ഷം ലിറ്റർ പാൽ സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്തിരുന്നു. 2019 ഓടെ പുറത്തുനിന്നുള്ള പാൽ ഇറക്കുമതിയെ ആശ്രയിക്കുന്നത് പ്രതിദിനം 3.5 ലക്ഷം ലിറ്ററായി കുറയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു. ആഭ്യന്തര പാൽ ഉൽപാദനത്തിൽ വർദ്ധനവുണ്ടായതിനാലാണിത്, പ്രത്യേകിച്ച് ക്ഷീര സഹകരണസംഘങ്ങൾ വഴി. എന്നിരുന്നാലും ലോക്ക്ഡൌൺ കാലയളവിൽ, പൊതു മേഖലയിൽ നിന്നുള്ള പാലിന്റെ ആവശ്യം (അതായത്, മിൽമ, എബിസിഐഎസ്) പ്രതിദിനം 2.5 ലക്ഷം ലിറ്റർ കുറഞ്ഞു. അതുപോലെ, സ്വകാര്യമേഖലയിൽ പാലിന്റെ ആവശ്യം പ്രതിദിനം 4 ലക്ഷം ലിറ്റർ കുറഞ്ഞു. ലോക്ക്ഡൌണിന് മുമ്പ്, മിൽമ, എബിസിഐഎസ്, സ്വകാര്യ ഡെയറി കൾ എന്നിവ പ്രതിദിനം 25 ലക്ഷം ലിറ്റർ പാൽ വിൽക്കാറുണ്ടായിരുന്നു (അത് കൂടാതെ സംസ്ഥാനത്ത് പ്രതിദിനം 50 ലക്ഷം ലിറ്റർ പാൽ വ്യക്തിഗതമായി പാൽ കർഷകരും ശേഖരണ കേന്ദ്രങ്ങളും വിൽക്കുന്നുണ്ടായിരുന്നതിന്റെ ഒരു വിവരവും ലഭ്യമല്ല).


2019, 2020 വർഷങ്ങളിലെ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സംസ്ഥാനത്തിന്റെ സഹകരണ മേഖലയിൽ പാൽ സംഭരിക്കുന്നതിനും വിൽക്കുന്നതിനുമുള്ള വിവരങ്ങൾ ചിത്രം 1 ൽ പ്രതിവർഷ താരതമ്യത്തിനായി നൽകിയിരിക്കുന്നു. 2019 മാർച്ചിനും 2020 മാർച്ചിനുമിടയിൽ പാൽ സംഭര ണത്തിൽ ചെറിയതോതിലുള്ള ഇടിവുണ്ടായിട്ടുണ്ട്. നിലവിലെ പ്രവണത തുടരുകയാണെങ്കിൽ ലോക്ക്ഡൌൺ കാലയളവിൽ 2020 ഏപ്രിലിലെ പാൽ സംഭരണവും 2019 ഏപ്രിലിലിനെ അപേക്ഷിച്ച് പാൽ ഉൽപാദനം മിതമായ തോതിൽ കുറഞ്ഞിരിക്കാമെന്നതിന്റെ സൂചനക ളാണിത്. കൃത്യമായ കണക്കുകൾ ഇതുവരെ ലഭ്യമല്ല.

ചിത്രം 2 ൽ, 2019 ലും 2020 ലും മാർച്ച് - ഏപ്രിൽ മാസങ്ങളിൽ സഹകരണ മേഖലയിലെ പാൽ വിലയെക്കുറിച്ചുള്ള വിവരങ്ങൾ നൽകിയിട്ടുണ്ട്. ഒരു വർഷത്തിനിടയിലെ സാധാരണ രീതിയലുള്ള വർദ്ധനവല്ലാതെ, ലോക്ക്ഡൌൺ സമയത്ത് പാൽ വില ഉയരാതെ നിൽക്കുന്നു. 2019

സെപ്തംബർ മുതൽ കർഷകരിൽ നിന്നുള്ള പാൽ സംഭരണ നിരക്ക് ലിറ്ററിന് 3.38 രൂപയും വിൽപ്പന നിരക്ക് ലിറ്ററിന് 4.00 രൂപയും കണ്ട് വർദ്ധിപ്പിച്ചു.

സംഭരണത്തിലും വിൽപ്പനയിലുമുള്ള കുറവ് മിൽമ, സഹകരണ മേഖല, ക്ഷീര കർഷകർ എന്നിവരുടെ ലാഭത്തെ ബാധിച്ചു. പട്ടിക 1 ഇക്കാര്യത്തിലെ വിവരങ്ങൾ നൽകുന്നു. മൊത്തം നഷ്ടം 2020 മാർച്ചിൽ 3.6 കോടി രൂപയും 2020 ഏപ്രിൽ 11 വരെ 5.6 കോടി രൂപയുമാണ്. ഇത് ആകെ 9.2 കോടി രൂപയാണ്.

ചിത്രം 1 **സഹകരണ മേഖല വഴിയുള്ള പാലിന്റെ സംഭരണവും വില്പനയും, 2019 ലെയും 2020 ലെയും മാർച്ച്, ഏപ്രിൽ മാസങ്ങളിലേത് ലിറ്ററിൽ**



ചിത്രം 2 **കേരളത്തിന്റെ സഹകരണ മേഖലയിലെ പാൽ വില, 2019, 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ, രൂപ/ലിറ്റർ**




15) ലോക്ക്ഡൗൺ സമയത്ത് ക്ഷീരമേഖലയിൽ കാലിത്തീറ്റയുടെയും വൈക്കോലിന്റെ യും ഗുരുതരമായ ക്ഷാമം നേരിട്ടു. എന്നിരുന്നാലും 2020 ഏപ്രിൽ 15 വരെ ഈ മേഖലയ്ക്ക് നില വിലുള്ള കാലിത്തീറ്റ സംഭരണത്തിൽ നിന്ന് ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് കണക്കുകൾ കാണിക്കുന്നു. 2020 ഏപ്രിൽ 15 ന് ശേഷം തീറ്റ വിതരണം നിയന്ത്രിക്കണം. അസംസ്കൃത വസ്തുക്കളുടെ ലഭ്യതയില്ലാത്തതിനാൽ തീറ്റ ഉൽപാദനം ഇന്ത്യയിൽ തടസ്സ പ്പെട്ടതിനാലാണിത്. ആന്ധ്രയിൽ നിന്ന് തീറ്റ ഇറക്കുമതി ചെയ്യാൻ കേരളം ശ്രമിച്ചപ്പോൾ കർണാടക അതിർത്തി യിലൂടെ ട്രക്കുകൾ കടത്തിവിടാൻ അനുവദിച്ചില്ല. ഇത് കന്നുകാലി തീറ്റ മേഖലയിൽ അനിശ്ചി തത്വം സൃഷ്ടിച്ചു.

പട്ടിക 1 **ലോക്ക്ഡൌൺ കാലത്ത് മിൽമ, ക്ഷീര സഹകരണസംഘങ്ങൾ, കർഷകർ, മിൽമ ഫീഡ്സ് എന്നിവയ്ക്കുണ്ടായിട്ടുള്ള നഷ്ടം, കോടി രൂപയിൽ**

| **ക്രമനമ്പർ** | **നഷ്ടം വന്നവർ** | **2020** | |
|---|---|---|---|
| | | **മാർച്ച്** | **2020 ഏപ്രിൽ 11 വരെയുള്ളത്** |
| 1 | മിൽമ | 0.93 | 0.68 |
| 2 | ക്ഷീരസംഘങ്ങൾ | 0.11 | 0.15 |
| 3 | കർഷകർ | 2.52 | 3.42 |
| 4 | മിൽമ ഫീഡ്സ് | 0.00 | 1.35 |

| | | | |
|---|---|---|---|
| 5 | **ആകെ നഷ്ടം** | 3.60 | 5.60 |

## ഭാവി തന്ത്രങ്ങൾ

16) കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ കോവിഡ് 19 മഹാമാരിയിൽ നിന്നുള്ള ഒരു പ്രധാന പാഠം മുട്ട, മാംസം തുടങ്ങിയ ഉല്പന്നങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടതിന്റെ ആവശ്യകതയാണ്. അന്യസംസ്ഥാനങ്ങളെ മുട്ടകൾക്കായി ആശ്രയിക്കുന്നത് പ്രതിദിനം 25 ലക്ഷം മുട്ടയായി കുറയ്ക്കാനാണ് കേരളം ലക്ഷ്യമിടുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സംസ്ഥാനത്ത് പ്രതിദിനം 75 ലക്ഷം അധിക മുട്ടകൾ കൂടി ഉല്പാദിപ്പിക്കേണ്ടതുണ്ട്. ഇറച്ചിയിൽ, "കേരള ചിക്കൻ" പദ്ധതി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ വിപുലീകരിക്കേണ്ടതുണ്ട്. കാളക്കുട്ടി കളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും ഇക്കാര്യത്തിൽ ചിന്തിക്കണം.

17) പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് അടുത്തെത്തിയിരിക്കുന്നു എന്നാണ് ഈ മഹാമാരി കേരളത്തെ ഓർമ്മിപ്പിക്കുന്നത്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ പാൽ ഉല്പാദനത്തിൽ മിച്ചംവരുന്ന പാൽ കൈകാര്യം ചെയ്യാൻ സംസ്ഥാനം തയ്യാറാകേണ്ട തുണ്ട്. മലബാർ മേഖലയിൽ നിന്ന് പ്രതിദിനം 50,000 ലിറ്റർ പാൽ കർണാടകത്തിലേക്കും തമിഴ്നാട്ടിലേക്കും കൊണ്ടുപോയി പാൽപ്പൊടിയാക്കി മാറ്റുന്നതിന് നിലവിൽ ലിറ്ററൊന്നിന് 10 രൂപ അധിക ചെലവ് വരുന്നുണ്ട്. ഇത് ഒഴിവാക്കേണ്ടതുണ്ട് (ബോക്സ് 1 കാണുക). മിച്ചംവരു ന്ന പാൽ, പാൽപ്പൊടിയും ബാഷ്പീകരിച്ച പാലും ആയി പരിവർത്തനം ചെയ്യാനും സംഭരിക്കാനും കേരളത്തിന് ഒരു ആധുനിക പാൽപ്പൊടി പ്ലാന്റും ഒരു ബാഷ്പീകരണ പ്ലാന്റും ആവശ്യമാണ്. എന്നിരുന്നാലും, ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് മുമ്പായി ഒരു സാധ്യതാ പഠനം നടത്തണം, കാരണം അത്തരം പ്ലാന്റ് പ്രായോഗികമാകുന്നതിന് പ്രതിദിനം കുറഞ്ഞത് ഒരു ലക്ഷം ലിറ്റർ പാൽ ആവശ്യമാണ്.

പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളായ ചീസ്, കട്ടിതൈര് തുടങ്ങിയവയുടെ ഉല്പാദനം വികസിപ്പിക്കാനും ലക്ഷ്യമിടേണ്ടതുണ്ട്. നിലവിലുള്ള ഡയറി പ്ലാന്റുകളിൽ നൂതന ഉല്പന്ന വൈവി ധ്യവൽക്കരണ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. കൂടാതെ, ക്ഷീര സഹകരണസംഘങ്ങൾ നവീകരിക്കേണ്ടതുണ്ട്, കന്നു കാലികളുടെ തീറ്റ സംഭരിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനും അവരെ സജ്ജമാക്കേണ്ടതുണ്ട്. കർഷകർക്കായി പാൽ കറക്കുന്നതിനുള്ള യന്ത്രങ്ങൾക്കുള്ള സബ്സിഡി വർദ്ധിപ്പിക്കേണ്ടതുണ്ട്. ക്ഷീരകർഷകർക്ക് പശുക്കളെ നൽകുന്നതിനുള്ള നിലവിലുള്ള പദ്ധതികൾ ശക്തിപ്പെടുത്തേണ്ടതുണ്ട്.

18) കേരളത്തിലെ കന്നുകാലി മേഖലയ്ക്ക് കാലിത്തീറ്റക്കും വൈക്കോലിനുമായി ഒരു പദ്ധതി ആവശ്യമാണ്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് കാലിത്തീറ്റ കൃഷി ചെയ്യുന്ന തിനായി 15,000 ഏക്കർ സ്ഥലം കണ്ടുപിടിക്കേണ്ടതുണ്ട്. ഇവിടെ വീണ്ടും, ആഭ്യന്തര ഉല്പാദന ശേഷി

വിപുലീകരിക്കേണ്ടതുണ്ട്. പിഎസ്‌ഇകളായ കേരള ഫീഡ്സ് ലിമിറ്റഡ്, മിൽമ ഫീഡ്സ് എന്നിവക്ക് സംസ്ഥാനത്ത് ഉൽപാദനം വിപുലീകരിക്കാൻ പ്രോത്സാഹനവും പിന്തുണയും നൽകേണ്ടതുണ്ട്.

**ബോക്സ് 1**

**പാൽ സംഭരണത്തിന്റെയും വിപണനത്തിന്റെയും പ്രതിസന്ധി കൈകാര്യം ചെയ്യൽ**

2020 മാർച്ച് 31 വരെ പാലിന്റെ ഓപ്പണിങ് സ്റ്റോക്ക് 23.88 ലക്ഷം ലിറ്ററും പ്രതിദിന സംഭര ണം 13.21 ലക്ഷം ലിറ്ററും ആയിരിന്നു. എന്നാൽ വിൽപ്പന പ്രതിദിനം 10.94 ലക്ഷം മാത്രമായി രുന്നു; മുൻ ആഴ്ചകളെ അപേക്ഷിച്ച് 27.53 ശതമാനം (പ്രതിദിനം 2.81 ലക്ഷം ലിറ്റർ) വില്പനയി ൽ ഇടിവ്. ഇത് കാരണം മിച്ചംവന്ന പാലിനെ പാൽപ്പൊടിയാക്കി മാറ്റേണ്ടതുണ്ട്. പ്രതിദിനം 1.2 മുതൽ 1.25 ലക്ഷം ലിറ്റർ വരെ പാൽ തമിഴ്നാട്ടിലേക്ക് പാൽപ്പൊടിയാക്കി മാറ്റുവാനായി അയച്ചിരുന്നു. എന്നാൽ കോവിഡ് -19 പേടിയെത്തുടർന്ന് കേരളത്തിൽ നിന്ന് പാൽ വാങ്ങാ ൻ തമിഴ്നാട് സർക്കാർ വിസമ്മതിച്ചു.

കേരള, തമിഴ്നാട് സർക്കാരുകൾ തമ്മിൽ നടന്ന ചർച്ചകൾക്ക് ശേഷം അടിയന്തര അടി സ്ഥാനത്തിൽ പ്രതിദിനം 50,000 ലിറ്റർ പാൽ പൊടിയാക്കി മാറ്റുന്നതിന് വാങ്ങാൻ തമിഴ്നാ ട് സമ്മതിച്ചു. മിച്ചംവന്ന പാൽ പാഴാകാതിരിക്കാൻ മിൽമ വഴി അംഗന വാടികൾ, അതിഥി തൊഴിലാളി ക്യാമ്പുകൾ, സമൂഹ അടുക്കളകൾ, കൺസ്യൂമർഫെഡ്, സിവിൽ സപ്ലൈസ്, സഹകരണം എന്നിവയിലൂടെ പാലും പാലുൽപ്പന്നങ്ങളും വിതരണം ചെയ്യാൻ കേരള സർക്കാ ർ തീരുമാനിച്ചു.

ഈ സന്ദർഭത്തിലാണ് കേരളത്തിൽ ഒരു ആധുനിക പാൽപ്പൊടി നിർമ്മാണ സ്ഥാപനത്തി ന്റെ ആവശ്യകത ചർച്ച ചെയ്യപ്പെടുന്നത്.

19) സംസ്ഥാനത്തെ പാൽ, മാംസം, മുട്ട മേഖലകളിൽ നിലവിലുള്ള മാർക്കറ്റിംഗ്, വിതരണ ശൃംഖലകളെക്കുറിച്ച് സർക്കാർ പഠനം നടത്തുകയും ഉല്പാദകരിൽനിന്നും നിന്നും ഉപഭോക്താ ക്കളിലേക്ക് എത്താനുള്ള തടസ്സങ്ങൾ നീക്കാൻ നടപടികൾ ആരംഭിക്കുകയും വേണം. സംസ്ഥാ നത്ത് പാൽ, മാംസം, മുട്ട എന്നിവയുടെ വിപണന ശൃംഖല വികസിപ്പി ക്കുന്നതിന് ആധുനിക വിവരസാങ്കേതികവിദ്യയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം. സംസ്ഥാനത്തെ എല്ലാ ക്ഷീര സഹകരണ സ്ഥാപനങ്ങളെയും പരസ്പരം ബന്ധിപ്പിച്ച് ഒരു സോഫ്റ്റ്‌വെയറിന് കീഴിൽ കൊണ്ടുവ രുകയെന്നത് ഇതിൽ ഉൾപ്പെടുന്നു.

20) സംസ്ഥാനത്തെ കന്നുകാലി യൂണിറ്റുകളിലെ ജൈവ സുരക്ഷാ നടപടികളുടെ അവലോ കനം അനിവാര്യമാണ്. ഭാവിയിൽ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പടരുന്ന രോഗങ്ങൾ കൂടുതൽ നേരിടേണ്ടിവരുമെന്നതിനാൽ, നമ്മുടെ കാണുകളികളെയും ക്ഷീര യൂണിറ്റുകളെയും ഫ്ലൂപോലെയുള്ള പകർച്ചവ്യാധികളിൽ നിന്നും സംരക്ഷിക്കുന്നതിനും മനുഷ്യരിലേക്കുള്ള വ്യാപനം മന്ദഗതിയിലാക്കുന്നതിനും ആധുനിക ജൈവ സുരക്ഷാ സൌകര്യങ്ങൾ അവതരിപ്പിക്കേ ണ്ടതുണ്ട്. അത്തരമൊരു ആധുനിക ജൈവ സുരക്ഷാ ചട്ടക്കൂട് നമ്മുടെ മൃഗങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളെ മികച്ച രീതിയിൽ വിപണനം ചെയ്യുന്നതിനും ഉപയോഗിക്കണം.

***മൃഗസംരക്ഷണ മേഖലയിലെ മൊത്തം നഷ്ടം 181 കോടി രൂപയാണെന്നു (മാംസം- 154.50 കോടി, മുട്ട- 18.09 കോടി, പാൽ- 9.2 കോടി രൂപ) കണക്കാക്കുന്നു.***

## മത്സ്യമേഖലയിലെ നഷ്ടങ്ങളുടെ കണക്കുകൾ

### പരിശോധനാ കാലയളവ്: 2020 മാർച്ച് മുതൽ ഏപ്രിൽ വരെ

***മത്സ്യമേഖലയിലെ മൊത്തം നഷ്ടം 1371 കോടി രൂപയുടേതാണെന്ന് കണക്കാക്കുന്നു.***

കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ചരിത്രപരമായി സാധാരണ ജനങ്ങളെ അപേക്ഷിച്ച് താഴ്ന്ന ജീവിത നിലവാരവുമായി ബന്ധപ്പെട്ടിരിക്കുന്നവരാണ്. ഇവർ, പ്രത്യേകിച്ച് കടൽ മത്സ്യബന്ധന മേഖല യിലുള്ളവർ, അനൌപചാരിക പണമിടപാടുകാരോട് കടപ്പെട്ടിരിക്കുന്നു. കോവിഡ്-19 കടൽ, ഉൾനാട ൻ മത്സ്യത്തൊഴിലാളികൾ, മത്സ്യ കർഷകർ, അനുബന്ധ മേഖലകളിലെ തൊഴിലാളികൾ, മത്സ്യ കയറ്റുമതി വ്യവസായങ്ങൾ എന്നിവയിൽ സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ എല്ലാവരുടെയും ഉപജീവന ത്തെ പ്രതികൂലമായി ബാധിച്ചു.

കോവിഡ് -19 മഹാമാരി ആരംഭിക്കുന്നതിനു മുമ്പുതന്നെ മത്സ്യബന്ധന മേഖല ഒന്നിലധികം പ്രശ്നങ്ങൾ നേരിടുകയായിരുന്നു. മുമ്പത്തെ രണ്ട് വർഷങ്ങളിൽ, ചുഴലിക്കാറ്റുകളും വെള്ളപ്പൊക്കവും തൊഴിൽ ദിവ സങ്ങളുടെ എണ്ണം കുറച്ചിരുന്നു. ലോക്ക്ഡൌൺ നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്തെ എല്ലാ മത്സ്യ ബന്ധന തുറമുഖങ്ങളും ഫിഷ് ലാൻഡിംഗ് സെന്ററുകളും അടച്ചു. യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടു കൾ പ്രവർത്തിപ്പിക്കാൻ അനുവദിച്ചില്ല, മത്സ്യ ലേലം നിരോധിച്ചു. എന്നാൽ പരമ്പരാഗത മത്സ്യ ബന്ധന സാമഗ്രികൾ ഉപയോഗിച്ച് മത്സ്യം പിടിക്കാൻ അനുവാദമുണ്ടായിരുന്നു. പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ അനുമതിയുണ്ടായിരുന്നുവെങ്കിലും സാമൂഹിക അകലംപാലിക്കുക നടപടികൾ നടപ്പിലാക്കാൻ പ്രയാസമുള്ളതിനാൽ അവരുടെ ഉൽപ്പന്നങ്ങൾ ലേലം ചെയ്യരുതെന്ന് ആവശ്യപ്പെട്ടു. പകരം, കടൽ മത്സ്യങ്ങളുടെ വാങ്ങലും വിൽപ്പനയും സർക്കാർ നിശ്ച യിച്ച വിലയ്ക്ക് നടത്താൻ അനുവദിച്ചു. വിവിധ മത്സ്യങ്ങളുടെ വില നിർണ്ണയിക്കാൻ ഹാർബർ മാനേജ് മെന്റ് സൊസൈറ്റികളെ ചുമതലപ്പെടുത്തി. മത്സ്യബന്ധന തുറമുഖങ്ങളിലും ലാൻഡിംഗ് സെന്ററുക ളിലും തിരക്ക് ഒഴിവാക്കാൻ ഒരു ടോക്കൺ സംവിധാനം ഏർപ്പെടുത്തി. മത്സ്യത്തിന്റെ ഓൺലൈൻ വിപണനത്തിനായി ഒരു മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചെടുത്തു. മത്സ്യ കൃഷിയുമായി ബന്ധ പ്പെട്ട പ്രവർത്തനങ്ങൾ, മത്സ്യ ഫാമുകൾ, മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നിടങ്ങൾ, തീറ്റ, വിത്ത്, മത്സ്യ കൃഷിയുടെ അവശ്യവസ്തുക്കൾ എന്നിവ ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കാൻ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് മത്സ്യബന്ധന പ്രവർത്തനങ്ങൾ നിയന്ത്രിത രീതിയിൽ തുടരുന്നുണ്ടെങ്കിലും 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഗണ്യമായ സാമ്പത്തിക നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു. 2020 മെയ് വരെ നഷ്ടങ്ങൾ നീണ്ടുനിൽക്കാം (അതായത്, മൂന്ന് മാസത്തേക്ക്).

## സമുദ്ര മത്സ്യബന്ധനം

സമുദ്ര മത്സ്യ മേഖലയിൽ 1,15,668 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ലോക്ക്ഡൌൺ ബാധിച്ചിരിക്കുന്നു. 5 ൽ താഴെ ആളുകളെ കയറ്റാവുന്ന മത്സ്യബന്ധന യാനം ഉപയോഗിച്ച് പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്ക് മാത്രമേ മീൻ പിടിക്കാനാവൂ. മത്സ്യബന്ധന തുറമുഖങ്ങളും ലാൻഡിംഗ് സെന്ററു കളും അടച്ചിരിക്കുന്നതിനാൽ പരിമിതമായ എണ്ണം പരമ്പരാഗത യാനങ്ങൾക്കുമാത്രമേ മത്സ്യബന്ധ നത്തിന് പോകാൻ കഴിയൂ. ലോക്ക്ഡൌൺ ആരംഭിക്കുമ്പോൾ അതിനകം കടലിൽ ഉണ്ടായിരുന്ന പല ചെറിയ വള്ളങ്ങൾക്കും കട്ടത്തടിക്കുമൊക്കെ അവർ പിടിച്ച മീൻ വിൽക്കാൻ കഴിയാത്തതു കൊണ്ട് നഷ്ടം നേരിട്ടു. മുകളിൽ സൂചിപ്പിച്ചതുപോലെ, ലോക്ക്ഡൗൺ ആരംഭിച്ചതിന് ശേഷം യന്ത്രവ ത്കൃത ബോട്ടുകളെ കടലിൽ പോകാൻ അനുവദിച്ചില്ല.

സമുദ്ര മത്സ്യബന്ധന അനുബന്ധ മേഖലകളിൽ 23,881 തൊഴിലാളി കുടുംബങ്ങളുമുണ്ട്. അവരെയും ലോക്ക്ഡൌൺ പ്രതികൂലമായി ബാധിച്ചു. മത്സ്യക്കച്ചവടം, പുറംതൊലി ഉരിയൽ, കേടുവരാതെ സൂക്ഷി ക്കൽ, തുറമുഖവുമായി ബന്ധപ്പെട്ട ജോലികൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർ ഈ അനുബന്ധ തൊഴിലാളികളിൽ ഉൾപ്പെടുന്നു.

മത്സ്യത്തിന്റെ ചില്ലറ വ്യാപാരവുമായി ബന്ധപ്പെട്ട് വിപണികളിലേക്ക് മത്സ്യത്തെ കൊണ്ടുപോകുന്ന വിവിധ ഗതാഗത സംവിധാനങ്ങൾ ഉൾപ്പെടെയുള്ളവയും നിലച്ചു. ചില്ലറ മത്സ്യക്കച്ചവടം നിർത്തിയത് സ്ത്രീകളെ പ്രത്യേകിച്ച് മോശമായി ബാധിക്കുന്നു. ബോട്ട് നന്നാക്കൽ, വലകൾ ശരിയാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും നിലച്ചു. ഐസ് ഫാക്ടറികൾ, ശീതീകരണ യൂണിറ്റുകൾ, ഫിഷിംഗ് ഗിയർ, ബോട്ടു കൾ, എഞ്ചിനുകൾ, പ്ലാന്റ്, മെഷിനറികൾ എന്നിവയുൾപ്പെടെ ഉൽപാദന പശ്ചാത്തലസൌകര്യ മേഖല വളരെക്കാലമായി നിഷ്ക്രിയമാണ്, ഉപയോഗമില്ലാത്തതു മൂലം അവയ്ക്ക് നാശനഷ്ടമുണ്ടാകാം.

## ഉൾനാടൻ മത്സ്യബന്ധനം

ഉൾനാടൻ മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലകളിലുമായി 23,848 മത്സ്യത്തൊഴിലാളി കുടുംബങ്ങളും 766 തൊഴിലാളി കുടുംബങ്ങളും ഉണ്ട്. പ്രതിസന്ധി അവരെയും ബാധിക്കുന്നു. ലോക്ക്ഡൌൺ സമയത്ത് ഈ തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താനും കഴിഞ്ഞിട്ടില്ല. സർക്കാർ മേഖലയിൽ 27 മീൻ കുഞ്ഞുങ്ങളെ വളർത്തുന്ന കേന്ദ്രങ്ങളും 25 ഫാമുകളും സ്വകാര്യമേഖലയിൽ 20 വൻകിട മത്സ്യ ഫാമുകളും ഉണ്ട്. മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും വിത്തും തീറ്റയും ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും അനുബന്ധ മേഖലകളിൽ ഒന്നിലധികം നിയന്ത്രണങ്ങൾ ഉള്ളതിനാൽ മീൻ കുഞ്ഞുങ്ങളെ വളർത്തുന്ന കേന്ദ്രങ്ങളും ഫാമുകളും നിയന്ത്രിത തോതിലേ പ്രവർത്തിക്കുന്നുള്ളു.

ബിസിനസ്സ് നഷ്ടവും മത്സ്യങ്ങൾ ചത്തുപോകുന്നതും മൂലം അലങ്കാര മത്സ്യമേഖലയെയും സാരമായി ബാധിക്കുന്നു.

## മൂല്യവർധനവും വിപണനവും

മത്സ്യബന്ധനത്തിലെ വിളവെടുപ്പിനു ശേഷമുള്ള എല്ലാ പ്രവർത്തനങ്ങളും മൊത്തം മീൻപിടിത്തം കുറയുന്നതും വിപണികൾ അടച്ചുപൂട്ടുന്നതും കാരണം പ്രതികൂലമായി ബാധിക്കപ്പെട്ടു. കൊല്ലം ശക്തികുളങ്ങരയിലെ കേരള സംസ്ഥാന തീരദേശ മേഖലാ വികസന കോർപ്പറേഷൻ നടത്തുന്ന മത്സ്യ സംസ്കരണ യൂണിറ്റിന്റെ എല്ലാ പ്രവർത്തനങ്ങളും നിർത്തിയതിനാൽ നഷ്ടം സംഭവിക്കുന്നു.

## മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങളും സൂക്ഷ്മ സംരംഭങ്ങളും

മത്സ്യഫെഡിന് കീഴിൽ 649 പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ലോക്ക്ഡൌണിനുശേഷം ലാൻഡിംഗുകളുടെ എണ്ണം കുറഞ്ഞതിനാൽ മത്സ്യത്തൊഴിലാളി സഹക രണ സംഘങ്ങളുടെ വിപണന പ്രവർത്തനം കുറഞ്ഞു. സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ പ്രകാരം സൂക്ഷ്മ സംരംഭങ്ങളിൽ ജോലി ചെയ്യുന്ന മത്സ്യത്തൊഴിലാളികളെയും ബാധിച്ചിട്ടുണ്ട്. 5000 മത്സ്യത്തൊഴിലാളി പ്രവർത്തന ഗ്രൂപ്പുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. മത്സ്യബന്ധന മേഖലയിൽ മൂല്യവർദ്ധനവും വസ്തുനിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിൽ അവർ ഏർപ്പെടുന്നു.

### സാമ്പത്തിക നഷ്ടങ്ങൾ

ഫിഷറീസ് മേഖലയിലെ നഷ്ടം കണക്കാക്കാൻ ഞങ്ങൾ ഇനിപ്പറയുന്ന പരോക്ഷ രീതി സ്വീകരിച്ചു. 2019 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സമുദ്ര, ഉൾനാടൻ മീൻപിടിത്തത്തെക്കുറിച്ചും അവയുടെ മൂല്യത്തെക്കുറിച്ചും ഞങ്ങൾ പ്രതിമാസ ഡാറ്റ ശേഖരിച്ചു. 2020 ലെ നഷ്ടം കണക്കാക്കാൻ ഈ ഡാറ്റ അടിസ്ഥാനമായി ഉപയോഗിച്ചു. മാർച്ചിൽ മീൻപിടിത്തത്തിൽ 20 ശതമാനം കുറവുണ്ടെന്ന് ഞങ്ങൾ അനുമാനിച്ചു സമുദ്ര, ഉൾനാടൻ മേഖലകളിൽ 2020. 2020 ഏപ്രിലിൽ, സമുദ്ര മീൻപിടിത്തം ബേസ്‌ലൈനിന്റെ ഒരു ശതമാനം മാത്രമാണെന്നും ഉൾനാടൻ മീൻപിടിത്തം ബേസ്‌ലൈനിന്റെ 10 ശതമാനം മാത്രമാണെന്നും ഞങ്ങൾ അനുമാനിച്ചു. ഈ അനുമാനങ്ങളെ അടിസ്ഥാനമാക്കി, 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ നഷ്ടം ഞങ്ങൾ കണക്കാക്കി. ഞങ്ങളുടെ രീതി അനുസരിച്ച്, മത്സ്യബന്ധന മേഖലയിലെ നഷ്ടം രണ്ട് മാസ കാലയളവിൽ ഏകദേശം 1,311.3 കോടി രൂപയാണ് (പട്ടിക 1 കാണുക).

നഷ്ടം കണക്കാക്കാനുള്ള ഒരു രീതി കൂടി ഞങ്ങൾ ശ്രമിച്ചു. ഡാറ്റ ലഭ്യമായ ഏറ്റവും പുതിയ വർഷമായ 2015-16 ൽ ഇന്ത്യയിലെ സമുദ്ര മത്സ്യബന്ധന മേഖലയിലെ മൊത്തം

ഉൽപാദനത്തിന്റെ മൂല്യം ഞങ്ങൾ എടുത്തു, ഉൽപാദനത്തിന്റെ മൂല്യത്തിൽ യന്ത്രവത്കൃത മേഖലയുടെ വിഹിതം 76 ശതമാനവും പരമ്പരാഗത, മോട്ടറൈസ്ഡ് മേഖലകളുടെ വിഹിതം 24 ശതമാനവുമാണെന്ന് ഞങ്ങൾ അനുമാ നിച്ചു. ഈ അടിസ്ഥാനത്തിൽ, സമുദ്ര മത്സ്യബന്ധന മേഖലയിൽ നഷ്ടപ്പെടുന്ന ഉൽപാദനത്തിന്റെ മൂല്യം 2015-16 വിലയിൽ പ്രതിമാസം 567 കോടി രൂപയായിരിക്കുമെന്ന് ഞങ്ങൾ കണക്കാക്കി. കേരളത്തിലെ മത്സ്യ വിലക്കയറ്റം പരിഗണിച്ചാൽ, 2019-20 ഇൽ വിലയിൽ നഷ്ടപ്പെട്ട ഉല്പാദന മൂല്യം പ്രതിമാസം 794 കോടി രൂപയായിരിക്കും. രണ്ട് മാസത്തേക്ക് (2020 മാർച്ചിൽ 20 ശതമാനം നഷ്ടവും 2020 ഏപ്രിലിൽ 99 ശതമാനം നഷ്ടവും കണക്കിലാക്കിയാൽ), സമുദ്ര മത്സ്യബന്ധന മേഖലയിലെ മാത്രം ഉൽപാദനത്തിന്റെ മൂല്യത്തിൽ ആകെ നഷ്ടം 944.9 കോടി രൂപയാണ്. ഈ സംഖ്യകൾ പട്ടിക 1 ലെ ഞങ്ങളുടെ എസ്റ്റിമേറ്റുകളെ വിശാലമായി സാധൂകരിക്കുന്നു.

പട്ടിക 1 **കേരളത്തിലെ മത്സ്യബന്ധനത്തിലും മൂല്യത്തിലും ഉണ്ടായ നഷ്ടം 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ,** മെട്രിക് ടണ്ണിലും, കോടി രൂപയിലും

| | |
|---|---|
| പ്രതിമാസം പിടിക്കുമെന്ന് പ്രതീക്ഷിക്കുന്ന സമുദ്ര മത്സ്യം (എംടി) | |
| മാർച്ച് 2020 | 40648.7 |
| ഏപ്രിൽ 2020 | 1016.2 |
| രണ്ട് മാസത്തേക്ക് ആകെ | 41664.9 |
| സമുദ്ര മത്സ്യത്തിന്റെ പിടിത്തത്തിൽ പ്രതിമാസം പ്രതീക്ഷിക്കുന്ന കുറവ് (എം.ടി.) | |
| മാർച്ച് 2020 | 10162.2 |
| ഏപ്രിൽ 2020 | 49794.6 |
| രണ്ട് മാസത്തേക്ക് ആകെ | 59956.8 |
| പ്രതിമാസം പിടിക്കുമെന്ന് പ്രതീക്ഷിക്കുന്ന ഉൾനാടൻ മത്സ്യം (എംടി) | |
| മാർച്ച് 2020 | 12801.8 |
| ഏപ്രിൽ 2020 | 320.1 |
| രണ്ട് മാസത്തേക്ക് ആകെ | 13121.9 |
| ഉൾനാടൻ മത്സ്യത്തിന്റെ പിടിത്തത്തിൽ പ്രതിമാസം പ്രതീക്ഷിക്കുന്ന കുറവ് (എം.ടി.) | |
| മാർച്ച് 2020 | 3200.5 |

| | |
|---|---|
| ഏപ്രിൽ 2020 | 15682.2 |
| രണ്ട് മാസത്തേക്ക് ആകെ | 18882.7 |
| സമുദ്ര, ഉൾനാടൻ മീൻപിടുത്തത്തിന്റെ പ്രതീക്ഷിത പ്രതിമാസ മൂല്യം (കോടി രൂപ) | |
| മാർച്ച് 2020 | 896.6 |
| ഏപ്രിൽ 2020 | 33.6 |
| രണ്ട് മാസത്തേക്ക് ആകെ | 930.2 |
| സമുദ്ര, ഉൾനാടൻ മേഖലയിലെ പ്രതീക്ഷിത പ്രതിമാസ നഷ്ടം (കോടി രൂപ) | |
| മാർച്ച് 2020 | 224.2 |
| ഏപ്രിൽ 2020 | 1087.1 |
| **രണ്ടുമാസത്തേക്ക് ആകെ** | **1311.3** |

## മത്സ്യ കയറ്റുമതിയിലെ നഷ്ടങ്ങൾ

കയറ്റുമതി സംസ്കരണ മേഖലയിലെ സ്ഥാപനങ്ങളും വലിയ നഷ്ടത്തിലാണ്. കോവിഡ്-19 ആരംഭിക്കു ന്നതിന് മുമ്പുതന്നെ, ഈ സ്ഥാപനങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറഞ്ഞുവരികയായി രുന്നു. കയറ്റുമതി ലോക്ക്ഡൗണിന് മുന്നെയുള്ള കയറ്റുമതിയുടെ ഒരു ശതമാനമായി കുറഞ്ഞു. അമേരിക്ക, യൂറോപ്യൻ യൂണിയൻ, ചൈന എന്നിവയാണ് കേരളത്തിന്റെ പ്രധാന കയറ്റുമതി വിപണി. അമേരിക്ക യിലേക്കും യൂറോപ്യൻ വിപണികളിലേക്കും ഉള്ള കയറ്റുമതി പൂർണ്ണമായും നിലച്ചു, അതേസമയം വിയറ്റ്നാം, ഇന്തോനേഷ്യ, ജപ്പാൻ, ചൈന എന്നിവിടങ്ങളിലേക്കുള്ള കയറ്റുമതി ചെറിയ തോതിൽ തുട രുന്നു. ഈ കയറ്റുമതി പ്രധാനമായും ഇൻവെന്ററികളിൽ നിന്നാണ്, ഒരു ഫാക്ടറിയിലും പുതിയ സംസ്കരണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. പല രാജ്യങ്ങളിലെ വിവിധ വാങ്ങലുകാരിൽ നിന്നുള്ള കയറ്റുമതി ഓർഡർ പ്രതിബദ്ധതകൾ പാലിക്കാനാകുന്നില്ല, ഇത് മൂലം നിലവിലെ ഓർഡറുകൾ റദ്ദാക്ക പ്പെടുന്നു. ഭാവിയിലെ ഓർഡറുകളും റദ്ദാക്കാൻ സാധ്യതയുണ്ട്. വിവിധ മത്സ്യ സംസ്കരണ പ്ലാന്റുകളിൽ തൊഴിലാളികൾ ലഭ്യമാണെങ്കിലും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ജോലി അനുവദിക്കാ ത്തതാണ് ഇതിന് കാരണം. തുറമുഖങ്ങളിൽ ട്രെയിലറുകൾ, ട്രക്കുകൾ, അവയുടെ ഡ്രൈവർമാർ തുടങ്ങിയവയുടെ ലഭ്യത കുറയുന്നതാണ് കയറ്റുമതിയെ തടസ്സപ്പെടുത്തുന്നത്. അതേസമയം, ഈ സ്ഥാപനങ്ങൾ തൊഴിലാളികൾക്കും ജീവനക്കാർക്കും വേതനവും ശമ്പളവും നൽകുന്നത് തുടരുക യാണ്. മത്സ്യത്തിന്റെ കയറ്റുമതി വിപണി എപ്പോൾ തിരിച്ച് പഴയ നിലയിലാകും അത് എത്ര

വേഗത യിലാകം എന്നത് വ്യക്തമല്ല. ഈ മേഖല ആഗോള ചോദനത്തിന് ദീർഘകാല മാന്ദ്യം അനുഭവിക്കാൻ ഇടയുണ്ടെന്ന് തോന്നുന്നു.

കേരളത്തിന് മത്സ്യബന്ധനത്തിൽ നിന്ന് 6000 കോടി രൂപ വാർഷിക കയറ്റുമതി വരുമാനമുണ്ട്. കടൽ കൊഞ്ച്, കട്ടിൽ ഫിഷ്, കണവ, ശീതീകരിച്ച മത്സ്യം, ചെമ്മീൻ, ചില ഉൾനാടൻ മത്സ്യങ്ങൾ എന്നിവയാണ് കയറ്റുമതിയിൽ പ്രധാന പങ്ക്. കോവിഡ് -19 കാരണം, രണ്ട് മാസത്തേക്ക് കയറ്റുമതി ചെയ്യുന്ന സമുദ്രവിഭവത്തിന്റെ ഏകദേശ നഷ്ടം ഏകദേശം 16,000 മെട്രിക് ടൺ ആണ്. മൊത്തം വിറ്റുവരവിലെ നഷ്ടം കണക്കാക്കുന്നത് 600 കോടി രൂപയാണ്. ഇവിടത്തെ യഥാർത്ഥ ചെലവ് ഏകദേശം 60 കോടി രൂപയാണെന്ന് കണക്കാക്കുന്നു.

മത്സ്യബന്ധന മേഖലയിലെ മൊത്തം നഷ്ടം രണ്ട് മാസത്തേക്ക് 1371.3 കോടി രൂപയായി കണക്കാക്കപ്പെടുന്നു.

## ഭാവി തന്ത്രങ്ങൾ

മത്സ്യബന്ധന മേഖലയ്ക്ക് സമഗ്രമായ സാമ്പത്തിക പാക്കേജ് കേന്ദ്രസർക്കാർ പരിഗണിക്കേണ്ടതുണ്ട്. ലോക്ക്ഡൗൺ കാലയളവിൽ മത്സ്യബന്ധനത്തിനും മത്സ്യബന്ധന സംബന്ധിയായ മറ്റു പ്രവർത്ത നങ്ങൾക്കുമായി കൊടുത്ത വായ്പകൾക്കുള്ള പലിശ എഴുതിത്തള്ളൽ, വായ്പകളുടെ പണമടയ്ക്കൽ മാറ്റി വയ്ക്കൽ, മത്സ്യത്തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ സഹായങ്ങൾ, ലോക്ക്ഡൗൺ കാലയള വിൽ തൊഴിലാളികൾക്ക് കൂലി നൽകുന്നതിനുള്ള ഭാഗിക പിന്തുണ തുടങ്ങിയ ഘടകങ്ങൾ ഇതിൽ ഉൾപ്പെടണം.

കോവിഡിന് ശേഷമുള്ള കാലഘട്ടത്തിൽ, മത്സ്യബന്ധന മേഖല അടിയന്തിര പുനരുജ്ജീവന നടപടി കളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. 2020 ഏപ്രിലിനുശേഷം നിരോധനം നീക്കിയാലും 2020 ജൂൺ മുതൽ ട്രോളിംഗ് നിരോധനം ഈ മേഖലയെ സാരമായി ബാധിക്കും. ദുരിതങ്ങൾ ലഘൂകരിക്കുന്നതിന് ബദൽ ഉപജീവനമാർഗ്ഗങ്ങൾ നൽകുന്നതിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഇത് സൂചിപ്പിക്കുന്നു.

1) സംസ്ഥാനത്തെ ഉൾനാടൻ, സമുദ്ര മത്സ്യബന്ധനത്തിനുള്ള വിതരണ ശൃംഖലകളുടെ നവീക രണവും സ്ഥാപനവൽക്കരണവുമാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. മത്സ്യഫെഡ് നിലവിൽ നഗര വാസികൾക്ക് സേവനം നൽകുന്നതിൽ പരിമിതപ്പെടുത്തിയിരിക്കുന്നു; അതിന്റെ സേവനങ്ങൾ അപ ര്യാപ്തമാണ്. മത്സ്യ വിതരണ ശൃംഖല പരിഷ്കരിക്കുന്നതിനുള്ള നല്ലൊരു പദ്ധതി ഉടൻ ആരംഭിക്കണം. യുഎൽടിഎസിനൊപ്പം വികസിപ്പിച്ച പുതിയ മൊബൈൽ ആപ്ലിക്കേഷന്റെ സാധ്യതകൾ വിപുലപ്പെ ടുത്തുന്നതിനേപ്പറ്റി പരിശോധിക്കണം (ബോക്സ് 1 കാണുക).

**ബോക്സ് 1**

**ഫിഷ് മാർക്കറ്റിംഗിലെ മൊബൈൽ ആപ്ലിക്കേഷനുകൾ**

കേരളത്തിലെ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ അഭ്യർത്ഥനപ്രകാരം, കേരളത്തിലെ 17 തുറമുഖങ്ങളിലുടനീളം മത്സ്യം വിൽക്കാൻ സഹായിക്കുന്നതിനായി രണ്ട് ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേ ഷനുകൾ യുഎൽടിഎസ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആപ്ലിക്കേഷന് തുടർച്ചായി ഡിജിറ്റൽ ലേലങ്ങൾ ചേർക്കാനുള്ള വ്യവസ്ഥയുണ്ട്. കോവിഡ്-19 പാൻഡെമിക്കിന്റെ പശ്ചാത്തലത്തിൽ സാമൂഹിക അകലം പാലിക്കൽ ആവശ്യകതയെ അപ്ലിക്കേഷന് അഭിസംബോധന ചെയ്യാനാകുന്നുണ്ട്. മത്സ്യത്തൊ ഴിലാളികൾ കൊണ്ടുവന്ന മത്സ്യത്തിന്റെ വൈവിധ്യവും വിഭാഗവും വിലയും അളവും സഹിതം ഒരു ഡിജിറ്റൽ ഇൻവെന്ററി സൃഷ്ടിക്കാൻ ഹാർബർ മാനേജ്മെന്റ് കമ്മിറ്റി ഉദ്യോഗസ്ഥർക്ക് ഹാർബർ ആപ്ലിക്കേഷൻ (കെഎൽ-ഫിഷ്_ഹാർബർ) ഉപയോഗിക്കാം.

ലഭ്യമായ സാധന സാമഗ്രികൾ കാണാനും ഓർഡറുകൾ നൽകാനും ഉപഭോക്താക്കൾക്ക് ബയർ ആപ്ലിക്കേഷൻ (KL-Fish_Buyer) ഉപയോഗിക്കാം. ഉപഭോക്താക്കൾ അവരുടെ മൊബൈൽ ആപ്ലിക്കേഷനിൽ ഓർഡറുകൾ സ്ഥിതികരിച്ച ശേഷം ലഭിക്കുന്ന ടോക്കൺ മൊബൈൽ ഫോണിൽ മത്സ്യം വാങ്ങുന്നതിന് തുറമുഖത്ത് കാണിക്കേണ്ടതുണ്ട്. ഈ മൊബൈൽ അപ്ലിക്കേഷനുകളുടെ പ്രാരം ഭ പതിപ്പുകൾ ഹാർബർ ഉദ്യോഗസ്ഥർ പരീക്ഷിക്കുകയും Google പ്ലേസ്റ്റോറിൽ ഹോസ്റ്റിംഗിനായി സമ ർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2) ഉൾനാടൻ മത്സ്യകൃഷിക്കു കീഴിലുള്ള പദ്ധതി വിഹിതം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് ഉടൻ തന്നെ ആരംഭിക്കണം. വലിയ ജലാശയങ്ങൾ ഉൾനാടൻ മത്സ്യകൃഷിക്കു കീഴിൽ കൊണ്ടുവ രണം. ജലാശയങ്ങളുടെ വ്യാപ്തിയും എണ്ണവും ലക്ഷ്യമിടുകയും എൽഎസ്ജിഡികളുടെയും കുടുംബശ്രീ യുടെയും സഹായത്തോടെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യാം.

3) കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ, മത്സ്യബന്ധന മേഖലയിലേക്ക് എത്തിക്കാവുന്ന വിഭവങ്ങൾ സ്ഥാപന വായ്പ ഇടപെടലിലൂടെ വർദ്ധിപ്പിക്കണം. കേരളത്തിലെ സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്ഥാപന വായ്പകളുടെ അളവ് തുച്ഛമാണ്. സ്വകാര്യ പണമിടപാടുകാരുടെ ആധിപത്യം ഭയാനകമാ ണ്; ഉയർന്ന പലിശ നിരക്കിലാണ് അവർ വായ്പ നൽകുന്നത്. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ക്കിടയിൽ സമ്പാദ്യം കുറയുന്നതിന് ഇത് ഒരു കാരണമാണ്. ഫിഷറീസ് വകുപ്പിന്റെ ഏകോപന ത്തോടെ മത്സ്യബന്ധന മേഖലയ്ക്ക് പുതിയ വായ്പാ നയം രൂപീകരിക്കണം.

ഉൾനാടൻ മത്സ്യബന്ധനം ഉൾപ്പെടെയുള്ള മത്സ്യമേഖലയുടെ വായ്പാ ആവശ്യങ്ങൾ സർക്കാർ വില യിരുത്തണം. ഫിഷറീസ് ഡയറക്ടർ അധ്യക്ഷനായി, സംസ്ഥാന ആസൂത്രണ ബോർഡ്,

നബാർഡ്, എസ്എൽബിസി, സഹകരണ ബാങ്കുകൾ, ആർആർബികൾ, വാണിജ്യ ബാങ്കുകൾ, മത്സ്യഫെഡ്, സംസ്ഥാന അക്വാകൾച്ചർ വികസന ഏജൻസി (അഡാക്ക്) എന്നിവയിലെ ഉദ്യോഗസ്ഥർ ഉൾപ്പെ ടുന്ന ഒരു ടീമിനെ ഇതിനായി സംസ്ഥാനതലത്തിൽ രൂപീകരിക്കണം. ജില്ലാതലത്തിൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ ലീഡ് ഡിസ്ട്രിക്റ്റ് മാനേജരും (എൽഡിഎം) ഒരു നബാർഡ് പ്രതിനിധിയുമായി ടീമുകൾ രൂപീകരിക്കണം. ഈ കമ്മിറ്റി ആവശ്യങ്ങൾ വിലയിരുത്തി നടപ്പിലാക്കാവുന്ന പ്രവർത്തന ങ്ങൾക്ക് രൂപം നൽകണം.

4) മിക്ക മത്സ്യത്തൊഴിലാളികൾക്കും 100-250 മീറ്റർ വരെ ആഴത്തിനപ്പുറം പ്രവർത്തിക്കാൻ ശേഷിയി ല്ലാത്ത ചെറിയ അല്ലെങ്കിൽ ഇടത്തരം ട്രോളറുകളാണ് ഉള്ളത്. മത്സ്യങ്ങളെ എവിടെ കണ്ടെത്താമെ ന്നതിനെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങളുടെ അഭാവവും മികച്ച ആഴക്കടൽ മത്സ്യബന്ധനത്തെ തടസ്സ പ്പെടുത്തുന്നു. ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള ചെലവുകളും പരിശ്രമങ്ങളും ഗണ്യമായി കുറയ്ക്കാൻ അത്തരം അറിവുകൾ സഹായിക്കും. ട്രോളറുകൾക്ക് വിവരങ്ങൾ വിതരണം ചെയ്യുന്നത് മെച്ചപ്പെടുത്തു ന്നതിനു വേണ്ടിയുള്ള നടപടികൾ വകുപ്പ് കൈക്കൊള്ളണം.

5) ഗുണനിലവാരമുള്ള മത്സ്യ വിത്ത്, ശുദ്ധജല ചെമ്മീൻ, ഉപ്പുവെള്ള ചെമ്മീൻ, മത്സ്യം, കടുക്ക, ചിപ്പി, ഞണ്ട് എന്നിവയുടെ ഉല്പാദനത്തിന് അവശ്യമായ വിത്തിന്റെ ലഭ്യതയിലുള്ള അപര്യാപ്തത ഒരു പ്രധാന തടസ്സമാണ്. വിത്ത് ഉല്പാദനം ശക്തിപ്പെടുത്തണം.

6) പാരമ്പര്യേതര മത്സ്യബന്ധനത്തിന് വലിയ സാമ്പത്തിക സാധ്യതയുണ്ട്. പാരമ്പര്യേതര ഇനങ്ങ ളായ കക്ക, കടുക്ക, ചിപ്പി എന്നിവയുടെ വിപണന ബന്ധങ്ങൾ കേരളം മെച്ചപ്പെടുത്തണം.

7) കോവിഡ്-19 പ്രതിസന്ധി പല പുതിയ മേഖലകളിലായി പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. ഇന്ത്യൻ സമുദ്ര മത്സ്യബന്ധനത്തിന്റെ ഭാവി എന്ന നിലയിലാണ് കടലിൽ മത്സക്കൃഷി എന്നത് വിഭാവനം ചെയ്യുന്നു. വളരെയധികം സാധ്യതകൾ ഉണ്ടായിരുന്നിട്ടും ഇന്ത്യയിലും കേരളത്തിലും സമുദ്രോൽപ്പന്നങ്ങളുടെ പ്രധാന ഭാഗമായി കടലിലെ മത്സക്കൃഷി ഇതുവരെ വികസിച്ചിട്ടില്ല. കടലിലെ മത്സക്കൃഷി വിപുലീകരിക്കാനായി (എ) ധാരാളം സമുദ്ര ഫിന്നുകൾ, തോടുള്ള മത്സ്യ (ഷെൽഫിഷ്) ഇനങ്ങൾ എന്നിവയുടെ വിത്ത് ഉൽപാദനത്തിനും കൃഷി വിപുലീകരിക്കുന്നതിനും (ബി) തീരദേശ ഉപ്പുവെള്ളത്തിലും അനുയോജ്യമായ കടൽത്തീര, കടൽ പ്രദേശങ്ങളിലും മത്സ്യക്കൃഷി വികസി പ്പിക്കുന്നതിനും, ( സി) തീരദേശ കുളങ്ങൾ, റാഫ്റ്റുകൾ, പേന കൃഷി, കടൽത്തീര, കടൽ കേജ് കൃഷി തുടങ്ങിയ ഉൽപാദന സംവിധാനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനും സാങ്കേതിക വിദ്യകൾ വികസി പ്പിക്കണം.

ഇന്ത്യയിൽ വിത്ത് ഉൽപാദനത്തെക്കുറിച്ചുള്ള ഗവേഷണങ്ങൾ ശക്തി പ്രാപിച്ചിട്ടുണ്ട്, പക്ഷെ ആഗോള തലത്തിൽ എന്ന് മാത്രമല്ല, ഏഷ്യ-പസഫിക് മേഖലയിലും നമ്മൾ വളരെ പിന്നിലാണ്.

അതിനാൽ കുറഞ്ഞത് ഉയർന്ന മൂല്യമുള്ള രണ്ട് ഡസൻ ഗണം (സ്പീഷീസ്) സമുദ്ര ഫിൻ മത്സ്യങ്ങളുടെ കൃഷിക്കും വിത്ത് ഉൽപാദനത്തിനും വേണ്ടിയുള്ള രീതികളും മാനദണ്ഡങ്ങളും അടിയന്തിരമായി വികസിപ്പിക്കേണ്ട താണ്.

8) മത്സ്യ മേഖലയിലെ ഒരു പ്രധാന പ്രവർത്തനമായി അലങ്കാര മത്സ്യ സംസ്കാരം അതിവേഗം ഉയർന്നുവരുന്നുണ്ട്. വളരെ അനുയോജ്യമായ കാലാവസ്ഥയുള്ള കേരളത്തിന് അലങ്കാര മത്സ്യ മേലയിൽ വിപുലീകരണത്തിന് ധാരാളം സാധ്യതയുണ്ട്. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ഉപജീവനത്തിന് ഒരു പിന്തുണ നൽകുന്നതിലും വിദേശനാണ്യ വരുമാനം നേടുന്നതിലും ഈ മേഖലയ്ക്ക് വലിയ പ്രാധാന്യമുണ്ട്. 150 ഓളം അലങ്കാര മത്സ്യ വ്യാപാര യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്കാക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ നദികളിലും അതിന്റെ കൈവഴികളിലും വരുമാനം നേടാൻ സാധ്യതയുള്ള തദ്ദേശീയ അലങ്കാര മത്സ്യങ്ങളുടെ സമ്പന്നമായ വിഭവങ്ങളുണ്ട്. അലങ്കാര മത്സ്യ പ്രജനനത്തിനും കയറ്റുമതിക്കും എംപിഡിഎ സഹായം നൽകുന്നുണ്ട്.

9) ഭൂരിഭാഗം ഉപ്പുവെള്ള പ്രദേശങ്ങളും ഉപയോഗിക്കാതെയിരിക്കുകയോ അല്ലെങ്കിൽ അശാസ്ത്രീയമായി ഉപയോഗിക്കുകയോ ചെയ്യുന്നു. ഈ പ്രദേശങ്ങളുടെ പര്യാപ്തമായ ഉപയോഗത്തിനായി ഒരു തന്ത്രം ആവിഷ്കരിക്കേണ്ടതുണ്ട്. ഉപ്പുവെള്ള ജലമേഖലയുടെ സുസ്ഥിര വികസനത്തിന് ചെമ്മീൻ ഒഴികെയുള്ള ഇനം ഉപയോഗിച്ച് കൃഷിയുടെ വൈവിധ്യവൽക്കരണം ആവശ്യമാണ്. ഫിന് ഫിഷ് ഇനങ്ങളായ സീ ബാസ് (ലേറ്റ്സ്), മില്ക്ക് ഫിഷ് (ചാനോസ്), പേൾ സ്പോട്ട് (കരിമീൻ) എന്നിവയുടെ കൃഷി പ്രോത്സാ ഹിപ്പിക്കേണ്ടതുണ്ട്. ഇവയിൽ ചിലതിന്റെ വിത്തുകളുടെ വാണിജ്യാധിഷ്ഠിത ഉൽപാദനത്തിനുള്ള സാങ്കേ തികവിദ്യ ഇപ്പോൾ ലഭ്യമാണ്. ഉപ്പുവെള്ളത്തിലെ ചിപ്പി കൃഷി (പച്ച, തവിട്ട് നിറമുള്ളവ) വാണിജ്യ പരമായി ലാഭകരമാണെന്ന് തെളിയിക്കുകയും പല ജില്ലകളിലും ഇത് നടപ്പാക്കുകയും ചെയ്യുന്നു. വനിതാ സ്വാശ്രയസംഘങ്ങൾക്കുള്ള ഉപജീവന സഹായ പദ്ധതിയായി ഇത് പ്രചരിപ്പിക്കാം. ഉപ്പുവെ ള്ളത്തിന് അനുയോജ്യമായ മറ്റൊരു പ്രവർത്തനമാണ് ഭക്ഷ്യയോഗ്യമായ ചിപ്പികളുടെ കൃഷി. ഈ പ്രവ ർത്തനങ്ങൾക്ക് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന അക്വാകൾച്ചർ വികസന ഏജൻസി (അഡാക്ക്) എന്നിവയിൽ നിന്നുള്ള പിന്തുണ ലഭ്യമാണ്. ഉപ്പുവെള്ളത്തിന് അനുയോജ്യമായ മറ്റൊരു പ്രവർത്തനമാണ് ഞണ്ട് കൃഷി.

10) വനാമി ചെമ്മീനിന്റെ (ലെപ്റ്റോപീനിയസ് വണ്ണാമൈ അല്ലെങ്കിൽ വൈറ്റ് ലെഗ് പ്രൗണ്സ്) കൃഷി അടുത്ത കാലത്തായി വർദ്ധിച്ചുവരികയാണ്, വനാമി ചെമ്മീനിന്റെ രോഗ പ്രതിരോധ ശക്തിയും അതിവേഗ വളർച്ചയുമാണ് ഇതിനു കാരണം. നിയന്ത്രിത രീതിയിൽ സർക്കാർ വ്യക്തമാക്കിയ നടപടിക്രമങ്ങൾ അനുസരിച്ചാണ് ഇന്ത്യയിൽ വനാമി ചെമ്മീനിന്റെ കൃഷിക്ക് തുടക്കം കുറിച്ചത്. സാധ്യത പഠനങ്ങളെത്തുടർന്ന് 2009 ൽ വാനാമിയുടെ വാണിജ്യപരമായ ഉപയോഗം വലിയ തോതിൽ തുടങ്ങാൻ സർക്കാർ തീരുമാനിച്ചു. എന്നിരുന്നാലും, കേരളത്തിൽ

വനാമി ചെമ്മീൻ കൃഷി വ്യാപകമായില്ല, അതിനാൽ കർഷകർക്കിടയിൽ വനാമി ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മുൻകൈയെടുക്കാം. ദേശീയ കയറ്റുമതിയിൽ സംസ്ഥാനത്തിന്റെ പങ്ക് 14 ശതമാനമാണ്.

ഇന്ന്, ആന്ധ്രാപ്രദേശ് വനാമി ചെമ്മീൻ ലോകത്തിലെ ഏറ്റവും മികച്ചതും ഗുണനിലവാരമുള്ളതുമായ ചെമ്മീനുകളിലൊന്നായി കണക്കാക്കപ്പെടുന്നു. കേരളത്തിലെ സമുദ്രവിഭവ ഫാക്ടറികൾ അവരുടെ നിലനിൽപ്പിനായി ഇപ്പോൾ പ്രധാനമായും ആശ്രയിക്കുന്നത് ചെറിയ വലിപ്പത്തിലുള്ള വണ്ണാമൈ വളർത്തുന്ന ചെമ്മീനുകൾ ആണ്. ആന്ധ്രാപ്രദേശ് കയറ്റുമതിക്കാർക്ക് ഇപ്പോൾ ചെറിയ വലുപ്പത്തിലുള്ള ഈ ചെമ്മീൻ സംസ്കരിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ല. ആന്ധ്രാപ്രദേശിലെയും തമിഴ്നാട്ടിലെയും ഫാമുകളിൽ നിന്ന് കൊച്ചിയിൽ എത്തുന്ന ചെമ്മീൻ കേരള തുറമുഖങ്ങളിൽ ഇറങ്ങിയ കടൽത്തീരത്തേക്കാൾ പുതുമയുള്ളതാണ്. ഈ സാഹചര്യം നിലവിൽ കേരള കയറ്റുമതിക്കാർക്ക് ഭാഗ്യമാണ്, എന്നാൽ ആന്ധ്രാപ്രദേശ് ഫാക്ടറികൾ ചെറിയ വലിപ്പമുള്ള ചെമ്മീൻ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിച്ചുകഴിഞ്ഞാൽ, ഈ വലുപ്പത്തിലുള്ള ചെമ്മീനുകൾ കേരള കയറ്റുമതിക്കാർക്ക് സംസ്കരണത്തിനായി ലഭ്യമാകില്ല. തന്മൂലം, കഴിഞ്ഞ 10 വർഷമായി നെല്ല് കൃഷി ചെയ്യാത്ത ജലാശയങ്ങളിൽ വർഷം മുഴുവനും ചെമ്മീൻ കൃഷി നടത്താൻ കേരള സർക്കാർ അനുവദിക്കുന്നത് നിർണായകമാണ്.

11) ഏഷ്യൻ സീ ബാസ് (ലേറ്റ്സ്കാൽകറിഫർ), എട്രോപ്ലസ് തുടങ്ങിയ ഇനങ്ങളിൽ കേജ് കൾച്ചർ സാങ്കേതികവിദ്യ വികസിപ്പിക്കുകയും വിജയകരമായി പ്രദർശിപ്പിക്കുകയും ചെയ്തു. കൃഷിക്കാർക്കിടയിൽ, പ്രത്യേകിച്ച് ജെഎൽജി ഗ്രൂപ്പുകളിൽ ഈ സംസ്കാര രീതി പ്രോത്സാഹിപ്പിക്കാം. സാമൂഹ്യ ലോജിസ്റ്റിക്സ് കണക്കിലെടുത്ത് ജിഐഎസ് അടിസ്ഥാനമാക്കിയുള്ള സൈറ്റ് തിരഞ്ഞെടുക്കൽ, കേജ് ഫാമിംഗ് വ്യാപിപ്പിക്കുന്നതിനുള്ള അടിയന്തര ആവശ്യകതയാണ്. അനുയോജ്യമായ സൈറ്റുകൾ പാട്ടത്തിനെടു ക്കുന്നതിനുള്ള നയം, ബാങ്ക് ഫിനാൻസ്, സബ്സിഡി സഹായത്തിലൂടെ സർക്കാർ സഹായം എന്നിവ ഈ കാലത്തിന്റെ ആവശ്യകതയാണ്.

12) ഉയർന്ന അപകടസാധ്യത കണക്കിലെടുത്ത് മത്സ്യബന്ധന പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഇൻഷുറൻസ് പ്രീമിയങ്ങൾ പൊതുവെ ഉയർന്നതാണ്. ഇൻഷുറൻസ് പദ്ധതികൾ ഉദാരവൽക്കരിക്കേ ണ്ടതുണ്ട്, മാനദണ്ഡങ്ങൾ കർഷക സൗഹാർദ്ദപരമാക്കേണ്ടതുണ്ട്.

# വ്യവസായത്തിലും വ്യാപാരത്തിലും കോവിഡ്-19 ന്റെ ആഘാതം

## വ്യവസായ, വ്യാപാര ഭാഗങ്ങളുടെ സംഗ്രഹം

സംസ്ഥാന ആസൂത്രണ ബോർഡ് നടത്തിയ പഠനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ഇനിപ്പറയുന്നവയാണ്: ഒന്നാമത്, ഉല്പാദനത്തിലെയും വ്യാപാരത്തിലെയും സംരംഭ ങ്ങൾക്കുണ്ടായ സാമ്പത്തിക നഷ്ടം വിലയിരുത്താൻ ശ്രമിച്ചു. രണ്ടാമതായി, കേരളത്തി ലെ വ്യവസായവും വാണിജ്യവും നേരിടുന്നതും വരും ദിവസങ്ങളിൽ വലിയ വെല്ലുവിളിക ളാവാൻ സാധ്യതയുള്ളതുമായ പ്രധാന തടസ്സങ്ങളെക്കുറിച്ച് ഒരു അവലോകനം നടത്തി. മൂന്നാമതായി, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ മുന്നോട്ട് കൊണ്ടുപോകുന്നതിനു വേണ്ട കുറച്ച് നയസമീപനങ്ങളും നിർദ്ദേശങ്ങളും ആവിഷ്കരിക്കാൻ പഠനം ശ്രമിക്കുന്നു.

### കേരളത്തിന്റെ സമ്പദ്ഘടനയുടെയും തൊഴിൽസേനയുടെയും ഘടന

പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (പിഎൽഎഫ്എസ്) അടിസ്ഥാനമാക്കിയുള്ള കണക്കുകൾ പ്രകാരം, 2018 ജനുവരിയിൽ കേരളത്തിലെ തൊഴിൽസേനയുടെ വലുപ്പം 127.0 ലക്ഷമായിരുന്നു. ഇത് മാനുഫാക്ചറിംഗിൽ 15.0 ലക്ഷം തൊഴിലാളികൾ, നിർമ്മാണത്തിൽ 24.0 ലക്ഷം തൊഴിലാളികൾ, വ്യാപാര, അറ്റകുറ്റപ്പണികളിൽ 18.9 ലക്ഷം തൊഴിലാളികൾ, ഗതാഗത, സംഭരണ മേഖലകളിൽ 11.9 ലക്ഷം തൊഴിലാളികൾ, ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും 3.5 ലക്ഷം തൊഴിലാളികൾ എന്നിവരടങ്ങുന്നതാണ്. നിലവിലുള്ള ലോക്ക്ഡൌൺ മുകളിൽ സൂചിപ്പിച്ച എല്ലാ മേഖലകളെയും ഉടനേ ബാധിച്ചേക്കാം.

കേരളത്തിൽ 7649 ഫാക്ടറികളുണ്ടായിരുന്നു (സാധാരണഗതിയിൽ 10 തൊഴിലാളികളോ അതിൽ കൂടുതലോ ജോലി ചെയ്യുന്നത്). മൊത്തം 3.1 ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുന്നു (2017-18 ൽ). ഫാക്ടറികളിലെ തൊഴിൽ സംസ്ഥാനത്തെ മാനുഫാക്ചറിംഗ് മേഖലയിലെ തൊഴിലാളികളിൽ മൂന്നിലൊന്ന് (15.0 ലക്ഷം) വരും. അതേസമയം, കേരളത്തിലെ ബാക്കി 75 ശതമാനം മാനുഫാക്ചറിംഗ് തൊഴിലാളികളും അസംഘടിത മേഖലയിലെ ചെറിയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു.

2015-16 ലെ ദേശീയ സാമ്പിൾ സർവേയുടെ കണക്കനുസരിച്ച് (ലഭ്യമായ ഏറ്റവും പുതിയ പ്രധാനപ്പെട്ട ഡാറ്റ), കേരളത്തിൽ 23.8 ലക്ഷം അസംഘടിത കാർഷികേതര സംരംഭങ്ങളുണ്ടായിരുന്നു. ഇതിൽ 5.5 ലക്ഷം മാനുഫാക്ചറിംഗ് സംരംഭങ്ങൾ, 7.4 ലക്ഷം വ്യാപാര സ്ഥാപനങ്ങൾ, മറ്റ് സേവന പ്രവർത്തനങ്ങളിൽ 10.9 ലക്ഷം സംരംഭങ്ങൾ എന്നിവ ഉൾപ്പെടുന്നു.

നിലവിലുള്ള പ്രതിസന്ധിയെ ബാധിച്ചേക്കാവുന്ന ചെറുകിട സംരംഭങ്ങളുടെ എണ്ണത്തെക്കുറിച്ച് ഈ കണക്കുകൾ ചില ആശയങ്ങൾ നൽകുന്നു.

## വേതന നഷ്ടത്തിന്റെയും വരുമാന ഇടിവിന്റെയും കണക്കാക്കലുകൾ

കേരളത്തിലെ ആകെ തൊഴിൽ സേനയിലെ 127 ലക്ഷത്തിൽ 48.1 ലക്ഷം സ്വയംതൊഴിലെടുക്കുന്നവരും 35.2 ലക്ഷം കാഷ്വൽ തൊഴിലാളികളും ബാക്കിവരുന്ന 43.8 ലക്ഷം സ്ഥിരം തൊഴിലാളികളുമാണ്. കേരളത്തിലെ ആകെ തൊഴിലാളികളിൽ 37.8 ശതമാനവും സ്വയംതൊഴിലാളികളും 27.7 ശതമാനം സാധരണ തൊഴിലാളികളും ബാക്കി 34.5 ശതമാനം തൊഴിലാളികൾ പതിവ് തൊഴിലാളികളും ആണ് (എല്ലാ കണക്കുകളും 2017-18 ലെ കണക്കുകൾ). കേരളത്തിലെ മൊത്തം തൊഴിലാളികളുടെ അനുപാതത്തിൽ ഏതെങ്കിലും തരത്തിലുള്ള സാമൂഹിക സുരക്ഷ നേടുന്ന സ്ഥിരം തൊഴിലാളികൾ 17.4 ശതമാനമാണ്, അതേസമയം രാജ്യത്തിന്റെ മൊത്തത്തിലുള്ള അനുപാതം 12.3 ശതമാനമാണ്. കേരളത്തിലെ ആകെ സ്ത്രീ തൊഴിലാളികളിൽ 50.4 ശതമാനം പേർ പതിവ് തൊഴിലാളികളാണ് (ദേശീയ ശരാശരി 22.6 ശതമാനം). 27.5 ശതമാനം ആളുകൾ ഏതെങ്കിലും തരത്തിലുള്ള സാമൂഹിക സുരക്ഷ നേടിയ തൊഴിലാളികളാണ് (ദേശീയ ശരാശരി 11.1 ശതമാനം) (പട്ടിക 1 കാണുക).

ലോക്ക്ഡൗൺ കാലയളവിൽ ഓരോ ദിവസവും, കേരളത്തിലെ സ്വയംതൊഴിൽ, കാഷ്വൽ തൊഴിലാളികളുടെ മൊത്തം വേതന/വരുമാന നഷ്ടം ഏകദേശം 350 കോടി രൂപയാണ് (2020 ലെ തൊഴിലാളികളുടെ മൊത്തം എണ്ണം 2018 ലേതിന് തുല്യമായിരിക്കുമെന്ന് അനുമാനിക്കുന്നു). മൊത്തത്തിൽ, 2020 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ മൊത്തം വേതന/വരുമാന നഷ്ടം 14,000 മുതൽ 15,000 കോടി രൂപ വരെയാകും.

നിലവിലുള്ള പ്രതിസന്ധി കേരളത്തിലെ സംരംഭങ്ങളെ ബാധിക്കാൻ സാധ്യതയുള്ള മൂന്ന് വഴികളുണ്ടെന്ന് കാണുന്നു. ആദ്യം, 2020 മാർച്ച് 25 ന് ആരംഭിച്ച രാജ്യവ്യാപകമായ ലോക്ക്ഡൗൺ ഉൽപാദനത്തിന്റെയോ ബിസിനസുകളുടെയോ നേരിട്ടുള്ള നഷ്ടത്തിന് കാരണമായി. രണ്ടാമതായി, ഗതാഗത വിതരണ ശൃംഖലയിലെയും മൊത്തത്തിലുള്ള വിതരണ ശൃംഖലയിലെയും തടസ്സങ്ങൾ കാരണം നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. മൂന്നാമതായി, കേരളത്തിനകത്തും മറ്റിടങ്ങളിലും ചോദനം ദുർബലമായതിനാൽ നഷ്ടമുണ്ടായി.

ലോക്ക്ഡൗൺ കാരണം നേരിട്ടുള്ള നഷ്ടം കേരളത്തിലെ രാസവസ്തുക്കൾ, ഫാർമസ്യൂട്ടിക്കൽസ്, പെട്രോളിയം ഉൽപന്നങ്ങൾ എന്നിവയുടെ ഉല്പാദനത്തിൽ താരതമ്യേന കുറവാണ്, ഇത് മാത്രം 2017-18 ൽ കേരളത്തിന്റെ ഫാക്ടറി മേഖലയിൽ നിന്ന് മൊത്തം മൂല്യത്തിലേക്കുള്ള സംഭാവനയുടെ 37.3 ശതമാനം വരും.

പത്ത് ദിവസ കാലയളവിൽ കേരളത്തിലെ ഉൽപാദന മേഖലയുടെ മൊത്തം മൂല്യവർദ്ധന ഏകദേശം 2200 കോടി രൂപയാണ്. 2020 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ കേരളത്തിൽ ഉൽപാദന മേഖലയുടെ മൊത്തം മൂല്യവർദ്ധനവിൽ വരാവുന്ന കുറവ് ഏകദേശം 8000 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കുന്നു (പട്ടിക 2 കാണുക).

പത്ത് ദിവസത്തെ കാലയളവിൽ വ്യാപാരവും ഹോട്ടലുകളും റെസ്റ്റോറന്റുകളും മൊത്തം മൂല്യവർധനവിൽ ചേർക്കുക ഏകദേശം 5000 കോടി രൂപയാണ്. 2020 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ കേരളത്തിലെ ട്രേഡ്, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയിൽ നിന്നുള്ള ജിവിഎയിലെക്ക് ഉണ്ടാകാവുന്ന കുറവ് ഏകദേശം 17,000 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കുന്നു (പട്ടിക 2 കാണുക).

2020 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ കേരളത്തിലെ ട്രേഡ്, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയിൽ നിന്നുള്ള ജിവിഎയിലെ കുറവ് ഏകദേശം 17,000 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കുന്നു (പട്ടിക 2 കാണുക).

**തടസ്സങ്ങൾ: അടിയന്തിരവും ദീർഘകാലവും**

വരും ആഴ്ചകളിലും മാസങ്ങളിലും ആഭ്യന്തര, കയറ്റുമതി വിപണികളിൽ വാങ്ങൽശേഷി നിശ്ചലമാകാൻ സാധ്യതയുണ്ടെന്ന് കേരളത്തിലെ നിർമ്മാണ, വ്യാപാര സംരംഭങ്ങൾ ആശങ്കപ്പെടുന്നു. കൊറോണ വൈറസ് രോഗം പൊട്ടിപ്പുറപ്പെടുന്നതിനു മുമ്പുതന്നെ, 2019 ലെ ഭൂരിഭാഗം രാജ്യങ്ങളിലും വാങ്ങൽശേഷി ദുർബലമാണെന്ന് അവർ പറയുന്നു.

ലോക് ഡൌൺ കാലയളവിൽ വരുമാനം നഷ്ടപ്പെട്ടിട്ടും, വായ്പ തിരിച്ചടവ്, ജിഎസ്ടി പേയ്മെന്റുകൾ, വാടക, വൈദ്യുതി ചാർജുകൾ എന്നിവ ഉൾപ്പെടെ നിരവധി വസ്തുക്കൾക്ക് കമ്പനികൾ ചെലവഴിക്കേണ്ടിവരും. ലോക്ഡൌൺസമയത്ത് അവരുടെ ജീവനക്കാർക്ക് വേതനമോ മറ്റ് ആശ്വാസമോ നൽകുന്നത് ഒരു വലിയ ഭാരമാണ്, പ്രത്യേകിച്ച് പൂർണ്ണമായും തൊഴിലധിഷ്ഠിതമായ വ്യവസായങ്ങളായ പാദരക്ഷകൾ അല്ലെങ്കിൽ പ്ലൈവുഡ് നിർമ്മാണം എന്നിവയിൽ.

**മുന്നോട്ടുള്ള വഴി: സ്ഥാപനങ്ങളിൽ നിന്നുള്ള ആവശ്യങ്ങൾ**

നിലവിലെ പ്രതിസന്ധിയെ നേരിടാൻ ബാങ്കിംഗ് സംവിധാനത്തിൽ നിന്നും സർക്കാരിൽ നിന്നും ഉയർന്ന സഹായം ലഭിക്കുമെന്ന് കേരളത്തിലെ സംരംഭങ്ങൾ പ്രതീക്ഷിക്കുന്നു. മൊറട്ടോറിയം

കാലയളവിൽ പലിശയടവ് ഗണ്യമായി അല്ലെങ്കിൽ പൂർണ്ണമായി എഴുതിത്തള്ളണമെന്ന് പല സംരംഭകരും ആവശ്യപ്പെടുന്നു. അതേസമയം, മൊറട്ടോറിയം കാലയളവ് ഒരു വർഷത്തേക്ക് (നിലവിലെ മൂന്ന് മാസം മുതൽ) വർദ്ധിപ്പിക്കണമെന്നും അവർ ആവശ്യപ്പെടുന്നു. മൂന്ന് മാസത്തേക്ക് ഇഎംഐ പേയ്മെന്റുകൾ പുനക്രമീകരിക്കുക, പലിശനിരക്കുകളിൽ നിന്ന് ഒഴിവാക്കൽ എന്നിവയൊന്നും ഉൾപ്പെടാത്ത റിസർവ് ബാങ്കിന്റെ നിലവിലെ നിർദേശങ്ങൾ യഥാർത്ഥത്തിൽ അവരുടെ മൊത്തത്തിലുള്ള സാമ്പത്തിക ഭാരം വർദ്ധിപ്പിക്കുമെന്ന് സംരംഭകർ ഭയപ്പെടുന്നു.

ചെറുകിട സംരംഭങ്ങളിൽ നിന്നുള്ള മറ്റൊരു ആവശ്യം, അധിക ഈടില്ലാതെ പ്രവർത്തന മൂലധനത്തിന്റെ കുറഞ്ഞത് 50 ശതമാനം കൂടുതൽ എങ്കിലും (സാധാരണഗതിയിൽ അനുവദിച്ചതിനേക്കാൾ) ബാങ്കുകൾ അവർക്ക് നൽകണം എന്നതാണ്. ജിഎസ്ടി കുടിശ്ശിക സർക്കാർ വേഗത്തിൽ തിരിച്ചടയ്ക്കുന്നത് ഈ സംരംഭങ്ങൾക്ക് വലിയ ആശ്വാസമായിരിക്കും. പ്രതിസന്ധി ഘട്ടത്തിൽ കെഎസ്ഇബി ചുമത്തിയ നിശ്ചിത നിരക്കുകൾ ഉൾപ്പെടെ ചില പേയ്മെന്റുകൾക്ക് ഇളവുകൾ നൽകണമെന്ന് സംരംഭകർ സംസ്ഥാന സർക്കാരിനോടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും അഭ്യർത്ഥിച്ചു (കെഎസ്ഇബിയുടെ എനർജി ഫിക്സഡ് നിരക്കുകൾ എഴുതിത്തള്ളാൻ സംസ്ഥാന സർക്കാർ ഇപ്പോൾ സമ്മതിച്ചിട്ടുണ്ട്).

പ്രതിസന്ധി ഘട്ടത്തിൽ കെഎസ്ഇബി ചുമത്തിയ ഫിക്സഡ് നിരക്കുകൾ ഉൾപ്പെടെ ചില പേയ്മെന്റുകൾക്ക് ഇളവുകൾ നൽകണമെന്ന് സംരംഭകർ സംസ്ഥാന സർക്കാരിനോടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും അഭ്യർത്ഥിച്ചു (കെഎസ്ഇബിയുടെ ഫിക്സഡ് നിരക്കുകൾ എഴുതിത്തള്ളാൻ സംസ്ഥാന സർക്കാർ ഇപ്പോൾ സമ്മതിച്ചിട്ടുണ്ട്).

## മുന്നോട്ടുള്ള വഴി: ഭക്ഷ്യസംസ്കരണത്തിലും ആരോഗ്യത്തിലും പുതിയ അവസരങ്ങൾ

ഇതുവരെ പ്രതിസന്ധി വിജയകരമായി കൈകാര്യം ചെയ്തതിനും ശക്തമായ സാമൂഹിക സംവിധാനങ്ങൾക്കും കാര്യക്ഷമമായ ഭരണ സംവിധാനങ്ങൾക്കും കേരളത്തിന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രശംസ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കാർഷിക, വ്യാവസായിക ഉൽപാദനത്തിനെയും സംരംഭകത്വത്തിനെയും പുനരുജ്ജീവിപ്പിക്കാനുള്ള അവസരമാണിത്. ആരോഗ്യ, സാമൂഹിക മേഖലകളിലെ നേട്ടങ്ങൾക്കായി കേരളം നേടിയ പ്രശസ്തി, ഭക്ഷ്യ സംസ്കരണം, ബയോടെക്നോളജി, ഫാർമസ്യൂട്ടിക്കൽ റിസർച്ച്, മെഡിക്കൽ ഉപകരണ നിർമ്മാണം എന്നിവയുൾപ്പെടുന്ന നൂതന വ്യവസായങ്ങളിലേക്കുള്ള സംസ്ഥാനത്തിന്റെ വിജയകരമായ പ്രവേശനത്തിന് പ്രചോദനമായിരിക്കണം.

ചക്ക, പൈനാപ്പിൾ, ജാതിക്ക, വാഴപ്പഴം എന്നിവയുൾപ്പെടുന്ന കേരളത്തിലെ കാർഷിക ഉൽപന്നങ്ങൾക്കായി സംഭരണ, സംസ്കരണ ശേഷി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിനു ഒരു കാമ്പയിൻ ആരംഭിക്കാം. ഉൽപാദനത്തിലും വിപണനത്തിലും നൂതന ആശയങ്ങൾ

സുഗമമാക്കുന്നതിനും ഭക്ഷണം, കാർഷിക സംസ്കരണം എന്നിവയിലെ പുതിയ അവസരങ്ങളിലേക്ക് സർക്കാറിനു യുവാക്കളെയും തൊഴിൽ യോഗ്യതയുള്ള സംരംഭകരെയും പ്രോത്സാഹിപ്പിക്കാം.

ആരോഗ്യം, ബയോടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയ മേഖലകളിൽ നിർമ്മാണത്തിലും ഗവേഷണത്തിലും കേരളത്തിൽ വലിയ സാധ്യതകളുണ്ട്. കൊറോണ വൈറസ് രോഗം പൊട്ടിപ്പുറപ്പെട്ടതിനുശേഷം ആവശ്യകത വർദ്ധിച്ച വ്യക്തിഗത സംരക്ഷണ ഉപകരണങ്ങളുടെ (പിപിഇ) നിർമ്മാണമാണ് സംസ്ഥാനത്തിന് ഇപ്പോഴുള്ള അവസരം.

## കേരളത്തിൽ നിർമിക്കുക എന്ന വാണിജ്യ മിഷൻ

വ്യവസായ-വാണിജ്യ വകുപ്പ് രൂപീകരിച്ച വാണിജ്യ മിഷന് കേരളത്തിലെ എംഎസ്എംഇകൾ നേരിടുന്ന പ്രധാന വെല്ലുവിളികളെ നേരിടുന്നതിനും പുതിയ സാങ്കേ തികവിദ്യകൾ ലഭ്യമാക്കുന്നതിലും ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയും. കേരളത്തിൽ നിർമിക്കുന്ന ഉൽ പ്പന്നങ്ങൾക്കായി ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉൾപ്പെടെ പ്രചരണ തന്ത്രങ്ങൾ ആവിഷ് കരിക്കുന്നതിന് വാണിജ്യ മിഷന് പ്രൊഫഷണലുകളെ ഉൾപ്പെടുത്താവുന്നതാണ്. എംഎസ്എം ഇകളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്കായുള്ള ഗുണനി ലവാര മാനദണ്ഡങ്ങൾ വികസിപ്പിക്കുകയും സംസ്ഥാനത്തൊട്ടാകെയുള്ള തിരഞ്ഞെ ടുത്ത സ്ഥലങ്ങളിൽ ഗുണനിലവാര പരിശോധനാ സൗകര്യങ്ങൾ (സർവകലാശാലക ളുമായോ ഗവേഷണ സ്ഥാപനങ്ങളുമായോ സംയുക്തമായി) സ്ഥാപിക്കുകയും ചെയ്യാവു ന്നതാണ്.

സംരംഭകർക്ക് സാങ്കേതികവും തൊഴിൽപരവുമായ സഹായം തുടർച്ചയായി ലഭ്യമാ ക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുന്നതിന് വാണിജ്യ മിഷൻ കേരളത്തിലെ ഗവേഷ ണ സ്ഥാപനങ്ങളും സർവകലാശാലകളുമായും കൈകോർക്കാം.

അടച്ചുപൂട്ടലിന് ശേഷമുള്ള ഘട്ടത്തിൽ കേരളത്തിന്റെ സാമ്പത്തിക വീണ്ടെടുക്കൽ വേഗ ത്തിലാക്കാൻ വ്യവസായ വാണിജ്യ വകുപ്പിന്റെ നിലവിലുള്ള ചില പദ്ധതികൾ ഉപയോ ഗപ്പെടുത്താം. സംരംഭകരെ സഹായിക്കുന്ന സ്കീം (ഇ.എസ്.എസ്), സമ്മർദ്ദമുള്ള ആസ്തി കളുള്ള എം.എസ്.എം.ഇ യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനും പുനരധിവാസത്തിനുമുള്ള പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

പട്ടിക 1: **ജനുവരി 1, 2018 ലെ കേരളത്തിലെ തൊഴിലാളികളുടെ കണക്ക്: പ്രവൃർത്തി അനുസരിച്ച്, ലക്ഷത്തിൽ**

| വിഭാഗം | മൊത്തം | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| സ്വയംതൊഴിൽ, സ്വന്തം തൊഴിലാളികൾ | 45.0 | 37.5 | 7.4 |
| സ്വയം തൊഴിൽ, സഹായികൾ | 3.1 | 0.7 | 2.3 |
| സ്വയം തൊഴിൽ, ആകെ | 48.1 | 38.2 | 9.7 |
| കാഷ്വൽ തൊഴിലാളികൾ | 35.2 | 28.4 | 6.8 |
| സ്ഥിര തൊഴിലാളികൾ | 43.8 | 27.0 | 16.8 |
| സാമൂഹിക സുരക്ഷ ലഭിക്കുന്ന സ്ഥിര തൊഴിലാളികൾ | 22.1 | 12.9 | 9.2 |
| മൊത്തം തൊഴിലാളികൾ | 127.1 | 93.7 | 33.4 |

സ്രോതസ്സ്: തോമസിൽ (2020) റിപ്പോർട്ടു ചെയ്ത പിഎൽഎഫ്എസ്, സെൻസസ് ഓഫ് ഇന്ത്യ എന്നിവ അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റുകൾ.

പട്ടിക 2: **കേരളത്തിന്റെ മൊത്ത മൂല്യ വർദ്ധനവിൽ പ്രതീക്ഷിക്കുന്ന കുറവ്, മാർച്ച് - ജൂൺ 2020, കോടി രൂപ**

| സാമ്പത്തിക വർഷം | മാസങ്ങൾ | നിർമ്മാണം | വ്യാപാരം ഹോട്ടലുകളും റെസ്റ്റോറന്റുകൾ |
|---|---|---|---|
| 2019-2020 | മാർച്ച് 2020 | 1500 | 4000 |
| 2020-2021 | ഏപ്രിൽ 2020 | 4500 | 10000 |
| | മെയ് 2020 | 2000 | 3000 |
| | ജൂൺ 2020 | 500 | 0 |
| | മൊത്തം | 8500 | 17,000 |

# വ്യവസായത്തിലും വ്യാപാരത്തിലും കോവിഡ് -19 ന്റെ ആഘാതം

## പ്രധാന റിപ്പോർട്ട്

കൊറോണ വൈറസ് (കോവിഡ്-19) രോഗപ്രതിരോധത്തിനായി ലോക്ക്ഡൌൺ ഏർപ്പെടുത്തിയത് കേരളത്തിലെ സാമ്പത്തിക പ്രവർത്തനങ്ങളിലും രാജ്യത്തെയും ലോകത്തെ ഇതര പ്രദേശങ്ങളെയും പോലെ വലിയ തടസ്സങ്ങൾ സൃഷ്ടിച്ചു. ഈ സാഹചര്യത്തിൽ, ഉല്പാദന മേഖലകളിലും വ്യാപാര, വാണിജ്യ മേഖലകളിലും ലോക്ക്ഡൌൺ സൃഷ്ടിച്ച സാമ്പത്തിക നാശനഷ്ടങ്ങൾ വിലയിരുത്താൻ കേരള സംസ്ഥാന ആസൂത്രണ ബോർഡ് ഒരു പഠനം നടത്തി. പഠനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

ഒന്നാമതായി, ഈ പഠനം ഉല്പാദനം, വ്യാപാരം, വാണിജ്യം എന്നീ മേഖലകളിലെ സംരംഭ ങ്ങൾക്ക് ഉണ്ടായ സാമ്പത്തിക നഷ്ടം വിലയിരുത്താൻ ശ്രമിക്കുന്നു. രണ്ടാ മതായി, കേരള ത്തിലെ വ്യവസായവും വാണിജ്യവും നേരിടുന്ന പ്രധാന തടസ്സങ്ങളെ ക്കുറിച്ച് ഒരു അവലോ കനം നടത്തി. അവ വരുന്ന ആഴ്ചകളിലും മാസങ്ങളിലും സംരംഭങ്ങൾ പഴയ പടിയിലാകു ന്നതിൽ വലിയ വെല്ലുവിളികളാവാൻ സാധ്യതയുണ്ട്. മൂന്നാമതായി, സമ്പദ്‌വ്യവസ്ഥയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ നയപരമായ ഉദ്യമങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിലെ സംരംഭങ്ങളുടെ പ്രതീക്ഷകൾ മനസ്സിലാക്കാൻ പഠനം ശ്രമിക്കുന്നു.

ഈ പഠനം പൊതുവിൽ ലഭ്യമായിട്ടുള്ള പ്രസക്തമായ സ്ഥിതിവിവരക്കണക്കുകളുടെയും സാമ്പത്തിക വിവരങ്ങളുടെയും വിപുലമായ വിശകലനത്തെ അടിസ്ഥാനമാക്കിയാണ് നടത്തിയിട്ടുള്ളത്. ഇത് കേരളത്തിലെ വ്യവസായ, വാണിജ്യ മേഖലയുമായി ബന്ധപ്പെട്ട തിരഞ്ഞെടുത്ത സംരംഭകരുമായും വ്യക്തികളുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാന ത്തിലാണ്. ആസൂത്രണ ബോർഡ് ഒരു ചോദ്യാവലി തയ്യാറാക്കി വ്യവസായ അസോസിയേ ഷനുകളിൽ നിന്നും തിരഞ്ഞെടുത്ത സംരംഭങ്ങളിൽ നിന്നും രേഖാമൂലമുള്ള പ്രതികരണങ്ങൾ തേടി [3]. ഇതിനെത്തുടർന്ന് ചില

[3] സംസ്ഥാന ആസൂത്രണ ബോർഡ് വിതരണം ചെയ്ത ചോദ്യാവലിക്ക് വിശദമായ പ്രതികരണങ്ങൾ നൽകിയ പ്രധാന വ്യവസായ, വാണിജ്യ സംഘടനകളുടെ പട്ടിക ചുവടെ നൽകിയിരിക്കുന്നു (പട്ടിക സമഗ്രമല്ല, ചോദ്യാവലിക്ക് പ്രതികരണങ്ങൾ നൽകിയ വ്യക്തിഗത വ്യാവസായിക യൂണിറ്റുകളുടെയോ സംരംഭങ്ങളുടെയോ പേരുകൾ ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല). ഏപ്രിൽ 10, 2020 മുതൽ ഏപ്രിൽ 25, 2020 വരെയുള്ള കാലയളവിലാണ് ഈ പ്രതികരണങ്ങൾ ലഭിച്ചത്.

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) - കേരളം, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് (എഫ്.ഐ.സി.സി.ഐ), കേരള സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ, കേരളം വ്യാപരി വ്യവസായി ഏകോപന സമിതി, കേരള സ്മോൾ സ്കെയിൽ ഇൻഡസ്ട്രീയലിസ്റ്റ്സ് ഫെഡറേഷൻ, കിൻഫ്ര ഇൻഡസ്ട്രീസ് ഫോറം, ഒട്ടപാലം, കേരള സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ, കോഴിക്കോട് ജില്ലാ ഘടകം, റബ്ബർ ക്ലസ്റ്റർ, ചങ്കനശ്ശേരി, പ്ലാസ്റ്റിക് ക്ലസ്റ്റർ, ആലുവ, പ്ലൈവുഡ് ക്ലസ്റ്റർ, പെരുമ്പാവൂർ, റൈസ് മില്ലേർസ് ക്ലസ്റ്റർ, കാലടി, കേരള ഫർണിച്ചേർസ് ക്ലസ്റ്റർ, എറണാകുളം, വുഡ് ക്ലസ്റ്റർ, പെരിന്തൽമന്ന, മലപ്പുറം, പാദരക്ഷാ വ്യവസായങ്ങൾ, കോഴിക്കോട്,

അസോസിയേഷനുകളുമായും സംരംഭങ്ങളുമായും ടെലിഫോ ണിലൂടെ സംഭാഷണ ങ്ങൾ നടത്തിയിട്ടുണ്ട്.

## കേരളത്തിന്റെ അധ്വാനശക്തിയുടെ വലുപ്പവും സ്വഭാവവും: ചില കണക്കുകൾ

ഈ ഭാഗത്ത് ഇന്ത്യയിലെ കൊറോണ വൈറസ് മഹാമാരി മൂലമുണ്ടായ ഉപജീവന പ്രതിസ ന്ധി ബാധിച്ച തൊഴിലാളികളുടെയും സംരംഭങ്ങളുടെയും എണ്ണം ഏകദേശം കണക്കാക്കാൻ ശ്രമിക്കുന്നു. 2017-18 ലെ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (പിഎൽഎഫ്എസ്), സെൻസസ് ഓഫ് ഇന്ത്യ, ദേശീയ സാമ്പിൾ സർവേകളുടെ തിരഞ്ഞെടുത്ത റൌണ്ടുകൾ, വ്യവസായങ്ങളുടെ വാർഷിക സർവേ, കേരള സർക്കാരിന്റെ സാമ്പത്തിക വകുപ്പിൽ (ഡിഎസ്ഇ) ലഭ്യമായ സ്ഥിതിവിവരക്ക ണക്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഈ കണക്കാക്കലുകൾ.

2017-18 കാലയളവിൽ നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവേയുടെയും സെൻസസിന്റെയും കണക്കനുസരിച്ച്, 2018 ജനുവരി 1 ൽ കേരളത്തിലെ തൊഴിലാളികളുടെ എണ്ണം 127 ലക്ഷമായിരുന്നു (രീതിശാസ്ത്രത്തെക്കുറിച്ചുള്ള വിശദാംശങ്ങ ൾക്ക് തോമസ് 2020 കാണുക). ഇതിൽ 93.7 ലക്ഷം പുരുഷ തൊഴിലാളികളും 33.4 ലക്ഷം സ്ത്രീ തൊഴിലാളികളും ഉൾപ്പെടുന്നു.

മേൽപ്പറഞ്ഞ കണക്കുകൾ കേരളത്തിലെ പ്രതീക്ഷിത ജനസംഖ്യയിൽ നിന്നും (2018 ൽ) സംസ്ഥാനത്തെ തൊഴിൽ പങ്കാളിത്ത നിരക്കുകളിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. സെൻസസ് ഓഫ് ഇന്ത്യയുടെ കണക്കുകൾ പ്രകാരം 2011 ൽ കേരളത്തിലെ ജനസംഖ്യ 334.06 ലക്ഷമായിരുന്നു, അത് ആ വർഷത്തെ ഇന്ത്യയിലെ ജനസംഖ്യയുടെ 2.8 ശതമാനമായിരുന്നു (121.06 കോടി). 2018 ജനുവരി 1 ലെ കേരളത്തിലെയും ഇന്ത്യയിലെയും ജനസംഖ്യയെക്കുറിച്ചുള്ള പ്രവചനങ്ങൾ യഥാക്രമം 345.2 ലക്ഷവും 135.7 കോടിയുമാണ്.

2017-18 കാലത്ത് നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ പ്രകാരം, ജനസം ഖ്യയുടെ അനുപാതത്തിലെ തൊഴിലാളികളും അല്ലെങ്കിൽ തൊഴിലാളികളുടെ പങ്കാളിത്ത നിരക്കും കേരളത്തിലെ പുരുഷന്മാർക്ക് 50.5 ശതമാനവും സ്ത്രീകൾക്ക് 16.4 ശതമാനവുമാണ്. ഈ നിരക്കുകൾ അനുബന്ധ ദേശീയ ശരാശരിയേക്കാൾ ചെറിയതോതിൽ കുറവാണ് (പട്ടിക 1 കാണുക). ഔദ്യോഗിക സ്ഥിതിവിവരക്കണക്ക് ഏജൻസികൾ റിപ്പോർട്ട് ചെയ്ത പ്രകാരം ഇന്ത്യയിലെ തൊഴിൽസേനയിൽ സ്ത്രീ പങ്കാളിത്തത്തിന്റെ കുറഞ്ഞ നിരക്ക് വളരെയധികം

---

കേരള ഹോട്ടൽസ് ആൻഡ് റെസ്റ്റോറന്റ്സ് അസോസിയേഷൻ, കേരള ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻ എന്നിവർ ഈ പട്ടികയിൽ ഉൾപെട്ടിട്ടുണ്ട്.

ആശങ്കാജനകമാണ്. ഈ പ്രശ്നം പഠിച്ച പണ്ഡിതന്മാർ കുറഞ്ഞ നിരക്കിനെ സാമൂഹിക, സാമ്പത്തിക, രീതിശാസ്ത്രപരമായ ഘടകങ്ങൾ വരെ കാരണമാകുന്നു (അവ യിൽ സ്ത്രീകൾക്ക് അനുയോജ്യമായ തൊഴിലവസരങ്ങളുടെ അഭാവവും സ്ത്രീ ജോലികൾ തിട്ടപ്പെടുന്നതിലെ ബുദ്ധിമുട്ടും ഉൾപ്പെടുന്നു). സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തവുമായി ബന്ധ പ്പെട്ട്, കേരളം ഇന്ത്യയുടെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് മികച്ച പ്രകടനം കാഴ്ചവച്ചു: 2017-18 ൽ ബന്ധപ്പെട്ട നിരക്ക് കേരളത്തിനും ഇന്ത്യയ്ക്കും യഥാക്രമം 21.3 ശതമാനവും 17.5 ശതമാനവുമായിരുന്നു. എന്നിരുന്നാലും, അതേ സമയം സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് കേരളത്തിൽ (23.2 ശതമാനം) രാജ്യത്ത് മൊത്തത്തിലുള്ളതിനേക്കാൾ വളരെ കൂടുതലാണ് (പട്ടിക 1 കാണുക).

## ലോക്ക്ഡൌൺ ഗുരുതരമായി ബാധിച്ചേക്കാവുന്ന തൊഴിലാളികൾ

2018 ൽ കേരളത്തിലെ മൊത്തം തൊഴിലാളികളായ 127 ലക്ഷത്തിൽ 21.3 ലക്ഷം തൊഴിലാ ളികൾ (അല്ലെങ്കിൽ 16.7 ശതമാനം) കൃഷിയിലും അനുബന്ധ മേഖലകളിലും തൊഴിലെടുക്കു ന്നു (പട്ടിക 2 കാണുക). സംസ്ഥാനത്ത് മനുഫാക്ചറിംഗ്, നിർമ്മാണ മേഖലകളിൽ യഥാ ക്രമം 15 ലക്ഷം, 24 ലക്ഷം തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. 65.6 ലക്ഷം തൊഴിലാളികൾ (അല്ലെങ്കിൽ മൊത്തം തൊഴിലാളികളിൽ 51.6 ശതമാനം) ജോലി ചെയ്യുന്ന സേവന മേഖലയാണ് കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ സ്രോതസ്സ് (പട്ടിക 2, 3 കാണുക).

കേരളത്തിലെ 33.4 ലക്ഷം സ്ത്രീ തൊഴിലാളികളിൽ 19.7 ലക്ഷം പേർ സേവനമേഖലയിൽ തൊഴിലെടുക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലായി തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ എണ്ണം 8.1 ലക്ഷമാണ് (പട്ടിക 2 കാണുക).

ലോക്ക്ഡൌൺ ഉടൻ ബാധിക്കാൻ സാധ്യതയുള്ള മേഖലകൾ മാനുഫാക്ചറിംഗ്, നിർമ്മാണം, വ്യാപാരം, ഗതാഗതം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയാണ്. ഈ മേഖലകളിലെല്ലാമായി 73.3 ലക്ഷം തൊഴിലാളികളാണ് അല്ലെങ്കിൽ സംസ്ഥാനത്തെ മൊത്തം തൊഴിലാളികളുടെ 57.7 ശതമാനം (2018 ലെ കണക്കനുസരിച്ച്) തൊഴിലെടുക്കുന്നു. ഇന്ന് കേരളത്തിലെ തൊഴിലാളികളുടെ മേഖല തിരിച്ചുള്ള വിതരണം 2018 ലെ അതേ തോതിൽ തുടരുന്നുവെന്ന് കരുതുക, കേരളത്തിലെ മൊത്തംതൊഴിലാളികളുടെ 57.7 ശതമാ നവും 36.8 ശതമാനം സ്ത്രീ തൊഴിലാളികളും ലോക്ക്ഡൌണും തുടർന്നുള്ള തടസ്സങ്ങളും ബാധിക്കുന്നു.

പട്ടിക 1 **ഇന്ത്യയിലെയും കേരളത്തിലെയും തൊഴിൽ പങ്കാളിത്ത നിരക്കുകൾ (LFPR), തൊഴിൽസേനാ പങ്കാളിത്ത നിരക്കുകൾ (WPR) തൊഴിലില്ലായ്മ നിരക്കുകൾ** %

| | കേരളം | ഇന്ത്യ |
|---|---|---|
| പുരുഷന്മാർ | | |
| LFPR | 53.9 | 55.5 |
| WPR | 50.5 | 52.1 |
| തൊഴിലില്ലായ്മാ നിരക്ക് | 6.2 | 6.2 |
| സ്ത്രീകൾ | | |
| LFPR | 21.3 | 17.5 |
| WPR | 16.4 | 16.5 |
| തൊഴിലില്ലായ്മാ നിരക്ക് | 23.2 | 5.7 |

സ്രോതസ്സ്: പീരിയോഡിക് ലേബർ ഫോഴ്സ് സർവെ (PLFS), NSO (2019).

പട്ടിക 2 **2018 ജനുവരി 1 പ്രകാരം കേരളത്തിലെ തൊഴിൽസേനയുടെ കണക്ക്: മേഖലതിരിച്ചുള്ള വിതരണം, ലക്ഷത്തിൽ**

| മേഖലകൾ | മൊത്തം തൊഴിലാളികൾ | സ്ത്രീ തൊഴിലാളികൾ |
|---|---|---|
| കൃഷി, വനം, മത്സ്യബന്ധനം | 21.3 | 5.2 |
| ഖനനവും ക്വാറിയിംഗും | 0.3 | 0.0 |
| മാനുഫാക്ചറിംഗ് | 15.0 | 4.7 |
| വൈദ്യുതി, വാതകം, സ്റ്റീം ആന്റ് എയർ കണ്ടീഷനിംഗ് വിതരണം | 0.5 | 0.1 |
| ജലവിതരണം; മലിനജലം, മാലിന്യ നിർമ്മാർജ്ജനം | 0.4 | 0.1 |
| നിർമ്മാണം | 24.0 | 3.6 |
| മൊത്ത, ചില്ലറ വ്യാപാരങ്ങൾ; വണ്ടികളുടെ റിപ്പയറിംഗ് | 18.9 | 2.9 |
| ഗതാഗതവും സംഭരണവും | 11.9 | 0.5 |
| ഹോട്ടലുകൾ(താമസത്തിനുള്ളത്) റെസ്റ്റോറന്റുകൾ (ഭക്ഷണവിതരണം) | 3.5 | 0.6 |
| വിവിരസാങ്കേതികവിദ്യം വാർത്താവിതരണവും | 2.2 | 0.5 |
| ധനകാര്യ, ഇൻഷുറൻസ് പ്രവർത്തനങ്ങൾ | 4.2 | 2.3 |
| റിയൽ എസ്റ്റേറ്റ് പ്രവർത്തനങ്ങൾ | 0.3 | 0.0 |
| പ്രൊഫഷണൽ, ശാസ്ത്രീയ, സാങ്കേതികവിദ്യ | 2.0 | 0.7 |

| | | |
|---|---|---|
| പ്രവർത്തനങ്ങൾ | | |
| ഭരണവും അനുബന്ധപ്രവർത്തനങ്ങളും | 2.4 | 0.7 |
| പബ്ലിക് അഡ്മിനിസ്ട്രേഷൻ | 2.8 | 0.9 |
| വിദ്യാഭ്യാസം | 6.4 | 4.7 |
| ആരോഗ്യ, സമൂഹ്യ പ്രവർത്തനങ്ങൾ | 4.7 | 3.4 |
| കല, വിനോദം, ഉല്ലാസം | 0.9 | 0.1 |
| മറ്റ് സേവന പ്രവർത്തനങ്ങൾ | 3.5 | 0.9 |
| വീട്ടുജോലികൾ | 2.0 | 1.7 |
| മൊത്തം തൊഴിലാളികൾ | 127.0 | 33.4 |

സ്രോതസ്സ്: PLFS നെയും സെൻസസിനെയും അടിസ്ഥാനപ്പെട്ടുത്തി തയ്യാറാക്കി തോമസ് പ്രസിദ്ധീകരിച്ചത് (2020)

പട്ടിക 3 **കേരളത്തിലെയും ഇന്ത്യയിലെയും മൊത്ത ആഭ്യന്തരോല്പാദനത്തിന്റെയും തൊഴിലിന്റെയും മേഖല തിരിച്ചുള്ള കണക്ക് 2017-18, ശതമാനത്തിൽ**

| | ജിഎസ്ഡിപി/ജിഡിപി | | തൊഴിൽ | |
|---|---|---|---|---|
| | കേരളം | ഇന്ത്യ | കേരളം | ഇന്ത്യ |
| കൃഷി, വനം, മത്സ്യബന്ധനം | 9.5 | 14.9 | 16.7 | 41.8 |
| ഖനനവും ക്വാറിയിംഗും | 0.7 | 3.0 | 0.2 | 0.4 |
| മാനുഫാക്ചറിംഗ് | 12.8 | 18.0 | 11.8 | 12.8 |
| വൈദ്യുതി, വാതകം, ജലവിതരണം & മറ്റ് അവശ്യ സേവനങ്ങൾ | 1.1 | 2.2 | 0.7 | 0.6 |
| നിർമ്മാണം | 13.8 | 8.0 | 18.9 | 11.6 |
| വ്യാപാരവും റിപ്പയർ സേവനങ്ങളും | 16.0 | 11.6 | 14.9 | 10.6 |
| ഹോട്ടലുകളും റസ്റ്റോറന്റുകളും | 1.5 | 1.1 | 2.7 | 2.0 |
| ഗതാഗതവും സംഭരണവും | 5.9 | 4.9 | 9.4 | 5.1 |
| ധനകാര്യ സേവനങ്ങൾ | 4.7 | 6.0 | 3.3 | 1.1 |
| വിവിരസാങ്കേതികവിദ്യം വാർത്താവിതരണവും, റിയൽ എസ്റ്റേറ്റ്, വീട്ടുമസ്ഥതയും പ്രൊഫഷണൽ സേവനങ്ങളും | 18.2 | 17.5 | 3.5 | 2.3 |
| പബ്ലിക് അഡ്മിനിസ്ട്രേഷനും പ്രതിരോധവും | 3.6 | 5.6 | 2.2 | 1.7 |
| മറ്റ് സേവനങ്ങൾ | 12.2 | 7.2 | 15.6 | 9.9 |
| എല്ലാ രംഗങ്ങളും കൂടി | 100.0 | 100.0 | 100.0 | 100.0 |

സ്രോതസ്സ്: PLFS നെയും നാഷണൽ അക്കൌണ്ട് കണക്കുകളും കേരളത്തിന്റെ ഡിഇഎസ് നെയും അടിസ്ഥാനപ്പെട്ടുത്തി തയ്യാറാക്കി തോമസ് പ്രസിദ്ധീകരിച്ചത് (2020)

## പ്രതിസന്ധി ഘട്ടത്തിൽ ഏത് തൊഴിലാളികളാണ് കൂടുതൽ ബാധിതരാകുന്നത്?

2018 ൽ കേരളത്തിലെ മൊത്തം കണക്കാക്കിയ 127 ലക്ഷം തൊഴിൽസേനയിലെ (പിഎൽഎഫ്എസ് കണക്കുകൾ പ്രകാരം) 48.1 ലക്ഷം (അല്ലെങ്കിൽ 37.8 ശതമാനം) സ്വയംതൊഴിൽ ഏർപ്പെടുന്നവരും 43.8 ലക്ഷം പേർ സ്ഥിരം തൊഴിലാളികളുമാണ് (അല്ലെങ്കിൽ 34.5 ശതമാനം). ശേഷിക്കുന്ന 35.2 ലക്ഷം തൊഴിലാളികൾ (അല്ലെങ്കിൽ മൊത്തം 27.7 ശതമാനം) കാഷ്വൽ തൊഴിലാളികളാണ് (പട്ടിക 4 കാണുക).

കേരളത്തിൽ കൂടുതലായി സ്ഥിരം തൊഴിലാളികളെ നിയമിക്കുന്ന മേഖലകൾ ഇവയാണ്: വിദ്യാഭ്യാസം (2018 ൽ 6.4 ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുന്നു), ആരോഗ്യം, സാമൂഹിക പ്രവർത്തനങ്ങൾ (4.7 ലക്ഷം), പ്രൊഫഷണൽ, ശാസ്ത്ര-സാങ്കേതിക പ്രവർത്തനങ്ങൾ (2 ലക്ഷം തൊഴിലാളികൾ), ഭരണ, സേവന പ്രവർത്തനങ്ങൾ ( 2.4 ലക്ഷം തൊഴിലാളികൾ), പൊതുഭരണം (2.8 ലക്ഷം), സാമ്പത്തിക, ഇൻഷുറൻസ് പ്രവർത്തനങ്ങൾ (4.2 ലക്ഷം തൊഴിലാളികൾ), വിവര, ആശയവിനിമയം (2.2 ലക്ഷം തൊഴിലാളികൾ). മാനുഫാക്ചറിംഗിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളി വിഭാഗങ്ങളും സ്ഥിരം തൊഴിലാളികളാണ്. മൊത്തം തൊഴിലാളികളിൽ സ്ഥിരം തൊഴിലാളികളുടെ അനുപാതം രാജ്യത്തിന്റെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ കൂടുതലാണ് എന്നത് ശ്രദ്ധേയമാണ്. 2018 ൽ ഈ അനുപാതം കേരളത്തിന് 34.5 ശതമാനവും രാജ്യത്തിന് മൊത്തത്തിൽ 24.3 ശതമാനവുമായിരുന്നു (പട്ടിക 4 കാണുക).

കേരളത്തിലെ 43.8 ലക്ഷം പതിവ് തൊഴിലാളികളിൽ 22.1 ലക്ഷം തൊഴിലാളികൾ ഏതെങ്കിലും തരത്തിലുള്ള സാമൂഹിക സുരക്ഷ നേടുന്നു. 2018 ൽ കേരളത്തിലെ മൊത്തം തൊഴിലാളികളിൽ സാമൂഹ്യ സുരക്ഷ നേടുന്ന പതിവ് തൊഴിലാളികൾ 17.4 ശതമാനമായിരുന്നു, അതേസമയം രാജ്യത്തിന്റെ മൊത്തത്തിലുള്ള അനുപാതം 12.3 ശതമാനമായിരുന്നു (പട്ടിക 4, 5 കാണുക).

രാജ്യത്തെ മറ്റിടങ്ങളിലെ സ്ത്രീ തൊഴിലാളികളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ സ്ത്രീ തൊഴിലാളികൾക്ക് അപകടസാധ്യത കുറവുള്ളതായിട്ടാണ് കാണുന്നത്. 2018 ൽ കേരളത്തിലെ 33.4 ലക്ഷം വനിതാ തൊഴിലാളികളിൽ 16.8 ലക്ഷം (മൊത്തം സ്ത്രീ തൊഴിലാളികളുടെ 50.4 ശതമാനം) പതിവ് തൊഴിലാളികളും 9.2 ലക്ഷം (27.5 ശതമാനം) തൊഴിലാളികൾ ഏതെങ്കിലും തരത്തിലുള്ള സാമൂഹിക സുരക്ഷ നേടിയ തൊഴിലാളികളും ആണ്. ദേശിയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ, മൊത്തം സ്ത്രീ തൊഴിലാളികളുമായുള്ള പതിവ് തൊഴിലാളികളുടെ അനുപാതം 22.6 ശതമാനവും മൊത്തം സ്ത്രീ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ലഭിച്ച പതിവ് തൊഴിലാളികളുടെ എണ്ണം 11.1 ശതമാനവുമാണ് (പട്ടിക 4, 5 കാണുക).

പട്ടിക 4 **2018 ജനുവരി 1 വരെ കേരളത്തിലെ തൊഴിലാളികളുടെ കണക്ക്: ആക്ടിവിറ്റി സ്റ്റാറ്റസ് അനുസരിച്ചുള്ള വിതരണം**, എണ്ണം ലക്ഷത്തിൽ

| **വിഭാഗം** | **ആകെ** | **പുരുഷന്മാർ** | **സ്ത്രീകൾ** |
|---|---|---|---|
| സ്വയംതൊഴിൽ, സ്വന്തം അക്കൗണ്ട് തൊഴിലാളികൾ | 45.0 | 37.5 | 7.4 |
| സ്വയം തൊഴിൽ, സഹായികൾ | 3.1 | 0.7 | 2.3 |
| സ്വയം തൊഴിൽ, ആകെ | **48.1** | **38.2** | **9.7** |
| സാധാരണ തൊഴിലാളികൾ | **35.2** | **28.4** | **6.8** |
| പതിവ് തൊഴിലാളികൾ | **43.8** | **27.0** | **16.8** |
| സാമൂഹിക സുരക്ഷ നേടുന്ന പതിവ് തൊഴിലാളികൾ | 22.1 | 12.9 | 9.2 |
| എല്ലാ തൊഴിലാളികളും | 127.1 | 93.7 | 33.4 |

സ്രോതസ്സ്: പിഎൽഎഫ്എസ്, സെൻസസ് ഓഫ് ഇന്ത്യ എന്നിവ അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റുകൾ

തോമസ് (2020) റിപ്പോർട്ടു ചെയ്തതിൽ നിന്ന്

പട്ടിക 5 **ആക്ടിവിറ്റി സ്റ്റാറ്റസ് അനുസരിച്ചുള്ള തൊഴിലാളികളുടെ വിതരണം: കേരളവും ഇന്ത്യയും, 2017-18 ൽ**, ശതമാനത്തിൽ

| | കേരളം | | | ഇന്ത്യ | | |
|---|---|---|---|---|---|---|
| | ആകെ | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പുരുഷന്മാർ | സ്ത്രീകൾ |
| സ്വയംതൊഴിൽ, സ്വന്തം അക്കൗണ്ട് തൊഴിലാളികൾ | 35.4 | 40.1 | 22.2 | 38.2 | 43.5 | 20.4 |
| സ്വയം തൊഴിൽ, സഹായികൾ | 2.4 | 0.8 | 7.0 | 13.2 | 7.9 | 30.7 |
| സ്വയം തൊഴിൽ, ആകെ | 37.8 | 40.9 | 29.2 | 51.4 | 51.6 | 50.9 |
| സാധാരണ തൊഴിലാളികൾ | 27.7 | 30.3 | 20.4 | 24.3 | 23.7 | 26.4 |
| പതിവ് തൊഴിലാളികൾ | 34.5 | 28.9 | 50.4 | 24.3 | 24.8 | 22.6 |
| സാമൂഹിക സുരക്ഷ നേടുന്ന പതിവ് തൊഴിലാളികൾ | 17.4 | 13.8 | 27.5 | 12.3 | 12.7 | 11.1 |
| എല്ലാ തൊഴിലാളികളും | 100.0 | 100.0 | 100.0 | 100.0 | 100.0 | 100.0 |

സ്രോതസ്സ്: പിഎൽഎഫ്എസ്, സെൻസസ് ഓഫ് ഇന്ത്യ എന്നിവ അടിസ്ഥാനമാക്കിയുള്ള എസ്റ്റിമേറ്റുകൾ തോമസ് (2020) റിപ്പോർട്ട ചെയ്തതിൽ നിന്ന്

## വ്യവസായത്തിലേയും വ്യാപാരത്തിലേയും സംരംഭങ്ങളുടെയും തൊഴിലാളികളുടെയും വലുപ്പത്തെക്കുറിച്ചുള്ള എസ്റ്റിമേറ്റുകൾ

നേരത്തെ സൂചിപ്പിച്ചതുപോലെ, പീരിയോഡിക് ലേബർ ഫോഴ്സ് സർവേ അടിസ്ഥാനമാ ക്കിയുള്ള ഞങ്ങളുടെ കണക്കനുസരിച്ച്, 2018 ജനുവരിയിലെ കേരളത്തിന്റെ നിർമ്മാണ തൊഴിലാളികളുടെ എണ്ണം 15 ലക്ഷമായിരുന്നു, അത് ആ വർഷത്തെ സംസ്ഥാനത്തെ മൊത്തം തൊഴിലാളികളുടെ 11.8 ശതമാനമായിരുന്നു. ഉൽപ്പാദന മേഖലയിലെ തൊഴിൽ സംബന്ധിച്ച് മുകളിൽ സൂചിപ്പിച്ച കണക്കിൽ സംഘടിത, അസംഘടിത മേഖലകളിലെ തൊഴിലാളികൾ ഉൾപ്പെടുന്നു. സംഘടിത ഉൽപാദന മേഖല ഫാക്ടറി മേഖലയുമായി ഏറെ ക്കുറെ സമാനമാണ്, അതിൽ പത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറികൾ ഉൾപ്പെടുന്നു (കൂടാതെ വൈദ്യുതോർജ്ജത്തിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നു).

വാർഷിക സർവേ ഓഫ് ഇൻഡസ്ട്രീസിന്റെ ഡാറ്റ അനുസരിച്ച്, 2017-18 ൽ 7649 ഫാക്ടറികളിലായി 3.1 ലക്ഷം തൊഴിലാളികൾ കേരളത്തിലെ ഫാക്ടറി മേഖലയിൽ തൊഴിൽ ചെയുന്നു (ഈ കുറപ്പിന്റെ അവസാനം കൊടുത്തിട്ടുള്ള പട്ടിക 6 കാണുക). ഫാക്ടറികളിലെ തൊഴിലാളികൾ സംസ്ഥാനത്തെ ഉൽപ്പാദന മേഖലയിലെ തൊഴിലാളികളുടെ മൂന്നിലൊന്ന് (15 ലക്ഷം) വരും. അതേസമയം, ബാക്കി 75 ശതമാനം കേരളത്തിലെ ഉല്പാദനമേഖലത്തൊഴിലാളികളും അസംഘടിത മേഖലയിലെ ചെറുകിട സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ട് (സാധാരണഗതിയിൽ 10 ൽ താഴെ തൊഴിലാളികൾ മാത്രമേ അതിൽ ജോലി ചെയ്യുന്നുള്ളൂ).

അസംഘടിത മേഖലയിലെ (ഉൽപ്പാദന മേഖലയിലും സേവനങ്ങളിലും) സ്ഥാപനങ്ങളുടെയും തൊഴിലാളികളുടെയും എണ്ണത്തിൽ, ദേശീയ സാമ്പിൾ സർവേയുടെ (എൻഎസ്എസ്) 73-ാം റൗണ്ടിൽ നിന്നുള്ള ഉൾപ്പെടുത്താതെ പോയ ഇന്ത്യയിലെ കാർഷികേതര സംരംഭങ്ങ ളുടെ (നിർമ്മാണം ഒഴികെ) വിവരങ്ങളും ഞങ്ങളുടെ പക്കലുണ്ട് (രീതിശാസ്ത്രത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ, തോമസ് 2020 കാണുക). ഈ കണക്കനുസരിച്ച്, 2015-16 ൽ കേരളത്തിൽ 23.8 ലക്ഷം ഉൾപ്പെടുത്താതെ പോയ കാർഷികേതര സംരംഭങ്ങളിൽ (നിർമ്മാണം ഒഴികെ) മൊത്തം 44.9 ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

കേരളത്തിലെ ഉൾപ്പെടുത്താതെ പോയ കാർഷികേതര സംരംഭങ്ങളിൽ (23.8 ലക്ഷം), 5.5 ലക്ഷം ഉൽപാദന സംരംഭങ്ങളും 7.4 ലക്ഷം വ്യാപാര സംരംഭങ്ങളും 10.9 ലക്ഷം മറ്റ് സേവന പ്രവർത്തന

സംരംഭങ്ങളും (2015-16 ൽ) ഉണ്ടായിരുന്നു. ഉൽപാദന സംരംഭങ്ങളിൽ 10.1 ലക്ഷം തൊഴിലാളികളും വ്യാപാര, മറ്റ് സേവന സംരംഭങ്ങളിൽ യഥാക്രമം 14.3 ലക്ഷം, 20.3 ലക്ഷം തൊഴിലാളികളുമാണ് ജോലി ചെയ്യുന്നത്. ഈ തൊഴിൽ കണക്കുകൾ (2015-16 ലെ അസംഘടിത അല്ലെങ്കിൽ ഉൾപ്പെടുത്താതെ പോയ സംരംഭങ്ങളിലെ തൊഴിലുമായി ബന്ധപ്പെട്ടത്) 2018 ലെ തൊഴിലിനായുള്ള നമ്മുടെ എസ്റ്റിമേറ്റുകളുമായി താരതമ്യപ്പെടുത്താം (സംഘടിത, അസംഘടിത സംരംഭങ്ങളിലെ തൊഴിൽ): ഉൽപ്പാദനത്തിൽ 15.0 ലക്ഷവും വ്യാപാരവും നന്നാക്കലിലും 18.9 ലക്ഷവും.

കേരളത്തിലെ ഉൾപ്പെടുത്താതെ പോയ കാർഷികേതര സംരംഭങ്ങളിലെ 17.9 ലക്ഷം സ്വന്തം അക്കൗണ്ട് എന്റർപ്രൈസസിൽ (ഒഎഇ) മൊത്തം 21.2 ലക്ഷം തൊഴിലാളി കളും 5.9 ലക്ഷം വ്യവസായസ്ഥാപനങ്ങളിൽ 23.7 ലക്ഷം തൊഴിലാളികളും ഉണ്ട്. സ്ഥിര മായി ഒരു ജോലിക്കാരനില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ഒഎഇകൾ, അതേ സമയം വ്യവസായസ്ഥാപനങ്ങളിൽ കുറഞ്ഞത് ഒരു ജോലിക്കാരനെയെങ്കിലും സ്ഥിരമായി നിയമിക്കുന്നു. 2015-16ൽ, ഉൾപ്പെടുത്താതെ പോയ കാർഷികേതര സംരംഭങ്ങളുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ കേരളത്തിന്റെ പങ്ക് 3.8 ശതമാനമായിരുന്നു. നമ്മൾ വ്യവസായസ്ഥാപനങ്ങൾ മാത്രം പരിഗണിക്കുകയാണെങ്കിൽ, ഇന്ത്യയിൽ കേരളത്തിന്റെ പങ്ക് 5.9 ശതമാനമായിരുന്നു.

2015-16ൽ, ഉൾപ്പെടുത്താതെ പോയ ഒഎഇകളിലെയും വ്യവസായസ്ഥാപനളിലെയും ഒരു തൊഴിലാളിയുടെ വാർഷിക മൊത്ത മൂല്യവർദ്ധനവ് (ജിവിഎ) യഥാക്രമം 1.16 ലക്ഷം, 7.60 ലക്ഷം രൂപയാണ്. ദേശീയ ശരാശരി യഥാക്രമം 0.95 ലക്ഷം, 6.4 ലക്ഷം രൂപയാണ്. ആളോഹരി ശരാശരി വാർഷിക ശമ്പളം ദേശീയ ശരാശരിയായ 0.87 ലക്ഷം നെ അപേക്ഷിച്ച് കേരളത്തിൽ 1.26 ലക്ഷം രൂപയാണ് (തോമസ് 2020).

പട്ടിക 7 **ഉൾപ്പെടുത്താത്ത കാർഷികേതര സംരംഭങ്ങളും (നിർമ്മാണം ഒഴികെ) തൊഴിലാളികളും, കേരളവും ഇന്ത്യയും**, 2015-16, എണ്ണം ലക്ഷത്തിൽ

| | എണ്ണം ലക്ഷത്തിൽ | | | | കേരളത്തിന്റെ പങ്ക് ശതമാനത്തിൽ | |
|---|---|---|---|---|---|---|
| | കേരളം | | ഇന്ത്യ | | | |
| | സംരംഭങ്ങൾ | തൊഴിലാളികൾ | സംരംഭങ്ങൾ | തൊഴിലാളികൾ | സംരംഭങ്ങൾ | തൊഴിലാളികൾ |
| ഒഎഇകൾ | 17.9 | 21.2 | 533.6 | 690.8 | 3.3 | 3.1 |
| വ്യവസായ സ്ഥാപനങ്ങൾ | 5.9 | 23.7 | 100.3 | 421.9 | 5.9 | 5.6 |
| മൊത്തം | 23.8 | 44.9 | 633.9 | 1112.7 | 3.8 | 4.0 |
| സംരംഭങ്ങൾ മേഖല തിരിച്ച് | | | | | | |
| ഉൽപാദനം | 5.5 | 10.1 | 196.6 | 360.4 | 2.8 | 2.8 |
| വ്യാപാരം | 7.4 | 14.5 | 230.4 | 387.4 | 3.2 | 3.7 |
| മറ്റു സേവനങ്ങൾ | 10.9 | 20.3 | 206.9 | 364.8 | 5.3 | 5.6 |
| മൊത്തം | 23.8 | 44.9 | 633.9 | 1112.7 | 3.8 | 4.0 |

സ്രോതസ്സ്: ഉൾപ്പെടുത്താത്ത കാർഷികേതര സംരംഭങ്ങളെക്കുറിച്ചുള്ള ദേശീയ സാമ്പിൾ സർവേയുടെ (എൻഎസ്എസ്) 73-ാം റൗണ്ട് (നിർമ്മാണം ഒഴികെ), ജൂലൈ 2015 മുതൽ ജൂൺ 2016 വരെ, തോമസിൽ (2020) റിപ്പോർട്ടുചെയ്തത്

2015-16 മുതൽ 2019-20 വരെയുള്ള അഞ്ചുവർഷത്തിനിടെ 65,662 പുതിയ എംഎസ്എംഇ യൂണിറ്റുകൾ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചതായി കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. ഈ സംരംഭങ്ങളിൽ 15,138 എണ്ണം സേവന മേഖലയിലും 33,000 പുതിയ സംരംഭങ്ങൾ ഉൽപ്പാദന മേഖലയിലുമാണ് ആരംഭിച്ചിട്ടുള്ളത് (2015-16 മുതൽ 2019-20 വരെ). ഇതിൽ പ്രധാന നിക്ഷേപം കാർഷിക, ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളിലാണ് (11,286 പുതിയ സംരംഭങ്ങൾ), തൊട്ടുപിന്നാലെ തുണിത്തരങ്ങളും വസ്ത്രങ്ങളും (8308 പുതിയ സംരംഭങ്ങൾ), ലൈറ്റ് എഞ്ചിനീയറിംഗ് വ്യവസായങ്ങളും (7764 പുതിയ സംരംഭങ്ങൾ) ആണ് ഉള്ളത്.

പട്ടിക 8: **ഓരോ ഉപവിഭാഗത്തിലും കേരളത്തിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ**

| ഉപവിഭാഗത്തിന്റെ പേര് | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20* | Total |
|---|---|---|---|---|---|---|
| കാർഷികവും ഭക്ഷണവും അടിസ്ഥാനമാക്കിയുള്ളത് | 2388 | 2395 | 2553 | 2712 | 1238 | 11286 |
| തുണിത്തരങ്ങളും വസ്ത്രങ്ങളും | 1910 | 1695 | 1947 | 1858 | 898 | 8308 |
| ജനറൽ / മെക്കാനിക്കൽ / ലൈറ്റ് എഞ്ചിനീയറിംഗ് | 2003 | 1606 | 2001 | 1533 | 621 | 7764 |
| സേവന പ്രവർത്തനങ്ങൾ | 3134 | 3057 | 3679 | 3259 | 2009 | 15138 |
| മര ഉൽപ്പന്നങ്ങൾ | 891 | 775 | 871 | 644 | 280 | 3461 |
| സിമൻറ് ഉൽപ്പന്നങ്ങൾ | 385 | 344 | 469 | 329 | 141 | 1668 |
| അച്ചടിയും അനുബന്ധവും | 366 | 322 | 392 | 348 | 162 | 1590 |
| പേപ്പർ ഉൽപ്പന്നങ്ങൾ | 190 | 158 | 163 | 192 | 80 | 783 |
| വിവര സാങ്കേതികവിദ്യ | 349 | 263 | 316 | 294 | 116 | 1338 |
| മറ്റുള്ളവ | 4243 | 3098 | 3077 | 2657 | 1251 | 14326 |
| ആകെ | **15859** | **13713** | **15468** | **13826** | **6796** | **65662** |

* 30/09/19 വരെയുള്ള ഡാറ്റ

സ്രോതസ്സ്: ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കൊമേഴ്സ്, കേരള സർക്കാർ

## ലോക്ക്ഡൗൺ കാരണമുള്ള സാമ്പത്തിക നഷ്ടങ്ങളുടെ വിലയിരുത്തൽ

കൊറോണ വൈറസ് പൊട്ടിപ്പുറപ്പെട്ടപ്പോൾ രാജ്യത്തെ നടപ്പിലാക്കിയ ലോക്ക്ഡൗൺ കാരണം ഉൽപ്പാദനം, വ്യാപാരം, വാണിജ്യം എന്നീ മേഖലകളിലെ സംരംഭങ്ങൾക്ക് ഉണ്ടായ സാമ്പത്തിക നഷ്ടം മനസ്സിലാക്കാൻ ഈ പഠനം ശ്രമിച്ചിട്ടുണ്ട്. കേരളത്തിലെ സംരംഭ ങ്ങൾക്ക് നഷ്ടം നേരിട്ടത് പ്രധാനമായും മൂന്ന് ഘടകങ്ങൾ കാരണമാണെന്ന് ഞങ്ങൾ കണ്ടെത്തി:

- ഒന്നാമത്തേത്, 2020 മാർച്ച് 25 ന് ആരംഭിച്ച രാജ്യവ്യാപകമായ ലോക്ക്ഡൗൺ കാരണം നേരിട്ട് ഉൽപാദനത്തിലോ അല്ലെങ്കിൽ ബിസിനസിലോ ഉണ്ടായ നഷ്ടം.
- രണ്ടാമത്തേത്, ഗതാഗത വിതരണ ശൃംഖലയിലെയും മൊത്തത്തിലുള്ള വിതരണ ശൃംഖലയിലെയും തടസ്സങ്ങൾ മൂലം ഉണ്ടാകുന്ന നഷ്ടം.
- മൂന്നാമതായി, കേരളത്തിനകത്തും മറ്റിടങ്ങളിലും ചോദനം ദുർബലമായതുമൂലമുള്ള നഷ്ടം.

## ലോക്ക്ഡൗൺ കാരണം ഉൽപാദനത്തിലോ ബിസിനസുകളിലോ നേരിട്ടുണ്ടായ നഷ്ടം

കേരളത്തിൽ ഉൽപാദന മേഖലയ്ക്കുള്ളിൽത്തന്നെ, മൂല്യവർദ്ധനവിന് പ്രധാന സംഭാവന ലഭിക്കുന്നത് ഏതാനും വ്യവസായങ്ങളിൽ നിന്നാണ്: ശുദ്ധീകരിച്ച പെട്രോളിയം ഉൽപന്നങ്ങൾ, രാസവസ്തുക്കൾ, ഫാർമസ്യൂട്ടിക്കൽസ്. ഈ മൂന്ന് വ്യവസായങ്ങളും ചേർന്ന് 2017-18 ൽ കേരളത്തിന്റെ ഫാക്ടറി മേഖലയിൽ നിന്ന് മൊത്തം മൂല്യത്തിലേക്കുള്ള സംഭാവനയുടെ 37.3 ശതമാനം വരും (പട്ടിക 6 കാണുക).

കേരളത്തിലെ രാസവസ്തുക്കൾ, ഫാർമസ്യൂട്ടിക്കൽസ്, ശുദ്ധീകരിച്ച പെട്രോളിയം ഉൽപന്ന ങ്ങൾ എന്നിവയുടെ ഉല്പാദനത്തിൽ ലോക്ക്ഡൗൺ കാരണം നേരിട്ടുണ്ടായ നഷ്ടം താരത മ്യേന കുറവാണ്. സംസ്ഥാനത്തെ പ്രധാന പൊതുമേഖലാ നിർമാതാക്കളായ ബിപിസിഎൽ കൊച്ചി റിഫൈനറി ഇതുവരെ ഗുരുതരമായ ഉൽപാദന നഷ്ടം നേരിട്ടിട്ടില്ല. കെഎംഎംഎൽ, ടിടിപി, ടിസിസി, മലബാർ സിമൻറ്സ് എന്നീ സംസ്ഥാന പൊതുമേഖലാ യൂണിറ്റുകളാണ് കേരളത്തിലെ പ്രധാന രാസവസ്തുക്കളുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഉൽപാദകർ. മാർച്ച് 25 മുതൽ ഉത്പാദനത്തിന്റെ മൂന്നാഴ്ചയോളം ഈ യൂണിറ്റുകൾക്ക് നഷ്ടപ്പെട്ടു, പക്ഷേ ഇപ്പോൾ ഉൽപാദന പ്രവർത്തനങ്ങൾ പുനരാരംഭിച്ചു (2020 ഏപ്രിൽ മൂന്നാം ആഴ്ചയിൽ). മറ്റൊരു പ്രധാന പൊതു പൊതുമേഖലാ യൂണിറ്റായ കെഎസ്ഡിപി അവശ്യ മരുന്നുകളു ടെയും ഫാർമസ്യൂട്ടിക്കൽസിന്റെയും നിർമ്മാണം തുടരുകയാണ്. വാസ്തവത്തിൽ, നിലവിലുള്ള ആരോഗ്യ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സാനിറ്റൈസർൻറെ ലഭ്യതകുറവ് പരിഹരി ക്കുന്നതിന് കെഎസ്ഡിപി സാനിറ്റൈസർന്റെ ഉൽപാദനത്തിന്റെ ഒരു പുതിയ നിര ആരംഭിച്ചിട്ടുണ്ട്.

ഭക്ഷ്യ ഉൽപന്നങ്ങളുടെയും പാനീയങ്ങളുടെയും വ്യവസായം തൊഴിലിന്റെ കാര്യത്തിൽ കേരളത്തിലെ ഏറ്റവും വലിയ വ്യവസായമാണ്, 2017-18 ൽ, ഏകദേശം ഒരു ലക്ഷം ഫാക്ടറി തൊഴിലാളികൾ അല്ലെങ്കിൽ സംസ്ഥാനത്തെ ഫാക്ടറി തൊഴിലാളികളുടെ 32.8 ശതമാനം ഉൾപെടുന്നത്രയും (പട്ടിക 6 കാണുക). ഭക്ഷ്യ വ്യവസായത്തിൽ തന്നെ, സംസ്ഥാനത്തെ ഏറ്റവും വലിയ തൊഴിൽ സ്രോതസ് ആണ് കശുവണ്ടി സംസ്കരണം. 2020 മാർച്ച് മുതൽ കേരളത്തിലെ കശുവണ്ടി സംസ്കരണ വ്യവസായത്തിലെ ഉൽപാദന പ്രവർത്തനങ്ങൾ വള രെ താഴ്ന്ന നിലയിലാണ്, പ്രധാനമായും അസംസ്കൃത കശുവണ്ടി (ആർസിഎൻ) ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം. അതേസമയം, കേരളത്തിലെ ഭക്ഷ്യ വ്യവസായത്തിന്റെ പല ഭാഗങ്ങളും (രാജ്യത്തെ മറ്റെവിടെയും പോലെ) (റൊട്ടി, അരി ഉൽപന്നങ്ങൾ, പാൽ ഉൽപന്നങ്ങൾ തുടങ്ങിയവ) ലോക്ക്ഡൗൺ ഉണ്ടായിരുന്നിട്ടും പ്രവർത്തനം തുടരുകയാണ് (ലോക്ക്ഡൗണിൽ നിന്ന് ഈ വ്യവസായങ്ങൾ ഒഴിവാക്കിട്ടുണ്ട്).

ലോക്ക്ഡൗൺ കാരണം കേരളത്തിലെ മറ്റ് മിക്ക വ്യവസായ മേഖലകളും അടച്ചുപൂട്ടി. റബ്ബർ,

പ്ലാസ്റ്റിക് ഉൽപാദന യൂണിറ്റുകൾ (ഫാക്ടറി മേഖലയിൽ മാത്രം 2017-18 ൽ 24,300 തൊഴിലാ ളികൾ ജോലി ചെയ്യുന്നു), ടെക്സ്റ്റൈൽ യൂണിറ്റുകൾ (23,700 ഫാക്ടറി തൊഴിലാളികൾ ജോലി ചെയ്യുന്നു), വസ്ത്ര യൂണിറ്റുകൾ (9800 ഫാക്ടറി തൊഴിലാളികളുള്ളത്), 19,200 ഫാക്ടറി തൊഴിലാളികൾ ജോലി ചെയ്യുന്ന ലോഹേതര ധാതു ഉൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റു കൾ (കേരളത്തിൽ പ്രധാനമായും സിമെന്റ് കട്ടകളും കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട മറ്റ് വസ്തുക്കളും) എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ലോക്ക്ഡൗൺ കാരണം കേരളത്തിലെ മറ്റ് മിക്ക വ്യവസായ മേഖലകളും അടച്ചുപൂട്ടി. റബ്ബർ, പ്ലാസ്റ്റിക് ഉൽപാദന യൂണിറ്റുകൾ (ഫാക്ടറി മേഖലയിൽ മാത്രം 2017-18 ൽ 24,300 തൊഴിലാളികൾ ജോലി ചെയ്യുന്നു), ടെക്സ്റ്റൈൽ യൂണിറ്റുകൾ (23,700 ഫാക്ടറി തൊഴിലാളികൾ ജോലി ചെയ്യുന്നു), വസ്ത്ര യൂണിറ്റുകൾ (9800 ഫാക്ടറി തൊഴിലാളികളുള്ളത്), ലോഹേതര ധാതു ഉൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ (19,200 ഫാക്ടറി തൊഴിലാളികൾ ജോലി ചെയ്യുന്ന കേരളത്തിൽ പ്രധാനമായും പൊള്ളയായ ഇഷ്ടികകളും നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റ് വസ്തുക്കളും). പാദരക്ഷാ നിർമ്മാണ ക്ലസ്റ്ററുകൾ (പ്രധാനമായും കോഴിക്കോട്), പ്ലൈവുഡ്, മറ്റ് മരം സംബന്ധിയായ നിർമാണ യൂണിറ്റുകൾ (പ്രധാനമായും പെരുംബാവൂരിൽ), സംസ്ഥാനത്തൊട്ടാകെയുള്ള ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ എന്നിവയുടെ പ്രവർത്തനങ്ങളെ ലോക്ക്ഡൌൺ ബാധിച്ചു.

വ്യാപാര സ്ഥാപനങ്ങൾക്കും (അവശ്യവസ്തുക്കൾ വിൽക്കുന്ന കടകൾ ഒഴികെ) സംസ്ഥാന ത്തൊട്ടാകെയുള്ള ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും ലോക്ക്ഡൌൺ വലിയ തിരിച്ചടി യാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ, ട്രേഡ് ആന്റ് റിപ്പയർ മേഖലയിൽ 18.9 ലക്ഷം തൊഴിലാളികൾ ജോലി ചെയ്തിരുന്നു. 2018 ലെ ഞങ്ങളുടെ കണക്കനുസരിച്ച് ഹോട്ടലുകളും റെസ്റ്റോറന്റുകളും കേരളത്തിൽ 3.5 ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ നൽകി.

## വിതരണ ശൃംഖലയിലെ തടസ്സങ്ങൾ കാരണം ഉണ്ടാകുന്ന നഷ്ടങ്ങൾ

ഗതാഗത വിതരണ ശൃംഖലയിലെ തടസ്സങ്ങൾ കാരണം കേരളത്തിലെ നിരവധി വ്യവസായങ്ങൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും നഷ്ടം സംഭവിച്ചു. ഉദാഹരണത്തിന്, കശുവണ്ടി വ്യവസായത്തിൽ, ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന അസംസ്കൃത കശുവണ്ടി ഇതിനകം തുറമുഖങ്ങളിൽ (ഇന്ത്യയിൽ) എത്തിയിട്ടുണ്ടെന്ന് ചില നിർമ്മാതാക്കൾ റിപ്പോർട്ട് ചെയ്യുന്നു. എന്നിരുന്നാലും, തുറമുഖങ്ങളിൽ നിന്ന് ആർസിഎൻ മോചിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അവർ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു.

ലോക്കഡൗൺ കാലയളവിൽ എന്റർപ്രൈസസ് കൈവശം വച്ചിരിക്കുന്ന സ്റ്റോക്കുകളുടെ തകർച്ചയെക്കുറിച്ചായിരുന്നു കേരളത്തിലെ വ്യാപാരികളുടെയും നിർമാതാക്കളുടെയും കൂട്ടായ്മയായ കേരളവ്യാപാരി വ്യാവസായി എക്കോപാന സമിതി ഉന്നയിച്ച ഒരു പ്രധാന ആശങ്ക. ചില

ഉൽപ്പന്നങ്ങൾ, പ്രധാനമായും സിമൻറ്, ഭക്ഷ്യ ഉൽപ്പന്നങ്ങൾ, വസ്ത്രങ്ങൾ എന്നിവയ്ക്ക് സ്റ്റോക്കുകളുടെ നാശനഷ്ടങ്ങൾ കൂടുതലായിരിക്കും.

### ആവശ്യം കുറയുന്നതു കാരണമുള്ള നഷ്ടം

ലോകമെമ്പാടുമുള്ള കൊറോണ വൈറസ് രോഗം പടരുന്നതും പകർച്ചവ്യാധിയ്ക്കെതിരെ പോരാടുന്നതിന് ഇന്ത്യയിൽ ഏർപ്പെടുത്തിയ ലോക്ക്ഡൌണും കയറ്റുമതിയും ആഭ്യന്തര ആവശ്യവും ഗണ്യമായി ദുർബലപ്പെടുത്തി. കേരളത്തിലെ വ്യവസായവും വ്യാപാരവുമായി ബന്ധപ്പെട്ട നിരവധി ആളുകൾക്കു  പ്രതിസന്ധി അവസാനിച്ചാലും ആവശ്യം വർധിക്കാൻ ആഴ്ചകളെടുക്കുമെന്ന് ഭയപ്പെടുന്നു. മാർച്ച് മുതൽ ജൂൺ വരെയുള്ള മാസങ്ങൾ കേരളത്തിൽ ഉയർന്ന ഉപഭോക്തൃ ഡിമാൻഡുള്ള കാലഘട്ടമാണെന്ന് പല വ്യാപാരികളും സംരംഭകരും പറയുന്നു. ഈ കാലയളവിൽ ഉത്സവങ്ങൾ നടക്കുന്നതും സ്കൂളുകൾ വീണ്ടും തുറക്കുന്നതുമായും മൺസൂൺ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഉയർന്ന ഡിമാൻഡും (പാദരക്ഷകൾ പോലു ള്ളവ) ആണ് ഇതിന് കാരണം. ലോക്ക്ഡൌണും തുടർന്നുള്ള തടസ്സങ്ങളും കാരണം ഈ ആവശ്യം പൂർണ്ണമായും നഷ്ടപ്പെടുമെന്ന് വ്യാപാര, ഉൽപാദന സംരംഭങ്ങൾ ഭയപ്പെട്ടു ന്നു. കേരളത്തിലെ നിരവധി നിർമാണ യൂണിറ്റുകൾ കയറ്റുമതി വിപണിയിൽ നിന്നുള്ള പ്രധാനമായും യുഎസ്, യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള ഡിമാൻഡിനെ ആശ്രയിച്ചിരി ക്കുന്നു. പതിനായിരത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന എറണാകുളം ജില്ല ആ സ്ഥാനമായി പ്രവർത്തിക്കുന്ന ഒരു വലിയ വസ്ത്ര നിർമ്മാതാവ് ഒരു മികച്ച ഉദാഹരണമാണ്. കേരളത്തിലെ ചെറുകിട, ഇടത്തരം റബ്ബർ അധിഷ്ഠിത യൂണിറ്റുകൾ (പ്രധാനമായും കോട്ടയം ജില്ലയിൽ) തങ്ങളുടെ ഉൽപ്പന്നങ്ങൾ യുഎസ് വിപണിയിലേക്ക് കയറ്റുമതി ചെയ്യുന്നു. കേരള ത്തിലെ രണ്ട് പ്രധാന പരമ്പരാഗത വ്യവസായങ്ങൾ - കയർ, കശുവണ്ടി എന്നിവ പ്രധാന മായും കയറ്റുമതി വിപണിയെ ആശ്രയിക്കുന്നു. യുഎസിലും പല യൂറോപ്യൻ രാജ്യങ്ങളിലും നിലനിൽക്കുന്ന ആരോഗ്യ-സാമ്പത്തിക പ്രതിസന്ധി ഈ ആവശ്യത്തെ വളരെയധികം ബാധിക്കുന്നു.

### വരുമാനത്തിലും വേതനത്തിലുമുള്ള സ്വാധീനങ്ങളുടെ ഒരു വിലയിരുത്തൽ: മാനുഫാക്ചറിംഗും വ്യാപാരവും

2019-20 ൽ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ നിലവിലെ വിലയ്ക്ക് ഉൽപ്പാദിപ്പിക്കുന്ന മൊത്തം മൂല്യവർദ്ധനവ് (ജിവിഎ) ഏകദേശം 80,000 കോടി രൂപയായിരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു (2018-19ൽ ഇത് 75,000 കോടി ആയി കണക്കാക്കുന്നു). ഇത് ഏകദേശം 10 ദിവസത്തിനുള്ളിൽ (അല്ലെങ്കിൽ എല്ലാ മാസവും 6600 കോടി രൂപ) മൊത്തം മൂല്യവർദ്ധിത ഉൽപ്പാദനം നടത്തുന്നു.

2020 മാർച്ച് മാസത്തിൽ സംസ്ഥാനത്തെ മിക്ക ഉൽപാദന സംരംഭങ്ങൾക്കും 10 ഉൽപാദന ദിവസങ്ങൾ നഷ്ടപ്പെട്ടു. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ ഉൽപാദന മേഖല മൊത്ത മൂല്യ വർദ്ധനവിന്റെ 20 ശതമാനം വരുന്ന ശുദ്ധീകരിച്ച പെട്രോളിയം ഉൽപന്നങ്ങളുടെ നിർമ്മാണം തുടർന്നും പ്രവർത്തിക്കുന്നു. സംസ്ഥാനത്തിന്റെ ഉൽപാദന മേഖല മൊത്ത മൂല്യ വർദ്ധനവിന്റെ 14 ശതമാനം വരുന്ന ഭക്ഷണപാനീയങ്ങളുടെ സംസ്കരണം ലോക്ക്ഡൌൺ ആയിട്ടും അതിന്റെ ശേഷിയുടെ 50 ശതമാനത്തോളം പ്രവർത്തിക്കുന്നു. ലോക്ക്ഡൌണും തുടർന്നുള്ള തടസ്സങ്ങളും കാരണം മറ്റ് മിക്ക നിർമ്മാണ യൂണിറ്റുകളും അടച്ചു. 2020 മാർച്ച് മൂന്നാം വാരം മുതൽ ആരംഭിച്ച ലോക്ക്ഡൌണും തടസ്സങ്ങളും മൂലം സംസ്ഥാനത്തെ ഉൽപാദനത്തിന്റെ 70 ശതമാനവും നഷ്ടപ്പെട്ടുവെന്ന് അനുമാനിക്കാം. സംസ്ഥാനത്തെ രാസവസ്തുക്കൾ ഉത്പാദിപ്പിക്കുന്ന ചില പ്രധാന ഫാക്ടറികൾ ഏപ്രിൽ മധ്യത്തിൽ പ്രവർത്തനം ആരംഭിച്ചു. 2020 ഏപ്രിൽ 20 മുതൽ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ലോക്ക്ഡൌൺ ക്രമേണ നീക്കംചെയ്യാൻ തുടങ്ങി.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, 2020 മാർച്ച് മാസത്തിൽ (2019-20 കാലയളവിൽ) 1500 കോടി രൂപയും 2020 ഏപ്രിലിൽ 4500 കോടി രൂപയുമാണ് കേരളത്തിൽ ഉൽപ്പാദന മേഖലയിലെ ജിവിഎ കുറവ്. ജിവിഎയിലെ കുറവുകൾ 2020 മെയ് മാസത്തിൽ 2000 കോടി രൂപയും 2020 ജൂണിൽ 500 കോടി രൂപയും ആകുന്നു.

2019-20 ലെ നിലവിലെ വിലയ്ക്ക് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിലെ വ്യാപാരവും ഹോട്ടലുകളും റെസ്റ്റോറന്റുകളുടെയും മൊത്ത മൂല്യ വർദ്ധനവ് 180,000 കോടി രൂപയായിരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഇത് ഓരോ 10 ദിവസത്തിലും ഏകദേശം 5000 കോടി രൂപയുടെ (അല്ലെങ്കിൽ ഒരു മാസത്തിൽ 15,000 കോടി രൂപ) ജിവിഎയിലേക്ക് വിവർത്തനം ചെയ്യുന്നു. ലോക്ക്ഡൌൺ കാലയളവിൽ, അവശ്യ സേവനങ്ങൾ മാത്രം നൽകുന്ന വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുവദിച്ചിരിക്കുന്നു. ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും പ്രവർത്തനങ്ങൾ നിലച്ചു (ഭക്ഷണം ടേക്ക് അവേ പോലുള്ള തിരഞ്ഞെടുത്ത ചില സേവനങ്ങൾ ഒഴികെ). ലോക്ക്ഡൌൺ കാലയളവിൽ (മാർച്ചിൽ 10 ദിവസവും 2020 ഏപ്രിലിൽ 20 ദിവസവും) വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയിൽ നിന്നുള്ള ജിവിഎയുടെ 80 ശതമാനം നഷ്ടപ്പെട്ടുവെന്ന് അനുമാനിക്കാം. 2020 ഏപ്രിലിലെ അവസാന 10 ദിവസങ്ങളിൽ വരുമാനക്കുറവ് 40 ശതമാനമായി കുറയാനിടയുണ്ട്, ഇത് 2020 മെയ് മാസത്തിൽ 20 ശതമാനമായി കുറയും.

പട്ടിക 9 **കേരളത്തിൽ മൊത്തം മൂല്യ വർദ്ധനവിൽ പ്രതീക്ഷിക്കുന്ന കുറവ്, മാർച്ച് - ജൂൺ 2020**, രൂപയിൽ

| സാമ്പത്തിക വർഷം | മാസങ്ങൾ | നിർമ്മാണം | വ്യാപാരവും ഹോട്ടലുകളും റെസ്റ്റോറന്റുകളും |
|---|---|---|---|
| 2019-2020 | മാർച്ച് 2020 | 1500 | 4000 |
| 2020-2021 | ഏപ്രിൽ 2020 | 4500 | 10000 |
| | മെയ് 2020 | 2000 | 3000 |
| | ജൂൺ 2020 | 500 | 0 |
| | എല്ലാ മാസവും | 8500 | 17,000 |

**വേതന നഷ്ടം**

കേരളത്തിലെ മൊത്തം തൊഴിലാളികളിൽ 127 ലക്ഷത്തിൽ 48.1 ലക്ഷം പേർ സ്വയംതൊഴിൽ തൊഴിലാളികളും 35.2 ലക്ഷം കാഷ്വൽ തൊഴിലാളികളുമാണ്. ബാക്കി 43.8 ലക്ഷം പേർ സാധാരണ തൊഴിലാളികളാണ്. 2020 ലെ തൊഴിലാളികളുടെ വലുപ്പം 2018 ലെ അതേ നിലയിലാണെന്നും ലോക്ക്ഡൌൺ സമയത്ത് വേതനം / വരുമാനനഷ്ടം പ്രധാനമായും സ്വയംതൊഴിൽ, കാഷ്വൽ തൊഴിലാളികൾക്കിടയിലാണെന്നും ഞങ്ങൾ ഇവിടെ അനുമാനിക്കുന്നു. ഒരു തൊഴിലാളി (സ്വയംതൊഴിൽ അല്ലെങ്കിൽ കാഷ്വൽ വിഭാഗത്തിൽ) 400 മുതൽ 500 രൂപ വരെ വരുമാനം നേടുന്നുവെന്നും ഞങ്ങൾ അനുമാനിക്കുന്നു. കേരളത്തിൽ പ്രതിദിനം 450 രൂപയാണ് (കേരളത്തിലെ കാഷ്വൽ തൊഴിലാളികളുടെ പ്രതിദിന വേതന നിരക്ക് ചില മേഖലകളിലെ (പുരുഷ) തൊഴിലാളികൾക്ക് 800 രൂപ മുതൽ 1000 രൂപ വരെ. ചില മേഖലകളിൽ 300 രൂപ വരെ). അത്തരമൊരു സാഹചര്യത്തിൽ, ലോക്ക്ഡൌൺ കാലയളവിൽ കേരളത്തിലെ തൊഴിലാളികൾക്ക് വേതനമോ വരുമാനമോ നഷ്ടപ്പെടുന്നത് പ്രതിദിനം ഏകദേശം 350 കോടി രൂപയാണ്. ഇത് 2020 മാർച്ചിലെ പത്ത് ദിവസങ്ങളിൽ സംസ്ഥാനത്ത് ആകെ വേതനം അല്ലെങ്കിൽ വരുമാനനഷ്ടം 300 കോടി രൂപയും 2020 ഏപ്രിലിലെ ആദ്യ ഇരുപത് ദിവസങ്ങളിൽ 7000 കോടി രൂപയുമാണ്. സംസ്ഥാനത്തെ മൊത്തം വേതനമോ വരുമാന നഷ്ടമോ ഇതിലേക്ക് വരാം. 2020 ഏപ്രിൽ അവസാന പത്ത് ദിവസങ്ങളിൽ 1500 കോടി രൂപയും 2020 മെയ് മാസത്തിൽ 1500 കോടി രൂപയും 2020 ജൂൺ മാസത്തിൽ 500 കോടി രൂപയായും താഴ്ന്ന വന്നേക്കാം. മൊത്തം വേതനത്തിലും വരുമാനത്തിലും (2020 മാർച്ച് മുതൽ) സംസ്ഥാനത്ത് ആകെ നഷ്ടം 14000 മുതൽ 15000 കോടി വരെയാണ്.


## വളർച്ചയ്ക്കുള്ള തടസ്സങ്ങൾ: അടിയന്തിരവും ദീർഘകാലവും

### ആഭ്യന്തര, കയറ്റുമതി വിപണികളിൽ കുറവുണ്ടാക്കുന്നു

ആഭ്യന്തര, കയറ്റുമതി വിപണികളിൽ വരുന്ന ആഴ്ചകളിലും മാസങ്ങളിലും ഡിമാൻഡ് മന്ദഗതിയിലാകാനുള്ള സാധ്യതയാണ് കേരളത്തിലെ ഉൽപാദന, വ്യാപാര സംരംഭങ്ങളെ ആശങ്കപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന കാരണം. കൊറോണ വൈറസ് രോഗം പൊട്ടിപ്പുറപ്പെടുന്നതിന് മുമ്പുതന്നെ 2019 ലെ ഭൂരിഭാഗം സമയത്തും ഡിമാൻഡ് അവസ്ഥ വളരെ ദുർബലമാണെന്ന് അവരിൽ പലരും ചൂണ്ടിക്കാട്ടുന്നു.

അടുത്ത കാലത്തായി ഇന്ത്യയിൽ ആഭ്യന്തര ഡിമാൻഡ് മന്ദഗതിയിലായതിന് പിന്നിൽ നിരവധി ഘടകങ്ങളുണ്ട്. നിക്ഷേപത്തിലെ സ്തംഭനാവസ്ഥയാണ് ഇവയിൽ പ്രധാനം. ലോക ബാങ്ക് തയ്യാറാക്കിയ കണക്കുകൾ പ്രകാരം, ഇന്ത്യയും ചൈനയും കൈവരിച്ച നിക്ഷേപ നിരക്ക് 2007 ആയപ്പോഴേക്കും 40 ശതമാനത്തോളം സമാനമായ നിലയിലെത്തി. എന്നിരുന്നാലും, ചൈനീസ് നിക്ഷേപ നിരക്ക് വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ, ഇന്ത്യയുടെ നിക്ഷേപ നിരക്ക് 2011 മുതൽ കുത്തനെ കുറയാൻ തുടങ്ങി. 2011 ആയപ്പോഴേക്കും ചൈനയിലെ മൊത്തം മൂലധന രൂപീകരണം (ജിസിഎഫ്) ജിഡിപിയുടെ അനുപാതമായി 47.7 ശതമാന മായി ഉയർന്നു, കാരണം ആഗോള സാമ്പത്തിക പ്രതിസന്ധി സമയത്തും (2008-09 ലെ) ചൈന അടിസ്ഥാന സൌകര്യങ്ങളിലും പുതിയ സാങ്കേതികവിദ്യകളിലും വൻ നിക്ഷേപം നട ത്തി. അതേസമയം, ദേശീയ വരുമാന കണക്കനുസരിച്ച് 2011-12 അടിസ്ഥാന വർഷമായി ജിസിഎഫ് ഇന്ത്യയിലെ ജിഡിപിയുടെ അനുപാതമായി 2012-13ൽ 39.0 ശതമാനത്തിൽ നിന്ന് 2016-17 ൽ 33.3 ശതമാനമായി കുറഞ്ഞു (തോമസ് 2019; കാണുക ചിത്രം 1).

ചിത്രം 1 **മൊത്തം ആഭ്യന്തര ഉൽപന്നമായി മൊത്ത മൂലധന രൂപീകരണം, ഇന്ത്യയും ചൈനയും: 1992 മുതൽ 2017 വരെ**; ശതമാനത്തിൽ




സ്രോതസ്സ്: ലോക വികസന സൂചകങ്ങൾ, ലോക ബാങ്ക്, തോമസ് (2019) റിപ്പോർട്ട് ചെയ്തത്

ആഭ്യന്തര ഡിമാൻഡിൽ തുടരുന്ന സ്തംഭനത്തിനു പിന്നിലെ മറ്റൊരു പ്രധാന ഘടകമാണ് 2016 നവംബറിൽ ഇന്ത്യയിൽ ഉയർന്ന മൂല്യമുള്ള നോട്ടുകളുടെ റദ്ദാക്കൽ. നോട്ട് റദ്ദാക്കൽ അനൗപചാരിക മേഖലയിലെ വ്യവസായങ്ങൾക്ക് കനത്ത പ്രഹരമേൽപ്പിച്ചു, രാജ്യത്തുടനീളമുള്ള ഉൽപ്പാദനം, വ്യാപാരം, റിയൽ എസ്റ്റേറ്റ് മേഖലകളിൽ കാര്യമായ പ്രതികൂല ഫലങ്ങൾ നേരിടാൻ തുടങ്ങി. കേരള പശ്ചാത്തലത്തിൽ, ഗൾഫ് രാജ്യങ്ങളിലെ കുടിയേറ്റ തൊഴിലാളികളിൽ നിന്നുള്ള പണമടയ്ക്കൽ മന്ദഗതിയിലാക്കുന്നത് പ്രശ്നത്തിന് ഒരു അധിക മാനം നൽകി.

## വർദ്ധിച്ചുവരുന്ന മൂലധന ആവശ്യങ്ങൾ

ലോക്ക്ഡൌൺ കാലയളവിൽ, മിക്ക നിർമ്മാണ, വ്യാപാര സംരംഭങ്ങളും വരുമാനം നേടുന്നില്ല. എന്നിരുന്നാലും, അവർക്ക് ഇനിയും നിരവധി ഇനങ്ങളുടെ ചിലവുകൾ വഹിക്കേണ്ടിവരും. അവർ എടുത്ത വായ്പകളുടെ തിരിച്ചടവ്, വാടക, ജിഎസ്ടി, വൈദ്യുതി ചാർജ്, മറ്റ് സ്ഥിര (അല്ലെങ്കിൽ അറ്റകുറ്റപ്പണി) ചെലവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. അതിനാൽ, നിലവിലുള്ള ലോക്ക്ഡൌൺ സംരംഭങ്ങൾക്ക് അഭൂതപൂർവമായ പ്രയാസകരമായ സാഹചര്യങ്ങൾ സൃഷ്ടിച്ചു, പ്രത്യേകിച്ചും ഉൽപ്പാദനം, വ്യാപാരം, ഹോട്ടൽ, റെസ്റ്റോറന്റ് ബിസിനസ്സ് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട സ്ഥാപനങ്ങൾ.

നിലവിലുള്ള സാമ്പത്തിക പ്രതിസന്ധിയുടെ വ്യാപനം, അത് വ്യവസായങ്ങളെയും ലോകത്തിന്റെ മിക്ക പ്രദേശങ്ങളെയും ബാധിക്കുന്നു എന്നീ കരണങ്ങളാൽ പ്രവർത്തന മൂലധന ത്തിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ട് സംരംഭങ്ങൾ നേരിടുന്ന വെല്ലുവിളികൾ ഇപ്പോൾ കഠിനമാണ്, കേരളത്തിലെയും രാജ്യത്തെ മറ്റിടങ്ങളിലെയും ചെറുകിട സ്ഥാപനങ്ങൾ വലിയ സ്ഥാപനങ്ങൾക്ക് ഭാഗങ്ങളോ അനുബന്ധ ഉപകരണങ്ങളോ നൽകുന്നത് വേണ്ടി യുള്ള പെയ്മെന്റുകൾക്ക് 45 മുതൽ 90 ദിവസം വരെ കാലതാമസം നേരിടുന്നു. ചില സന്ദർഭങ്ങളിൽ, പേയ്മെന്റുകൾ ആറുമാസം വരെ വൈകിയേക്കാം. സാധാരണ സമയങ്ങ ളിൽ ഇത് ഇങ്ങനെയായിരുന്നു. സമ്പദ്‌വ്യവസ്ഥയിൽ ഇപ്പോൾ നിലനിൽക്കുന്ന പ്രതിസ ന്ധി കാരണം, ചെറുകിട സ്ഥാപനങ്ങൾക്ക് അവരുടെ പേയ്മെന്റുകൾ ലഭിക്കുന്നതിന് പതിവിലും കൂടുതൽ കാത്തിരിക്കേണ്ടി വരുമെന്ന് ഭയപ്പെടുന്നു.

## തൊഴിലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

### ലോക്ക്ഡൌൺ കാലയളവിൽ തൊഴിലാളികൾക്ക് ഉള്ള വേതനം നൽകൽ

നിലവിലെ ലോക്ഡൌൺ സമയത്ത് സംരംഭങ്ങൾക്കായി ചെലവഴിക്കുന്ന ഒരു പ്രധാന ഇനം അവരുടെ ജീവനക്കാർക്ക് വേതനം നൽകുന്നതിനും കൂടാതെ/അല്ലെങ്കിൽ മറ്റ് ആശ്വാ സത്തിനും ആവശ്യമായ പണമാണ്. പാദരക്ഷകൾ അല്ലെങ്കിൽ പ്ലൈവുഡ് നിർമ്മാണം പോലുള്ള തൊഴിലാളി വ്യവസായങ്ങൾക്ക് ഇത് ക്ലേശകരം ആണ്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള അതിഥി തൊഴിലാളികളെ വളരെയധികം ആശ്രയിക്കുന്ന വ്യവസായങ്ങളും ഇവയാണ്. തന്റെ തൊഴിലാളികൾക്ക് ശമ്പളം നൽകാൻ മാത്രം പ്രതിമാസം 15 കോടി രൂപ ആവശ്യമായി വരുമെന്ന് കേരളത്തിലെ ഒരു പ്രധാന പാദരക്ഷാ നിർമാണ യൂണിറ്റിന്റെ ഉടമ പറയുന്നു. അത്തരം വലിയ അളവിലുള്ള പ്രവർത്തന മൂലധന ത്തിന്റെ ആവശ്യകത സംരംഭങ്ങൾക്ക് ചെറിയ വരുമാനം ലഭിക്കുന്ന ഒരു കാലയളവിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

2020 മാർച്ചിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ദുരിതാശ്വാസ പാക്കേജിന്റെ ഭാഗമായി, ചില തരം സ്ഥാപനങ്ങൾക്കായി മൂന്ന് മാസത്തേക്ക് പ്രൊവിഡന്റ് ഫണ്ടിലേക്ക് ജീവനക്കാരുടെയും തൊഴിലുടമയുടെയും സംഭാവനകൾ സർക്കാർ നൽകും. 100 ൽ താഴെ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ 90 ശതമാനവും 15,000 രൂപയോ അതിൽ കുറവോ (പ്രതിമാസം) സമ്പാദിക്കുന്ന സ്ഥാപനങ്ങളാണിവ. എന്നിരുന്നാലും, മേൽപ്പറഞ്ഞ വ്യവസ്ഥകൾ കാരണം (പ്രത്യേകിച്ച് 15,000 രൂപ ശമ്പള പരിധി) തങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കില്ലെന്ന് കേരളത്തിലെ പല സ്ഥാപനങ്ങളും ചൂണ്ടിക്കാട്ടുന്നു. എല്ലാ സ്ഥാപനങ്ങൾക്കും ആശ്വാസം ലഭ്യമാക്കണമെന്ന് അവർ അഭ്യർത്ഥിക്കുന്നു.

കമ്പനികളുടെ മറ്റൊരു ആവശ്യം വേതന വർദ്ധനവിന് വേണ്ടിയുള്ള കമ്പനി-തലത്തിലുള്ള ചർച്ചകളാണ്. പ്രതിസന്ധിയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ അവസാനിച്ചതിനുശേഷം മാത്രമേ ഈ


ചർച്ചകൾ നടത്താവൂ എന്ന് അവർ അഭ്യർത്ഥിക്കുന്നു. ഉടനടി പുതുക്കുന്നതിന് ബാധ്യതയുള്ള വേതന കരാറുകൾ ഒരു വർഷത്തേക്ക് കൂടി നീട്ടാമെന്ന് കമ്പനികൾ പറയുന്നു.

അതേസമയം, ലോക് ഡൌൺനു ശേഷമുള്ള ഘട്ടത്തിൽ അവശ്യാനുസരണം തൊഴിലാളികളുടെ ലഭ്യതയെ പറ്റി കമ്പനികൾ ആകാംക്ഷയിലാണ്, പ്രത്യേകിച്ചും തൊഴിൽ-തീവ്ര മേഖലകളായ (പാദരക്ഷ, പ്ലൈവുഡ്) പോലുള്ളവ.

## ബാങ്കിംഗ് സംവിധാനത്തിന്റെ പ്രശ്നങ്ങൾ

കേരളത്തിലെയും ഇന്ത്യയിലെ മറ്റിടങ്ങളിലെയും ചെറുകിട സ്ഥാപനങ്ങൾക്ക് സംഘടിത മേഖലകൾ നിന്ന് വായ്പ ചെലവേറിയതും അനായാസേന ലാഭയവും അല്ല. ദേശീയ തലത്തിൽ, 2000 മുതൽ രാജ്യത്ത് വികസന ബാങ്കിംഗിന്റെ അവസാനം വ്യാവസായിക വികസനത്തിനുള്ള ധനസഹായത്തെ ബാധിച്ചു. അതേസമയം, വാണിജ്യ ബാങ്കുകൾ വൻകിട വ്യവസായങ്ങൾക്കുള്ള വായ്പ 2000 ത്തിന്റെ പകുതി മുതൽ വർദ്ധിപ്പിച്ചതോടെ ഇത് അവരുടെ നിഷ്ക്രിയ ആസ്തികളുടെ (എൻപിഎ) അമിത വർധനവിലേക്ക് നയിച്ചു. ചെറുതും ചെറുതുമായ സ്ഥാപനങ്ങളെ ആണ് ഇത് ഏറ്റവും കൂടുതൽ ബാധിച്ചത്. ഭക്ഷ്യേതര മൊത്ത ബാങ്ക് വായ്പയുടെ അനുപാതമെന്ന നിലയിൽ, ചെറുകിട വ്യവസായങ്ങളിലേക്കുള്ള (എസ്എസ്ഐ) വായ്പ 1990-91ൽ 15.1 ശതമാനത്തിൽ നിന്ന് 2005-06 ൽ 6.5 ശതമാനമായും 2010-11 ൽ 5.7 ശതമാനമായും 42017-18ഇൽ .9 ശതമാനമായും കുറഞ്ഞു. (തോമസ്, 2019; ചിത്രം 2 കാണുക).

ചിത്രം 2 **ഇന്ത്യയിലെ ഭക്ഷ്യേതര മൊത്ത ബാങ്ക് വായ്പയിൽ വ്യവസായത്തിന്റെയും കാർഷികത്തിന്റെയും ഓഹരികൾ, 1991-92 മുതൽ 2016-17 വരെ**



സ്രോതസ്സ്: റിസർവ് ബാങ്ക് അടിസ്ഥാനമാക്കിയുള്ള കണക്കുകൂട്ടലുകൾ തോമസിൽ (2019)

റിപ്പോർട്ടുചെയ്തതുപോലെ

പ്രവർത്തന മൂലധന ആവശ്യകതകളുടെ ധനസഹായം ചെറുകിട സംരംഭകർക്ക് അമിത ഭാരം സൃഷ്ടിക്കുന്നു. ഓർഡറുകളുടെ കുറവും കുടിശ്ശിക അടയ്ക്കുന്നതും കാരണം സാധാരണ ഗതിയിൽ, സാമ്പത്തിക മാന്ദ്യകാലത്ത് പ്രവർത്തന മൂലധന ആവശ്യകതകൾ അധിക മാണ്. സാമ്പത്തിക മാന്ദ്യകാലത്ത് കമ്പനികൾക്ക് വായ്പ നൽകാൻ ബാങ്കുകൾ പ്രത്യേകി ച്ചും വിമുഖത കാണിക്കുന്നു (വായ്പ തിരിച്ചടവ് ഭയന്ന്). തൽഫലമായി, സംരംഭകർക്ക് അവരുടെ പ്രവർത്തനങ്ങൾ നിലനിർത്തുന്നതിന് ഉയർന്ന പലിശ നിരക്കിൽ വായ്പയെടുക്കേ ണ്ടിവരും.

വായ്പയെ നിഷ്ക്രിയ ആസ്തിയായി (എൻപിഎ) തരംതിരിക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്കുകൾ സ്വീകരിച്ച മാനദണ്ഡങ്ങൾ ചെറുകിട സംരംഭങ്ങളെ ആശങ്കപ്പെടുത്തുന്നു. ഒരു വായ്പക്കാരൻ തുടർച്ചയായി മൂന്ന് മാസത്തേക്ക് (അതായത്, 90 ദിവസത്തേക്ക്) വായ്പ തിരിച്ചടവ് നടത്തുന്നതിൽ പരാജയപ്പെട്ടാൽ, ബാങ്കുകൾ അവരുടെ വായ്പയെ എൻപിഎ ആയി തരംതിരിക്കുന്നു. തുടർന്ന്, ബാങ്കുകൾ ഈ വായ്പയ്ക്ക് ഉയർന്ന (പിഴ) പലിശ നിരക്ക് ഈടാക്കുകയും വായ്പ വീണ്ടെടുക്കൽ നടപടികൾ ആരംഭിക്കുകയും ചെയ്യുന്നു. വായ്പാ തിരിച്ചടവ് സംബന്ധിച്ച ബാങ്കുകളുടെ അത്തരം സമീപനം ചെറുകിട സ്ഥാപനങ്ങൾക്ക്, പ്രത്യേകിച്ച് പൊതു സാമ്പത്തിക മാന്ദ്യത്തിന്റെ ഒരു കാലഘട്ടത്തിൽ വിപരീത ഫലപ്രദമാകും. നിലവിലെ പ്രതിസന്ധി കണക്കിലെടുക്കുമ്പോൾ, വായ്പാ വീഴ്ചയുമായി ബന്ധപ്പെട്ട് കൂടുതൽ സഹാനുഭൂതി പുലർത്തുന്ന സമീപനമാണ് ചെറുകിട സംരംഭങ്ങളിൽ നിന്നുള്ള ദീർഘകാല ആവശ്യം ബാങ്കുകൾ പരിഗണിക്കേണ്ടത്.

## മൊറട്ടോറിയത്തിന്റെ പ്രഖ്യാപനത്തെക്കുറിച്ചുള്ള പ്രതികരണം

രാജ്യവ്യാപകമായി ലോക്ഡൌൺ കണക്കിലെടുക്കുമ്പോൾ, ടേം ലോൺ എടുക്കുന്ന എല്ലാ വായ്പക്കാർക്കും തുല്യമായ പ്രതിമാസ തവണകൾ (ഇഎംഐ) അടയ്ക്കുന്നതിന് മൂന്നുമാസ ത്തെ മൊറട്ടോറിയം നൽകാൻ റിസർവ് ബാങ്ക് ബാങ്കുകളെയും മറ്റ് ധനകാര്യ സ്ഥാപനങ്ങ ളെയും അനുവദിച്ചു. മൊറട്ടോറിയം പ്രധാന തുകയോ പലിശ നിരക്കുകളോ തിരിച്ചടയ്ക്കുന്നതി ന് ഒരു ഇളവും സൂചിപ്പിക്കുന്നില്ല. ഇഎംഐകളുടെ പേയ്മെന്റുകൾ പിന്നീടുള്ള തീയതിയിലേ ക്ക് ഷെഡ്യൂൾ ചെയ്യാമെന്നാണ് ഇതിനർത്ഥം (മാർച്ച് 1 മുതൽ മെയ് 31 വരെ പണമടയ്ക്കേ ണ്ട ടേം ലോണുകൾക്കാണ് മൊറട്ടോറിയം. ടേം ലോണുകളിൽ വാഹന വായ്പ റീട്ടെയിൽ വായ്പകൾ, ഭവനവായ്പ, വ്യക്തിഗത വായ്പ, കാർഷിക കാലാവധിയുള്ള വായ്പകൾ, വിള വായ്പകൾ എന്നിവ ഉൾപ്പെടും.)

എന്നിരുന്നാലും, അതേ സമയം, കടം വാങ്ങുന്നവർ പ്രതിമാസ ഗഡുക്കളിൽ (ഇഎംഐ) പേയ്മെന്റുകൾ മാറ്റിവയ്ക്കുന്ന കാലയളവിനായി ലളിതമായ പലിശ നൽകേണ്ടിവരും. ഇത്

അവരുടെ മൊത്തത്തിലുള്ള പലിശ ഭാരം വർദ്ധിപ്പിക്കുന്നതിന് തുല്യമാണ്. ചെറുകിട സംരംഭ ങ്ങളുടെ പ്രതിനിധികൾ അവരുടെ ദുരിതാശ്വാസ നടപടികളിൽ ഇഎംഐ പേയ്മെന്റുകളു ടെ മൊറട്ടോറിയം മാത്രമല്ല, പലിശനിരക്കിൽ കുറവുണ്ടാക്കണമെന്നും അഭിപ്രായപ്പെടുന്നു.

## ജി.എസ്.ടി യുടെ പ്രശ്നങ്ങൾ

2016 നവംബറിൽ ഉയർന്ന മൂല്യമുള്ള കറൻസി നോട്ടുകളുടെ നിരോധനവും 2017 ൽ ചരക്ക് സേവന നികുതി (ജി.എസ്.ടി) തിടുക്കത്തിൽ അവതരിപ്പിച്ചതും ഇന്ത്യയിലെ ചെറു, ചെറുകിട ഉൽപാദന സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ രൂക്ഷമാക്കി. ഈ മാറ്റങ്ങളോടെ, പല മൈക്രോ, ചെറുകിട സ്ഥാപനങ്ങളും കുറഞ്ഞത് കടലാസിൽ എങ്കിലും സംഘടിത മേഖലയുടെ ഭാഗമാണ്. അവർക്ക് ഇപ്പോൾ ബാങ്ക് അക്കൗണ്ടുകൾ ലഭിക്കുകയും ജിഎസ്ടി അടയ്ക്കുകയും വേണം, എന്നാൽ പ്രവർത്തന മൂലധന വായ്പകൾ ലഭിക്കുന്നതിന് അവർ ഇപ്പോഴും ബുദ്ധിമുട്ട് അനുഭവിക്കുന്നു. അതേസമയം, ജിഎസ്ടി പേയ്മെന്റുകൾ ഇപ്പോൾ സംരംഭകരെ ആശങ്കപ്പെടുത്തുന്ന ഒരു പുതിയ ഉറവിടമായി മാറിയിരിക്കുന്നു.

കേരളത്തിലെയും മറ്റിടങ്ങളിലെയും ചെറുകിട സംരംഭങ്ങൾക്ക് ജിഎസ്ടി കുടിശ്ശിക അടയ്ക്കു വാൻ കാലതാമസം നേരിടേണ്ടിവരും. മറ്റൊരു സംരംഭത്തിന് 10 ലക്ഷം രൂപ വിലമതിക്കുന്ന ഒരു യന്ത്രസാമഗ്രികൾ വിതരണം ചെയ്ത ഒരു ചെറുകിട നിർമ്മാതാവിന്റെ കാര്യം പരിഗണി ക്കുക. വിതരണം ചെയ്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ അവർക്ക് ജിഎസ്ടി 1.8 ലക്ഷം രൂപ (18% നിരക്കിൽ ജിഎസ്ടി) അടയ്ക്കണം. ജിഎസ്ടി ആയി അടച്ച തുക അവർക്ക് തിരികെ ലഭ്യമാകും, പക്ഷേ പിന്നീട് മാത്രം. അതേസമയം, ഈ സംരംഭകന് ഉപഭോക്താവിൽ നിന്നു പേയ്മെന്റ് (10 ലക്ഷം രൂപ) ലഭിക്കാൻ ആറുമാസം വരെ കാത്തിരിക്കേണ്ടി വരും. അതിന്റെ ഫലമായി, ആവശ്യമായ ജിഎസ്ടി പേയ്മെന്റുകൾ നടത്താൻ അവർക്ക് (ചെറുകിട നിർമ്മാതാവ്) പലപ്പോഴും ഉയർന്ന പലിശ നിരക്കിൽ വായ്പ എടുക്കേണ്ടിവരും.

# I. മുന്നോട്ടുള്ള വഴി

## സംരംഭകരിൽ നിന്നുള്ള നിർദ്ദേശങ്ങളുടെ സംഗ്രഹം

## ബാങ്കിംഗ് സംവിധാനത്തിൽ നിന്നുള്ള സഹായം

നിലവിലെ പ്രതിസന്ധിയെ നേരിടാൻ ബാങ്കിംഗ് സംവിധാനത്തിൽ നിന്ന് ഉയർന്ന തോതി ലുള്ള സഹായം ലഭിക്കുമെന്ന് കേരളത്തിലെ നിർമ്മാണ, വ്യാപാര സംരംഭങ്ങൾ പ്രതീക്ഷിക്കു ന്നു. കുടിശ്ശികയുള്ള വായ്പകൾക്ക് നൽകേണ്ട പലിശനിരക്ക് ബാങ്കുകൾ ഗണ്യമായി കുറയ്ക്കണ മെന്നാണ് വിവിധ വിഭാഗങ്ങളിൽ നിന്നുള്ള ആവശ്യം. വാസ്തവത്തിൽ, മൊറട്ടോറിയം കാലയളവിൽ പലിശനിരക്ക് ഗണ്യമായി അല്ലെങ്കിൽ പൂർണ്ണമായി എഴുതിത്തള്ളണമെന്ന് പല സംരംഭങ്ങളും

ആവശ്യപ്പെടുന്നു. അതേസമയം, മൊറട്ടോറിയം കാലാവധി ഒരു വർഷത്തേക്ക് (നിലവിലെ മൂന്ന് മാസം മുതൽ) നീട്ടണമെന്നും അവർ ആവശ്യപ്പെടുന്നു.

നേരത്തെ സൂചിപ്പിച്ചതുപോലെ, മൊറട്ടോറിയത്തിനായുള്ള റിസർവ് ബാങ്കിന്റെ നിലവിലെ നിർദ്ദേശം, യഥാർത്ഥത്തിൽ മൂന്ന് മാസത്തേക്ക് ഇഎംഐ പേയ്മെന്റുകൾ പുന ക്രമീകരി ക്കുക മാത്രമാണ് ചെയ്യുന്നത് - പലിശ നിരക്കിൽ ഇളവ് നൽകാതിരിക്കുക - പര്യാപ്തമല്ലെന്ന് കേരളത്തിലെ സംരംഭങ്ങൾ പറയുന്നു. പുനക്രമീകരിച്ച ഇഎംഐ പേയ്മെന്റുകൾക്കായി (നിലവിലെ ആർബിഐ നിർദ്ദേശത്തിന്റെ ഭാഗമായി) നൽകേണ്ട ലളിതമായ പലിശ വാസ്തവത്തിൽ അവരുടെ മൊത്തത്തിലുള്ള സാമ്പത്തിക ഭാരം വർദ്ധിപ്പിക്കുമെന്നും അവർ ചൂണ്ടിക്കാട്ടുന്നു.

കേരളത്തിലെ സംരംഭകരിൽ നിന്നുള്ള മറ്റൊരു പ്രധാന ആവശ്യം, ബാങ്കുകൾ അവർക്ക് കൂടുതൽ പ്രവർത്തന മൂലധനം നൽകണം - അവർക്ക് സാധാരണ അർഹതയുള്ള പ്രവർത്തന മൂലധനത്തിനെക്കാൾ കുറഞ്ഞത് 50 ശതമാനം അധികമായിരിക്കണം - അധിക കൊളാറ്ററൽ ഇല്ലാതെ.

## ജിഎസ്ടി: സ്ഥാപനങ്ങളിലേക്കുള്ള പണമടയ്ക്കലിനുമുള്ള കുടിശ്ശിക വേഗത്തിലാക്കുകയും ഇളവുകൾ നല്കുകയും ചെയ്യുക

ജിഎസ്ടി സംവിധാനത്തിൽ നിന്ന് തങ്ങൾക്ക് കാര്യമായ പിന്തുണ നൽകണമെന്ന് കേരളത്തിലെ സംരംഭങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. തുടക്കത്തിൽ, ജിഎസ്ടി കുടിശ്ശിക സർക്കാരിൽ നിന്ന് തിരിച്ചടയ്ക്കുന്നതിൽ വളരെ വേഗത്തിലുള്ള പ്രക്രിയ കാണുമെന്ന് അവർ പ്രതീക്ഷിക്കുന്നു. ത്വരിത ഗതിയിൽ ഉള്ള ജിഎസ്ടി തിരിച്ചടവ് ഈ സ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തന മൂലധന നിലയുമായി ബന്ധപ്പെട്ട് ഗണ്യമായ ആശ്വാസം നൽകും.

ജിഎസ്ടി സമ്പ്രദായത്തിൽ നിന്നും ചില ഇളവുകൾ ലഭിക്കുമെന്ന് കേരളത്തിലെ സംരംഭക ർക്ക് പ്രതീക്ഷിക്കുന്നു. ലോക്ഡൌൺ കാലയളവിൽ കേടുപാടുകൾ സംഭവിച്ച നിലവിലെ സ്റ്റോകിനുള്ള ജിഎസ്ടി സർക്കാർ തിരിച്ചടയ്ക്കണമെന്ന് വ്യാപാരികളുടെ ഒരു അസോസിയേ ഷൻ അഭ്യർത്ഥിച്ചു. പ്രതിസന്ധി ഘട്ടത്തിൽ വരാനിരിക്കുന്ന ജിഎസ്ടി പേയ്മെന്റുകൾ പിന്നീടുള്ള തീയതിയിലേക്ക് മാറ്റുവാൻ അനുവദിക്കാമെന്ന് ചില നിർമ്മാതാക്കൾ അഭിപ്രായ പ്പെടുന്നു. അതേസമയം, പേയ്മെന്റുകൾ പുനക്രമീകരിക്കുന്നതിന് പലിശ നിരക്കുകളൊന്നും പാടില്ല.

## പേയ്മെന്റുകളിൽ നിന്ന് ആശ്വാസം

ചില പേയ്മെന്റുകൾക്ക് ഇളവുകളോ ആശ്വാസമോ നൽകണമെന്ന് സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിനോടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും അഭ്യർത്ഥിച്ചു. നിരവ ധി ലൈസൻസുകൾ പുതുക്കുന്നതിനുള്ള പേയ്മെന്റുകൾ ഇതിൽ ഉൾപ്പെടുന്നു (അവയിൽ ചിലത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നതാണ്). നിലവിലെ പ്രതിസന്ധി അവസാനിക്കുന്നതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നിശ്ചിത ചാർജ്ജുകൾ നൽകുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന് ആണ് പല സംരംഭങ്ങളുടെ ഒരു പ്രധാന ആവശ്യം. വൈദ്യുതിക്ക് നിശ്ചിത നിരക്കുകൾ നൽകുന്നത് ആറുമാസത്തേക്ക് മാറ്റിവയ്ക്കാമെന്ന് കേരള സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചു. കേരള സർക്കാർ ഇപ്പോൾ വൈദ്യുതി നിരക്കിലെ ഫിക്സഡ് ചാർജ്ജ് അടയ്ക്കുന്നത് ആറു മാസത്തേക്ക് നീട്ടിവച്ചിരിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രതിസന്ധി ഘട്ടത്തിൽ അടയ്ക്കേണ്ട പ്രതിമാസ വാടകയിൽ ചില ഇളവുകൾ നൽകണ മെന്ന് നിർമ്മാണ, വ്യാപാര സംരംഭങ്ങൾ അഭ്യർത്ഥിച്ചു. വാടക ചെലവ് കേരളത്തിൽ വളരെ കൂടുതലാണെന്ന് (ഇന്ത്യയുടെ മറ്റ് ഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ) വ്യാപാര സ്ഥാപനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. പലിശ നിരക്ക് ജീവനക്കാരുടെ ശമ്പളം എന്നിവയോ ടൊപ്പം വാടകയും ഏറ്റവും വലിയ ചെലവ് ഇനങ്ങളിൽ ഒന്നാണെന്ന് കേരളത്തിലെ ഒരു പ്രമുഖ വാഹന ഡീലർ അഭിപ്രായപെട്ടു. സർക്കാർ സ്ഥാപനങ്ങൾ (കെഎസ്ഐഡിസി, കിൻഫ്ര പോലുള്ളവ) അവർ വാടകയ്ക്ക് നൽകിയ വ്യാവസായിക ഇടങ്ങളിൽ വാടക ഇളവുകൾ നൽകുന്നതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ രൂപപെടുത്തുകയാണ് ഇപ്പോൾ, സ്വകാര്യ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടങ്ങളെയും ചില ഇളവുകൾ നൽകാൻ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

## മറ്റ് പ്രശ്നങ്ങളും നിർദ്ദേശങ്ങളും

അടച്ചുപൂട്ടൽ ഒഴിവാക്കിയ ഉടനുള്ള ഘട്ടത്തിൽ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങളെക്കുറിച്ച് പല സ്ഥാപനങ്ങളും ചിന്തിക്കുന്നുണ്ട്. അവരുടെ പ്രധാന ആശങ്കകളിലൊന്ന് ജോലി സ്ഥലത്ത് സാമൂഹിക അകലം പാലിക്കുന്നതും ജോലിക്കായി ദിവസേന യാത്ര ചെയ്യുന്ന തൊഴിലാളികൾക്ക് ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതും ബന്ധപെട്ടതാണ്.

കടകളിൽ ഒരു പ്രത്യേക എണ്ണം തൊഴിലാളികളുമായി മാത്രമേ പ്രവർത്തിക്കാനാകൂ എന്ന് ഓട്ടോമൊബൈൽ റിപ്പയർ സേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചില സംരംഭങ്ങൾ ചൂണ്ടിക്കാ ണിക്കുന്നത്, അതോടൊപ്പം പ്രവർത്തനങ്ങൾ തുടർച്ചയായി നടകേണ്ടതുണ്ട്. മറ്റൊരു വിധ ത്തിൽ പറഞ്ഞാൽ, അടച്ചുപൂട്ടലിൽ ഒഴിവാക്കിയതിന് ശേഷം, വളരെ പരിമിതമായ തൊഴി ലാളികലുമായി

ആഴ്ചയിലെ ഏതാനും ദിവസങ്ങളിൽ മാത്രമേ പ്രവർത്തിക്കാൻ അനുവദിക്കു കയുള്ളൂവെങ്കിൽ, ഈ സംരംഭങ്ങൾ ഗുരുതരമായ വെല്ലുവിളികൾ നേരിടേണ്ടി വരും.

അടച്ചുപൂട്ടൽ ഒഴിവാക്കിയതിന് ശേഷം ഫാക്ടറികൾ വീണ്ടും തുറക്കുമ്പോൾ ചില നിർമാണ സ്ഥാപനങ്ങൾ (പാദരക്ഷാ നിർമ്മാണം പോലുള്ളവ) സാമൂഹിക അകലം പാലിക്കാനുള്ള മാർഗങ്ങൾ പരിഗണിക്കുന്നുണ്ട്. പണിയിടങ്ങളിൽ പ്ലാസ്റ്റിക് കർട്ടനുകൾ സ്ഥാപിക്കുക എന്നത് ഒരു മാർഗമാണ്, പക്ഷേ ഇത് വേഗത കുറയ്ക്കുകയും അധിക ചെലവുകൾ വരുത്തുകയും ചെയ്യുമെന്ന ആശങ്കയും നിലനിൽക്കുന്നു.

വാണിജ്യ, സാംസ്കാരിക മേഖലകളിൽ ഒരു പ്രധാന ഇടം വഹിക്കുന്ന പുസ്തക പ്രസാധകർ പുസ്തക വിൽപ്പനക്കാർ എന്നിവരിൽ നിന്നും അഭിപ്രായങ്ങൾ ലഭിച്ചിട്ടുണ്ട്. പുസ്തക പ്രസിദ്ധീ കരണ വ്യവസായത്തിന് ഒരു പുതുജീവൻ നൽകുന്നതിന്, പ്രധാന നഗരങ്ങളിലുടനീളം പുസ്തക മേളകളോ എക്സിബിഷനുകളോ നടത്തുന്നത് സർക്കാറിന് പരിഗണിക്കാവുന്നതാണ് (കൊച്ചിയിൽ സഹകരണ മേഖല നടത്തുന്ന പുസ്തകമേളകൾ പോലുള്ളവ). കുടുംബശ്രീ യൂണി റ്റുകൾക്ക് ജില്ലാ, താലൂക്ക് ആസ്ഥാനങ്ങളിൽ (സാധ്യമെങ്കിൽൽ സിവിൽ സ്റ്റേഷനുകളിലും മിനി സിവിൽ സ്റ്റേഷനുകളിലും) പുസ്തകകടകൾ സ്ഥാപിക്കവുന്നതാണ്. സ്കൂൾ ഫണ്ടുകളിൽ നിന്ന് പുസ്തകങ്ങൾ വാങ്ങാൻ നീക്കിവച്ചിരിക്കുന്ന തുക ചെലവഴിക്കാൻ പ്രോത്സാഹിപ്പി ക്കാവുന്നതാ. ഡിജിറ്റൽ ഫോർമാറ്റിൽ ഉൾപ്പെടെയുള്ള മലയാള പുസ്തകങ്ങളെ പ്രോത്സാഹി പ്പിക്കുന്നതിന് പ്രത്യേക നടപടി ഉണ്ടായിരിക്കണം.

## II. മുന്നോട്ടുള്ള വഴി

## കേരളത്തിന് പുതിയ അവസരങ്ങൾ വിഭാവനം ചെയ്യുന്നു

പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിൽ കേരളത്തിന്റെ ആപേക്ഷിക വിജയം ലോകമെ മ്പാടും ശ്രദ്ധ ആകർഷിച്ചു. പ്രത്യേകിച്ചും, സംസ്ഥാനത്തിന്റെ ഫലപ്രദമായ ആരോഗ്യ സേവ നങ്ങൾ, കാര്യക്ഷമമായ ഭരണ സംവിധാനങ്ങൾ, ശക്തമായ സാമൂഹിക സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രശംസ ലഭിച്ചു. കാർഷിക, വ്യാവസായിക ഉൽപാദനത്തിന്റെയും സംസ്ഥാനത്തെ സംരംഭകത്വ മനോഭാവത്തിന്റെയും പുനരുജ്ജീവനത്തിന് ഇത് അവസരമൊരുക്കുന്നുവെന്നതാണ് കേരളത്തിലെ വ്യവസായവുമായി ബന്ധപ്പെട്ടവർ വ്യാപകമായി പങ്കിട്ട വികാരം. ആരോഗ്യ-സാമൂഹിക മേഖലകളിൽ പിടിച്ചുപറ്റിയ കേരളം പ്രശംസ പുതിയതും നൂതനവുമായ വ്യവസായങ്ങളുടെ ഒരു ശ്രേണിയിലേക്ക് സംസ്ഥാനം വിജയകരമായി പ്രവേശിക്കുന്നതിനുള്ള അരു മാർഗമായി മാറണം.

ആഗോള തലത്തിൽ, കൊറോണ വൈറസ് രോഗത്തെത്തുടർന്നുണ്ടായ പ്രതിസന്ധി കണക്കിലെടുക്കുമ്പോൾ, നിക്ഷേപകർ തങ്ങളുടെ നിക്ഷേപങ്ങളെ പുതിയ പ്രദേശങ്ങളിലേക്ക്

വ്യാപിപ്പിക്കാൻ ആഗ്രഹിക്കുന്നുവെന്നും പ്രതീക്ഷയുണ്ട് (ചൈന പോലുള്ള രാജ്യത്ത് നിക്ഷേപങ്ങളുടെ കേന്ദ്രീകരണവുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ കുറയ്ക്കുന്നതിന്). അത്തരമൊരു സാഹചര്യം കണക്കിലെടുക്കുമ്പോൾ, ജപ്പാൻ, ദക്ഷിണ കൊറിയ തുടങ്ങിയ രാജ്യങ്ങളിലെ കമ്പനികൾ ഇന്ത്യയെയും കേരളത്തെയും നിക്ഷേപത്തിന് അനുയോജ്യമായ സ്ഥലമായി കണക്കാക്കാം, പ്രത്യേകിച്ചും ഉയർന്ന സാങ്കേതിക മേഖലകളിലേക്ക്. വാസ്തവത്തിൽ, സമീപ വർഷങ്ങളിൽ, സ്റ്റാർട്ടപ്പുകൾക്കും ഉയർന്ന സാങ്കേതിക സംരംഭങ്ങൾക്കും ഒരു പ്രധാന കേന്ദ്രമായി കേരളം മാറിയിരിക്കുന്നു.

## സാങ്കേതിക നവീകരണത്തിനും മൂല്യവർദ്ധനവിനുമായി പ്രവർത്തനങ്ങൾ

പ്രതിസന്ധികളുടെ നിമിഷങ്ങൾ ചിലപ്പോൾ പുതിയ സാധ്യതകൾ തുറക്കുന്നുവെന്ന് പലപ്പോഴും അഭിപ്രായപ്പെടുന്നു. നമ്മൾ സംസാരിച്ച നിരവധി സംരംഭകർ അത്തരമൊരു വികാരം പങ്കിടുന്നതായി കാണപ്പെട്ടു. അവരുടെ സംരംഭങ്ങളെ പുനർവിചിന്തനം ചെയ്യേണ്ടതും സാങ്കേതികവിദ്യകൾ നവീകരിക്കുന്നതും മൂല്യവർദ്ധനവ് വർദ്ധിപ്പിക്കുന്നതും നൂതന രീതികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും അവർ ഊന്നിപ്പറഞ്ഞു.

ഉദാഹരണത്തിന്, പെരുമ്പാവൂരിലെ പ്ലൈവുഡ് നിർമ്മാണ ക്ലസ്റ്ററിന്റെ ഭാഗമായ ചില യൂണിറ്റുകൾ, ഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പരിപാടികളിലൂടെ സാങ്കേതികമായ നവീകരിക്കുന്നതിനുള്ള ഫണ്ടുകൾ ലഭ്യമാക്കണം എന്ന് പറഞ്ഞു. പല ഭക്ഷ്യ സംസ്കരണ യൂണിറ്റുകളിൽ നിന്നും സമാനമായ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

## ഭക്ഷ്യ-കാർഷിക സംസ്കരണത്തിലുമുള്ള അവസരങ്ങൾ

ഇപ്പോൾ നിലനിൽക്കുന്ന പ്രതിസന്ധി കേരളത്തിലെ ഭക്ഷ്യ-കാർഷിക സംസ്കരണ മേഖല യിലെ നിർണായക ആവശ്യകതയെയും അവസരങ്ങളെയും ഉയർത്തിക്കാട്ടുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖ സൂചിപ്പിച്ചതുപോലെ അരി, തേങ്ങ, റബ്ബർ, കുരുമുളക്, ഏലം, വാഴപ്പഴം, പൈനാപ്പിൾ എന്നിവയുൾപ്പെടെ സംസ്ഥാനത്തിന്റെ സമ്പന്ന മായ കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനത്തിന് കേരളത്തിലെ കാർഷിക അധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ച ഉത്തേജനം നൽകും. അതേസമയം, ഈ വ്യവസായങ്ങൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും ഭക്ഷ്യ-കാർഷിക അധിഷ്ഠിത ഉൽപന്നങ്ങളുടെ വലിയ വിപണിയിൽ ഇടപെടാൻ കഴിയും.

കൊറോണ വൈറസ് രോഗം മൂലമുണ്ടായ ഗതാഗത വിപണന ശൃംഖലകളിലെ തടസ്സങ്ങൾമൂലം പ്രാദേശിക തലത്തിൽ പോലും ഭക്ഷ്യ ഉൽപാദനത്തിലും സംസ്കരണത്തിലും സ്വാശ്രയത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇപ്പോൾ ചർചകൾ നടക്കുന്നുണ്ട്. അതേസമയം, ഭക്ഷ്യ-കാർഷിക സംസ്കരണത്തിൽ കേരളത്തിന്റെ നിലവിലെ ശേഷി പര്യാപ്തമല്ല. ഉദാഹരണത്തിന്,

അടച്ചുപൂട്ടലിന്റെ ദിവസങ്ങളിൽ, സംസ്കരണ സൗകര്യങ്ങളുടെ അഭാവം സംസ്ഥാനത്തെ പാലും പൈനാപ്പിളും ഉൽപാദിപ്പിക്കുന്നവർക്ക് ഗുരുതരമായ ബുദ്ധിമുട്ടുകളും നഷ്ടങ്ങളും സൃഷ്ടിച്ചു. പഴങ്ങളുടെയും പച്ചക്കറികളുടെയും പ്രാഥമിക സംസ്കരണത്തിന് സൗകര്യങ്ങൾ ഒരുക്കുന്നത് പോലും അവരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനായി വളരെയധികം സഹായകമാകും എന്ന് കർഷകർ അഭിപ്രായപെട്ടു. പൈനാപ്പിൾ പൾപ്പ് (പൈനാപ്പിൾ പഴത്തിൽ നിന്നുള്ള ചാറ്) ഉണ്ടാക്കാൻ സംസ്ഥാനത്ത് അടിയന്തിരമായി സംസ്കരണ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടെന്ന് പൈനാപ്പിൾ കർഷകർ പറയുന്നു.

ചക്ക, പൈനാപ്പിൾ, ജാതിക്ക, വാഴപ്പഴം എന്നിവയുൾപ്പെടെ കേരളത്തിലെ കാർഷിക ഉൽ പന്നങ്ങൾക്കായി സംഭരണ, സംസ്കരണ ശേഷി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന് ഒരു ആരംഭിക്കാവുന്നതാണ്. ഭക്ഷ്യ ഉൽപന്നങ്ങളുടെ ഉൽപാദനത്തിലും വിപണനത്തിലും നൂതന ആശയങ്ങൾ സുഗമമാക്കുന്നതിന് സർക്കാർ യുവാക്കളെയും തൊഴിൽ യോഗ്യതയുള്ള സംരംഭകരെയും ഈ മേഖലയിലേക്ക് പ്രോത്സാഹിപ്പിക്കാം.

## ആരോഗ്യം, മരുന്ന് ഗവേഷണം, ചികിത്സാസാമഗ്രികളുടെ നിർമാണം എന്നിവയിലെ അവസരങ്ങൾ

കൊറോണ വൈറസ് രോഗം കേരളം വിജയകരമായി കൈകാര്യം ചെയ്യുന്നത് സാമൂഹ്യ മേഖലകളിലെ, പ്രത്യേകിച്ച് ആരോഗ്യം മേഖലയിലെ, നേട്ടങ്ങളിൽ ശ്രദ്ധ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യം, ബയോടെക്നോളജി, മരുന്ന് നിർമാണം, മെഡിക്കൽ ഉപകരണ ങ്ങൾ തുടങ്ങിയ മേഖലകളിൽ ഉൽപ്പാദനത്തിനും ഗവേഷണത്തിനുമുള്ള കേന്ദ്രമായി ഉയർന്നുവരാൻ കേരളത്തിന് ഇപ്പോൾ ശക്തമായ അവസരമുണ്ടെന്ന് തോന്നുന്നു. കൊറോണ വൈറസ് രോഗം പൊട്ടിപ്പുറപ്പെട്ടതിനു ശേഷം ആവശ്യകത വർദ്ധിച്ച വ്യക്തിഗത സംരക്ഷണ ഉപകരണങ്ങളുടെ (പിപിഇ) നിർമ്മാണത്തിലാണ് കേരളത്തിന് ഒരു അടിയന്തര അവസരം കാണുന്നത്.

മേൽപ്പറഞ്ഞ വ്യവസായങ്ങൾക്ക് കേരളത്തിലെ ആരോഗ്യമേഖലയിലെ താരതമ്യേന വിപുലമായ അടിസ്ഥാന സൗകര്യങ്ങളിൽ നിന്നും ഡോക്ടർമാർ മറ്റ് ആരോഗ്യ വിദഗ്ധർ ഉൾപ്പെടെ മാനവ വിഭവശേഷിയിൽ നിന്നും നേട്ടമുണ്ടാകാം. നിലവിലുള്ള സ്ഥാപനങ്ങളെ അടിസ്ഥാനമാക്കി ഈ രംഗം വിപുലീകരിക്കണം. ബയോടെക്നോളജി, ലൈഫ് സയൻസ് അധിഷ്ഠിത വ്യവസായങ്ങൾക്ക് ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന തിരുവനന്തപുരത്തെ ലൈഫ് സയൻസസ് പാർക്ക്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

## III. മുന്നോട്ടുള്ള വഴി

## സംസ്ഥാന സർക്കാരിന്റെ നയപരമായ മുന്നൊരുക്കങ്ങൾ

അടച്ചുപൂട്ടൽ ഒഴിവാക്കിയതിന് ശേഷമുള്ള ഘട്ടത്തിൽ കേരളത്തിന്റെ സാമ്പത്തിക വീണ്ടെടുക്കൽ വേഗത്തിലാക്കാൻ, വ്യവസായ വാണിജ്യ വകുപ്പിന്റെ നിലവിലുള്ള ചില പദ്ധതികൾ ഉപയോഗപ്പെടുത്താം. 2020-21 ലെ കേരള സംസ്ഥാന ബജറ്റിൽ ഈ പദ്ധതികൾക്ക് ഉചിതമായ സാമ്പത്തിക സ്രോതസ്സുകൾ അനുവദിച്ചിട്ടുണ്ട്.

### വ്യവസായ-വാണിജ്യ വകുപ്പിന്റെയും പദ്ധതികൾ

സംരംഭക പിന്തുണ പദ്ധതി: സാങ്കേതികവിദ്യ നവീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്ന തിനുമായി പുതിയതും നിലവിലുള്ളതുമായ യൂണിറ്റുകൾക്ക് മൂലധന ഗ്രാന്റുകൾ ഈ പദ്ധതി മുഖേന നൽകുന്നു

എംഎസ്എംഇ ക്ലസ്റ്റർ വികസന പരിപാടി: അസംസ്കൃത വസ്തുക്കളുടെ ഉറവിടം, പൊതു ബ്രാൻഡ് സൃഷ്ടിക്കൽ, വിപണനം എന്നിവയ്ക്കായി എംഎസ്എംഇകൾക്ക് ഈ പദ്ധതി വഴി സഹായം നൽകുന്നു. വായ്പകൾ ലഭ്യമാക്കുന്നതിന് മൃച്ചൽ ക്രെഡിറ്റ് ഗ്യാരണ്ടി നേടുന്നതിനും പരിശീലന കേന്ദ്രങ്ങളും ഗുണനിലവാര പരിശോധന ലാബുകളും സ്ഥാപിക്കുന്നതിനും ഇത് സഹായിക്കുന്നു.

സമ്മർദ്ദ ആസ്തികളോ പ്രവർത്തനരഹിതമായ യൂണിറ്റുകളോ ഉള്ള എംഎസ്എംഇ യൂണിറ്റുകളുടെ പുനരുജ്ജീവനവും പുനരധിവാസവും: പ്രവർത്തനരഹിതമായ യൂണിറ്റുകൾ സമ്മർദ്ദ ആസ്തികൾ എന്നിവയുള്ള എംഎസ്എംഇ യൂണിറ്റുകൾ എന്നിവയ്ക്ക് പ്രവർത്തന മൂലധന സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

മൈക്രോ (അല്ലെങ്കിൽ നാനോ) യൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റ് നൽകുന്നതിനുള്ള പദ്ധതി.

സംരംഭക വികസന പരിപാടികൾ, വിദഗ്ധ സംരംഭക വികസന കേന്ദ്രങ്ങൾക്കുള്ള പദ്ധതി എന്നിവ ഉൾപ്പെടെയുള്ള സംരംഭകത്വം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ.

## വാണിജ്യ മിഷൻ: വിപണനത്തിനും പുതിയ സാങ്കേതികവിദ്യകൾക്കും വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിനുള്ള ഒരു സ്ഥാപനം

കേരളത്തിലെ വ്യവസായങ്ങൾ, പ്രത്യേകിച്ചും ഭക്ഷ്യ-കാർഷിക സംസ്കരണത്തിലെ എം എസ് എം ഇകൾ, നേരിടുന്ന രണ്ട് പ്രധാന വെല്ലുവിളികൾ (i) മാർക്കറ്റിംഗ (ii) പുതിയ സാങ്കേതികവിദ്യകളും പുതുമകളും തുടർച്ചയായി ലഭ്യമാക്കുക എന്നിവയുമായി ബന്ധപ്പെട്ടതാണ്. താരതമ്യേന പുതിയ ഉൽപ്പന്നങ്ങളുടെ (വെർജിൻ വെളിച്ചെണ്ണ, നീ പോലുള്ളവ) കാര്യത്തിൽ ഈ വെല്ലുവിളികൾ പ്രത്യേകിച്ച് കഠിനമാണ്.

കേരളത്തിലെ താരതമ്യേന ചെറിയ വലിപ്പത്തിലുള്ള വ്യക്തിഗത യൂണിറ്റുകൾക്ക് സ്വന്തമായി ചില്ലറ വിതരണ ശൃംഖല നിർമ്മിക്കുന്നത് ബുദ്ധിമുട്ടാണ്. വിപണിയിൽ ആധിപത്യം പുലർത്തുന്ന വൻകിട സ്ഥാപനങ്ങളുമായി മത്സരിക്കാനുള്ള കഴിവുകളോ സാമ്പത്തിക ശക്തിയോ അവർക്കില്ല. അത്തരമൊരു സന്ദർഭത്തിൽ, വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച വാണിജ്യ മിഷന് ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയും.

### വിപണന സഹായം

പുതിയ ഉൽപ്പന്നങ്ങൾക്കായി (വെർജിൻ വെളിച്ചെണ്ണ, നീര പോലുള്ളവയ്ക്കായി) പ്രൊമോഷണൽ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന് വാണിജ്യ മിഷന് പ്രൊഫഷണലുകളെ ഉൾ പ്പെടുത്താവുന്നതാണ്. ഈ ഉൽപ്പന്നങ്ങളെക്കുറിച്ച് (പ്രത്യേകിച്ച് ഇവയുടെ ആരോഗ്യ മേൻമകളെ കുറിച്ച്) പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ പ്രചരണങ്ങൾ സഹായിക്കും. ഈ പ്രചരണങ്ങളിൽ ചിലത് ടൂറിസം വകുപ്പിനൊപ്പം നടത്താവുന്നതാണ്.

സർക്കാർ സഹായം ലഭിക്കുന്ന സ്ഥാപനങ്ങളുടെ ഷോറൂമുകൾ വഴി കേരളത്തിലെ വ്യവസായ യൂണിറ്റുകളിൽ നിന്ന് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നത് സർക്കാർ പരിഗണിക്കേണ്ടതുണ്ട് (ഉദാഹരണത്തിന്, ഹാൻടെക്സ്, ഹൻവീവ്, ഖാദി ബോർഡ്, സുരഭി).

വാണിജ് മിഷൻ സംസ്ഥാനത്തുടനീളം തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ചില തരത്തിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ രൂപവൽക്കരിക്കുകയും ഗുണനിലവാര പരിശോധനാ സൗകര്യങ്ങൾ സ്ഥാപിക്കുകയും ചെയ്യണം (സർവകലാശാലകളുമായോ ഗവേഷണ സ്ഥാപനങ്ങളുമായോ സംയുക്തമായി സ്ഥാപിക്കാവുന്നതാണ്). ചില ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്ന ഉൽപ്പന്നങ്ങൾ മാത്രമേ മുകളിൽ സൂചിപ്പിച്ചതുപോലെ (സർക്കാർ ഏജൻസികൾ വഴി) പ്രോത്സാഹിപ്പിക്കാനോ / മാർക്കറ്റ് ചെയ്യാനോ സാധിക്കൂ.

വാണിജ്യ മിഷൻ ഒരു ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോം നിർമ്മിക്കുന്നത് പരിഗണിക്ക ണം. വാണിജ്യ മിഷൻ മറ്റ് പ്രവർത്തനങ്ങളോടൊപ്പം കേരളത്തിൽ നിർമ്മിച്ച ഉൽപ്പന്നങ്ങ ളുടെ (ഭക്ഷ്യ ഉൽപന്നങ്ങൾ, കരകൌശല വസ്തുക്കൾ വസ്തുങ്ങൾ) തുടങ്ങിയവയുടെ വിൽപ്പനയെ പ്രോത്സാഹിപ്പിക്കാം.

**സാങ്കേതിക സഹായം**

ഗവേഷണ സ്ഥാപനങ്ങൾ (സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ ഫുഡ് ടെക്നോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്), കേരളത്തിലെ സർവ്വകലാശാലകൾ എന്നിവയുമായി വാണിജ്യ മിഷൻ കൈകോർത്ത് എംഎസ്എംഇകൾക്ക് സാങ്കേതികവും തൊഴിൽപരവുമായ സഹായം തുടർച്ചയായി വാദാനം ചെയ്യുന്നതിനുള്ള സംവിധാനം സൃഷ്ടിക്കണം.

സ്ഥാപനങ്ങൾക്കും സംരംഭകർക്കും പരിശീലന പരിപാടികൾ നൽകുന്നതിന് കൊമേഴ്സ് മിഷൻ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞരെയും പ്രൊഫസർമാരെയും ഉപയോഗിക്കണം.

ഈ സംരംഭങ്ങളുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പിന്റെ ഫീൽഡ് ലെവൽ ഓഫീസർമാർ സംരംഭകരുമായും സ്ഥാപനങ്ങളുമായും (നിലവിലുള്ളതും വരാനിരിക്കുന്നതുമായ) ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കാം.

(കെഐഇഡി) മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള നിർദ്ദേശമുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റിന് ഉയർന്ന സാങ്കേതിക സംരംഭങ്ങൾ സ്ഥാപിക്കുന്നതി നൊപ്പം പുതിയതും നിലവിലുള്ളതുമായ സംരംഭകർക്ക് സഹായം നൽകാം - മൂല്യവർദ്ധനവ്, സാങ്കേതികവിദ്യയുടെ കൈമാറ്റം, ഗവേഷണ-വികസന ഉൽപ്പന്നങ്ങളുടെ വാണിജ്യവൽക്ക രണം.

**References**

Thomas, Jayan Jose (2020): 'Demographic Changes, Economic Growth and Employment: A Study of Indian States', unpublished document, New Delhi: Indian Institute of Technology (IIT) Delhi.

'How to Revive Indian Manufacturing: On the need for Industrial Policy', chapter in the *State of Working India 2019,* Azim Premji University, Bangalore. https://cse.azimpremjiuniversity.edu.in/state-of-working-india/swi-2019/

National Statistical Office (NSO) (2019): *Periodic Labour Force Survey (PLFS) Annual Report (July 2017-June 2018)*, New Delhi: Ministry of Statistics and Programme Implementation, Government of India.

പട്ടിക 6 **കേരളത്തിലെ വ്യവസായ മേഖലയിൽ വ്യവസായങ്ങളുടേയും ജീവനക്കാരുടെയും എണ്ണവും, മൊത്തം മൂല്യവും ( two digit വ്യവസായങ്ങളുടെ വിതരണം) , 2017-18**

| മേഖല | വിതരണം (%) | | | തൊഴിലാളികൾ , (1000 numbers) | വ്യവസായങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| | വ്യവസായം | തൊഴിലാളികൾ | കൂട്ടിച്ചേർത്ത മൊത്തം മൂല്യം | | |
| ഭക്ഷ്യ ഉൽപ്പന്നങ്ങളും പാനീയങ്ങളും (10, 11) | 21.9 | 32.8 | 15.3 | 101.6 | 1672 |
| റബ്ബർ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ (22) | 8.2 | 7.8 | 9.8 | 24.3 | 626 |
| തുണിത്തരങ്ങൾ (13) | 5.4 | 7.6 | 3.1 | 23.7 | 415 |
| മറ്റ് നോൺ-മെറ്റാലിക് ധാതു ഉൽപ്പന്നങ്ങൾ (23) | 12.8 | 6.2 | 4.9 | 19.2 | 976 |
| പുകയില ഉൽപന്നങ്ങൾ (12) | 7.1 | 4.4 | 0.5 | 13.7 | 543 |
| രാസവസ്തുക്കൾ (20) | 1.8 | 3.9 | 13.3 | 12.1 | 139 |
| തുകലും അനുബന്ധ ഉൽപ്പന്നങ്ങളും (15) | 2.8 | 3.2 | 1.7 | 9.8 | 211 |
| വസ്ത്രങ്ങള് (14) | 0.7 | 3.1 | 1.5 | 9.5 | 57 |
| മരം, മരം ഉൽപ്പന്നങ്ങൾ, ഫർണിച്ചറുകൾ (16, 31) | 13.0 | 4.3 | 1.6 | 13.1 | 996 |
| ഫാർമസ്യൂട്ടിക്കൽസ് (21) | 2.2 | 2.7 | 2.9 | 8.5 | 166 |
| കോക്കും ശുദ്ധീകരിച്ച പെട്രോളിയം ഉൽപ്പന്നങ്ങളും (19) | 0.4 | 2.5 | 19.1 | 7.9 | 27 |
| ഇലക്ട്രിക്ക് ഉപകരണം (27) | 1.5 | 2.3 | 2.2 | 7.1 | 117 |
| റെക്കോർഡുചെയ്ത മീഡിയയുടെ അച്ചടിയും പുനർനിർമ്മാണവും (18) | 1.9 | 1.9 | 3.9 | 6.0 | 147 |
| മറ്റ് ഗതാഗത ഉപകരണങ്ങൾ (30) | 0.3 | 1.9 | 4.4 | 5.8 | 24 |
| കമ്പ്യൂട്ടർ, ഇലക്ട്രോണിക്, ഒപ്റ്റിക്കൽ ഉൽപ്പന്നങ്ങൾ (26) | 0.6 | 1.7 | 2.8 | 5.2 | 47 |
| മറ്റ് മാനുഫാക്ച്റിങ്ങ്(32) | 1.0 | 1.4 | 4.5 | 4.4 | 76 |
| അടിസ്ഥാന ലോഹങ്ങൾ (24) | 1.6 | 1.4 | 0.5 | 4.4 | 120 |
| ഫാബ്രിക്കേറ്റഡ് മെറ്റൽ | 2.4 | 1.4 | 0.8 | 4.3 | 186 |

| | | | | | |
|---|---|---|---|---|---|
| ഉൽപ്പന്നങ്ങൾ (25) | | | | | |
| പേപ്പർ, പേപ്പർ ഉൽപ്പന്നങ്ങൾ (17) | 1.9 | 1.1 | 0.5 | 3.3 | 142 |
| യന്ത്രങ്ങളും ഉപകരണങ്ങളും (28) | 1.1 | 1.0 | 0.9 | 3.2 | 85 |
| മോട്ടോർ വാഹനങ്ങൾ, ട്രെയിലറുകൾ, സെമി ട്രെയിലറുകൾ (29) | 0.2 | 0.3 | 0.1 | 1.0 | 16 |
| മൊത്തം വ്യവസായങ്ങൾ | 100 | 100 | 100 | 310.3 | 7649 |

സ്രോതസ്സ്: സ്രോതസ്സ് 2017-18 വാർഷിക വ്യവസായ സർവേയുടെ അടിസ്ഥാനത്തിൽ തോമസിൽ (2020) റിപ്പോർട്ടുചെയ്തതുപോലെ

# വിനോദസഞ്ചാര മേഖലയിലെ നഷ്ടങ്ങളുടെ കണക്കുകൾ

പരിശോധനാ കാലയളവ്: 2020 മാർച്ച്, സെപ്റ്റംബർ

***ടൂറിസം മേഖലയിലെ മൊത്തം നഷ്ടം 20,000 കോടി രൂപയാണ്.***

കഴിഞ്ഞ മൂന്ന് വർഷമായി കേരളത്തിലെ ടൂറിസം വ്യവസായം വളരെയധികം സമ്മർദത്തിലാണ്. 2018 ലെ നിപ്പ വൈറസ് ഭയവും വലിയ വെള്ളപ്പൊക്കവും ഈ മേഖലയെ പ്രതികൂലമായി ബാധിച്ചു. അതിൽ നിന്നു തിരിച്ചു വരുന്ന അവസ്ഥയിലാണ് 2019 ൽ വീണ്ടും വെള്ളപ്പൊക്കം ഉണ്ടായത്. ഈ രണ്ട് ആഘാതങ്ങൾക്കും ശേഷം, സംസ്ഥാനത്തിന്റെ ടൂറിസം മേഖലയെ റിബ്രാൻഡ് നടത്താൻ സർക്കാരും ടൂറിസം വ്യവസായവും ഒരുമിച്ച് പ്രവർത്തിക്കുന്നു. ഈ 360 ഡിഗ്രി മാർക്കറ്റിംഗ് പ്രവർത്തനത്തിൽ ആകർഷകമായ പാക്കേജുകളും ഓൺലൈൻ, ഓഫ്‌ലൈൻ മാധ്യമത്തിന്റെ ശക്തമായ ഉപയോഗവും ഉൾപ്പെടുന്നു.

ഈ നടപടികൾ വളരെ വിജയകരമായിരുന്നു. സഞ്ചാരികളുടെ വരവ് 2019 ൽ ഗണ്യമായി വർദ്ധിച്ചു. 2018 നെ അപേക്ഷിച്ച് മൊത്തം വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 17.2 ശതമാനം വർധനയുണ്ടായി. വിനോദസഞ്ചാരികളുടെ ഈ വളർച്ചാ നിരക്ക് 1995 ന് ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കാണ്. യഥാക്രമം വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിന്റെ വളർച്ചാ നിരക്ക് 8.5 ശതമാനവും 17.8 ശതമാനവും ആയി. ടൂറിസത്തിൽ നിന്നുള്ള മൊത്തം വിദേശനാണ്യ വരുമാനം 2019 ൽ ആദ്യമായി 10,000 കോടി കടന്ന് 10,271 കോടിയിലെത്തി. 2019 ൽ ടൂറിസം മേഖലയിൽ നിന്ന് നേടിയ മൊത്തം വരുമാനം 24.1 ശതമാനം ഉയർന്ന് 45,011 കോടി രൂപയിലെത്തി.

2020 ലും ഇത്തരം വളർച്ചാ പ്രവണതകൾ തുടരുമെന്ന് സംസ്ഥാനം പ്രതീക്ഷിച്ചിരുന്നു. വാസ്തവത്തിൽ, 2020 ജനുവരി വരെ വിനോദസഞ്ചാരികളുടെ വരവ് അതിവേഗം വളർന്നു. അന്താരാഷ്ട്ര സീസണിന്റെ അവസാനത്തിലും ആഭ്യന്തര വേനൽക്കാല സീസണിലും പോലും ബുക്കിംഗും ഒക്യുപ്പൻസി നിരക്കും വർദ്ധിച്ചു.

2020 ജനുവരി അവസാന വാരത്തിൽ ചൈനയിൽ COVID-19 പൊട്ടിപ്പുറപ്പെടുന്നത് ആഗോളതലത്തിൽ യാത്രാ, ടൂറിസം വ്യവസായത്തെ ബാധിച്ചു. 2020 ഫെബ്രുവരി അവസാനത്തോടെ, പടിഞ്ഞാറൻ യൂറോപ്പിലെ (ഇറ്റലി, സ്പെയിൻ, യുണൈറ്റഡ് കിംഗ്ഡം, ഫ്രാൻസ്, ജർമ്മനി) പ്രധാന ഉറവിട വിപണികളിൽ വൈറസ് ബാധിച്ചു. സംസ്ഥാനം സന്ദർശിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. മറ്റ് അന്താരാഷ്ട്ര വിപണികളായ വടക്കേ അമേരിക്ക, പശ്ചിമേഷ്യ എന്നിവപോലും വൈറസ് ബാധയെ അഭിമുഖീകരിച്ചു. 2020 മാർച്ച് 11 ന് ലോകാരോഗ്യ സംഘടന (ഡബ്ല്യുഎച്ച്ഒ) പകർച്ചവ്യാധിയെ ഒരു മഹാമാരിയായി പ്രഖ്യാപിച്ചു, ഇത് ലോകമെമ്പാടുമുള്ള യാത്രാ നിരോധനത്തിന് കാരണമായി.

ഘട്ടംഘട്ടമായി, നിലവിലുള്ള എല്ലാ വിസകളും (ഔദ്യോഗിക / നയതന്ത്രം ഒഴികെ) 2020 മെയ് 3 വരെ താൽക്കാലികമായി നിർത്തിവയ്ക്കാൻ ഇന്ത്യൻ സർക്കാർ തീരുമാനിച്ചു. പുതിയ വിസകൾ നൽകുന്നില്ല. മെഡിക്കൽ പരിശോധനകൾ, നിരീക്ഷണത്തിനും ക്വാറൻറിൻ തുടങ്ങിയ ആരോഗ്യ നിയന്ത്രണങ്ങൾ ആവശ്യമെങ്കിൽ അവധിക്കാലം വെട്ടിക്കുറച്ച് മടങ്ങിവരാൻ അന്താരാഷ്ട്ര വിനോദ സഞ്ചാരികളെ പ്രേരിപ്പിക്കുന്നു. യാത്രകൾക്കും പരിമിതമായ കണക്ടിവിട്ടികൽക്കുള്ള നിയന്ത്രണങ്ങളും പരിശോധനകളും ആഭ്യന്തര യാത്രയെയും ടൂറിസത്തെയും സാരമായി ബാധിച്ചു.

മഹാമാരി കാരണം ഏറ്റവും കൂടുതൽ ബാധിച്ച മേഖല ടൂറിസം വവ്യവസായമാണ്. ടൂറിസം മേഖലയിലെ ഒരു പ്രതിനിധി പറഞ്ഞതനുസരിച്ച്, ടൂറിസം മേഖലക്കാണ് ആദ്യത്തെ പ്രഹരവും സമ്പദ്‌വ്യവസ്ഥയിലെ ഏറ്റവും മോശം തിരിച്ചടിയും. ഈ മേഖലയുടെ 80 ശതമാനവും ചെറുകിട, ഇടത്തരം സംരംഭങ്ങളാൽ നിർമ്മിക്കപ്പെ ട്ടതിനാൽ ലോകത്തിലെ ദശലക്ഷക്കണക്കിന് ഉപജീവനമാർഗങ്ങൾ ദുർബലമായിത്തീ ർന്നിരിക്കുന്നു. വ്യവസായത്തിലെ പങ്കാളികൾ (ടൂർ ഓപ്പറേറ്റർമാർ, ഹോട്ടലുകൾ, റിസോർട്ടുകൾ) വൻതോതിൽ റദ്ദാക്കലുകളും ആൾക്കാർ എത്തിപ്പെടാതെ ഇരിക്കുകയും അനുഭവപ്പെടുന്നു. നിലവിൽ, COVID-19 ലോകമെമ്പാടുമുള്ള 150 ലധികം രാജ്യങ്ങളിലേക്ക് ഉണ്ടായ വ്യാപനം ഇതുവരെ അടങ്ങിയിട്ടില്ലാത്തതിനാൽ, ഒരു തിരിച്ചുവരവിന് എത്ര സമയമെടുക്കുമെന്ന് ടൂറിസം മേഖലയ്ക്ക് കണക്കാക്കുന്നത് ബുദ്ധിമുട്ടാണ്. അടുത്ത 3 മാസ ത്തേക്ക് നിയന്ത്രണങ്ങളും ആരോഗ്യ ഉപദേശങ്ങളും തുടരുകയാണെങ്കിൽ, മിക്കവാറും ഇത് 6 മാസത്തോളം നീണ്ടുനിൽക്കുമെന്ന് ടൂറിസം മേഖല പ്രതീക്ഷിക്കുന്നു. ഈ മേഖല യിൽ നിന്നുള്ള വാർഷിക വരുമാനം 45000 കോടി രൂപയാണെന്ന് കരുതുകയാണെ ങ്കിൽ, 2020-21ൽ ഏകദേശം 20,000 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്ന് ഞങ്ങൾ കണക്കാക്കുന്നു. ആവശ്യകതയിലെ മാന്ദ്യം 2021 സെപ്റ്റംബർ വരെ വ്യത്യസ്ത രീതികളിൽ തുടരുമെന്ന് പ്രതീക്ഷിക്കുന്നു.

ചെറുകിട ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാർ മുതൽ വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ വരെ എല്ലാ ബിസിനസ്സ് മേഖലകളിലും ഈ ആഘാതം വ്യാപകമായി അനുഭവപ്പെടുന്നു. മിക്കവാറും എല്ലാ ബിസിനസ്സുകളെയും ബാധിക്കുകയും ബിസിനസ്സ് അടച്ചുപൂട്ടലും ഉപജീവന നഷ്ടവും ഈ മേഖല നേരിടുകയും ചെയ്യുന്നു. ട്രാവൽ ഏജൻസികൾക്കും ടൂർ ഓപ്പറേറ്റർമാർക്കും സീറോ ബുക്കിംഗും വലിയ റദ്ദാക്കലുകളും അനുഭവപ്പെട്ടും. തങ്ങളുടെ സ്റ്റാഫിന്റെ ശമ്പളം നൽകാൻ അവർ പാടുപെടുകയാണ്. ഒരു ടൂർ ഓപ്പറേറ്റർ ഏത് സമയത്തും കുറഞ്ഞത് 100 വെണ്ടർമാരുമായി ഇടപഴകണം. ഹോട്ടൽ / റിസോർട്ട് മുറികൾ ബുക്കിംഗ് ഇല്ല, മാത്രമല്ല അവരുടെ സ്ഥാപനങ്ങളിൽ ഉപഭോക്താക്കളില്ല. വരുമാനമൊന്നുമില്ലാതെ ഹോട്ടൽ ഉടമകൾക്ക് അവരുടെ സ്വത്തും പ്രധാന ജീവനക്കാരെ നിലനിർത്താൻ ബുദ്ധിമുട്ടാണ്. ഹോംസ്റ്റേകളിലും സന്ദർശകരോ ബുക്കിംഗോ ഇല്ല. എല്ലാ ഹൌസ് ബോട്ടുകളും നങ്കൂരം ചെയ്തു. ഗതാഗത പ്രവർത്തനങ്ങൾ നിലച്ചു. റെസ്റ്റോറന്റുകളും ഭക്ഷണശാലകളും അടച്ചിരിക്കുന്നു. ഈ സ്ഥാപനങ്ങൾക്കെല്ലാം, 2020 മാർച്ച്, ഏപ്രിൽ

മാസങ്ങളിൽ നൽകേണ്ട വൈദ്യുതി, വെള്ളം എന്നിവപോലുള്ള ബില്ലുകൾ ഉണ്ട്. മിക്ക കേസുകളിലും, ലോക് ഡൌൺ കാലയളവിൽ ബന്ധപ്പെട്ട ലൈസൻസുകൾ പുതുക്കണം എന്നു പ്രതീക്ഷിക്കുന്നു, കൂടാതെ വിപുലീകരണങ്ങൾ ഉണ്ടാകുമോ എന്ന ആശങ്കയുണ്ട്. യഥാസമയം ലഭിച്ചു.

ഹോട്ടലുകൾ/റിസോർട്ടുകൾ, പുരവഞ്ചികൾ, റസ്റ്റോറൻറുകൾ എന്നിവയ്ക്കുള്ള പാൽ, പച്ചക്കറി, ഇറച്ചി തുടങ്ങിയവയുടെ വിതരണം ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ കഷ്ടപ്പാടിലാണ്. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കടകൾ സഞ്ചാരികൾ ഇല്ലാത്തതുകൊണ്ട് തൊഴിലും വരുമാനവും ഇല്ലാതായിരിക്കുന്നു. ഉത്തരവാദിത്ത വിനോദസഞ്ചാര യൂണിറ്റുകൾക്ക് യാതൊരുവിധ സാമ്പത്തിക പ്രവർത്തനങ്ങളും ഇല്ല. ടൂറിസം രംഗത്ത് വലിയ നിക്ഷേപം നടത്തിയിട്ടുള്ള സംരംഭകരും ബാങ്കിലേക്കുള്ള തിരിച്ചടവും പ്രതിസന്ധിയിലാണ്.

ടൂറിസം വ്യവസായത്തിൽ ജോലിയിൽ നിന്ന് പിരിച്ചുവിടൽ, ഉദ്യോഗസ്ഥരുടെ യുക്തിപരമായ പുനർഘടന, ശമ്പളം ലഭിക്കാത്ത അവധികൾ, സംസ്ഥാനത്തെ ഉപജീവന പ്രവർത്തനങ്ങൾ എന്നിവ നഷ്ടപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിന്റെ ടൂറിസം മേഖലയിൽ ഏകദേശം 15 ലക്ഷത്തോളം തൊഴിലാളികളുണ്ട്. ഈ തൊഴിലാളികളിൽ ഒരു വിഭാഗത്തിന് 2020 മാർച്ചിൽ ശമ്പളവും വേതനവും ലഭിക്കാൻ ഭാഗ്യമുണ്ടായിട്ടുണ്ട്. എന്നിരുന്നാലും, എല്ലാ തൊഴിലാളികൾക്കും 2020 ഏപ്രിലിൽ എല്ലാ വേതനവും നൽകുവാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല.

ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾക്ക് ടൂറിസം മേഖലയിൽ ഒരു പ്രധാന ചുവടുവെപ്പുണ്ട്. മീറ്റിംഗുകൾ, പ്രോത്സാഹനങ്ങൾ, കോൺഫറൻസുകൾ, എക്സിബിഷൻ (മൈസ്), ഡെസ്റ്റനേഷൻ വിവാഹങ്ങൾ എന്നിവയിൽ വിദേശത്തുനിന്നും ഇന്ത്യയ്ക്കകത്തുനിന്നും ബിസിനസ്സ് ആകർഷിക്കുന്നതിൽ അവർ പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിൽ ജിഎസ്ടി രജിസ്ട്രേഷനോട് കൂടി 1500 ഓളം ഇവന്റ് മാനേജ്മെന്റ് കമ്പനികളുണ്ട്. ഏകദേശം 45,000 ആളുകൾ ഈ വ്യവസായത്തിൽ നേരിട്ട് ജോലി ചെയ്യുന്നു, ഒരു ലക്ഷം ആളുകൾ പരോക്ഷമായി ഏർപ്പെടുന്നു. ഈ മേഖല അതിന്റെ സ്വഭാവത്തിൽ അനൌ പചാരികമാണ്. ഈ ഉപമേഖലയ്ക്ക് വാർഷിക വിറ്റുവരവ് 3600 കോടി രൂപയാണ്. റദ്ദാക്കിയ ബുക്കിംഗും മറ്റ് നഷ്ടങ്ങളും കാരണം ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ 300 കോടി രൂപയുടെ നഷ്ടം പ്രതീക്ഷിക്കുന്നു.

കേരളത്തിലെ ഹൗസ് ബോട്ട് വ്യവസായത്തിൽ പ്രധാനമായും ചെറുകിട, ഇടത്തരം ഓപ്പറേറ്റർമാരാണ്. പല ബോട്ട് ഉടമകളും ഡ്രൈവർ / കുക്ക് / സഹായികളും അതേ ബോട്ടിൽ ജോലി ചെയ്യുന്നു. ഹൌസ് ബോട്ടുകൾക്ക് ഗണ്യമായ വാർഷിക പരിപാലനച്ചെലവ് ആവശ്യമാണ്. എന്നാൽ ഇപ്പോൾ ബിസിനസ്സ് നിലച്ചു. ഹൌസ് ബോട്ട് ഉടമകളുടെ അഭിപ്രായത്തിൽ, അവരിൽ പലരും ധനസമാഹരണത്തിനായി സ്വത്ത് അല്ലെങ്കിൽ ബോട്ട് പണയം വച്ചിട്ടുണ്ട്. പുതിയ പ്രവർത്തന മൂലധന ആവശ്യകതകൾക്കായി മറ്റൊരു സ്വത്ത് പണയം വയ്ക്കുകയല്ലാതെ വേറെ മാർഗങ്ങളില്ല.

## ഭാവി തന്ത്രങ്ങൾ

പരിചയസമ്പന്നരായ പല വ്യക്തികളും പറയുന്നതനുസരിച്ച് ടൂറിസം വ്യവസായത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രധാന കാര്യം ഹ്രസ്വകാലമായിട്ട് (ഒരു വർഷം) അതിജീവനവും ഇടത്തരമായിട്ട് (മൂന്ന് വർഷം) പുനരുജ്ജീവനം എന്നതാണ്. നിലവി ലുള്ള സ്ഥാപനങ്ങളുടെയും ജോലികളുടെയും കഴിയുന്നിടത്തോളം സംരക്ഷണത്തെയാണ് അതിജീവനത്തിലൂടെ ഞങ്ങൾ പരാമർശിക്കുന്നത്. പുനരുജ്ജീവനത്തിലൂടെ, 2020-21 ലെ വരുമാനവും വരവും 2020 ജനുവരി വരെ ഉണ്ടായിരുന്നതിന്റെ ഗണ്യമായ അനുപാതത്തിലേക്ക് മടങ്ങിവരുന്നുവെന്ന് ഉറപ്പാക്കുന്ന ഘട്ടങ്ങളെയാണ് ഞങ്ങൾ പരാമർശിക്കുന്നത്. ഇത് നേടുന്നതിന് ഞങ്ങൾ പ്രത്യേക ലക്ഷ്യങ്ങൾ നിശ്ചയിക്കേ ണ്ടതുണ്ട്, അവ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയും വേണം. ഹ്രസ്വ, ഇടത്തരം പ്രവർത്തനങ്ങളിൽ, COVID-19 നെതിരായ പ്രചാരണ വേളയിൽ കേരളത്തിന്റെ കരുത്തും നേട്ടങ്ങളും അടിസ്ഥാനമാക്കി ഒരു അതിതീവ്രമായ വിപണന തന്ത്രം ഞങ്ങൾക്ക് ആവശ്യമാണ്.

അതിതീവ്രമായ വിപണന പ്രവർത്തനങ്ങൾ നടത്തുന്നതിന് മുമ്പ്, കേരളത്തെ സുരക്ഷിതവും ആരോഗ്യകരവുമായ വിനോദസഞ്ചാര കേന്ദ്രമായി പുനരുദ്ധരിക്കണം. അന്താരാഷ്ട്ര വിമാന സർവീസുകൾ, വിസ മാനദണ്ഡങ്ങൾ തുടങ്ങിയവയുടെ കാര്യം അനിശ്ചിതത്വത്തിലായതിനാൽ ആഭ്യന്തര വിനോദ സഞ്ചാരത്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. അന്തർസംസ്ഥാന ഗതാഗതം സാധാരണ നിലയിലായതിന് ശേഷം വ്യാപാര മേളകളെയും റോഡ് ഷോകളെയും കുറിച്ച് ചിന്തിക്കാവുന്നതാണ്. മുൻനിര ഹോസ്പിറ്റാലിറ്റി സേവന ദാതാക്കൾക്ക് തീവ്ര പരിശീലനം നൽകുന്നതിന് ഈ സമയം ഉപയോഗിക്കണം. മൂലധന സാന്ദ്രത കൂടിയ പുതിയ നിക്ഷേപങ്ങൾ മാറ്റിവയ്ക്കാവുന്നതാണ്, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനത്തിനും അറ്റകുറ്റപണികൾ നടത്തുന്നതിലും നിലവിലുള്ള പദ്ധതികൾ അതിവേഗം പൂർത്തീകരിക്കുന്നതിലും ഊന്നൽ നൽകണം.

വിനോദസഞ്ചാര മേഖലയിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് (MSMEകൾക്ക് ) അടിയന്തിര പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകുന്നത് വകുപ്പിന് പരിഗണിക്കാവുന്നതാണ്.

അടിസ്ഥാന സൗകര്യങ്ങൾക്കായി ഇതിനകം അനുവദിച്ച തുക വിനിയോഗക്കുമ്പോൾ പ്രമുഖ വിനോദസഞ്ചാര ലക്ഷ്യസ്ഥാനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരികണം. ഈ ലക്ഷ്യസ്ഥാനങ്ങളിൽ കോവിഡുമായി ബന്ധപെട്ട സുരക്ഷിത ശുചിത്വ സൗകര്യങ്ങളും പ്രവർത്തന മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും രൂപീകരിക്കണം.

## ഹ്രസ്വകാല നിലനിൽപ്പ്

ഈ മേഖലയിലെ ദ്രവ്യത ലഭ്യത ഉറപ്പുവരുത്തുന്നതിനായി ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും ഒരു കൺസോർഷ്യം കൊണ്ടുവരികയാണ് ഹ്രസ്വകാലത്തിൽ കേരളം ലക്ഷ്യമിടേണ്ടത്. കേരള ബാങ്കും കേന്ദ്രതലത്തിലുള്ള സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയും (എസ്‌എൽബിസി) ഈ കൺസോർഷ്യം സൃഷ്ടിച്ചേക്കാം. കൃത്യസമയത്ത് തിരിച്ചടവ് നടത്തുകയാണെങ്കിൽ പലിശ നിരക്ക് സബ്സിഡികൾ ലഭിക്കുമെന്ന റൈഡറുമായി 25 ലക്ഷം രൂപ വരെ വായ്പകൾ ഈ മേഖലയ്ക്ക് സോഫ്റ്റ് ടേമിൽ ലഭ്യമാക്കാം. ഇത് ടൂറിസം മേഖലയെ ഹ്രസ്വകാലത്തേക്ക് അവരുടെ ബിസിനസ്സ് മുറുകെ പിടിക്കാൻ അനുവദിക്കുക മാത്രമല്ല, കുറച്ച് മുതൽമുടക്കിൽ പരിശീലനം നേടിയ തൊഴിലാളികളെ നിലനിർത്താനും സഹായിക്കും.

വിനോദസഞ്ചാര മേഖലയിൽ തൊഴിലാളികളെ പിരിച്ച് വിടാതെ തൊഴിൽ ശക്തി നിലനിർത്താൻ സാധിക്കുന്നതിന് വേണ്ടി ഒരു ഫണ്ട് രൂപീകരിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് സജീവമായി ആവശ്യപ്പെടണം. ഫണ്ടിന്റെ ഗുണഭോക്താക്കളാകണമെങ്കിൽ സ്ഥാപനങ്ങൾ തൊഴിലാളികളെ പിരിച്ചുവിടരുതെന്ന വ്യവസ്ഥയുമുണ്ടാകണം. ഈ മേഖലയിലെ സ്വയംതൊഴിലിൽ ഏർപ്പെട്ടവർക്ക് ഉപജീവന അലവൻസ് നൽകാനും ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. വിനോദസഞ്ചാര മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ അടയ്ക്കേണ്ട ആറുമാസത്തേക്കുള്ള എല്ലാ പലിശയും കേന്ദ്ര സർക്കാർ സംപൂർണ ഇളവ് നൽകണം. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ചരക്ക് സേവന നികുതി റിട്ടേൺ സമർപ്പിക്കുന്നത് മാറ്റിവയ്ക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടണം. ചരക്ക് സേവന നികുതി അടയ്ക്കുന്നത് മൂന്ന് മാസത്തേക്ക് മാറ്റിവയ്ക്കണം. 90 ശതമാനം ജീവനക്കാർക്കും പ്രതിമാസം 15,000 രൂപ ശമ്പളം നൽകുന്ന സ്ഥാപനങ്ങൾക്ക് ഇഎസ്ഐ / ഇപിഎഫിലേക്ക് തൊഴിലുടമയുടെ സംഭാവന കേന്ദ്ര സർക്കാർ നൽകും എന്ന് ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വ്യവസ്ഥ കേരളത്തിലെ വിനോദസഞ്ചാര മേഖലയെ പൂർണമായി ഇതിൽ നിന്ന് ഒഴിവാക്കുന്നതാണ്. പ്രതിമാസ ശമ്പള പരിധിയില്ലാതെ വിനോദസഞ്ചാര മേഖലയെ മൊത്തത്തിൽ ഇതിന്റെ കീഴിൽ ഉൾപ്പെടുത്താൻ കേന്ദ്രത്തോട് ആവശ്യപ്പെടണം; ശമ്പളപ്പട്ടികയിൽ നിലവിലുള്ള എല്ലാ ജീവനക്കാരെയും നിർബന്ധിതമായി നിലനിർത്തണം എന്ന നിബന്ധനയാകാം.

സഹായം നൽകാൻ വിനോദസഞ്ചാരമായി ബന്ധപ്പെട്ട മേഖലകളിലെ തൊഴിലാളി ക്ഷേമനിധികൾ സംസ്ഥാന സർക്കാരിന് ഉപയോഗിക്കാവുന്നതാണ്. ടാക്സി ഡ്രൈവർമാരുടെ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത ടാക്സി ഡ്രൈവർമാർക്ക് കുറഞ്ഞത് മൂന്ന് മാസത്തെ ശമ്പളം നൽകുമെന്ന് കരുതുന്നു. അടച്ച തീർക്കാത്ത വൈദ്യുതി, ജലം ബില്ലുകൾ സംബന്ധിച്ച് ഈ മേഖലയിലെ സ്ഥാപനങ്ങൾക്ക് സർക്കാറിന് ചില ഇളവുകൾ നൽകാവുന്നതാണ്.

പല ബാർ ലൈസൻസുകളും 2020 മാർച്ച് 31 ന് പുതുക്കേണ്ടതാണ്. കൂടുതല് പണമടയ്ക്കാതെ തന്നെ ഈ ലൈസൻസുകൾ മൂന്ന് മാസത്തേക്ക് നീട്ടാവുന്നതാണ്. ബാർ ലൈസൻസ് പുതുക്കൽ ഫീസ് ഒരു വർഷത്തേക്ക് 30 ലക്ഷം രൂപയും ബിയർ ആൻഡ് വൈൻ ലൈസൻസ് പുതുക്കൽ ഫീസ് ഒരു വർഷത്തേക്ക് 5 ലക്ഷം രൂപയുമാണ്.

2020-21 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട കെട്ടിട നികുതിയുടെ അടവ് 6 മാസത്തേക്ക് നീട്ടിവെക്കാവുന്നതാണ്. കേരള സർക്കാർ അംഗീകരിച്ച ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാർക്ക് ആറു മാസത്തേക്ക് റോഡ് നികുതി ഇളവ് ലഭ്യമാക്കാവുന്നതാണ്. കെഎസ്ഇബിക്ക് നൽകേണ്ട വൈദ്യുതി ബില്ലുകളുടെ അടവ് മൂന്ന് മാസത്തേക്ക് മാറ്റിവയ്ക്കാവുന്നതാണ്, കൂടാതെ അടച്ചിരിക്കുകയോ ചെറിയ തോതിൽ പ്രവർത്തിക്കുകയോയാണ് ഹോട്ടലുകൾ ചെയ്യുന്നത് എന്ന വസ്തുത കണക്കിലെടുത്ത് ചില ഇളവുകൾ അനുവദിക്കാവുന്നതാണ്. സർക്കാരിനും മലിനീകരണ നിയന്ത്രണ ബോർഡിനും നൽകേണ്ട വാടകയുടെ അടവ് ആറു മാസത്തേക്ക് മാറ്റിവയ്ക്കാവുന്നതാണ്.

**ഇടക്കാല പുനരുജ്ജീവനം**

യാത്രാ നിയന്ത്രണങ്ങളുടെയും ആരോഗ്യ നിർദേശങ്ങളുടെയും സമയം കഴിഞ്ഞതിന് ശേഷം ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുക എന്നതായിരിക്കണം ഇടത്തരം കാലഘ ട്ടത്തിലേക്കുള്ള തന്ത്രം. ആഭ്യന്തര വിനോദസഞ്ചാര മേഖലയിൽ നാം പ്രത്യേകം ശ്രദ്ധിക്ക ണം. ടൂർ ഓപ്പറേറ്റർമാർ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേകൾ എന്നിവയുടെ വിപണി വികസിപ്പിക്കുന്നതിന് സഹായകമായി സർക്കാർ പ്രത്യേക പദ്ധതികൾ ആരംഭിക്കണം. ദേശീയ അന്തർദ്ദേശീയ വ്യാപാര മേളകളിലും ബി 2 ബി മീറ്റുകളിലും ടൂർ ഓപ്പറേറ്റർമാർക്കും ഹോട്ടലുകാർക്കും എന്നിവര്ക്ക് പങ്കെടുക്കാനുള്ള ഫീസിൽ കിഴിവുകൾ അനുവദികാവുന്നതാണ്. നിലവിലുള്ള ഉത്തരവാദിത്ത വിനോദസഞ്ചാരം യൂണിറ്റുകളുടെ വ്യാപ്തി വിപുലീകരിക്കുകയും കൂടുതൽ പ്രദേശങ്ങളെയും സമൂഹങ്ങളേയും ഉത്തരവാദിത്ത വിനോദസഞ്ചാര പാക്കേജുകളുടെ പരിധിയിൽ കൊണ്ടു വരുകയും വേണം.

**ദീർഘകാല തന്ത്രം**

പതിമൂന്നാം പഞ്ചവത്സര പദ്ധതി വ്യക്തമാക്കിയ അടിസ്ഥാന ലക്ഷ്യങ്ങളിൽ നിന്ന് ദീർഘകാല തന്ത്രം വ്യതിചലിക്കേണ്ടതില്ല. വിദേശ വിനോദ സഞ്ചാരികളുടെ വരവ് ഇരട്ടിയാക്കുക, ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവ് 50 ശതമാനം വർദ്ധിപ്പിക്കുക, 2021-22 ഓടെ ഈ മേഖലയിൽ 400,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാ യിരുന്നു ലക്ഷ്യം. ആവർത്തിച്ചുള്ള പ്രകൃതിദുരന്തങ്ങൾ ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ പരിശ്രമങ്ങൾക്ക് തടയായി, പക്ഷേ ലക്ഷ്യങ്ങളിൽ മാറ്റം വരുത്തേണ്ടതില്ല. മാർക്കറ്റിംഗ് ബജറ്റിലെ വർദ്ധനവ് 2016 ൽ കേരള

സംസ്ഥാന ആസൂത്രണ ബോർഡ് മുന്നോട്ടുവച്ച ഈ ലക്ഷ്യത്തിന്റെ ഭാഗമായിരുന്നു. ആഗോള അവധിക്കാല ലക്ഷ്യസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന്റെ സ്ഥാനം ഉറപ്പ് വരുത്തുന്നതിലും ലോകത്തിന്റെ ഈ ഭാഗത്ത് ഉയർന്ന മൂല്യമുള്ള വിനോദസഞ്ചാര ലക്ഷ്യസ്ഥാനമായി സംസ്ഥാനത്തെ പുന:സ്ഥാപി ക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കണം.

# ഗതാഗതത്തിലെ നഷ്ടത്തിന്റെ കണക്കുകൾ

കോവിഡ്-19 കാരണത്താൽ വിവിധ മേഖലകളിലുണ്ടാവുന്ന സാമ്പത്തിക നഷ്ടം വിലയിരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് കേരളത്തിലെ ഗതാഗത മേഖലയിലെ നഷ്ടത്തെക്കുറിച്ച് ത്വരിത വിലയിരുത്തൽ നടത്തി. ഈ മേഖലയിലെ വരുമാന നഷ്ടവും ബന്ധപ്പെട്ട തൊഴിൽ, വേതന നഷ്ടങ്ങളും ഗതാഗത മേഖലയിൽ മൊത്തത്തിൽ മഹാമാരി ഉണ്ടാക്കിയ ആഘാതവും കണ്ടെത്തുകയായിരുന്നു പ്രധാന ലക്ഷ്യം. ഈ മൂല്യനിർണ്ണയം സെക്കണ്ടറി ഡാറ്റയും മറ്റ് വിവരങ്ങളും ഈ മേഖലയുമായി ബന്ധപ്പെട്ട വിവിധ ഏജൻസികൾക്കും അസോസിയേഷനുകൾക്കും വിതരണംചെയ്ത ചോദ്യാവലിയിൽ നിന്ന് ലഭിച്ച പ്രതികരണങ്ങളും അടിസ്ഥാനമാക്കിയുള്ളതാണ്.

സംസ്ഥാനത്തൊട്ടാകെ വ്യാപിച്ചുകിടക്കുന്ന ഒരു ബഹുതല ഗതാഗത സംവിധാനം എന്ന പ്രത്യേകത കേരളത്തിനുണ്ട്. പ്രതിസന്ധി ഘട്ടങ്ങളിലും അടുത്തിടെയുണ്ടായ വെള്ളപ്പൊക്ക ത്തിലും ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട മേഖലകളിലൊന്നാണ് ഗതാഗത മേഖല. എല്ലാ ഗതാഗത മാർഗ്ഗങ്ങളും (അടിയന്തര സേവനങ്ങൾ ഒഴികെ) നിലച്ചതിനാൽ ഇപ്പോഴത്തെ മഹാമാരിയും ഈ മേഖലയെ പ്രതികൂലമായി ബാധിച്ചു.

### ലോക്ക്ഡൌൺ സാഹചര്യം

ലോക്ക്ഡൌൺ കാലയളവിൽ എല്ലാ ഗതാഗത രീതികളെയും പ്രതികൂലമായി ബാധിച്ചു. ലോക്ക്ഡൌൺ കാലഘട്ടത്തിൽ, ചരക്കുനീക്കത്തിന്റെയും അവശ്യ തൊഴിലാളികളുടെയും നീക്കം ഉറപ്പുവരുത്തുന്നതിനായി ഗതാഗത സംവിധാനം പ്രവർത്തനക്ഷമമാക്കുക എന്നതായിരുന്നു ഈ രംഗത്തെ സംഘടനകളുടെ മുൻഗണന.

ലോക്ക്ഡൌൺ കാലത്ത് ഗതാഗത മേഖലയെ ബാധിച്ച പ്രധാന കാര്യങ്ങൾ ഇനിപ്പറയുന്നവയാണ്.

1) കെഎസ്ആർടിസിയുടെയും സ്വകാര്യ ഉടമകളുടെയും വരുമാനം പൂർണ്ണമായും നഷ്ടപ്പെട്ടു. പക്ഷേ ചെലവിൽ ഗണ്യമായ കുറവുണ്ടായിട്ടില്ല.

2) ഓട്ടോ/ടാക്സി/ഡ്രൈവറന്മാർ എന്നിവരിൽ ഭൂരിപക്ഷത്തിന്റെയും വരുമാനം നഷ്ടപ്പെട്ടു.

3) ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന മിക്ക ഡ്രൈവറന്മാരുടെയും ജോലി നഷ്ടപ്പെടുകയും അതിലൂടെ അവരുടെ വരുമാന മാർഗ്ഗം അടയുകയും ചെയ്തു.

4) മോറട്ടോറിയം കാലത്തെ പലിശ കാരണം തിരിച്ചടയ്ക്കേണ്ട വായ്പാ തുക വർധിക്കും.

5) വാഹനങ്ങൾ ഓടുന്നില്ലെങ്കിലും റോഡ് ടാക്സ് അടയ്ക്കേണ്ടതുണ്ട്.

6) വാഹനങ്ങളുടെ ഭാഗങ്ങൾ ഉപയോഗിക്കാതെയിരിക്കുന്നതുമൂലം കേടാവുന്നു.

7) ഗതാഗതവുമായി ബന്ധപ്പെട്ട ബിസിനസ്സുകളെല്ലാം നിലച്ചു എങ്കിലും ശമ്പളം, വാടക, തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള നികുതികൾ എന്നീ ചെലവുകൾ വഹിക്കേണ്ടിവരുന്നു.

8) ട്രക്കുകൾ വാടകയ്ക്ക് എടുത്ത് ചരക്കുകൾ കടത്തുന്ന ചുരുക്കം കടത്തുകാർക്ക് വാടക ഗണ്യമായി ഉയർന്നത് അവരുടെ പ്രവർത്തനത്തിൽ ബുദ്ധിമുട്ട് നേരിടുന്നു.

9) വിനോദസഞ്ചാരത്തിന് ഒഴിച്ചുകൂടാനാവാത്തതാണ് ഗതാഗതം, എന്നാൽ വിനോദസഞ്ചാരമൊന്നാകെ പൊളിഞ്ഞിരിക്കുന്നു.

## ഈ മേഖലയിലെ നഷ്ടത്തിന്റെ കണക്കാക്കൽ

ഗതാഗത മേഖലയിൽ സർക്കാരിന് വേണ്ടി നിരക്ക് പരിഷ്കരണ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് നാറ്റ്പാക് (NATPAC) പിന്തുടരുന്ന കണക്കുകളും നടപടിക്രമങ്ങളും ഈ എസ്റ്റിമേറ്റുകളും പ്രൊജക്ഷനുകളും തയ്യാറാക്കാൻ വേണ്ടി ഉപയോഗിച്ചിട്ടുണ്ട്.

ഇളവിന്റെ ഭാഗമായി ലോക്ക്ഡൌൺ കാലത്ത് ചില തരം യാത്രക്കാരുടെയും ചരക്ക് ഗതാഗതത്തിന്റെയും ഭാഗിക ഉപയോഗത്തെ അടിസ്ഥാനമാക്കി പ്രതിദിന അറ്റാദായത്തിന്റെ നഷ്ടം ഏകദേശം 241 കോടി രൂപയായി കണക്കാക്കപ്പെടുന്നു. ഗതാഗത മേഖലയിലെ ലോക്ക്ഡൌൺ 24.2 ലക്ഷത്തോളം ആളുകളെ നേരിട്ടും അല്ലാതെയും ബാധിക്കും.

യാത്രക്കാരുടെയും ചരക്ക് ഗതാഗതത്തിന്റെയും പ്രതീക്ഷിത അറ്റ വരുമാന നഷ്ടം പട്ടിക 1 നൽകുന്നു. പ്രതിദിനം പ്രതീക്ഷിക്കുന്ന അറ്റ വരുമാന നഷ്ടം കണക്കാക്കുന്നതിന്റെ വിശദാംശങ്ങൾ പട്ടിക 2 നൽകുന്നു. ലോക്ക്ഡൌൺ കാലയളവിൽ 40 ദിവസത്തെ ഗതാഗത മേഖലയിലെ നഷ്ടം 9600 കോടി രൂപയാണ്.

പട്ടിക 1 **റോഡ് ഗതാഗത മേഖലയിൽ കണക്കാക്കിയ പ്രതിദിന അറ്റവരുമാനം, രൂപയിൽ**

| ഗതാഗതം | വാഹനങ്ങൾ | സാധുവായ രജിസ്റ്റ്രേഷനുള്ള വാഹനങ്ങളുടെ എണ്ണം | പ്രതീക്ഷിക്കുന്ന പ്രതിദിന അറ്റവരുമാന നഷ്ടം (രൂപയിൽ) |
|---|---|---|---|

| | | | |
|---|---|---|---|
| യാത്രാ ഗതാഗതം | ഓട്ടോറിക്ഷകൾ | 6,71,906 | 58,72,45,844 |
| | ടാക്സി കാറുകൾ | 1,37,181 | 40,47,52,541 |
| | സ്റ്റേജ് വണ്ടികൾ (സർക്കാരിന്റെയും സ്വകാര്യ സ്ഥാപങ്ങളുടെയും) | 22,500 | 11,99,92,500 |
| | കരാർ വണ്ടികൾ | 77,133 | 41,47,82,708 |
| ചരക്ക് ഗതാഗതം | മുചക്ര വാഹനങ്ങളും ടെമ്പോകളും | 4,77,027 | 62,49,05,370 |
| | ഫോർ വീലർ ട്രക്കുകൾ / ലോറികൾ | 1,55,705 | 20,04,70,188 |
| | ട്രെയിലറുകൾ | 14,296 | 5,75,41,400 |
| | ഉഴവുയന്ത്രങ്ങൾ | 2,813 | 63,29,250 |
| ആകെ വരുമാന നഷ്ടം | | | 241,60,19,800 |

സ്രോതസ്സ്: നാറ്റ്പാക്

പട്ടിക 2 **റോഡ് ഗതാഗത മേഖലയിൽ ലോക്ക്ഡൌൺ സാഹചര്യത്തിൽ കണക്കാക്കിയപ്രതിദിനം അറ്റ വരുമാനവും പ്രതിദിന അറ്റ വരുമാന നഷ്ടവും**

| ഗതാഗത മാർഗങ്ങൾ | വാഹനങ്ങൾ | സാധുവായ രജിസ്റ്ററേഷനുള്ള വാഹനങ്ങളുടെ എണ്ണം | ഒരു വാഹനത്തിന് പ്രതിദിനം ലഭിക്കുന്ന ശരാശരി അറ്റ വരുമാനം (രൂപയിൽ) | അടച്ചിടൽ ഘടത്തിലെ ഉപയോഗം | കണക്കാക്കുന്ന പ്രതിദിന അറ്റവരുമാനം (ലോക്ക്ഡൗൺ സാഹചര്യത്തിൽ) (രൂപയിൽ) | കണക്കാക്കിയ പ്രതിദിന അറ്റവരുമാനം (രൂപയിൽ) | കണക്കാക്കപ്പെട്ടന്ന പ്രതിദിന വരുമാനനഷ്ടം (സാധാരണ സാഹചര്യം- അടച്ചിടൽ സാഹചര്യം) (രൂപയിൽ) |
|---|---|---|---|---|---|---|---|
| യാത്രാ ഗതാഗതം | ഓട്ടോറിക്ഷകൾ | 6,71,906 | 400 | 0.065 | 17,469,556 | 60,47,15,400 | 587,245,844 |
| | ടാക്സി കാറുകൾ | 1,37,181 | 1,350 | 0.07 | 12,963,605 | 41,77,16,145 | 404,752,541 |
| | സ്റ്റേജ് വണ്ടികൾ | 22,500 | 2,700 | 0.01 | 6,07,500 | 12,06,00,000 | 11,99,92,500 |
| | കരാർ വണ്ടികൾ | 77,133 | 4,500 | 0.005 | 17,35,493 | 41,65,18,200 | 41,47,82,708 |
| ചരക്ക് ഗതാഗതം | മുചക്ര വാഹനങ്ങളും ടെമ്പോകളും | 4,77,027 | 2,800 | 0.175 | 23,37,43,230 | 27,24,83,750 | 62,49,05,370 |
| | ഫോർ വീലർ ട്രക്കുകൾ / | 1,55,705 | 2,500 | 0.185 | 7,20,13,563 | 85,86,48,600 | 20,04,70,188 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ലോറികൾ | | | | | | |
| | ട്രെയിലറുകൾ | 14,296 | 4,000 | 0.05 | 28,59,200 | 6,04,00,600 | 5,75,41,400 |
| | ഉഴവുയന്ത്രങ്ങൾ | 2,813 | - | 0 | - | 63,29,250 | 6,329,250 |
| പ്രതീക്ഷിക്കുന്ന മൊത്ത വരുമാനം | | | | | 34,13,92,146 | 275,74,11,945 | 241,60,19,800 |

സ്രോതസ്സ്: നാറ്റ്പാക്

## കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെഎസ്ആർടിസി)

സാധാരണ സാഹചര്യങ്ങളിൽ കെഎസ്ആർടിസി പ്രതിദിനം 4500 ബസുകൾ പ്രവർത്തി പ്പിക്കും. ഇവ 16.5 ലക്ഷം കിലോമീറ്റർ സഞ്ചരിച്ച് ശരാശരി 6.25 കോടി രൂപ നേടുന്നു. പ്രതിമാസം പ്രവർത്തനരഹിതമായ വരുമാനമടക്കം പിരിച്ചെടുക്കുന്നത് ശരാശരി 190 കോടി രൂപയാണ്. ശരാശരി പ്രതിമാസ ചെലവ് 291 കോടി രൂപയാണ്; വേതനം (85 കോടി രൂപ), പെൻഷൻ (62 കോടി രൂപ), ഇന്ധനം, ഉപഭോഗവസ്തുക്കൾ എന്നിവ (85 കോടി രൂപ), വായ്പ തിരിച്ചടവ് (27 കോടി രൂപ). അടച്ചിടൽ സാഹചര്യത്തിൽ എല്ലാ ബസുകളും നിഷ്ക്രിയമാണ്. 50 ഓളം ബസുകൾ മാത്രമാണ് അടിയന്തിര ആവശ്യ ങ്ങൾക്കായി സേവനങ്ങൾ നടത്തുന്നത്. അതിനാൽ, പ്രതിമാസം പിരിച്ചെടുക്കുന്ന തുക പൂജ്യമാണ്. ഇന്ധനം, വായ്പ തിരിച്ചടവ് എന്നിവ ഒഴിച്ചു നിർത്തിയാൽ വേതനം, പെൻഷൻ, വൈദ്യുതി, വെള്ളം തുടങ്ങിയവയ്ക്കായി മാത്രം 150 കോടി രൂപയാണ് ചെലവ്. പട്ടിക 1ൽ പ്രതിദിന അറ്റവരുമാന നഷ്ടം കണക്കാക്കിയതിൽ ഇവ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ലോക്ക്ഡൌണിനു ശേഷമുള്ള സാഹചര്യം

ലോക്ക്ഡൌണിനു ശേഷമുള്ള സാഹചര്യത്തിൽ, ഗതാഗത മേഖലയ്ക്ക് ഇനിപ്പറയുന്ന പ്രശ്നങ്ങൾ നേരിടേണ്ടിവരും.

1. യാത്രാ-ചരക്ക് ഗതാഗത സേവനങ്ങൾ വളരെയെറെ മൂലധനം ആവശ്യമുള്ള മേഖലയാണ്. ഈ സേവനങ്ങൾക്കായുള്ള ഡിമാൻഡ് കുറഞ്ഞതും പണത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്നു കാരണം ഹ്രസ്വ-ഇടത്തരം കാലയളവിൽ സേവനങ്ങൾ തടസ്സപ്പെടുത്തുമെന്ന് കരുതപ്പെടുന്നു.

2. വിവിധ മേഖലകളിലുടനീളം ഉൽപാദനം കുറഞ്ഞതിനാൽ ഗതാഗതം-ചരക്ക് നീക്കങ്ങൾ സംബന്ധിയായ ആവശ്യങ്ങൾ കുറയും.

3. തുറമുഖങ്ങളിൽ ട്രാഫിക്കിന്റെ അളവ് കുറയുകയും മൊത്തത്തിലുള്ള ഉപയോഗവും വരുമാനവും ഹ്രസ്വകാല-ഇടത്തരം കാലത്തേക്ക് കുറയുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

4. ശാരീരിക അകലം പാലിക്കാനുള്ള നിയന്ത്രണങ്ങൾ കാരണം യാത്രാ ഗതാഗത്തിന്റെ ഡിമാന്റിൽ ഇടിവുണ്ടായി; കോവിഡ്-19 ആളുകളുടെ യാത്രാ ശീലങ്ങളെ ദീർഘകാലാടിസ്ഥാനത്തിൽ ബാധിച്ചേക്കാം. സാഹചര്യം സാധാരണ നിലയിലായതിനു ശേഷവും, തിരക്കേറിയ പരിസരങ്ങളെ ബന്ധപ്പെട്ട് അപകടസാധ്യതയെക്കുറിച്ചുള്ള പ്രചരിച്ച ധാരണകൾ പൊതുഗതഗതം ഒഴിവാക്കി സ്വകാര്യ യാത്രാ രീതികൾക്ക് മുൻഗണന നൽക്കാൻ ഇടയാക്കും. അതായത്, ആളുകൾ തിരക്കേറിയ പൊതുഗതാഗത മാർഗങ്ങൾ ഉപയോഗിക്കുന്നത് ഒഴിവാക്കിയേക്കാം. അതുപോലെ ഓട്ടോറിക്ഷകൾ പോലുള്ള പങ്കാളിത്ത യാത്രാ മർഗങ്ങളും

ആളുകൾ ഒഴിവാക്കിയേക്കാം. കോവിഡ്-19 അടച്ചിടൽ കാരണം ആപ്ലിക്കേഷൻ അധിഷ്ഠിത ടാക്സി സേവനങ്ങളിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർ ഹ്രസ്വ കാലത്തേക്ക് സാമ്പത്തികമായി ദുരിതമനുഭവിക്കുന്നതായി കാണപ്പെടുന്നു. പക്ഷെ പ്രസ്തുത ഗതാഗത മാർഗങ്ങൾ കുറഞ്ഞ ഡിമാന്റ് കാരണം ദീർഘകാല സാമ്പത്തിക പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്ന് പറയാനാവില്ല.

5. ഗതാഗത മേഖലയിൽ മാറുന്ന ആവശ്യങ്ങളെ സ്വീകരിക്കൽ. ഉദാഹരണത്തിന്, ഇന്ത്യൻ റെയിൽവേ ഒരേസമയം പാസഞ്ചർ ട്രെയിനുകൾ റദ്ദാക്കുകയും അവശ്യവസ്തുക്കൾക്കായി പാർസൽ സേവനങ്ങളും മറ്റ് ചരക്ക് സേവനങ്ങളും വർദ്ധിപ്പിക്കുകയും ചെയ്തു.
ഈ ലോക്ക്ഡൌണിനെ ഒരു വലിയ യാത്രാ ഡിമാൻഡ് പരീക്ഷണമായി കണക്കാക്കുമ്പോൾ, ഉൽപാദനക്ഷമതയും ചെലവും കണക്കിലെടുത്ത് ഭാവിയിൽ ജീവനക്കാരുടെ ഗതാഗതം ഉത്തമീകരിച്ചതിൽ നിന്ന് സർക്കാരിന് വളരെയധികം നേട്ടങ്ങളുണ്ട്. എന്നിരുന്നാലും, ഗതാഗത മേഖലയിൽ ദശലക്ഷക്കണക്കിന് ആളുകൾ ജോലി ചെയ്യുന്നതിനാൽ, ദീർഘകാലാടിസ്ഥാനത്തിൽ, ഉപഭോക്തൃ മുൻഗണനയെ ബാധിക്കുന്ന മഹാമാരിയുടെ ആഘാതവും യാത്രക്കാർക്കും ചരക്കുകൾക്കുമായുള്ള തുടർന്നുള്ള ഗതാഗത ആവശ്യവും മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

### മോട്ടോർ വാഹന വകുപ്പ്

2019മാർച്ച് ഏപ്രിൽ മാസങ്ങളിൽ വാഹന നികുതി, രജിസ്ട്രേഷൻ, ഫീസ്, പിഴ എന്നിവയുടെ രൂപത്തിൽ സർക്കാരിന്റെവരുമാന നഷ്ടം താരതമ്യം ചെയ്യുമ്പോൾ 2020 മാർച്ചിലും ഏപ്രിൽ മാസത്തിലും ഇത് 276.20 കോടി രൂപയാണ്.

### സംസ്ഥാന ജലഗതാഗത വകുപ്പ്

2020 മാർച്ച് 11 മുതൽ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ ബാധിച്ചു.ലോക്ക്ഡൌണിന് മുമ്പ് 2020 മാർച്ച് 11 മുതൽ മാർച്ച് 24 വരെ വരുമാനത്തിലെ കുറവ് 0.34 കോടി രൂപയായിരുന്നു. 2020 മാർച്ച് 25 മുതൽ 2020 മെയ് 3 വരെയുള്ള ലോക്ക്ഡൌൺ കാലയളവിൽ 1.23 കോടി രൂപയാണ് നഷ്ടം. 2020 മാർച്ച് 11 മുതൽ 2020 മെയ് 3 വരെയുള്ള മൊത്തം നഷ്ടം 1.57 കോടി രൂപയാണ്.

### കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

2020 മാർച്ചിൽ വിമാനങ്ങൾ ഭാഗികമായി പിൻവലിച്ചതിനാൽ കണക്കാക്കിയ വരുമാനം 5.33 കോടി രൂപയാണ്.2020 ഏപ്രിലിൽ 12.78 കോടി രൂപയാണ് വരുമാനത്തിൽ ഉണ്ടായ നഷ്ടം.2020 സെപ്റ്റംബറോടെ മാത്രമേ വിമാന പ്രവർത്തനങ്ങൾ ആരംഭിക്കൂ എന്നാണ് അനുമാനിക്കുന്നത്.2020 മാർച്ച് മുതൽ സെപ്റ്റംബർ വരെയുള്ള വരുമാനത്തിൽ ഉണ്ടായ നഷ്ടം 82

കോടി രൂപയായി കണക്കാക്കപ്പെടുന്നു. കുറച്ച് എയർലൈനുകൾ പ്രവർത്തനം ആരംഭിക്കുന്നതിനാൽ, 2020 ഒക്ടോബർ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ വരുമാനത്തിൽ ഉണ്ടായ നഷ്ടം 58 കോടി രൂപയായി കണക്കാക്കപ്പെടുന്നു. 2020-21ൽ ഈ മേഖലയിലെ മൊത്തം നഷ്ടം 140 കോടി രൂപയായി കണക്കാക്കപ്പെടുന്നു.

**കൊച്ചി മെട്രോ**

കൊച്ചി മെട്രോയുടെ ശരാശരി വരുമാനം 23 ലക്ഷം രൂപയാണ്. 40 ദിവസത്തെ ലോക്ക്ഡൌൺ കാലയളവിൽ 9.20 കോടി രൂപയുടെ നഷ്ടമുണ്ടായി. ലോക്ക്ഡൗൺ ചെയ്യുന്നതിന് മുമ്പായി വരുമാനം കുറഞ്ഞു. ലോക്ക്ഡൌണിനുന്ന് ദിവസം മുമ്പ് ശരാശരി വരുമാനം 5 കോടി രൂപ മാത്രമാണ്.

**നയ ഇടപെടലുകൾ**

ഇത് വകുപ്പുകളുടെ നിർദ്ദേശങ്ങൾ ആണ്. ലോക്ഡൌണിനു ശേഷമുള്ള കാലഘട്ടത്തിൽ സർക്കാർ ഗതാഗത ആസൂത്രണം ആരംഭിക്കണം, കാരണം പൊതുഗതാഗതം പൂർണ്ണ ശേഷിയിൽ പ്രവർത്തിപ്പിക്കുന്നത് അപകടകരമാണ്. മറുവശത്ത്, സ്വകാര്യ ഗതാഗതത്തിന്റെ വർദ്ധിച്ച ഉപയോഗം ഗതാഗതക്കുരുക്ക്, മലിനീകരണം തുടങ്ങിയ മറ്റ് ഗതാഗത പ്രശ്നങ്ങളിലേക്ക് നയിച്ചേക്കാം.

കൂടാതെ, ശുചിത്വ പൊതുഗതാഗതം, നടത്തം, സൈക്ലിംഗ് എന്നിവയെ പ്രതിരോധശേഷിയുള്ളതും സമ്പർക്കരഹിതവുമായ ഗതാഗത മാർഗ്ഗങ്ങളായി പ്രോത്സാഹിപ്പിച്ച് സർക്കാർ ഒരു മാറ്റം വരുത്തണം.

മേൽപ്പറഞ്ഞവയെല്ലാം കണക്കിലെടുക്കുമ്പോൾ, ഗതാഗത മേഖലയിലെ പ്രശ്നങ്ങളെ മറികടക്കാൻ ഇനിപ്പറയുന്ന പ്രധാന നയ ശുപാർശകൾ വയ്ക്കുന്നു –

1) *നികുതി, ഇൻഷുറൻസ്, പരിപാലനം സംബന്ധിച്ചവ.* ഹ്രസ്വകാല നടപടികളിൽ നികുതി ആനുകൂല്യങ്ങൾ, ഇന്ധന സെസ്സിൽ ഇളവ്, ഇൻഷുറൻസിൽ ഇളവ്, സമയപരിധികളിൽ ഇളവ്, പാലിക്കാനുള്ള ഡോക്യുമെന്റേഷൻ എന്നിവ ഉൾപ്പെടുന്നു. പാലിക്കൽ അനുബന്ധ പ്രക്രിയകളുടെ ഡിജിറ്റലൈസേഷൻ ഇടത്തരം അളവിൽ ഉൾപ്പെടുന്നു.

2) *ഈ മേഖലയിലെ സാമ്പത്തിക സമ്മർദ്ദം കുറയ്ക്കുക.* ഹ്രസ്വകാല നടപടികളിൽ (i) പലിശ മാറ്റിവയ്ക്കൽ, വർദ്ധിച്ച മൊറട്ടോറിയം കാലയളവ് മുതലായ നടപടികളിലൂടെ നിലവിലുള്ള

വായ്പകളുടെ നിബന്ധനകളിൽ ഇളവ് വരുത്തുക, (ii) ലോക്ക് ഡൌൺ കാലയളവിൽ കുറഞ്ഞത് 3 മാസത്തേക്ക് പലിശരഹിത രൂപത്തിൽ പ്രവർത്തന മൂലധനം/വായ്പ തിരിച്ചടവ് പിന്തുണ എന്നിവ ഉൾപ്പെടുന്നു.

3) സ്റ്റേജ് കാരേജുകളും ഇന്റർമീഡിയറ്റ് പബ്ലിക് ട്രാൻസ്പോർട്ട് (ഐപിടി) രീതികളും ഉൾക്കൊള്ളുന്ന പൊതുഗതാഗതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക.

(i) ഹ്രസ്വകാല നടപടികളിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു.

1. വെഹിക്കിൾ ഒക്യുപ്പൻസിയിലൂടെയുള്ള സാമൂഹിക അകലം പാലിക്കൽ നടപടികൾ.
2. എല്ലാ സ്റ്റേജ് കാരിയേജുകളും ഐപിടി മോഡുകളും പ്രധാന ബസ് ടെർമിനലുകളും വൃത്തിയാക്കൽ.
3. അധിക സ്ഥലം നൽകൽ/തിരക്ക് കുറയ്ക്കൽ
4. സാങ്കേതിക ഇടപെടലുകളിലൂടെയും ഡിജിറ്റലൈസേഷനിലൂടെയും കോൺടാക്റ്റ് പോയിന്റുകൾ കുറച്ചു.

(ii) ബസ് വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (പിഐഎസ്), ആപ്ലിക്കേഷൻ അധിഷ്ഠിത ഇന്റർമീഡിയറ്റ് പബ്ലിക് ട്രാൻസ്പോർട്ട് സേവനങ്ങളുടെ പ്രോത്സാഹനം എന്നിവ ഇടത്തരം നടപടികളിൽ ഉൾപ്പെടുന്നു.

(iii) ട്രങ്ക് ആന്റ് ഫീഡർ സിസ്റ്റത്തിന്റെ വികസനം, പാർക്കിംഗ് മാർഗ്ഗനിർദ്ദേശ സംവിധാനം എന്നിവ ദീർഘകാല നടപടികളിൽ ഉൾപ്പെടുന്നു.

4) കുറഞ്ഞത് ഒരു വർഷമെങ്കിലും പകൽ സമയത്ത് പ്രവർത്തിക്കുന്നതിന് ഇളവ് നൽകിക്കൊണ്ട് ചരക്ക് ഗതാഗതം ഒപ്റ്റിമൈസ് ചെയ്യുക.

5) മോട്ടോർ ഇതര ഗതാഗത സംവിധാനത്തിന്റെ പ്രോത്സാഹനം.

6) സ്വകാര്യ വാഹനങ്ങളുടെ എണ്ണം കുറയ്ക്കുക.

## ഐടി മേഖലയ്ക്കുമേലുള്ള കോവിഡ്-19 ന്റെ ആഘാതവും പ്രതികരണ നടപടികളും

ഐടി മേഖലയിൽ കോവിഡ്-19 ഏല്പിച്ച ആഘാതവും മഹാമരിയോട് ഈ മേഖല സ്വീകരിച്ച പ്രതികരണ നടപടികളും വളരെ പ്രധാനപ്പെട്ടതാണ്. ഈ ഹ്രസ്വ റിപ്പോർട്ട് ഈ ആഘാത ത്തിന്റെ ചില കാര്യങ്ങൾ വിവരിക്കുന്നു. സാഹചര്യം പല അനിശ്ചിതത്വങ്ങളോടെ സ്ഥിരതയി ല്ലാത്തതും വികസിച്ചുകൊണ്ടിരിക്കുന്നതുമാണ്. ഹ്രസ്വകാലത്തേക്കുള്ള ആഘാതം വ്യക്തമാക്കി യെടുക്കാമെങ്കിലും, ഓർഡറുകളിലും ഐടി വ്യവസായത്തിന്റെ വരുമാനത്തിലും വലിയ നഷ്ടവും ഉണ്ടാകാൻ സാധ്യതയുള്ളപ്പോൾ, ദീർഘകാലാടിസ്ഥാനത്തിലുള്ള ആഘാതം കണക്കാക്കാൻ കൂടുതൽ ബുദ്ധിമുട്ടുണ്ട്.

ഈ കുറിപ്പ് ജിടെക് (വ്യവസായ സ്ഥാപനത്തിന്റെ ഒരു പ്രതിനിധി), നാസ്കോമിന്റെ റീജിയണൽ മാനേജർ, ടെക്നോപാർക്ക് സിഇഒ എന്നിവരുമായുള്ള വിശദമായ അഭിമുഖങ്ങളെ അടിസ്ഥാന മാക്കി തയ്യാറാക്കിയതാണ്. ഈ റിപ്പോർട്ടിനായി വിവരങ്ങളും വിശകലനങ്ങളെ അടിസ്ഥാമാ ക്കിയുള്ള അഭിപ്രായങ്ങളും നൽകാനുള്ള അവരുടെ സന്നദ്ധതയെ നന്ദിയോടെ അംഗീകരി ക്കുന്നു. ഒരു ഹ്രസ്വ ചോദ്യാവലിയും വിവിധ കമ്പനികൾക്ക് കൈമാറിയിരുന്നു. ഇവയ്ക്കുള്ള പ്രതിക രണങ്ങൾ, എണ്ണത്തിൽ കുറവാണെങ്കിലും, ഏറ്റവും കൂടുതലായി ബാധിക്കപ്പെടാൻ സാധ്യതയുള്ള ഈ വ്യവസായത്തിലെ നിരവധി ചെറുകിട കമ്പനികളുടെ സ്ഥിതി മനസിലാക്കാൻ പ്രയോജന പ്രദമാണ്.

### സാമ്പത്തികാഘാതം

1. **ചോദനത്തിന്റെ തകർച്ച** (Demand Collapse)

പ്രധാന വിപണികളിൽ നിന്നുള്ള ചോദനത്തിന്റെ ഇടിവാണ് ഐടി വ്യവസായത്തിന്റെ പ്രധാന പ്രശ്നം. ഒരു പൊതു മാന്ദ്യത്തിന് ഇതിനകംതന്നെ സാധ്യതയുണ്ടെങ്കിലും, COVID-19 പ്രതികരണ നടപടികളും ലോക്ക്ഡൌണുകളും ലോകത്താകെ ഈ ഭീഷണി യഥാർത്ഥവും പെട്ടെന്നുള്ളതു മാക്കി മാറ്റി.

കേരളത്തിലെ ഐടി മേഖല വളരെയധികം കയറ്റുമതി ആശ്രയിച്ചിട്ടുള്ളതാണ്, അതിനാൽ അതിന്റെ വിപണികളായ യൂറോപ്പ്, അമേരിക്ക, ഗൾഫ് മേഖല എന്നിവിടങ്ങളിൽ നിന്ന് വലിയ തോതിൽ വരുമാനം നഷ്ടപ്പെടാൻ സാധ്യതയുണ്ട്. കരാറുകളുടെ പൂർണ്ണമായ അവസാനിപ്പി ക്കൽ ഇപ്പോൾ കുറവാണ്, പക്ഷേ ഭൂരിഭാഗം കരാറുകളും അടുത്ത മൂന്ന് മാസത്തേക്ക് നിർത്തിവ ച്ചിരിക്കുകയാണ്. നിയപരമായി കരാർചെയ്യപ്പെട്ട ഒരു കാര്യം മുൻകൂട്ടികാണാത്ത സാഹചര്യ

ങ്ങളാൽ തടസ്സപ്പെട്ടുമെന്ന വകുപ്പ് വളരെ വ്യാപകമായി നടപ്പാക്കിയിട്ടുണ്ട്. ചൈനീസ് കമ്പനികളുമായുള്ള നിരവധി കരാറുകളുടെ കാര്യത്തിൽ, ഇമെയിൽ, ടെലിഫോൺ അന്വേഷണങ്ങ ളോട് പോലും പ്രതികരണങ്ങളുണ്ടാവുന്നില്ല.

വ്യോമഗതാഗതം, ഹോട്ടലുകൾ, വിനോദസഞ്ചാരം, വിനോദങ്ങൾ, ഇവന്റ് മാനേജ്മെന്റ് എന്നീ മേഖലകളുമായി ബന്ധപ്പെട്ട കമ്പനികളാണ് ഏറ്റവും പെട്ടെന്ന് ബാധിക്കപ്പെടുന്ന കമ്പനികൾ.

നാസ്കോം, സിഐഐ എന്നിവയുമായി സഹകരിച്ച് ജിടെക് നാല് പാദങ്ങളിലായുണ്ടാവുന്ന വരുമാന നഷ്ടത്തെക്കുറിച്ച് താഴെക്കൊടുക്കുന്ന കണക്കുകൾ നൽകിയിട്ടുണ്ട്.

പട്ടിക 1 **കേരളത്തിലെ ഐടി/ഐടിഇഎസ് മേഖലയിലെ കോവിഡ്-19ന്റെ ആഘാത വിലയിരുത്തൽ***

| ഇനം | 2019-20 | 2020-21 | | |
|---|---|---|---|---|
| | Q4 | Q1 | Q2 | Q3 |
| ഐടി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം (ശമ്പളംകൊടുക്കുന്നതിനെ അടിസ്ഥാനപ്പെടുത്തി) | 125000 | 125000 | 118666 | 109083 |
| പ്രതീക്ഷിത വിഭവ ഉപയോഗം (%) | 80 | 70 | 70 | 70 |
| മണിക്കൂർ നിരക്ക് ഡോളറിൽ | 12 | 12 | 12 | 12 |
| എസ്എംഇ ക്ക് ഒരു പാദത്തിലെ വരുമാനം ഡോളറിൽ (ദശലക്ഷം) | 270 | 236 | 224 | 206 |
| വലിയ സ്ഥാപനങ്ങളുടെ ഓരോ പാദത്തിലെയും വരുമാനം ഡോളറിൽ (ദശലക്ഷം) | 330 | 289 | 274 | 252 |
| എസ്എംഇ യുടെ പ്രൊജക്ട് ബിസിനസ് മാന്ദ്യം (%) | 0 | 40 | 60 | 60 |
| വലിയ സ്ഥാപനങ്ങളുടെ പ്രൊജക്ട് ബിസിനസ് മാന്ദ്യം (%) | 0 | 20 | 35 | 35 |

| | | | | |
|---|---|---|---|---|
| എസ്എംഇ യുടെ വരുമാന നഷ്ടം ഡോളറിൽ (ദശലക്ഷം) | 0 | 94 | 134 | 124 |
| വലിയ സ്ഥാപനങ്ങളുടെ വരുമാന നഷ്ടം (ദശലക്ഷം) | 0 | 58 | 96 | 88 |
| ആകെ വരുമാന നഷ്ടം ഡോളറിൽ (ദശലക്ഷം) | 0 | 152 | 230 | 212 |
| എംഎസ്എംഇകളിലെ വരുമാനം കുറയുന്നതിലൂടെ പ്രതീക്ഷിക്കുന്ന തൊഴിൽ നഷ്ടം | 0 | 3917 | 5583 | 5167 |
| വലിയ കമ്പനികളിലെ പ്രതീക്ഷിത തൊഴിൽ നഷ്ടം | 0 | 2417 | 4000 | 3667 |
| സപ്പോർട്ട് സ്റ്റാഫിന്റെ പ്രതീക്ഷിത തൊഴിൽ നഷ്ടം | 0 | 380 | 575 | 530 |
| പ്രതീക്ഷിക്കുന്ന ആകെ തൊഴിൽ നഷ്ടം | | 6714 | 10158 | 9364 |
| **പ്രതീക്ഷിക്കുന്ന മൊത്തം തൊഴിൽ നഷ്ടം** | **0** | **6714** | **16872** | **26236** |

സ്രോതസ്സ്: ഐടി വ്യവസായത്തിന്റെ കണക്കാക്കൽ

* ഒരു ജീവനക്കാരന് ഒരു പാദത്തിൽ 500 മണിക്കൂറും ഐടി മേഖലയിലെ എസ്എംഇകളിൽ നിന്നുള്ള വരുമാനത്തിന്റെ 45 ശതമാനവും കണക്കാക്കിക്കാക്കുന്നു.

2020-21 ന്റെ ആദ്യ മൂന്ന് പാദങ്ങളിൽ മൊത്തം വരുമാന ഇടിവ് 594 ദശലക്ഷം ഡോളർ അല്ലെങ്കിൽ 4500 കോടി രൂപ.

പട്ടിക 1 ൽ കാണുന്നത് പോലെ ഏകദേശം 26,236 പേരുടെ തൊഴിൽ നഷ്ടത്തിന് പുറമെ, സേവനങ്ങൾ, ഗതാഗതം, ഹോട്ടലുകൾ, ക്ലീനിംഗ്, സുരക്ഷ എന്നിവയിൽ 80,000 പരോക്ഷമായ തൊഴിൽ നഷ്ടവും ജിടെക് പ്രതീക്ഷിക്കുന്നു.

ഒരു ജീവനക്കാരെയും പിരിച്ചുവിടുകയില്ലെന്നും അടുത്തിടെ റിക്രൂട്ട് ചെയ്ത എല്ലാവരെയും ഉൾക്കൊള്ളുമെന്നും ടിസിഎസിൽ നിന്നുള്ള പരസ്യപ്രഖ്യാപനമാണ് നിലവിലുള്ള തൊഴിൽ സാഹചര്യങ്ങളിൽ കുറച്ച് ആശ്വാസം നൽകുന്നത്. കേരളത്തിലെ ഐടി തൊഴിലാളികളിൽ ഏകദേശം 12 ശതമാനവും സുരക്ഷിതരായി തുടരുന്നുവെന്ന് ഇത് ഉറപ്പാക്കുന്നു. എന്നിരുന്നാലും,

ക്യാപ്ജെമിനിയും മറ്റൊരു എംഎൻസിയും ഒഴികെ മറ്റൊരു ഐടി മേജറും സമാനമായ പ്രഖ്യാപനങ്ങൾ നടത്തിയിട്ടില്ല.

## 2. ചെറുകിട മേഖലയിലെ സ്വാധീനം

കേരളത്തിലെ ഐടി ഇക്കോസിസ്റ്റത്തിന്റെ വലിയൊരു ഭാഗം പ്രതിവർഷം 5 കോടി രൂപയിൽ താഴെ വിറ്റുവരവുള്ള സ്ഥാപനങ്ങളാണ്. ഡിമാൻഡ് തകർച്ച ഇവയെ സാരമായി ബാധിച്ചു. അവർക്ക് മാർച്ച് ശമ്പളം നൽകാൻ കഴിഞ്ഞു, പക്ഷേ പലരും ഏപ്രിൽ ശമ്പളം നൽകുന്നതിൽ വീഴ്ചവരുത്താൻ സാധ്യതയുണ്ട്. മാർച്ചിലെ ശമ്പളത്തിൽ സീനിയർ തലങ്ങളിൽ വേതനം വെട്ടി ക്കുറച്ച നിരവധി ഉദാഹരണങ്ങൾ അവർക്കിടയിൽ ഉണ്ട് . കോഴിക്കോട്ടെ നൂറിലധികം കമ്പനി കൾക്ക് ഗൾഫ് ഏരിയ കരാറുകൾ നഷ്ടപ്പെട്ടു. ഈ കമ്പനികൾ പലപ്പോഴും കോൻട്രാക്റ്റ് ടു കോൻട്രാക്റ്റ് ആയി പ്രവർത്തിക്കുന്നുണ്ടെന്നും സ്ഥിരമായി കരാറുകളുടെ വരവ് കൂടാതെ ശമ്പള വും മറ്റ് ചെലവുകളും നേരിടാൻ കഴിയില്ലെന്നും വ്യവസായ പ്രതിനിധികൾ അഭിപ്രായപ്പെട്ടു.

സംസ്ഥാന ആസൂത്രണ ബോർഡ് വിതരണംചെയ്ത ഐടി വ്യവസായ സ്ഥാപനങ്ങളോടുള്ള ചോദ്യാവലിയിൽ ചെറുകിട മേഖല മാത്രമാണ് പ്രതികരിച്ചത്. പ്രതികരിച്ച 51 പേരുടെ ശരാശരി ജീവനക്കാരുടെ എണ്ണം 8 ആയിരുന്നു. അവരുടെ വിറ്റുവരവ് റിപ്പോർട്ട് ചെയ്ത 38 പേരിൽ ശരാശരി മൂല്യം ഏകദേശം 12.6 ലക്ഷവും 2019 ഒക്ടോബർ മുതൽ ഡിസംബർ വരെ ശരാശരി 6.5 ലക്ഷം രൂപയുമായിരുന്നു.

സർവേയിൽ, ഈ കമ്പനികളിൽ 66 ശതമാനവും പ്രവർത്തന മൂലധനത്തിന്റെ കുറവ് തങ്ങളുടെ ഏറ്റവും വലിയ ആവശ്യമായി റിപ്പോർട്ട് ചെയ്തു. ഈ ആവശ്യം കൂടുതലായും വാടകയും മറ്റ് ആവ ശ്യകതകളും വേതനവും നൽകുന്നതിനാലാണ്. പ്രവർത്തന മൂലധനത്തിന്റെ ശരാശരി ആവശ്യ കത റിപ്പോർട്ട് ചെയ്തത് Rs. 6.5 ലക്ഷം രൂപയാണെങ്കിലും വ്യക്തിഗത ആവശ്യങ്ങൾ 20,000 രൂപ മുതൽ 80 ലക്ഷം രൂപ വരെയാണ്. എന്നിരുന്നാലും, വ്യവസായ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ, പറഞ്ഞ കണക്ക് ശരാശരി 15 മുതൽ 20 ലക്ഷം രൂപാ വരെയാണ്.

ഐടി മേഖലയിലെ ഏറ്റവും വലിയ ആശങ്ക ഈ മേഖലയിലെ എംഎസ്എംഇകൾ ഇല്ലാതായേക്കും എന്നതാണ്, ഇത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വളർന്നു വരുന്ന പ്രസ്തുത മേഖലയ്ക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ഇക്കാര്യത്തിൽ, തൊഴിൽ നഷ്ടവുമായി ബന്ധപ്പെട്ട കണക്കുകൾ യാഥാസ്ഥിതികമായിരിക്കാം, ഈ മേഖലയിലെ അവസ്ഥ വാസ്തവത്തിൽ ഇതിലും ഗുരുതരമായിരിക്കാം.

### 3. ലഘൂകരണ നടപടികൾ

പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിന് ആവശ്യമായ ഒരു വർഷം സ്ഥാപങ്ങളെ കഴിയുന്നത്രയും അടച്ചുപൂട്ടി പോകാതെ നിലനിർത്തുകയാണ് ഈ ഘട്ടത്തിൽ പ്രധാനം. വൻകിട സ്ഥാപനങ്ങൾ ഇത് മറ്റുള്ളവരെക്കാളും വളരെ മികച്ച രീതിയിൽ കൈകാര്യം ചെയ്യുമെന്നതിൽ സംശയമില്ല, പക്ഷേ ചെറുകിട-ഇടത്തരം സ്ഥാപനങ്ങളെ കഴിയുന്നത്ര നിലനിർത്തി മുന്നോട്ടുകൊണ്ടു പോകേണ്ടത് ആവശ്യമാണ്. ചെറുകിട കമ്പനികൾക്ക് പുതിയ കരാറുകളിൽ ബന്ധപ്പെടുത്തുന്നതിനും, വിദേശങ്ങളിൽ നിന്നും വലിയ ആഭ്യന്തര സ്ഥാപനങ്ങളിൽ നിന്നുമുള്ള കച്ചവടം ചെറുകിട കമ്പനികളിലേക്ക് തിരിച്ചുവിടുന്നതിന് നാസ്കോം (NASSCOM) ഇതിനകം തന്നെ നടപടികൾ സ്വീകരിച്ച് തുടങ്ങിയിരിക്കുന്നു.

ടെക്നോപാർക്കിന്റെ സിഇഒ ഒരു സംരംഭം മുന്നോട്ട് വെച്ചു, ആഗോള ബിസിനസ്സ് രംഗത്തെ മാറ്റങ്ങളെക്കുറിച്ചും സമീപ ഭാവിയിൽ പരിഗണിക്കാവുന്ന പുതിയ അവസരങ്ങളെക്കുറിച്ചും വിദഗ്ദോപദേശം നൽകുന്നതിന് രണ്ട് കൺസൾട്ടന്റുമാരെ (ജെഎൽഎൽ, സിബിആർ) നിയമിക്കുക എന്നാണ് ഇത്. ഐടിയിലെ എംഎസ്എംഇ മേഖലയ്ക്ക് പുതിയ പ്രവർത്തനങ്ങളെ കുറിച്ചും പുതിയ വൈദഗ്ധ്യങ്ങളിലും പുന:പരിശീലനം നൽകാനും ടെക്നോപാർക്ക് തയ്യാറാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ തുറന്നു വരുന്ന പുതിയ ബിസിനസ്സ് അവസരങ്ങൾ ഉപയോഗിച്ച് കൊണ്ട് സ്ഥാപനങ്ങൾക്ക് നിലനിൽക്കാനോ അവരുടെ സാധ്യതകൾ മെച്ചപ്പെടുത്താനോ കഴിയും.

തൊഴിൽ വിനിമയ വേദി എന്ന ഒരു സംരംഭം സൃഷ്ടിക്കുന്നതിലും ടെക്നോപാർക്ക് പങ്കാളിയാണ്. ഇതിലൂടെ ജോലി നഷ്ടപ്പെട്ട അല്ലെങ്കിൽ ജോലിയില്ലാത്ത ഐടി തൊഴിലാളികൾക്ക് ഇപ്പോഴും മാനവ വിഭവശേഷി ആവശ്യമുള്ള സ്ഥാപനങ്ങളിൽ അവസരങ്ങൾ തേടാം. ഇത് വ്യവസായങ്ങളുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്.

### ലോക്ക്ഡൗണിനെ നേരിടൽ

ചെറുകിട കമ്പനികൾക്ക് വീട്ടിലിരുന്ന് ജോലി എന്ന രീതിയിലേക്കുള്ള മാറ്റം വലിയ കമ്പനികളേക്കാൾ മികച്ച രീതിയിൽ ചെയ്യാൻ കഴിഞ്ഞു. വലിയ കമ്പനികളെ സംബന്ധിച്ചിടത്തോളം, അവരുടെ ജീവനക്കാർക്ക് വീട്ടിൽ നിന്ന് ജോലി ചെയ്യുന്നതിനായി ഡെസ്ക്ടോപ്പുകൾ, ലാപ്ടോപ്പ് എന്നിവ പോലുള്ള ഉപകരണങ്ങൾ നൽകുന്നതിന് ഇവയുടെ സംഭരണവും ഇവ ആവശ്യമുള്ള ഇടങ്ങളിലേക്ക് എത്തിക്കുന്നതും എളുപ്പമായിരുന്നില്ല (ഉദാഹരണത്തിന്, ടിസിഎസ് ന് കൊച്ചിയിൽ ഏകദേശം 12,000 ജീവനക്കാരും തിരുവനന്തപുരത്ത് 4,000 ജീവനക്കാരുമുണ്ട്). എന്നിരുന്നാലും, ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയും ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കിയതിൽ വ്യവ

സായം സംതൃപ്തരാകുകയും ചെയ്യുന്നു. സെർവർ പരിപാലനത്തിനായി കുറച്ച് സ്റ്റാഫ് മാത്രമാ ണ് അവരുടെ പ്രധാന ഓഫീസുകളിൽ ഉണ്ടായിരുന്നത്.

ഐടി മേഖലയിലെ ഹാർഡ്‌വെയറുമായി ബന്ധപ്പെട്ട അല്ലെങ്കിൽ ഹാർഡ്‌വെയർ അധിഷ്ഠിത കമ്പനികൾക്ക്, ബാക്കിയുള്ളവയ്ക്ക് വിപരീതമായി, ഓഫീസുകളിലെ സൗകര്യങ്ങളും ഉപകരണ ങ്ങളും അത്യാവശ്യമായതുകൊണ്ട് ലോക്ക് ഡൗൺ ഗുരുതരമായി ബാധിച്ചു. ഉദാഹരണത്തിന് ടാറ്റാ എലക്സി, ക്വസ്റ്റ് ഗ്ലോബൽ എന്നീ രണ്ട് പ്രധാന കമ്പനികളെ ലോക്ക് ഡൗൺ ബാധിച്ചു. അവയുടെ ഉൽപാദനക്ഷമതയെയും പ്രകടനത്തെയും സാരമായി ബാധിച്ചു.

ലോക്ക്ഡൌൺ കാരണം സോഫ്റ്റ് വെയർ അധിഷ്ഠിത കമ്പനികളുടെ ഉൽപാദനക്ഷമത കുറഞ്ഞു, പക്ഷേ കഠിനമായില്ല. ഐടി വ്യവസായ പ്രതിനിധികളുടെ കണക്കാക്കലിൽ, വ്യവസാ യത്തിലെ നിലവിലെ മൊത്തം ഉൽപാദനക്ഷമത ലഭ്യമായ മാനവ വിഭവശേഷിയുടെ 70 ശതമാനമാണ്, സാധാരണ സ്ഥിതിയിൽ ഇത് 80 ശതമാനമാണ് ഉപയോഗിക്കപ്പെടാറുള്ളത്.

ധനകാര്യ സേവന മേഖലയിൽ, ലോക്ക് ഡൗൺ കാലത്ത് ഇടപാടുകാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഉയർന്നത്. ഡാറ്റാ സുരക്ഷയുടെ കാരണങ്ങളാൽ ജോലിസ്ഥലം വീട്ടിലേക്ക് മാറ്റുന്നതിനെക്കുറിച്ച് ധനകാര്യ സേവന ഇടപാടുകാർ ആശങ്കാകുലരാണ്. വീട്ടിൽ നിന്നുള്ള ജോലി എന്ന രീതി സ്വീകരിക്കാൻ ഇടപാടുകാർ തയ്യാറാകാത്തതിനാൽ വലിയ ധനകാര്യ സേവന സ്ഥാപനത്തിലേക്കുള്ള ഒരു പ്രധാന കരാറെങ്കിലും അവസാനിപ്പിക്കേണ്ടിവന്നിട്ടുണ്ട്. സാമ്പത്തിക മേഖലയിലെ ഇടപാടുകാർക്ക് സേവനം നൽകുന്ന കമ്പനികളാണ് വീട്ടിൽ ഇരുന്നുള്ള ജോലി മാതൃകയിലേക്ക അവസാനമായി മാറിയത്, മറ്റുള്ളവർ മാർച്ച് ആദ്യ വാരം മുതൽ തന്നെ മാറി.

ലോക്ക്ഡൗൺ ദീർഘകാലത്തേക്ക് തുടരുന്നത് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കും, പ്രത്യേകിച്ചും ഉപകരണങ്ങൾക്കും അറ്റകുറ്റപ്പണികൾക്കുമായി സ്പെയർ പാർട്സ് ലഭ്യമാകുന്നതിന്. ചില ജില്ലകളിൽ നിയന്ത്രണങ്ങൾ ലഘൂകരിക്കുന്ന പുതിയ നയത്തോടെ ഈ പ്രശ്നം പരിഹരിക്ക പ്പെടാം.

**ലോക്ക് ഡൗൺ കഴിഞ്ഞാൽ വന്നേക്കാവുന്ന പ്രശ്നങ്ങൾ**

ലോക്ക്ഡൌൺ ലഘൂകരിക്കുന്നതിനുള്ള സമയവും വേഗതയും ലോക്ഡൌണിൽ പുതുതായി അടിച്ചേൽപ്പിക്കാനുള്ള സാധ്യതയെയും പറ്റി ഐടി വ്യവസായത്തിന് ആശങ്കയുണ്ട്. വ്യവസായ സ്ഥാപനമായ നാസ്കോംന് ഈ വിഷയത്തെപ്പറ്റി വിശദമായ ഒരു രേഖയുണ്ട്. പ്രത്യേകിച്ചും, വീണ്ടും പുന:സ്ഥാപിക്കുകയാണെങ്കിൽ സ്ഥാപനങ്ങൾ വീട്ടിൽ നിന്ന് ഓഫീസിലേക്കും തിരിച്ചും

മാറ്റിസ്ഥാപിക്കാനുള്ള പരിശ്രമം നടത്തുവാൻ തയ്യാറല്ല. വലിയ, എയർ കണ്ടീഷൻ ചെയ്ത ഓഫീസ് സ്ഥലങ്ങളിലേക്ക് മടങ്ങുന്നതിലെ ആരോഗ്യ അപകടസാധ്യതയെക്കുറിച്ചും അവർ ആകുലരാണ്.

ഐടി വ്യവസായം അവരുടെ ജീവനക്കാരിൽ 50 ശതമാനം പേരെ ഓഫീസുകളിൽ ജോലി ചെയ്യാൻ അനുവദിക്കുന്ന നിലവിലെ നിയന്ത്രണങ്ങൾ പെട്ടെന്ന് ഒഴിവാക്കുന്നതിനെ വിമർശി ക്കുന്നു. കൂടുതലും, കേരളത്തിലും രാജ്യത്തുടനീളവും, അവരുടെ 10 ശതമാനം ജീവനക്കാരുമായി പ്രവർത്തനം ആരംഭിക്കാൻ സാധ്യതയുണ്ട്, ഈ എണ്ണം ക്രമേണ വർദ്ധിപ്പിക്കാം. എന്നിരു ന്നാലും, ഹാർഡ്‌വെയറുമായി ബന്ധപ്പെട്ട കമ്പനികൾക്ക് കേന്ദ്രീകൃത സൗകര്യങ്ങൾ ആവശ്യ മുള്ളതിനാൽ ഈ ഇളവ് കൂടുതലായി ഉപയോഗിക്കാൻ സാധ്യതയുണ്ട്. പല സോഫ്റ്റ്‌വെയർ അധിഷ്ഠിത കമ്പനികളും കേന്ദ്രീകൃത ഓഫീസ് പ്രവർത്തനത്തിലേക്കുള്ള മൊത്ത വരുമാനത്തി നുപകരം അറ്റകുറ്റപ്പണികൾ, ഉപകരണങ്ങൾ മാറ്റിസ്ഥാപിക്കുക തുടങ്ങിയവയ്ക്കായി നിലവിലെ ഇളവ് ഉപയോഗിക്കാൻ സാധ്യതയുണ്ട്.

## നയ ശുപാർശകൾ

1. ലോക്ഡൌൺ നടപ്പാക്കലും ലോക്ക്ഡൗൺ പിൻവലിക്കലും ചില മുന്നറിയിപ്പുകളുമായി മുന്നോട്ടുപോകണം (4 ദിവസമെന്നതാണ് വ്യവസായത്തിന്റെ അഭ്യർത്ഥന, യഥാർത്ഥ എണ്ണം ആവ ശ്യകതകളെ ആശ്രയിച്ചിരിക്കും), അതിലൂടെ വ്യവസായത്തിന് ആസൂത്രണം ചെയ്യാനും അതിന നുസരിച്ച് ക്രമീകരിക്കാനും സമയമുണ്ട്.

2. ഉപകരണങ്ങളുടെ കടത്തലും ചലനവും വ്യവസായവും അധികാരികളും തമ്മിൽ കൂടുതൽ ഏകോപിപ്പിക്കാം. വ്യവസായ അസോസിയേഷനുമായുള്ള അംഗീകാരത്തെ അടിസ്ഥാനമാക്കി കമ്പനികൾക്ക് പാസുകളുടെ പ്രശ്നം വേഗത്തിലാക്കാൻ ഒറ്റ ജാലക സംവിധാനം സ്ഥാപിക്കാം.

3. ചെറുകിട കമ്പനികൾക്കായി (10,000 ചതുരശ്ര അടിയിൽ താഴെ വാടകയ്ക്ക് എടുക്കുന്നവർ) കേരള സർക്കാരിന്റെ സോഫ്റ്റ്‌വെയർ പാർക്കുകളിൽ വാടക എഴുതിത്തള്ളലും വലിയ കമ്പനി കൾക്ക് (> 10,000 ചതുരശ്ര അടി) വാടക 3 മാസത്തേക്ക് മാറ്റിവെക്കുക. വിലയിരുത്തലിനെ ആശ്രയിച്ച് ഇത് നീട്ടിവെക്കാവുന്ന തുമാണ്. അത്തരമൊരു എഴുതിത്തള്ളൽ അടിയന്തിരമായി ആവശ്യമാണ്.

4. സമാനമായ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജുകൾ എഴുതിത്തള്ളാം.

5. ബാങ്കുകൾ ബിൽ ഡിസ്കൗണ്ട് നൽകുന്നത്, കാലതാമസത്തിനുള്ള പലിശ നിരക്കുകൾ എഴുതി ത്തള്ളുന്നതുൾപ്പെടെ വായ്പ തിരിച്ചടവ് മൊറട്ടോറിയം നൽകാൻ ബാങ്കുകളെ പ്രോത്സാഹി പ്പിക്കുക (നിലവിലെ മൊറട്ടോറിയം കാലതാമസ കാലയളവിനുള്ള പലിശ നിരക്കുകൾ അനുവദി ക്കുന്നു),

പുതിയ ബിസിനസ്സ് അവസരങ്ങൾ ഉയർന്നുവരുമ്പോൾ വായ്പ നൽകുന്നതിലെ അയവ് എന്നിവയെല്ലാം നിർണായകമാണ്.

6. സംസ്ഥാന ജിഎസ്ടി ഇളവുകളും ഒരു സാധ്യതയായി പരിശോധിക്കാം.

7. ചെറുകിട സ്ഥാപനങ്ങൾക്കുള്ള പ്രവർത്തന മൂലധന വായ്പ അത്തരം വായ്പകൾക്ക് മൂന്ന് മുതൽ ആറ് മാസം വരെ പലിശ കുറയ്ക്കുന്നതിനുള്ള ചെലവ് സർക്കാരിനു പരിഗണിക്കാം. പ്ലാൻ ഫണ്ടുകൾ വീണ്ടും അനുവദിക്കുന്നതിൽ നിന്ന് ഇത് നൽകാനുള്ള സാധ്യത പരിശോധിക്കാം.

8. ഐടി മേഖലയ്ക്ക് ഗണ്യമായ സഹായവും പിന്തുണയും നൽകുന്നതിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സജീവമായി ഇടപെടണം, ഇത് കൂടാതെ സംസ്ഥാനതലത്തിലുള്ള സഹായത്തിന്റെ വ്യാപ്തി തുച്ഛമായതിനാൽ കൂടുതൽ ആശ്വാസം നൽകാനാവില്ല.

9. സർക്കാർ, പൊതുമേഖലാ കരാറുകൾ നടപ്പിലാക്കുന്നതിൽ ഈ മേഖലയെ സജീവമായി പ്രോത്സാഹിപ്പിക്കണം.

10. നിലവിലെ ആഗോള പ്രതിസന്ധി ഘട്ടത്തിൽ പോലും തുറക്കാനിടയുള്ള പുതിയ മേഖലകളിൽ പുതിയ അവസരങ്ങൾ വികസിപ്പിക്കുന്നതിന് ഈ മേഖലയെ സജീവമായി പ്രോത്സാഹിപ്പി ക്കുകയും സുഗമമാക്കുകയും വേണം.

# കോവിഡ്-19 ന്റെ ഊർജ്ജ മേഖലയിലെ ആഘാതവും പ്രതികരണ നടപടികളും

ഊർജ്ജ മേഖലയെ ലോക്ക്ഡൌൺ കാലത്ത് അവശ്യ സേവനമായി പ്രഖ്യാപിച്ചിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡും (കെഎസ്ഇബി) ഊർജ്ജ, വൈദ്യുതി മേഖലയിലെ മറ്റ് സ്ഥാപനങ്ങളും കേരളത്തിൽ പൊതുമേഖലയിലായതിനാൽ തൊഴിൽ, വേതന നഷ്ടം ഉണ്ടായിട്ടില്ല. ഊർജ്ജ മേഖലയിലെ പ്രധാനപ്പെട്ട ആഘാതം ലോക്ക്ഡൗൺ കാരണം ഊർജ്ജ ആവശ്യകത കുത്തനെ ഇടിഞ്ഞു എന്നതാണ്. ഊർജ്ജമേഖലയിലെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിലെ കാലതാമസവും അതിന്റെ പ്രത്യാഘാതങ്ങളുമാണ് രണ്ടാമത്തെ ആഘാതം.

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (കൊമേഴ്സ്യൽ ആന്റ് പ്ലാനിംഗ്), കെഎസ്ഇബിയിൽ നിന്ന് ലഭിച്ച കുറിപ്പിനെ അടിസ്ഥാനമാക്കിയാണ് ഈ റിപ്പോർട്ടിലെ ഡാറ്റയും വിവരങ്ങളും. കെഎസ്ഇബി നൽകിയ വിവരങ്ങളും ഞങ്ങളുടെ വിലയിരുത്തലും അടിസ്ഥാനമാക്കി ഊർജ്ജ മേഖലയ്ക്കായി ഞങ്ങൾ ചില ശുപാർശകൾ തയ്യാറാക്കുന്നു.

## കെഎസ്ഇബി വൈദ്യുതിയുടെ ആവശ്യകതയിലും വരുമാനത്തിലുമുണ്ടായ പ്രത്യാഘാതം

താഴെകൊടുക്കുന്ന പട്ടിക വൈദ്യുതി ഉപഭോഗത്തിന്റെ വിശദാംശങ്ങൾ നൽകുന്നു.

പട്ടിക 1 **ഊർജ്ജ ആവശ്യത്തിന്റെ താരതമ്യം -ഉപഭോഗം ദശലക്ഷം യൂണിറ്റിൽ, കിലോവാട്ടിൽ**

| **മാസം** | **വർഷം** | | **% വർധനവ്/കുറവ്** |
|---|---|---|---|
| | **2019** | **2020** | |
| ഫെബ്രുവരി | 2050.0641 | 2190.4363 | 6.84 |
| മാർച്ച് | 2484.7681 | 2377.6513 | -4.31 |
| ഏപ്രിൽ 1-14 | 1183.37 | 942.896 | -20.32 |

2019 മാർച്ച്, ഏപ്രിൽ മാസങ്ങളിലെയും 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിലെയും വൈദ്യുതി ഉപഭോഗം താരതമ്യപ്പെടുത്തുമ്പോൾ കുത്തനെ ഇടിഞ്ഞതായി കാണാം. കൂടുതൽ നഷ്ടം ഏപ്രിൽ മാസത്തിന്റെ ബാക്കി ഭാഗത്തും മെയ് മാസത്തിലും പ്രതീക്ഷിക്കാം. ഇപ്പോഴത്തെ വൈദ്യുതി ഉപഭോഗത്തിന്റെ കുറവ് പ്രതിദിനം 15-20 ദശലക്ഷം യൂണിറ്റാണ്. വിവിധ സാമ്പത്തിക മേഖലകളിലെ സാധാരണ പ്രവർത്തനം പുന:രാരംഭിക്കുന്നതിനെ ആശ്രയിച്ചിരിക്കും ആവശ്യകത വർദ്ധിക്കുന്നത്.

ഓരോ മേഖലയ്ക്കും പ്രത്യേക ഫീഡറുകൾ ഇല്ലാതിനാലും ഓരോ മേഖലയിലും നിന്നുള്ള നഷ്ടം വൈദ്യുതി വിതരണ ഡാറ്റയിൽ നിന്ന് നേരിട്ട് കണക്കാക്കാൻ കഴിയാത്തതിനാലും വ്യാവസായിക,

വാണിജ്യ, ആഭ്യന്തര ഉപഭോക്താക്കളിൽ നിന്നുള്ള വരുമാന നഷ്ടം വിശദമായി കണക്കാക്കാൻ കഴിയുക മാർച്ച്, ഏപ്രിൽ ബില്ലിംഗിന് ശേഷമാകും.

പ്രധാന വരുമാന നഷ്ടം വ്യാവസായിക, വാണിജ്യ, സ്ഥാപന ഉപയോക്താക്കളിൽ നിന്നുള്ളതാണ് എന്നതിനാൽ, വരുമാന നഷ്ടം യൂണിറ്റിന് ഏകദേശം 6 രൂപയായി കണക്കാക്കാം. അതിനാൽ മാർച്ചിലെ വരുമാന നഷ്ടം ഏകദേശം Rs. 64.2 കോടി രൂപയും ഏപ്രിൽ 1 മുതൽ 14 വരെയുള്ള നഷ്ടം. 144.2 കോടി രൂപയുമാവാം.

ആവശ്യകതയിൽ ഗണ്യമായ കുറവുണ്ടാകുന്നത് ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ (പിപിഎ) പ്രകാരമുള്ള വൈദ്യുതി ചെലവ് വർദ്ധിപ്പിക്കും. രണ്ട് ഭാഗങ്ങളുള്ള താരിഫ് ഭരണകൂടമാണ് ഇതിന് കാരണം രണ്ട് താരിഫ് വ്യവസ്ഥയാണ്. കുറഞ്ഞ അളവിലുള്ള വാങ്ങൽ കണക്കിലെടുക്കാതെ താരിഫിന്റെ സ്ഥിരമായിട്ടുള്ള ഭാഗം അതേപടി നിലനിൽക്കുകയും വ്യത്യാസം വരുന്ന ഭാഗം മാത്രം താഴുകയും ചെയ്യും. വൈദ്യുതിയുടെ ശരാശരി ചെലവ് ഫെബ്രുവരിയിൽ ഒരു യൂണിറ്റിന് 4.04 രൂപ ആയിരുന്നു. മാർച്ച്, ഏപ്രിൽ ബില്ലിംഗിന് ശേഷമേ വൈദ്യുതിയുടെ ശരാശരി ചെലവ് അറിയുവാൻപറ്റു.

നിലവിലെ പിപിഎ പ്രകാരം കെഎസ്ഇബിക്കു ഉപയോഗിക്കുവാൻ പറ്റാത്ത വൈദ്യുതിയുടെ ചെലവും ഏറ്റെടുക്കേണ്ടി വരും.

വൈദ്യുതി ഉപഭോഗം പകർച്ചവ്യാധിയും തുടർന്നുള്ള ലോക്ഡൌണും കാരണം വേനൽക്കാലത്ത് പ്രതീക്ഷിക്കുന്ന ഉപഭോഗത്തെക്കാൾ 20 ശതമാനം കുറഞ്ഞു. മെറിറ്റ് ഓർഡർ അനുസരിച്ച് കേന്ദ്ര ഉൽപാദന കേന്ദ്രങ്ങളിൽ നിന്ന് വൈദ്യുതി കൈമാറുകയും സംസ്ഥാനത്തിനുള്ളിലെ ജലവൈദ്യുതി ഉല്പാദനം കുറയ്ക്കുകയും ചെയ്തുകൊണ്ടാണ് ഈ സ്ഥിതി സ്റ്റേറ്റ് ലോഡ് ഡിസ്പാച്ച് സെന്റർ കൈകാര്യം ചെയ്യുന്നത്. അധികാരം അടിയറവെച്ചതിലൂടെ, വൈദ്യുതോല്പാദന കമ്പനികൾക്ക് നൽകേണ്ട മാറ്റംഉണ്ടാകാവുന്ന ചാർജിൽ കുറവുണ്ടാകും, എന്നാൽ പിപിഎ പ്രകാരം, നിശ്ചിത ചാർജ് നൽകേണ്ടതുണ്ട്. അതിനാൽ, വൈദ്യുതി ആഗിരണം കുറയ്ക്കുന്നതാണെങ്കിലും വേരിയബിൾ ചാർജും ഫിക്സഡ് ചാർജും കെഎസ്ഇബി ഉത്പാദന കമ്പനികൾക്ക് നൽകുന്നു.

നിലവിൽ, കേന്ദ്രസർക്കാർ നയം പിന്തുടർന്ന്, പുനരുപയോഗ ഊർജ സ്രോതസ്സുകൾ "ഉറപ്പായും പ്രവർത്തിക്കേണ്ട" നില തുടരുന്നു. കുറഞ്ഞ വിലയിലുള്ള താപവൈദ്യുതി (ലോവർ വേരിയബിൾ ചാർജുകൾ) ലഭിക്കാൻ കഴിയില്ലെന്നും കുറഞ്ഞ ആവശ്യകതയുള്ള കാലയളവിൽ ഉയർന്ന ചെലവ് പുനരുപയോഗ ഊർജം ആഗിരണം ചെയ്യേണ്ടതുണ്ടെന്നും ഇത് സൂചിപ്പിക്കുന്നു. പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ ശരാശരി വില 2020 ജനുവരിയിലെ നിലവിലുള്ള കരാർ അനുസരിച്ച് യൂണിറ്റിന് 3.81 രൂപയാണ്. ഈ ഉയർന്ന ചെലവ് ഊർജ്ജത്തിന്റെ

പുനരുപയോഗത്തിന് മുൻഗണനന നൽകുന്നതിന്റെ കൃത്യമായ ആഘാതം ബില്ലിംഗിന് ശേഷം മാത്രമേ അറിയുകയുള്ളൂ.

## ഉർജ്ജ കേരള മിഷനു കീഴിലുള്ള പുരപ്പുറ സൗരോർജ്ജ വികസന പദ്ധതിക്കുമേലുള്ള ആഘാതം

1. സൗര ഫേസ് ഒന്നിന് കീഴിൽ 50 മെഗാവാട്ട് പുരപ്പുറ സൌരോർജ്ജ പ്രോജക്ടിന്റെ പ്രവർത്തനത്തിന് മഹാമാരി കാരണം കാലതാമസമുണ്ടാകാൻ സാധ്യതയുണ്ട്, സംഭരണത്തിലും നിർമ്മാണത്തിലുമുള്ള കാലതാമസം നേരിടാൻ ഡവലപ്പർമാർ ചെലവ് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നു.

2. 50 മെഗാവാട്ട് പുരപ്പുറ സൌരോർജ്ജ പ്രോജക്റ്റിന്റെ (എംഎൻആർഇ സബ്സിഡി സ്കീം) ലേലം നടക്കേണ്ട തീയതി, പങ്കെടുക്കാൻ സാധ്യതയുള്ള ലേലക്കാർ ആവശ്യപ്പെട്ടതനുസരിച്ച് മാറ്റിവച്ചു. ഇത് പദ്ധതി വൈകിപ്പിക്കും. വ്യവസായങ്ങളിലുടനീളമുള്ള പ്രത്യാഘാതങ്ങൾ മൂലം വിലക്കയറ്റം പ്രതീക്ഷിക്കുന്നു.

3. ബാഹ്യ ഏജൻസികളായ നാഷണൽ തെർമൽ പവർ കോർപ്പറേഷൻ (എൻടിപിസി), എൻഎച്ച്പിസി, ടിഎച്ച്ഡിസിഐഎൽ, സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ (എസ്സിഐ) എന്നിവ സംസ്ഥാനത്ത് ഏറ്റെടുക്കുന്ന പദ്ധതികളെയും ബാധിക്കുന്നു.

4. 260 മെഗാവാട്ട് സൗരോർജ്ജ പദ്ധതികൾക്കായി ലേലം വിളിക്കുന്നതിനുള്ള റെഗുലേറ്ററി അംഗീകാരങ്ങളും വൈകുകയാണ്.

## ലോക്ക്ഡൗൺ ബാധിച്ച പ്രധാന പ്രോജക്റ്റുകളും അവയുടെ വ്യാപ്തിയും

1. എല്ലാ മൂലധന, നവീകരണ, ആധുനികവൽക്കരണ ജോലികളും ഈ കാലയളവിൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു. വിതരണം പുന:സ്ഥാപിക്കുന്നതിനുള്ള അടിയന്തിര പ്രവർത്തനങ്ങൾ മാത്രമാണ് ഇപ്പോൾ ഏറ്റെടുക്കുന്നത്.

2. ട്രാൻസ്ഗ്രിഡ് 2.0 ന് കീഴിലുള്ള ഒമ്പത് 220 കെവി സബ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങളും ഈ വർഷം കമ്മീഷൻ ചെയ്യാൻ ഷെഡ്യൂൾ ചെയ്തിട്ടുള്ള സാധാരണ പദ്ധതി പ്രകാരമുള്ള വിവിധ ജോലികളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2020 ജൂണിൽ കമ്മീഷൻ ചെയ്യാനിരുന്ന പുനലൂർ-മാടക്കത്ര എച്ച് വി ഡി സി ലൈൻ നിർമാണത്തെയും സാരമായി ബാധിക്കുന്നു.

3. 6 നഗരങ്ങളിൽ ആരംഭിച്ച ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ ലോക്ക്ഡൗണിൽ നിർത്തിവച്ചിരിക്കുന്നു, ഇത് ഇ-വെഹിക്കിൾ പ്രോജക്റ്റ് തുടങ്ങുന്നത് വൈകിപ്പിക്കും.

4. 2020 ഏപ്രിലിനുമുമ്പ് കമ്മീഷൻ ചെയ്യാൻ പദ്ധതിയിട്ടിരുന്ന പെരിങ്ങൽക്കുത്ത്, ഭൂതത്താൻകെട്ട്, അപ്പർ കല്ലാർ മുതലായ നിരവധി ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനങ്ങളെയും ലോക്ക്ഡൗൺ ബാധിച്ചു.

5. പദ്ധതികൾ തമ്മിൽ ആഘാതത്തിന്റെ വ്യാപ്തി വ്യത്യാസപ്പെടുന്നു. തൊഴിൽസേനയെ തിരിച്ചുവിടൽ, സൈറ്റിലെ വിദേശ വിദഗ്ധരുടെ ആവശ്യകത, വിതരണ ശൃംഖല അവതാളത്തിലാവുക തുടങ്ങിയ പ്രശ്നങ്ങൾ പ്രത്യേകം വിലയിരുത്തേണ്ടതുണ്ട്.

## നയ സംബന്ധിയായ ശുപാർശകൾ

1. കെഎസ്ഇബി നിലവിൽ നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ടെങ്കിലും വിവിധ തരം ഉപഭോക്താക്കളുടെ അപേക്ഷകളും നിലവിലെ പ്രതിസന്ധി കാരണം അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വിലയിരുത്തി വൈദ്യുതി ചാർജ് എഴുതിത്തള്ളാൻ സർക്കാരിന്റെ ഭാഗത്തു നിന്ന് അയവുകൾ ഉണ്ടാകണം. ഐടി, സ്റ്റാർട്ടപ്പ് മേഖലകൾ ഉൾപ്പെടെയുള്ള എംഎസ്എംഇ മേഖലയ്ക്ക് വൈദ്യുതി ചാർജുകൾ അടയ്ക്കുന്നതിന് ആനുകൂല്യങ്ങൾ ആവശ്യമായി വരും. ഇതിൽ പൂർണ്ണമാ യുള്ള എഴുതിത്തള്ളൽ മുതൽ പണമടയ്ക്കൽ നീട്ടിവെച്ച് വിവിധ ഘട്ടങ്ങളിലായി അടച്ചു തീർക്കുക എന്ന തരത്തിലുള്ള നടപടികൾ വരെ വേണ്ടിവരും. ഇതു കാരണം കെഎസ്ഇബിക്ക് നഷ്ടമുണ്ടാകുമെങ്കിലും മറ്റ് പൊതുമേഖലാ ഡിസ്കോമു (DISCOMS) കളുമായി താരതമ്യപ്പെടുത്തുമ്പോൾ അതിന്റെ വിഭവ സമാഹരണ ശേഷിയും നിലവിലെ ആരോഗ്യകരമായ സാമ്പത്തിക നിലയും അത്തരം ഇളവുകൾ നൽകാൻ കെഎസ്ഇബിക്ക് പ്രാപ്തി നൽകുന്നു.

2. മുകളിൽ സൂചിപ്പിച്ചതുപോലെ, എഴുതിത്തള്ളലും പണമടയ്ക്കൽ മാറ്റിവെക്കലും കാരണം കെഎസ്ഇബിക്ക് വരുമാനം നഷ്ടമുണ്ടാക്കും. ഈ നഷ്ടം കെഎസ്ഇബിയുടെയും ഉപഭോക്താക്കളുടെയും സർക്കാരിന്റെയും ഇടയിൽ എങ്ങനെ പങ്കിടും എന്നതിനെക്കുറിച്ച് സർക്കാർ നയപരമായ തീരുമാനം എടുക്കേണ്ടിവരും.

3. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ "നിർബന്ധമായ പ്രവർത്തനം" എന്ന നില ആറു മാസത്തേക്ക് റദ്ദാക്കുന്നതിന് കേന്ദ്ര സർക്കാരുമായി സജീവമായി ഇടപെടേണ്ടതുണ്ട്. അടച്ചുപൂട്ടലോ സാമ്പത്തിക പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങളോ തുടരുകയാണെങ്കിൽ പ്രസ്തുത നടപടിയുടെ കാലഘട്ടവും നീട്ടേണ്ടി വരും. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള

വൈദ്യുതിക്ക്  താപവൈദ്യുതിക്ക് നൽകുന്ന ശരാശരി നിരക്കിൽ വില നൽകുക എന്ന് പോലുള്ള ചില ബദലുകൾ സ്വീകരിക്കാവുന്നതാണ്.

4. കേന്ദ്ര ധനമന്ത്രാലയം കോവിഡ്-19നെ ഒരു മുൻകൂട്ടികാണാത്ത (force majeure) സംഭവമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാൽ, സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ തിരക്ക് കണക്കിലെടുത്ത് തിരഞ്ഞെടുത്ത വൈദ്യുതി വാങ്ങൽ കരാറുകളുമായി ബന്ധപ്പെട്ട് ഫോഴ്സ് മജ്യൂർ (force majeure) അറിയിപ്പ് കേരള സർക്കാർ, കെഎസ്ഇബി എന്നിവർ നൽകേണ്ടതാണ്. നിലവിലെ വിപണി വിലയേക്കാൾ വളരെ ഉയർന്ന വിലയ്ക്ക് വാങ്ങുന്ന വൈദ്യുതി പരിത്യജിക്കുന്നതുമായി ബന്ധപ്പെട്ട്  കൂടുതൽ ചർച്ചകൾക്ക് ഇത് സാഹചര്യം ഒരുക്കും. ഉയർന്ന ചെലവുള്ള സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി പരിത്യജിക്കുന്നതിന് മുൻഗണന നൽകണം.

5. മുകളിലുള്ള നാല് ശുപാർശകൾ കൂടാതെ, സർക്കാരും കെഎസ്ഇബിയും നിലവിലെ പ്രതിസന്ധിയെയും ഫോഴ്സ് മജ്യൂര് (force majeure) സാഹചര്യവും ഉയർത്തി കേന്ദ്ര പൂളിൽ നിന്നുള്ള പരിത്യജിക്കാത്ത വൈദ്യുതി വിഹിതവുമായി ബന്ധപ്പെട്ട മറ്റെല്ലാ ചെലവുകളും, നിശ്ചിത ചാർജ്ജുകളും പ്രസരണ ചാർജ്ജുകളും ഉൾപ്പെടെ, നിശ്ചിത കാലയളവിലേക്ക് സമഗ്രമായി പുതുക്കേണ്ടതാണ്, ഇത് ആവശ്യമെങ്കിൽ പകർച്ചവ്യാധിയുടെ കാലഘട്ടത്തിലേക്കു മുഴുവനായി നീട്ടാവുന്നതാണ്.

# കോവിഡ് 19 മൂലം തൊഴിൽ മേഖലയിലെ ആഘാതം

## സംഗ്രഹം

1. 2020 മാർച്ച് വരെയുള്ള കണക്കനുസരിച്ച് കേരളത്തിൽ ക്ഷേമ ബോർഡുകൾ, ജീവനക്കാരുടെ സംഘടനകൾ, തോട്ടം തൊഴിലാളികൾ (തേയില, റബ്ബർ) എന്നിവയുടെ ഭാഗമായി 10.2 ദശലക്ഷം തൊഴിലാളികളാണുള്ളത്. സംസ്ഥാനത്തെ 10.1 ദശലക്ഷം തൊഴിലാളികൾ ക്ഷേമ ബോർഡുകളുടെയും ജീവനക്കാരുടെ സംഘടനകളുടെയും ഭാഗമാണ്. കേരള അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സിന്റെ കണക്കനുസരിച്ച് 0.1 ദശലക്ഷം തൊഴിലാളികൾ തേയില, റബ്ബർ മേഖലയിൽ ഏർപ്പെട്ടിട്ടുണ്ട്.

2. ക്ഷേമ ബോർഡുകളിലെയും, ജീവനക്കാരുടെ സംഘടനകളിലെയും ലഭ്യമായ സ്ഥിതി വിവര കണക്ക് പ്രകാരം, 10.1 ദശലക്ഷം തൊഴിലാളികളിൽ ലിംഗപരമായ വിഭജനം ലഭ്യമായ സ്ഥിതിവിവരക്കണക്ക് 9.3 ദശലക്ഷം തൊഴിലാളികളുടേതാണ്. മൊത്തം തൊഴിലാളികളിൽ 5.3 ദശലക്ഷം അല്ലെങ്കിൽ 57 ശതമാനം പുരുഷന്മാരും 4 ദശലക്ഷം അല്ലെങ്കിൽ 43 ശതമാനം സ്ത്രീകളുമാണ്. ക്ഷേമ ബോർഡുകളിലെയും മറ്റ് ജീവനക്കാരുടെ സംഘടനകളിലെയും തൊഴിലാളികളുടെ വിശദാംശങ്ങൾ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

3. 9.3 ദശലക്ഷം തൊഴിലാളികളിൽ 1.3 ദശലക്ഷം (1.2 ദശലക്ഷം പുരുഷന്മാരും 0.1 സ്ത്രീകളും) രജിസ്റ്റർ ചെയ്യാത്ത തൊഴിലാളികളാണ് വിവിധ ക്ഷേമ ബോർഡുകളിലായി വ്യാപിച്ചിരിക്കുന്നത്.

4. 21 ദിവസത്തെ ലോക്ക് ഡൌൺ കാലയളവിൽ (മാർച്ച് 25 മുതൽ 2020 ഏപ്രിൽ 14 വരെ) 10.1 ദശലക്ഷം തൊഴിലാളികളുടെ തൊഴിൽ നഷ്ടം 211.16 ദശലക്ഷം തൊഴിൽ ദിനമായി കണക്കാക്കപ്പെടുന്നു.

5. സംസ്ഥാനത്തെ ക്ഷേമ ബോർഡുകളിലെയും മറ്റ് ജീവനക്കാരുടെ സംഘടനകളിലെയും തൊഴിലാളികളുടെ ശരാശരി വേതനം പ്രതിദിനം 555.3 രൂപയായി കണക്കാക്കപ്പെടുന്നു.

6. അതിനാൽ, സംസ്ഥാനത്തെ 10.1 ദശലക്ഷം തൊഴിലാളികളുടെ വേതന വരുമാനത്തിന്റെ നഷ്ടം പ്രതിദിനം 560.8 കോടി രൂപയായി കണക്കാക്കപ്പെടുന്നു (തോട്ടം മേഖല ഒഴികെ).

7. തോട്ടം മേഖലയിൽ, തേയില, റബ്ബർ എന്നിവയിൽ മാത്രം തൊഴിൽ നഷ്ടമുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. മറ്റ് വിളകൾ സീസൺ അല്ലാത്തതിനാൽ അവയിൽ നിന്നുള്ള നഷ്ടം പരിഗണിച്ചില്ല. ഒരാൾക്കുള്ള തൊഴിൽ നഷ്ടം പ്രതിദിനം 98,000 ആയി കണക്കാക്കപ്പെടുന്നു,

കൂടാതെ 21 ദിവസത്തേക്ക് തോട്ടം മേഖലയിൽ ആകെ തൊഴിൽ നഷ്ടം 1.82 ദശലക്ഷമായി കണക്കാക്കപ്പെടുന്നു [4].

8. ഏപ്രിൽ 14 വരെയുള്ള ലോക്ക്ഡൌൺ കാലയളവിൽ തോട്ടം മേഖലയിലെ മൊത്തം വേതന വരുമാന നഷ്ടം 80.0 കോടി രൂപയായി കണക്കാക്കപ്പെടുന്നു.

9. അതിനാൽ ലോക്ക്ഡൌൺ കാലയളവിൽ ആകെ തൊഴിൽ നഷ്ടപ്പെട്ട വ്യകിതി ദിനങ്ങൾ (രജിസ്റ്റർ ചെയ്തവർ, രജിസ്റ്റർ ചെയ്യാത്തവർ, തോട്ടം മേഖലയിൽ ജോല് ചെയ്യുന്നവർ) 213 ദശലക്ഷമാണ് (ക്ഷേമ ബോർഡുകളിലും, തൊഴിൽ സംഘടനകളിലും 211.2 ദശലക്ഷം, തോട്ടം മേഖലയിൽ 1.82 ദശലക്ഷം). അതിനാൽ 21 ദിവസത്തേക്ക് 10.2 ദശലക്ഷം തൊഴിലാളികളുടെ മൊത്തം വേതന വരുമാന നഷ്ടം 12976.9 കോടി രൂപയാണ് (തോട്ടം മേഖല ഉൾപ്പെടെ). കണക്കാക്കിയതിന്റെ വിശദാംശങ്ങൾ പട്ടിക 1 ൽ നൽകിയിരിക്കുന്നു.

10. ദുരിതാശ്വാസ നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ 10.2 ദശലക്ഷം തൊഴിലാളികൾക്കും (ക്ഷേമ ബോർഡുകളിൽ രജിസ്റ്റർ ചെയ്തതും, ചെയ്യാത്തതും, തേയില റബ്ബർ തോട്ടം മേഖലയിലെ തൊഴിലാളികളും) 1000 രൂപ വീതം വിതരണം ചെയ്യാൻ സർക്കാർ തീരുമാനിക്കുകയാണെങ്കിൽ, സർക്കാരിന്റെ സാമ്പത്തിക ബാധ്യത 1015.0 കോടി രൂപ ആയിരിക്കും.

11. ക്ഷേമ ബോർഡുകളിലെ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ധനസഹായമായി സർക്കാർ ഇതിനകം 1000 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

12. ലോക്ക്ഡൌൺ കാലയളവിൽ ഏകദേശം 5.0 മുതൽ 6.0 ലക്ഷം വരെ അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് ഉണ്ട്.

13. ഇവിടെ കണക്കാക്കിയ തൊഴിലാളികളിൽ ഉൾപ്പെടാതെ പോയവരിൽ തുണികൾ കഴുകുന്നതിലും ഇസ്തിരിയിടുന്നതിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ, കാറ്ററിംഗ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർ, ചിത്രകാരന്മാർ, ഗാർഹിക, സ്വകാര്യ സ്ഥാപനങ്ങളിലെ വനിതാ തൊഴിലാളികൾ, ലൈറ്റ് ആൻഡ് സൗണ്ട് തൊഴിലാളികൾ, പന്തൽ തൊഴിലാളികൾ, തെരുവ് കച്ചവടക്കാർ, പൊതു ടോയ്‌ലറ്റുകൾ വൃത്തിയാക്കുന്ന തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ എന്നിവർ ഉൾപ്പെടും. അവരിൽ പലരും അതിഥി തൊഴിലാളികളാണ്. ദുരിതാശ്വാസ നടപടികളുടെ വിതരണത്തിന്റെ ഭാഗമായി അവരെ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുക എന്നതാണ് സർക്കാരിന്റെ യഥാർത്ഥ വെല്ലുവിളി.

[4] ഈ റിപ്പോർട്ടിന്റെ കാർഷിക വിഭാഗത്തിൽ ഒരു ബദൽ കണക്കുകൂട്ടൽ ഉണ്ട്. ഡാറ്റയുടെ ഉറവിടവും ജോലിയുടെ തൊഴിൽ ദിനങ്ങളുടെ അനുമാനത്തിലുള്ളവ്യത്യാസമാണ് ഈ വ്യത്യാസത്തിനു കാരണം. ഈ വിഭാഗത്തിലെ ഡാറ്റയുടെ ഉറവിടം കേരളത്തിലെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ആണ്.

14. സാമ്പത്തിക പാക്കേജുകളും ദുരിതാശ്വാസ നടപടികളും പ്രഖ്യാപിക്കുമ്പോൾ ലോക്ക്ഡൌണിന്റെ ആഘാതം വനിതാ തൊഴിലാളികളിലും (ഒരു പ്രത്യേക കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട്), വേതനവും ജോലിയുടെ സ്വഭാവവും കണക്കിലെടുത്ത് സമ്പദ്‌വ്യവസ്ഥയുടെ താഴത്തെ വിഭാഗത്തിൽ ഉൾപ്പെടുന്ന പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവരിലും എപ്രകാരമാണെന്നതിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

15. സർക്കാരിന് 1.3 ദശലക്ഷം രജിസ്റ്റർ ചെയ്യാത്ത തൊഴിലാളികളെ (1.2 ദശലക്ഷം പുരുഷന്മാരും 0.1 സ്ത്രീകളും) ബന്ധപ്പെട്ട ക്ഷേമ ബോർഡുകളുടെ കീഴിൽ കൊണ്ടുവരാൻ സാധിക്കും.

**ലോക്ക്ഡൌൺ സമയത്ത് സർക്കാർ നടത്തിയ ഇടപെടലുകൾ**

ലോക്ക്ഡൌൺ കാലയളവിൽ വെൽഫെയർ ബോർഡുകളിലെ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. *2020* ഏപ്രിൽ *24* ലെ വിശദാംശങ്ങൾ അനുബന്ധത്തിലെ പട്ടിക *2* ൽ കാണിച്ചിരിക്കുന്നു.

## മുന്നോട്ടുള്ള വഴി

1. രജിസ്റ്റർ ചെയ്യാത്ത എല്ലാ തൊഴിലാളികളെയും ക്ഷേമ ബോർഡിന് കീഴിൽ കൊണ്ടുവരാൻ സർക്കാർ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

2. രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലാളികൾക്കും അടുത്ത ഘട്ടം ധനസഹായം വിതരണം ചെയ്യണം.

3. ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കും സംരംഭങ്ങൾക്കും പലിശരഹിതമോ സബ്സിഡി പലിശയോടുകൂടിയതോ ആയ വായ്പകൾ ക്രമീകരിക്കേണ്ടതുണ്ട് (കാർഷിക വായ്പകൾ 3 ലക്ഷം വരെ സ്വർണ്ണം ഈടു നൽകിക്കൊണ്ട്). സൂക്ഷ്മ സംരംഭങ്ങൾക്ക് രണ്ട് വർഷത്തേക്ക് 25,000 മുതൽ 2 ലക്ഷം വരെ പലിശരഹിത വ്യക്തിഗത വായ്പ നൽകുന്നത് പരിഗണിക്കാം.

4. വിവിധ ക്ഷേമ ബോർഡുകളെ മൂന്നോ നാലോ ബോർഡുകളായി തരംതിരിക്കുക. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നിലവിലുള്ള തൊഴിൽ ക്ഷേമ ബോർഡുകൾ (തൊഴിൽ വകുപ്പിന് കീഴിൽ 16 ഉം സർക്കാറിന്റെ മറ്റ് വിവിധ വകുപ്പുകൾക്ക് കീഴിൽ 12 ഉം) ആറോ ഏഴോ ബോർഡുകളായി സംയോജിപ്പിക്കുക, അത് ക്ഷേമ ബോർഡുകളുടെ കാര്യക്ഷമതയും ഭരണവും മെച്ചപ്പെടുത്തും.

5. ചില മേഖലകളിൽ (ഉദാ. ഹോട്ടൽ, റെസ്റ്റോറന്റുകൾ, നിർമ്മാണം, പാദരക്ഷകൾ) തൊഴിൽ ക്ഷാമം നേരിടേണ്ടി വരും അന്തർസംസ്ഥാന യാത്രക്ക് ശേഷം ആവശ്യമായ ക്വാറന്റൈൻ എടുത്തതിനുശേഷം, ബന്ധപ്പെട്ട വ്യവസായ പ്രമുഖരുമായി ചർച്ച ചെയ്ത ശേഷം സംസ്ഥാനത്തെ അതിഥി തൊഴിലാളികളെ കേരളത്തിൽ തന്നെ നിലനിർത്താൻ ശ്രമിക്കണം.

6. അതിഥി തൊഴിലാളികളെ നിരീക്ഷിക്കുന്നതിനും, അവർക്കാവശ്യമായ സൌകര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്ക് വർദ്ധിപ്പിക്കാം, പ്രത്യേകിച്ചും അവർക്ക് മികച്ച താമസസൗകര്യം നൽകുന്നതിന്.

7. തൊഴിൽ വകുപ്പിലെ ജീവനക്കാരുടെ കുറവ് കാരണം കെട്ടിട നിർമ്മാണത്തിനായി സെസ് ശേഖരിക്കുക ബുദ്ധിമുട്ടാണ്. നിലവിൽ 50 ശതമാനം സെസ് പിരിക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണവും മറ്റ് നിർമ്മാണ സെസ്സുകളും ശേഖരിക്കുന്നതിനുള്ള ഉത്തരവാദിത്തം സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയാൽ ഇത്തരം പ്രവർത്തനങ്ങൾക്ക് സഹായകരമാകും.

8. വായ്പ തിരിച്ചടവിന് 6 മാസം മുതൽ ഒരു വർഷം വരെ മൊറട്ടോറിയം നീട്ടുക.

**അനുബന്ധം**

പട്ടിക 1 **ക്ഷേമ ബോർഡുകളിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കായി സർക്കാർ അനുവദിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ , കോടി രൂപയിൽ**

| ക്ര. ന | ക്ഷേമ ബോർഡിന്റെ പേര് | രജിസ്റ്റർ ചെയ്തവർ | രജിസ്റ്റർ ചെയ്യാത്തവർ | അകെ തൊഴിലാളികൾ | രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് മാത്രം ധനസഹായം, കോടി രൂപയിൽ |
|---|---|---|---|---|---|
| 1 | കേരള കെട്ടിടത്തൊഴിലാളി ക്ഷേമനിധി ബോർഡ് (KBOCWWFB) | 2000304 | | 2000304 | 200.0 |
| 2 | കേരള കർഷകത്തൊഴിലാളി | 1589997 | | 1589997 | 159.0 |

| | | | | | |
|---|---|---|---|---|---|
| | ക്ഷേമനിധി ബോർഡ് (KAWWFB) | | | | |
| 3 | കേരള ഷോപ്പ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ളിമെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ് (KSCEWFB) | 1211527 | 100000 | 1311527 | 51.0 |
| 4 | കേരള മോട്ടോർത്തൊഴിലാളി ക്ഷേമ ഫണ്ട് ബോർഡ് (KMWWFB) | 942054 | 1000000 | 1942054 | 258.0 |
| 5 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് (KTWWFB) | 852185 | 25000 | 877185 | 73.0 |
| 6 | കേരള തൊഴിലാളി ക്ഷേമ നിധി ബോർഡ് (KLWFB) | 513518 | 0 | 516518 | 30.4 |
| 7 | കേരള അസംഘിടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് | 443566 | 0 | 443566 | 44.3 |
| 8 | കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് (KCWWFB) | 258762 | 0 | 258762 | 10.8 |
| 9 | കേരള മുള, ഈറ്റ, കൈത തൊഴിലാളി ക്ഷേമനിധി ബോർഡ് (KBEPLWWFB) | 91125 | 0 | 91125 | 9.1 |
| 10 | കേരള ചുമട്ട്ത്തൊഴിലാളി ക്ഷേമ നിധി ബോർഡ് (KHLWWFB) | 38474 | 35800 | 74274 | 86.0 |
| 11 | കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ് (KHWWFB) | 37646 | 40000 | 77646 | 3.0 |
| 12 | കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമ നിധി ബോർഡ് (KTWWFB) | 26344 | 694 | 27038 | 24.3 |
| 13 | കേരള ജ്വല്ലറി തൊഴിലാളി ക്ഷേമ | 19656 | 25000 | 44656 | 1.7 |

| | | | | | |
|---|---|---|---|---|---|
| | നിധി ബോർഡ് (KJWWFB) | | | | |
| 1<br>4 | കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് (KBCWWFB) | 6837 | 25000 | 31837 | 2.1 |
| 15 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് (KAWWFB) | 3068 | 0 | 3068 | 1.4 |
| 16 | കേരള ചെറുകിടത്തൊഴിലാളി ക്ഷേമനിധി ബോർഡ് (KPWWFB) | | | | 8.5 |
| 17 | മറ്റ് ക്ഷേമനിധി ബോർഡുകൾ | 721342 | | 721342 | 14.0 |
| | ആകെ 1 മുതൽ 17 വരെ (ക്ഷേമ നിധി ബോർഡുകളിലെ തൊഴിലാളികൾ) | 8756405 | 1251494 | 10010899 | 976.6 |

*# 2020 ഏപ്രിൽ 24 വരെയുള്ള ഡാറ്റ*

# കോവിഡ്-19 ന്റെ സ്ത്രീകളുടെ തൊഴിലിന്മേലുള്ള ആഘാതം

സ്ത്രീകൾ സംസ്ഥാനത്തെ അനൗപചാരിക തൊഴിൽസേനയുടെ ഒരു പ്രധാന ഭാഗമാണ്. കൂടാതെ അവർ ഗാർഹിക സമ്പദ് വ്യവസ്ഥയ്ക്കും ഗാർഹിക ജോലികൾക്കും നിർണ്ണായകവുമാണ്. സ്ത്രീ തൊഴിൽ സേനയുടെ ഗണ്യമായ ഒരു ഭാഗം പരമ്പരാഗത തൊഴിലുകളായ കയർ, കശുവണ്ടി സംസ്കരണം, മുള, കൈത്തറി, ഖാദി, തോട്ടം എന്നിവയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. തൊഴിൽ വകുപ്പ് നൽകിയ കണക്കനുസരിച്ച് വകുപ്പിനു കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തതും ചെയ്യാത്തതുമായ തൊഴിലാളികളിൽ 4.0 ദശലക്ഷം അല്ലെങ്കിൽ 43 ശതമാനം സ്ത്രീകളാവുന്നു.

മാനുഫാക്ചറിംഗ്, നിർമ്മാണം, വ്യാപാരം, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, വീട്ടുജോലികൾ ഉൾപ്പടെയുള്ള ഗാർഹിക സേവനങ്ങൾ തുടങ്ങിയ മേഖലകളിലുള്ള പുരുഷ, സ്ത്രീ തൊഴിലാ ളികളിൽ പലർക്കും കോവിഡ്-19 ബാധിച്ചിട്ടുണ്ട്. ഇതിൽ വലിയൊരു വിഭാഗം അനൗപചാ രിക തൊഴിലാളികളാണ്. അനൗപചാരിക തൊഴിൽ എന്ന ഘടനയുടെ താഴെത്തട്ടിൽ വലിയൊരു ഭാഗം സ്ത്രീ തൊഴിലാളികളാണ് ജോലിചെയ്യുന്നത്. അവർ താൽക്കാലികം അഥവാ പാർട്ട് ടൈം തൊഴിലാളികൾ, കരാർ തൊഴിലാളികൾ, രജിസ്റ്റർചെയ്യാത്ത അല്ലെ ങ്കിൽ തൊഴിലാളികൾ എന്നറിയപ്പെടാത്തവർ, വ്യാവസായിക പുറംതൊഴിലാളികൾ (വീട്ടു കേന്ദ്രമാക്കി തൊഴിലെടുക്കുന്നവർ എന്നും അറിയപ്പെടുന്നു) എന്നിവരാണ്. അതായത് സുര ക്ഷാ വലയങ്ങളൊന്നുമില്ലാത്ത തൊഴിൽ, തൊഴിലാളി ആനുകൂല്യങ്ങൾ അല്ലെങ്കിൽ സാമൂ ഹിക പരിരക്ഷ എന്നിവ ഇല്ലാത്തതിനാൽ പിഎൽഎഫ്എസിന്റെ കണക്കിൽപ്പെടുന്നില്ല.

ഈ കുറിപ്പിലെ കണക്കുകൾ യൂണിയനുകൾ, അസ്സോസിയേഷനുകളും, ക്ഷേമനിധി ബോർഡുകൾ എന്നിവയിൽ നിന്നുള്ളതാണ്. എംഎൻആർഇജിഎസ്, മൈക്രോ എന്റ ർപ്രൈസസ്, കുടുംബശ്രീക്ക് കീഴിലുള്ള ബാധ്യതകൾ പങ്കുവയ്ക്കുന്ന ഗ്രൂപ്പുകൾ, വീട്ടുജോലിക്കാർ, വ്യാപാരസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന പെൺകുട്ടികൾ, ചെറുകിട സേവനങ്ങൾ /വ്യാപാരം, ഫാൻസി സ്റ്റോർ, ചായക്കടകൾ, ചെരുപ്പകടകൾ, ഡിടിപി/ഫോട്ടോസ്റ്റാറ്റ് യൂണിറ്റുകൾ, മീൻ വില്പന, ബ്യൂട്ടി പാർലറുകൾ, വിവിധ പദ്ധതികളുടെ ഏജന്റുമാർ, കശുവണ്ടി, കയർ, കൈത്തറി, ഖാദി എന്നിവയിലെ സ്ത്രീ തൊഴിലാളികൾ ഇതിൽ ഉൾപ്പെടുന്നു.

## വിഷയങ്ങൾ

1. ഇപ്പോഴത്തെ മഹാമാരിക്കു മുമ്പുതന്നെ സ്ത്രീ തൊഴിലാളികളിൽ ഭൂരിഭാഗവും കുറഞ്ഞ ദിവസക്കൂലിക്ക് ജോലിചെയ്തുവരികയായിരുന്നു. തൊഴിലുറപ്പ് തൊഴിലാളിക്ക് 200 രൂപയ്ക്കും 291 നും ഇടയിൽ, മീൻ വില്പന, വീട്ടുജോലി, വ്യാപാരസ്ഥാപനങ്ങളിൽ ജോലി എന്നിവയ്ക്ക് 400 രൂപമുതൽ

500 രൂപവരെ, ബ്യൂട്ടിപാർലറുകളിൽ കുറച്ചുകൂടുതലും ഇതായിരുന്നു നിരക്ക്. അവരിൽ ഭൂരിഭാഗത്തിനും യാതൊരുവിധ സാമൂഹിക സുരക്ഷയുമില്ല.

2. സ്ത്രീ തൊഴിലാളികളിൽ 60 ശതമാനത്തിന് സേവന മേഖലയാണ് (പിഎൽഎഫ്എസ് 2017-18) തൊഴിൽ നൽകുന്നത്. അതിൽ 9 ശതമാനം നഗരപ്രദേശങ്ങളിലെ, വളരെ ദൃശ്യമായ ഗാർഹിക ജോലികളിലേർപ്പെടുന്നു.

3. അനൌപചാരികതൊഴിലന്റെ ഭാഗമായിരിക്കുന്ന ഒട്ടുമിക്ക സ്ത്രീകളും സ്വാശ്രയ-മൈക്രോഫിനാൻസിന്റെ കടബാധ്യതയുള്ളവരാണ്. ലോക്ക്ഡൌൺ പിൻവലിച്ചാലുടൻ ഈ വായ്പകൾ തിരിച്ചടയ്ക്കണം.

4. അനൌപചാരിക സമ്പദ്ഘടനയിലെ മിക്ക തൊഴിലാളികളും കൃത്യമായ രേഖകളോ, കരാറുകളോ ഇല്ലാത്തവരാണ്. അതുകൊണ്ട് അവരുടെ തൊഴിൽ പുനഃസ്ഥാപിക്കുകയെ ന്നത് വലിയൊരു പ്രശ്നമായിരിക്കും.

5. പഠനങ്ങൾ തെളിയിക്കുന്നത് വലിയൊരു ശതമാനം കുടുംബങ്ങളും കുടുംബത്തിലെ സ്ത്രീ തൊഴിലാളികളുടെ ചെറിയ വരുമാനംകൊണ്ട് കഴിഞ്ഞുപോകുന്നുവെന്നാണ്. പല കുടുംബ ങ്ങളിലും സ്ത്രീകൾ മാത്രമാണ് വരുമാനം ഉള്ളവർ, അവരുടെ കഠിനാധ്വാനവും അതിലൂടെ നേടുന്ന ചെറിയ വരുമാനവുംകൊണ്ടാണ് വീട്ടുചെലവുകൾ നടക്കുന്നത്. അതുകൊണ്ട് മികച്ച രീതിയിൽ, ചില സംഘാടന അല്ലെങ്കിൽ സാങ്കേതികവിദ്യാമാറ്റത്തിലൂടെ അവരുടെ ഉപജീവ നമാർഗ്ഗം ഉയർത്തിക്കൊണ്ട് അവരുടെ തൊഴിൽ പുനഃസ്ഥാപിക്കുകയെന്നത് പ്രധാനപ്പെട്ട താണ്.

6. മിക്ക സ്ത്രീകളും ഒരു ക്ഷേമനിധിയിലും അംഗമല്ലാത്തതുകൊണ്ട് സർക്കാർ നൽകുന്ന ധന സഹായം അവർക്ക് നേടാൻ കഴിയുന്നില്ല.

## മുന്നോട്ടുള്ള പാത

1. തൊഴിലുറപ്പ് ജോലികൾ സാമൂഹിക അകലം പാലിക്കൽ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പുനരാരംഭിക്കണം.

2. സ്ത്രീ കേന്ദ്രിത തൊഴിൽ സൃഷ്ടിക്കുന്നതിന്റെ സാധ്യത ആരായണം, പ്രത്യേകിച്ചും മഹാമാരി ഉയർത്തിക പുതിയ ആവശ്യങ്ങളുടെ പശ്ചാത്തലത്തിൽ ആരോഗ്യ, ആരോഗ്യേതരവുമായി ബന്ധപ്പെട്ടവ രംഗങ്ങളിൽ. അവർക്ക് പലിശരഹിത വായ്പകൾ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി ഉപജീവനം മെച്ചപ്പെടുത്തുന്നതിനായി അനുവദിക്കണം.

3. സൂക്ഷ്മ, ചെറുകിട, ഇടത്തരം സ്ഥാപനങ്ങളുടെ ഉടമകൾ ജോലിയുടെ ഒരു നിശ്ചിതശതമാനത്തിൽ സ്ത്രീ തൊഴിലാളികളെ നിർബന്ധമായും നിയമിക്കണം, അതിന് തൊഴിലുടമകൾക്ക് വേണ്ട സഹായം നൽകണം.

4. സ്ത്രീകൾക്കുവേണ്ടി നിശ്ചിത ശതമാനം ഫണ്ടുകൾ വകയിരുത്തിയ വകുപ്പുകൾ വിഭവങ്ങൾ ക്രിയാത്മകമായി ഉപയോഗിച്ച് സ്ത്രീകൾക്ക് തൊഴിൽ സൃഷ്ടിക്കണം.

5. വ്യവസായ പാർക്കുകളിലെ നിർമ്മിത സ്ഥലങ്ങളിൽ കുറച്ചുഭാഗം സ്ത്രീകൾക്ക് പ്രത്യേകമായി മാറ്റിവയ്ക്കണം.

6. സ്ത്രീ തൊഴിലാളികളിൽ ഭൂരിഭാഗവും കുടുംബശ്രീ അയൽക്കൂട്ട സംഘത്തിലെ അംഗങ്ങളാണ്. ബാങ്കുകളിൽ സൂക്ഷിച്ചിരിക്കുന്ന അവരുടെ ചെലവ് ചുരുക്കി സൂക്ഷിച്ച തുകയിൽ നിന്ന് പണമെടുക്കാനുള്ള അവസരം അവർക്ക് നൽകിയേക്കാം. ഇതിന് സർക്കാരിൽ നിന്ന് നിർദ്ദേശം ആവശ്യമാണ്.

7. കുടുംബശ്രീക്ക് കീഴിലുള്ള മൈക്രോ-എന്റർപ്രൈസസിനെ സഹായിക്കുക.

(i) ഓഫീസുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണം, ജീവനക്കാർക്കുവേണ്ടി കുടുംബശ്രീ യൂണിറ്റുകളിൽ തയ്ക്കുന്ന യൂണിഫോം എന്നിവപോലുള്ള ഉല്പന്നങ്ങളും സേവനങ്ങളും സ്വകാര്യ ബിസിനസ്സുകാർ ഉപയോഗപ്പെടുത്താൻ സർക്കാരിന് പ്രോത്സാഹിപ്പിക്കാവുന്നതാണ്.

(ii) പ്രവർത്തന മൂലധനം ഇല്ലാതിരിക്കുന്ന സംരംഭങ്ങൾക്ക്, നശിച്ചുപോവാത്ത സാധനങ്ങൾ, നാല് ശതമാനം പലിശയ്ക്ക് വായ്പ, അതോടൊപ്പം പ്രവർത്തന മൂലധന പിന്തുണയ്ക്കുള്ള ഒരു ഘടകം എന്നിവ നൽകാം. വായ്പയുടെ കാലാവധി നാല് വർഷമായിരിക്കും. തിരിച്ചടവിൽ ഒരു വർഷം മോറട്ടോറിയം നൽകാം.

(iii) വേഗം കേടുവരുന്ന വ്യാപാരചരക്കുകളുടെ സംഭരണം കാരണം നഷ്ടം നേരിട്ട സംരംഭങ്ങൾക്ക്, ബിസിനസ്സിന്റെ വലുപ്പത്തെയും പ്രവർത്തന മൂലധന ചക്രത്തെയും അടിസ്ഥാനമാക്കി സബ്സിഡി ഘടകമുള്ള നാല് ശതമാനം പലിശ നിരക്കിൽ പ്രവർത്തന മൂലധന വായ്പ കൊടുക്കുന്നത് പരിഗണിക്കാം.

8. പൂട്ടിയിട്ടതിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട വീട്ടുജോലിക്കാരുടെ എല്ലാ തൊഴിലുടമകളും ഈ തൊഴിലാളികൾക്ക് നഷ്ടപ്പെട്ട വേതനം നൽകാൻ ആവശ്യപ്പെടണം.

9. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ പരിധിയിൽ വരാത്ത അസംഘടിത

തൊഴിലാളികൾക്ക് സാമൂഹിക സംരക്ഷണം നൽകുന്നതിന് ഈ തൊഴിലാളികളെ ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരണം.

10. വനിതാ തൊഴിലാളികളുടെ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് വരുമാന സഹായ പദ്ധതി പരിഗണിക്കാം.

11. ദേശിയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് വെൽഫെയർ ഫണ്ട് ബോർഡ് ഇല്ലെങ്കിലും, ഏജന്റുമാർ (മൊത്തം 10618 പേരിൽ 9778 സ്ത്രീകളാണ്) ഒരു ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങളാണ്. നാഷണൽ സേവിംഗ്സ് ഡയറക്ടറേറ്റിൽ (ധനകാര്യ വകുപ്പിന് കീഴിൽ) അവർ 200 രൂപ ക്ഷേമത്തിനായി നിക്ഷേപിക്കുന്നു. വെൽഫെയർ ഫണ്ടിൽ നിന്ന് 10,000 രൂപ അഡ്വാൻസ് നൽകാം. ഈ തുക ഏജന്റുമാർ (പ്രതിമാസ കമ്മീഷനിൽ നിന്നും) ഒരു വർഷത്തിനുള്ളിൽ തവണകളായി സർക്കാരിലേക്ക് തിരിച്ചടയ്ക്കാം.

12. ബ്യൂട്ടി പാർലറുകളുള്ള സ്ത്രീകളെ സഹായിക്കുന്നതിന്, ഇനിപ്പറയുന്ന നടപടികൾ കൈക്കൊള്ളാം

(i) അസംഘടിത തൊഴിലാളി ക്ഷേമ ബോർഡ് (ബ്യൂട്ടിഷ്യൻസ് അസോസിയേഷന്റെ ചുമതലയുള്ള) നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എല്ലാ തൊഴിലാളികൾക്കും സാമ്പത്തിക സഹായം നൽകാം.

(ii) ലോക്ക് ഡൗണിനുശേഷം പ്രവർത്തനത്തിന്റെ പുനരുജ്ജീവനത്തിനായി ബ്യൂട്ടി പാർലറുകളുടെ ഉടമകൾക്ക് 2 ലക്ഷം വരെ കുറഞ്ഞ പലിശക്ക് വായ്പ നൽകാം. കുടുംബശ്രീ എൻഎച്ച്ജി അംഗങ്ങൾക്ക് കുടുംബശ്രീ വഴി വായ്പയെടുക്കാം.

## അനുബന്ധം

## വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ വരുമാനത്തിൽ ഉണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ

സ്വയംതൊഴിൽ (9.7 ലക്ഷം സ്ത്രീകൾ), കാഷ്വൽ തൊഴിലാളികൾ (6.8 ലക്ഷം സ്ത്രീകൾ) എന്നിവരെ ചേർത്ത് നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളിൽ ഒരു തൊഴിലാളിയുടെ ശരാശരി വേതനം കൊണ്ട് ഗുണിച്ചുകൊണ്ട് സ്ത്രീതൊഴിലാളികളുടെ വേതനനഷ്ടം ആഗോളമായി കണക്കാക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടില്ല. എൻഎസ്എസ്ഒ ഡാറ്റയിൽ, പ്രത്യേകിച്ച് മേല്പറഞ്ഞ രണ്ട് വിഭാഗങ്ങൾക്ക് കീഴിലുള്ള സ്ത്രീ തൊഴിലാളികളുടെ എണ്ണം വളരെ കുറച്ചു കണക്കാക്കിയിരിക്കുന്നുവെന്നതാണ് ഇതിനു കാരണം എന്നാണ് ഞങ്ങളുടെ അഭിപ്രായം. അതിനാൽ, ആകെ മൊത്തം നഷ്ടങ്ങളുടെ വിവരകണക്കു ഞങ്ങളുടെ പക്കലുള്ള എംജിഎൻആർഇജിഎ, അയ്യങ്കാളി അർബൻ എംപ്ലോയ്മെന്റ് ഗ്യാരണ്ടി

സ്കീം, കുടുമ്പശ്രീ മൈക്രോ എന്റർപ്രൈസസ്, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവയൊഴികെ, മറ്റ് തൊഴിൽ വിഭാഗങ്ങളിൽ ആ മേഖലയിലെ ഒരു സ്ത്രീ തൊഴിലാളിക്ക് പ്രതിദിന ശരാശരി വേതനവും 21 മുതൽ 25 ദിവസം വരെയുള്ള ലോക്ക്ഡൌൺ ദിനങ്ങളുടെ നഷ്ടവും കൊടുത്തിരിക്കുന്നു (2020 ഏപ്രിൽ 14 വരെ).

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംഎൻആർഇജിഎസ്)

എംഎൻആർഇജിഎസിന് കീഴിൽ സൃഷ്ടിക്കുന്ന മൊത്തം തൊഴിൽ ദിനങ്ങളിൽ കേരളത്തിലെ സ്ത്രീകളുടെ എണ്ണം 90 ശതമാനത്തോളമാണ്. ലോക്ക്ഡൌൺ കാലയളവിൽ സ്കീമിന് കീഴിലുള്ള പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുന്നതിനാലും, എംഎൻആർഇജിഎസിൽ നിന്നുള്ളത് പ്രധാന വരുമാന മാർഗ്ഗമായതിനാലും സ്ത്രീകളുടെ വരുമാനത്തെ ഇത് സാരമായി ബാധിച്ചു. ഏകദേശം 50 ലക്ഷം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടു. 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഈ പദ്ധതി പ്രകാരം വേതനവും ഭൌതിക ചെലവും ഉൾപ്പെടെ മൊത്തം നഷ്ടമാണ് 177 കോടി രൂപ.

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

ലോക്ക്ഡൌൺ ആയതിനാൽ അയ്യങ്കാളിനഗരതൊഴിലുറപ്പ്പദ്ധതിയുടെ കീഴിൽ 5,00,000തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടു. മൊത്തം 5,00,000തൊഴിൽ ദിനങ്ങളിൽ4,00,000 സ്ത്രീകളുടെ തൊഴിൽ ദിനങ്ങൾനഷ്ടപ്പെട്ടു.
മൊത്തം വേതനനഷ്ടവും ഭൌതിക ചെലവിൽ ഉണ്ടായ നഷ്ടവും യഥാക്രമം 13.55 കോടി രൂപയും 1.45 കോടി രൂപയുമാണ്. അതിനാൽ കണക്കാക്കിയ മൊത്തം നഷ്ടം 15.00 കോടി രൂപയാണ്.

## കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ (എംഇഎസ്)

ടൈലറിംഗ്, ജനറൽ / കിരാന സ്റ്റോർ, കഫെ, ടീഷോപ്പുകൾ, ബാഗ് നിർമ്മാണം, നിർമ്മാണം, ഐടി യൂണിറ്റുകൾ എന്നിങ്ങനെയുള്ള വിപുലമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന 28,000 സൂക്ഷ്മ സംരംഭങ്ങൾ ഉണ്ട്; ചെറുകിട ഗ്രൂപ്പുകളിലെ സംരംഭകരുടെ എണ്ണം 64,475 ആണ്, 15,000 തൊഴിലാളികളുണ്ട്. ഒരോ സംരംഭത്തിന്റെയും ശരാശരി നഷ്ടം 17,881 രൂപയാണ്. 28,083 സംരംഭങ്ങൾക്ക് ഒരു മാസത്തിൽ ശരാശരി 20 പ്രവൃത്തി ദിവസങ്ങൾ കണക്കാക്കിയാൽ 50 കോടി രൂപയാണ് ആകെ നഷ്ടം. ഇത് 28,083 സംരംഭങ്ങളുടെ ഉടമസ്ഥരുടെ വരുമാനവും വേതനവും കണക്കിലെടുത്തിട്ടുള്ള പ്രതിമാസ നഷ്ടമാണ്.

## കുടുംബശ്രീക്ക് കീഴിലുള്ള സംയുക്ത ബാധ്യതാ ഗ്രൂപ്പുകൾ (ജെഎൽജി)

3,38,202 വനിതാ കർഷകരടങ്ങുന്ന 68,388 ജെഎൽജി കുടുംബശ്രീ ഗ്രൂപ്പുകൾ, 50,000 ഹെക്ടറിൽ കൃഷി ചെയ്യുന്നുണ്ട്. ഈ സീസണിൽ ഏകദേശം 48940 ജെഎൽജികൾ കൃഷിചെയ്യുന്നു, അതിൽ 31241 ജെഎൽജികൾ വിളവെടുപ്പിന് തയ്യാറായിട്ടുണ്ട്. ഇനി പറയുന്ന കഴിവില്ലയ്മകൾ മൂലം മൊത്തത്തിലുള്ള നഷ്ടം 3.5 കോടി രൂപയായി കണക്കാക്കപ്പെടുന്നു (I) കൃത്യസമയത്ത് വിളവെടുക്കാൻ കഴിയാത്തതും (ii) വിളവെടുത്ത വിളകൾ വിറ്റഴിക്കാൻ കഴിയാത്തതോ കൊണ്ടോ അല്ലെങ്കിൽ വിളകൾക്ക് കുറഞ്ഞ വിൽപ്പന വിലയെ കിട്ടുന്നുള്ളൂ എന്നതുകൊണ്ടോ ഉള്ള വിപണി നഷ്ടം.

## വീട്ടുജോലിക്കാർ

സേവന മേഖല 60 ശതമാനം വനിതാ തൊഴിലാളികൾക്ക് (പിഎൽഎഫ്എസ് 2017-18) തൊഴിൽ നൽകുന്നു, അതിൽ 9 ശതമാനം വീട്ടുജോലികൾ ഉൾപ്പെടെയുള്ള ഗാർഹിക സേവനങ്ങളിലാണ്. വീട്ടുജോലി ചെയ്യുന്നവരുടെ യഥാർത്ഥ എണ്ണം കണക്കാക്കാൻ പ്രയാസമാണ്. 15,000 വീട്ടുജോലിക്കാർ രജിസ്റ്റർ ചെയ്തിട്ടുള്ള സെവാ യൂണിയനിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ലോക്ക് ഡൗൺ കാലയളവിൽ പ്രതിദിനം ഒരു തൊഴിലാളിയുടെ വരുമാനം നഷ്ടം 450-500 രൂപയാണ്. 475 രൂപ ശരാശരി ദൈനംദിന വേതനമായി കണക്കാക്കുമ്പോൾ, ഓരോ വീട്ടുജോലി ചെയ്യുന്നവർക്കും ഏകദേശം മാസത്തിൽ 12,000 രൂപ നഷ്ടപ്പെടുന്നുണ്ട്.

## മത്സ്യ വിൽപ്പനക്കാർ, ഗാർഹിക തൊഴിലാളികൾ, പരമ്പരാഗത ഈറ്റ/മുള/കൈത/കുളവാഴ, മൺപാത്ര തൊഴിലാളികൾ

തിരുവനന്തപുരം, കൊല്ലം എന്നിവിടങ്ങളിൽ മത്സ്യക്കച്ചവടക്കാരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. സീസണിനെ ആശ്രയിച്ച് ഈ സ്ത്രീകളിൽ ഭൂരിഭാഗവും പ്രതിദിനം 500-1500 രൂപ സമ്പാദിക്കുന്നു. 500 രൂപയുടെ താഴ്ന്ന പരിധി എടുത്താൽ, ഓരോ തൊഴിലാളിക്കും ഒരു മാസത്തിൽ 1500 രൂപ നഷ്ടപ്പെടും. ഇതിനുപുറമെ ഉൾനാടൻ മത്സ്യത്തൊഴിലാളികളും സ്വന്തമായി ഷെൽ മീനുകളും ചെമ്മീനും ശേഖരിക്കുന്നു. ശരാശരി 550 രൂപ വേതനത്തോടെ, ഉൾനാടൻ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് ഒരു മാസത്തെ വരുമാനത്തിൽ ഉണ്ടായ നഷ്ടം ഏകദേശം 14000 രൂപയാണ്.

ഗാർഹിക തൊഴിലാളികൾ സ്വയംതൊഴിൽ ജോലികളിലും സപ്ലൈ ചെയിൻ പീസ് ജോലികളിലും ഏർപ്പെടുന്നു. സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ പ്രതിദിന ശരാശരി വരുമാനം ഏകദേശം 300-400 രൂപയാണ്, വിതരണ ശൃംഖലയിലുള്ളവർക്ക് ഇത് കുറവാണ്, അതായത് 8 മണിക്കൂർ ദിവസത്തിന് 150-200 രൂപ. അതിനാൽ സ്വയം തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ പ്രതിമാസ

വരുമാനത്തിൽ കുറവ് ഏകദേശം 9000 രൂപയും പീസ് വർക്ക് സ്ത്രീകൾക്ക് ഇത് 5000 രൂപയുമാണ്.

പരമ്പരാഗത തൊഴിലുകളായ ഈറ്റ, മുള, കൈത്തറി, മൺപാത്രങ്ങൾ, കൈത, കുളവാഴ മുതലായ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടു. അവരിൽ പലരും സ്വയംതൊഴിലാ ളികളാണ്, അവരുടെ ദൈനംദിന ഉൽപ്പന്നങ്ങൾ വിപണിയിൽ വിൽക്കുന്നതിലൂടെയാണ് അവർ ജീവിക്കുന്നത്. ഓരോ തൊഴിലാളിയും ശരാശരി 250-300 രൂപ വരെ സമ്പാദിക്കുന്നു, ഒരു മാസത്തിൽ ഒരു തൊഴിലാളിക്ക് ആകെ 7000 രൂപ നഷ്ടം.

## അസംഘടിത ചെറുകിട വ്യാപാരം/ സേവനങ്ങൾ (പാദരക്ഷകൾ, ഒപ്റ്റിക്കലുകൾ, ഡിടിപി / ഫോട്ടോസ്റ്റാറ്റ്, ഫാൻസി സ്റ്റോർ, തുണിത്തരങ്ങൾ, ടീഷോപ്പുകൾ, ക്ലീനിംഗ് സ്റ്റാഫ്, സ്വകാര്യ നഴ്സറി / ഡേ കെയർ തുടങ്ങിയവ)

സെയിൽസ് വുമൺ, ടെക്സ്റ്റൈൽ വർക്കർ, പാദരക്ഷ, ഫാൻസി സ്റ്റോറുകൾ, ക്ലീനിംഗ് വർക്കർമാർ എന്നിങ്ങനെ അനേകം സ്ത്രീകൾ ചെറുകിട വ്യാപാര / സേവനങ്ങളിൽ അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്നു. 18 ലക്ഷത്തിലധികം സ്ത്രീകൾ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നു.

ഉദാഹരണത്തിന്, അനൗപചാരിക വനിതാ തൊഴിലാളികളുടെ കേന്ദ്രമായ കോഴിക്കോട്ടിലെ മിഠായി തെരുവിൽ 3200 ഓളം തൊഴിലാളികൾ ആ പ്രദേശത്ത് പ്രതിദിനം 400-500 രൂപ വേതനം നേടുന്നു. അതിനാൽ ആ ക്ലസ്റ്ററിൽ തന്നെ ലോക്ക്ഡൌൺ കാലയളവിൽ ഓരോ തൊഴിലാളിക്കും ഏകദേശം 1500 രൂപ നഷ്ടപ്പെടും.

## ദേശിയ സമ്പാദ്യ പദ്ധതി ഏജന്റുമാർ

ദേശിയ സമ്പാദ്യ പദ്ധതി (നാഷണൽ സേവിംഗ്സ് സ്കീം) ഏജന്റുമാരായി സംസ്ഥാനത്ത് 10618 തൊഴിലാളികളുണ്ട്. ഇതിൽ 9864 തൊഴിലാളികളാണ്. കമ്മീഷൻ എന്ന നിലയിൽ ഈ തൊഴിലാളികളുടെ ശരാശരി പ്രതിമാസ വരുമാനം 4,000 മുതൽ 50,000 വരെ വ്യത്യാസപ്പെടുന്നു.

## ഷോപ്പുകൾ-സെയിൽസ് പെൺകുട്ടികൾ

ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം 4,87,693 ഷോപ്പുകൾ അതിൽ 18,34,917 ജോലിക്കാരുണ്ട്. 75 ശതമാനത്തിലധികം, 13,86,604 പേർ സ്ത്രീകളാണ്. ഒരു ഷോപ്പ് ജീവനക്കാരന്റെ ശരാശരി ശമ്പളം 8,000 രൂപ.

### ബ്യൂട്ടി പാർലറുകൾ

സംസ്ഥാനത്ത് 1.5 ലക്ഷത്തിലധികം ബ്യൂട്ടി പാർലറുകളാണുള്ളത്. 4.5 ലക്ഷത്തോളം പേർ ഈ പാർലറുകളിൽ ജോലി ചെയ്യുന്നു, 90 ശതമാനത്തിലധികം സ്ത്രീകൾ. 4.5 ലക്ഷം തൊഴിലാളികളിൽ 36,000 പേർ മാത്രമാണ് അസംഘടിത തൊഴിലാളി ക്ഷേമ ബോർഡ് അംഗങ്ങൾ. ശരാശരി വരുമാനം പ്രതിദിനം 400 മുതൽ 5000 രൂപ വരെ വ്യത്യാസപ്പെടുന്നു, ഇത് ലോക്ക്ഡൌൺ കാലയളവിലെ ദൈനംദിന നഷ്ടമായിരിക്കും. വളരെ കുറച്ചുപേർ മാത്രമേ പ്രതിദിനം 5000 രൂപ സമ്പാദിക്കു എന്നതിനാൽ ശരാശരി 500 രൂപ വരുമാനം കണക്കാക്കിയാൽ, അതായത് ഒരു തൊഴിലാളിക്ക് പ്രതിമാസം 12500 രൂപ നഷ്ടംമാകും.

### ഖാദി വ്യവസായം

ഖാദി, വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന് കീഴിൽ 15,000 തൊഴിലാളികളുണ്ട്. അവരിൽ 95 ശതമാനവും ശരാശരി പ്രതിദിനം 350 രൂപ വരുമാനം നേടുന്ന സ്ത്രീകളാണ്. മാർച്ച് 24 മുതൽ യൂണിറ്റുകൾ അടച്ചിരുന്നു. മാർച്ചിലേക്കുള്ള വേതനം വിതരണം ചെയ്തു. ഏപ്രിലിൽ 14 ദിവസത്തേക്ക് ഓരോ തൊഴിലാളിക്കും വരുമാനത്തിൽ നഷ്ടം 4900 രൂപയാണ്.

### കയർ നൂൽ ഉത്പാദനം

കയർ സഹകരണ സൊസൈറ്റി മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളെ വരുമാന സഹായ പദ്ധതി പ്രകാരമുള്ള സ്വകാര്യ യൂണിറ്റുകളെ അടിസ്ഥാനമാക്കി, കയർ നൂൽ ഉൽപാദനത്തിലെ ആകെ തൊഴിലാളികളുടെ എണ്ണം 29,500 (സ്വയംതൊഴിൽ, സ്വകാര്യ തൊഴിൽ ഒഴികെ) ആകുന്നു. ഈ തൊഴിലാളികളിൽ 90 ശതമാനവും സ്ത്രീകളാണ്. വരുമാന സഹായത്തോടെ 350 രൂപയും ഇത് ഇല്ലാത്തവർ 240 രൂപയുമാണ് സമ്പാദിക്കുന്നത്. പ്രതിദിനം ശരാശരി 350 രൂപ വരുമാനം അനുമാനിച്ചാൽ, ലോക്ക്ഡൌൺ കാലയളവിൽ ഒരു തൊഴിലാളിയുടെ നഷ്ടം ഏകദേശം 7350 രൂപയാണ്.

### കശുവണ്ടി

കശുവണ്ടി മേഖലയിൽ ഏകദേശം 1,07,000 തൊഴിലാളികളുണ്ട്, ഏകദേശം 95 ശതമാനം സ്ത്രീകൾ. പ്രതിദിനം ശരാശരി 350 രൂപയാണ് അവർ സമ്പാദിക്കുന്നത്, ലോക്ക്ഡൌൺ കാലയളവിൽ ഒരു തൊഴിലാളിയ്ക്ക് 7350 രൂപയിലധികം വരുമാനം നഷ്ടപ്പെട്ടു.

## കൈത്തറി

16,000 ത്തോളം സഹകരണ സംഘങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നെയ്ത്തുകാരിൽ 70 ശതമാനവും സ്ത്രീകളാണ്; പ്രതിദിനം ശരാശരി വേതനം 350 രൂപയാണ്, എന്നാൽ ആനുകൂല്യങ്ങളോടെ പ്രതിദിനം 400-450 രൂപ വരെ പോകാം. പ്രതിദിനം ശരാശരി 350 രൂപയായി കണക്കാക്കിയാൽ, ലോക്ക്ഡൌൺ കാലയളവിൽ ഓരോ തൊഴിലാളിക്കും 7350 രൂപ നഷ്ടപ്പെട്ടു.

## കോവിഡ്-19 ന്റെ പ്രവാസിപ്പണത്തിന്മേലും പ്രവാസികളിലുമുള്ള സ്വാധീനം

ആഗോളതലത്തിൽ 2019 ലെ കുടിയേറ്റക്കാരുടെ എണ്ണം 272 ദശലക്ഷം അല്ലെങ്കിൽ ലോകജനസംഖ്യയുടെ 305 ശതമാനമാണ് (വേൾഡ് മൈഗ്രേഷൻ റിപ്പോർട്ട്, 2020, ഐഒഎം, യുഎൻ മൈഗ്രേഷൻ). അവരിൽ 52 ശതമാനം പുരുഷന്മാരും 48 ശതമാനം സ്ത്രീകളുമാണ്. രാജ്യാന്തര കുടിയേറ്റക്കാരിൽ 74 ശതമാനവും തൊഴിലെടുക്കാൻ കഴിയുന്ന പ്രായത്തിലുള്ളവരാണ് (20-64 വയസ്സ്).

ഇന്ത്യയിൽ നിന്നാണ് മറ്റേതൊരു രാജ്യത്തെക്കാളും കുടിയേറ്റക്കാർ വിദേശത്ത് താമസി ക്കുന്നത്. അവർ 17.5 ദശലക്ഷം അഥവാ രാജ്യാന്തര കുടിയേറ്റക്കാരിൽ 6.4 ശതമാനം വരുന്നു. ലോകബാങ്കിന്റെ കണക്കുകൾ പ്രകാരം പ്രവാസിപ്പണം ഏറ്റവുമധികം സ്വീകരിക്കു ന്ന രാജ്യവും ഇന്ത്യയാണ്. 2019 ലെ മൊത്തം 706.62 ശതകോടി അമേരിക്കൻ ഡോളറിൽ 82.2 ശതകോടി അമേരിക്കൻ ഡോളർ (11.6 ശതമാനം) ഇന്ത്യയ്ക്ക് ലഭിച്ചു.

കേരളത്തിൽ നിന്നും ലോകത്തെമ്പാടുമായി 21.22 ലക്ഷം പ്രവാസി മലയാളികളുണ്ട് (കേരള മൈഗ്രേഷൻ സർവെ, 2018). കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ പ്രധാന ലക്ഷ്യസ്ഥാനം ഗൾഫ് രാജ്യങ്ങളാണ്. സംസ്ഥാനത്തുനിന്നുള്ള മൊത്തം പ്രവാസികളിൽ 89 ശതമാനവും അവിടെയാണ്. പ്രവാസിപ്പണം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. പ്രവാസിപ്പണം സംസ്ഥാന വരുമാനം വർധിപ്പിക്കുകയും അതിന്റെഫലമായി ഉപഭോഗം, സമ്പാദ്യം, നിക്ഷേപം, മാനുഫാക്ചറിംഗിൽ മൂല്യവർധനവ്, വ്യാവസായിക വികസനം എന്നിവയിൽ പുരോഗതി ഉണ്ടാക്കുകയും ചെയ്യുന്നു.

## കേരളത്തിലേക്കുള്ള പ്രവാസിപ്പണ വരവിനുമേലുള്ള കോവിഡ്-19 ന്റെ സ്വാധീനം

ഏപ്രിൽ 2020-ൽ ലോകബാങ്ക് ഇപ്പോഴത്തെ ആഗോള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്തുകൊണ്ട് 2019 ലെ ഇന്ത്യയിലേക്കുള്ള പ്രവാസിപ്പണത്തിന്റെ വളർച്ചാ നിരക്കായ 5.5 ശതമാനത്തിനു വിപരീതമായി 2020 ൽ 2.3 ശതമാനമായി കുറയുമെന്ന് പ്രവചിക്കുകയുണ്ടായി.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സർവെ ഓൺ ഇന്ത്യാസ് ഇൻവാർഡ് റെമിറ്റൻസ സ് (2018) പ്രകാരം രാജ്യത്തെ മൊത്തം പ്രവാസിപ്പണ വരവിലെ 19 ശതമാനം കേരള ത്തിനു ലഭിക്കുന്നു. സംസ്ഥാനത്തേക്ക് നേരിട്ടുള്ള മാർഗ്ഗങ്ങളായ വാണിജ്യ ബാങ്കുകളിലെ എൻആർഐ നിക്ഷേപങ്ങളിലൂടെയും അംഗീകൃത വിദേശനാണയ ഡീലർമാർ വഴിയും പ്രവാസിപ്പണം എത്തുന്നു. അതിനു പുറമേ പ്രവാസിപ്പണം കണക്കാക്കുമ്പോൾ ചില പണ്ഡിതർ പ്രവാസികളിൽ നിന്ന് സംസ്ഥാനത്തുള്ളവർക്ക് ലഭിക്കുന്ന സാധനസാമ ഗ്രികളുടെ മൂല്യവും പരിഗണിക്കാറുണ്ട്. കൂടാതെ

കൈമാറ്റം നടക്കുന്ന അനധികൃത മാർഗ ങ്ങളുമുണ്ട്. ഇപ്പോഴത്തെ പ്രതിസന്ധി ഘട്ടത്തിൽ അനധികൃത കൈമാറ്റം കുറയും.

ഈ കുറിപ്പിൽ സ്വാകര്യ കൈമാറ്റങ്ങളിലൂടെയും എൻആർഐ നിക്ഷേപങ്ങളിലൂടെയും നേരിട്ട് വരുന്ന പ്രവാസിപ്പണം മാത്രമേ കണക്കിലെടുക്കുന്നുള്ളൂ.

കേരളത്തിലേക്ക് 2018-19 ൽ അംഗീകൃത ഡീലറന്മാർ വഴി 95,623 കോടി രൂപയും ബാങ്കുകളിലെ എൻആർഐ നിക്ഷേപത്തിലൂടെ 1,46,912 കോടി രൂപയും പ്രവാസിപ്പണം എത്തിയതായി കണക്കാക്കുന്നു. കേരളത്തിലെ ബാങ്കുകളിലെ പ്രതിമാസ ശരാശി എൻആർഐ നിക്ഷേപം 12,243 കോടി രൂപയും സ്വകാര്യ കൈമാറ്റം 7,669 കോടി രൂപ യുമാണ്. (ഇന്ത്യയിലേക്കുള്ള മൊത്തം സ്വകാര്യ പണംവരവുകളും രാജ്യത്തെ മൊത്തം എൻആർഐ നിക്ഷേപങ്ങളും സംബന്ധിച്ച കണക്കുകൾ റിസർവ് ബാങ്കിൽ നിന്നുള്ള താണ്. കേരളത്തിന്റെ താരതമ്യ വിഹിതം റിസർവ് ബാങ്ക് പഠനത്തെയും കേരള മൈ ഗ്രേഷൻ സർവേയുടെ (കെഎംഎസ്)റിപ്പോർട്ടുകളെയും അടിസ്ഥാനമാക്കിയുള്ള താണ്).

മുൻകാല പ്രവണതകളുടെ അടിസ്ഥാനത്തിൽ കേരളത്തിലേക്കുള്ള 2019-20 ലെ എൻആർഐ നിക്ഷേപം, സ്വകാര്യ കൈമാറ്റം എന്നിവയുൾപ്പെടെയുള്ള പ്രവാസിപ്പണ വരവ് 2.6 ലക്ഷം കോടി രൂപയായിരിക്കുമെന്ന് കണക്കാക്കുന്നു. സംസ്ഥാനത്തിന് 2015-16 മുതൽ 2019-20 വരെ ലഭിച്ച പ്രവാസിപ്പണത്തിന്റെ വിശദാംശങ്ങൾ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1 **കേരളത്തിലെ പ്രവാസിപ്പണത്തിന്റെ വിശദാംശങ്ങൾ (സ്വകാര്യ കൈമാറ്റവും എൻആർഐ നിക്ഷേപവും) കോടി രൂപയിൽ**

| വർഷം | ഇന്ത്യയിലേക്കുള്ള പ്രവാസിപ്പണ വരവ്* | കേരളത്തിലേക്കുള്ള പണവരവിന്റെ വിഹിതം# | കേരളത്തിന്റെ വിഹിതം (ശതമാനത്തിൽ)# | കേരളത്തിലേക്കുള്ള പ്രതിമാസ ശരാശരി പണ വരവ് | ഇന്ത്യയിലെ എൻആർഐ നിക്ഷേപം* | കേരളത്തിലെ എൻആർഐ നിക്ഷേപം വിഹിതം# | കേരളത്തിലെ മൊത്ത പ്രവാസിപ്പണം (3+7) |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 2015-16 | 429072 | 69081 | 16 | 5757 | 720997 | 116081 | 185161 |
| 2016-17 | 411120 | 78113 | 19 | 6509 | 841956 | 159972 | 238084 |
| 2017-18 | 445567 | 78420 | 18 | 6535 | 757751 | 133364 | 211784 |
| 2018-19 | 534207 | 95623 | 18 | 7969 | 820737 | 146912 | 242535 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2019-20** | 528966 | 96272 | 18 | 8023 | 902152 | 164192 | 260463 |


സ്രോതസ്സ് *റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, *Handbook of Statistics on Indian Economy, 2019*
കുറിപ്പ്: # 2015-16 മുതൽ 2017-18 വരെയുള്ള കേരളത്തിന്റെ വിഹിതം റിസർവ് ബാങ്ക് സർവെയും കേരള മൈഗ്രേഷൻ സർവെ റിപ്പോർട്ട് 2018 നെയും അടിസ്ഥാനമാക്കിയുള്ളതാണ്. കേരളത്തിന്റെ 2018-19 ലെയും 2019-20 ലെയും വിഹിതം മുൻ പ്രവണതകളെ അടിസ്ഥാനമാക്കിയുള്ള കണക്കുകൂട്ടലുകളാണ്.
** 2019-20 ലേക്കുള്ള കോളം 2 ലെയും 6 ലെയും കണക്കുകൾ മുൻ പ്രവണതകളെ അടിസ്ഥാനമാക്കിയതാണ്.


കേരളത്തിൽ നിന്നുള്ള പ്രവാസികൾ ഏറെയും കേന്ദ്രീകരിച്ചിരിക്കുന്നത് സാമ്പത്തിക മാന്ദ്യം ഇതിനോടകംതന്നെ പ്രകടമായിട്ടുള്ള ജിസിസി രാജ്യങ്ങളിലാണ്. ഇതിന്റെ ഭാഗമായി, ആ രാജ്യങ്ങളിലെ സർക്കാരുകൾ വിവധതരത്തിലുള്ള തൊഴിൽ പരിഷ്കാരങ്ങൾക്കും കുടിയേറ്റ നയങ്ങൾക്കും തുടങ്ങിക്കഴിഞ്ഞു. അതിന്റെ ഫലമായി കേരളത്തിലേക്ക് ജിസിസി രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികളുടെ മടങ്ങിവരവ് 2013 മുതൽ പുരോഗമിക്കുകയാണ്. കോവിഡ്-19 മഹാമാരി ഗൾഫ് മേഖലയിലെ എല്ലാ തൊഴിലാളികളെയും പല തരത്തിൽ ബാധിച്ചു. വ്യവസായശാലകൾ അടച്ചുപൂട്ടുന്നത്, ജോലിയിൽ നിന്ന് പിരിച്ചുവിടുന്നത്, വേതനം നൽകുന്നത് താമസിക്കുന്നത് എന്നിവ തൊഴിലാളികളെ ബാധിച്ചു. ചിലർ ശമ്പളമില്ലാതെ അവധിയെടുക്കാൻ നിർബന്ധിതരായി. ഇവയെല്ലാം സംസ്ഥാനത്തേക്കു വരുന്ന പ്രവാസിപ്പണത്തെ ഗണ്യമായി ബാധിക്കും.

പ്രവാസിപ്പണവരവിൽ 2020 ജനുവരി, ഫെബ്രുവരി എന്നീ രണ്ട് മാസത്തേക്ക് ഉണ്ടായ കുറവ് കണക്കാക്കിയിട്ടുണ്ട്. മാർച്ച് മാസത്തെ കണക്കുകൾ ലഭ്യമല്ല. വ്യക്തമാകുന്നതുപോലെ, പ്രവാസിപ്പണ വരവിലെ കുറവ് ഈ കുറിപ്പിൽ കണക്കാക്കിയതിനേക്കാൾ കൂടുതലായിരിക്കാം.
കോവിഡ്-19 മൂലമുള്ള പണവരവിന്റെ കുറവ് കണക്കാക്കിയിരിക്കുന്നത് പ്രധാന വാണിജ്യ ബാങ്കുകളിലെ എൻആർഐ നിക്ഷേപത്തിന്റെ അളവ് (സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി നൽകിയ ഡാറ്റ അനുസരിച്ച്) വിശകലനം ചെയ്യതിലൂടെയും അംഗീകൃത വിദേശനാണ്യ ഡീലർമാർ മുഖേനയുള്ള സ്വകാര്യ പണ കൈമാറ്റത്തിലുണ്ടായ (അംഗീകൃത ഡീലർമാർ നൽകുന്നത്) കുറവിൽനിന്നുമാണ്.

2019-20 ൽ സംസ്ഥാനത്തേക്ക് സ്വകാര്യ രസീതുകളിലൂടെ പ്രതിമാസം അയച്ച ശരാശരി തുക 8023 കോടി രൂപയാണ്. അംഗീകൃത വിദേശനാണ്യ വ്യാപാരികളിൽ നിന്ന് ശേഖരിച്ച വിവരമനുസരിച്ച് ജനുവരി മുതൽ ഫെബ്രുവരി വരെ സ്വകാര്യ കൈമാറ്റത്തിൽ 28.19 ശതമാനം കുറവുണ്ടാകും, അഥവാ 2261.68 കോടി രൂപയുടേത്. 2020 ജനുവരി മുതൽ ഫെബ്രുവരി വരെ പ്രമുഖ വാണിജ്യ ബാങ്കുകളുടെ നിക്ഷേപത്തിൽ 138.29 കോടി രൂപ കുറവുണ്ടായിട്ടുണ്ട്. 2020 ജനുവരി മുതൽ ഫെബ്രുവരി വരെ സംസ്ഥാനത്തേക്ക് അയച്ച നിക്ഷേപത്തിൽ ആകെ 2399.97 കോടി രൂപ കുറവുണ്ടായിട്ടുണ്ട്.

ചിത്രം 1 **എൻആർഐ നിക്ഷേപങ്ങളിലും സ്വകാര്യ കൈമാറ്റങ്ങളിലും 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഉണ്ടായ കുറവ്, കോടി രൂപയിൽ**




സ്രോതസ്സ്: 1. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി

2. ആർ ബി ഐ, ഹാൻഡ്ബുക്ക് ഓൺ സ്റ്റാറ്റിസ്റ്റിക്സ് ഓഫ് ഇന്ത്യൻ ഇക്കോണമി

3. അംഗീകൃത മണി എക്സ്ചേഞ്ച് ഡീലർമാരുമായുള്ള അഭിമുഖത്തെ അടിസ്ഥാനമാക്കിയുള്ള കണക്കുകൂട്ടൽ

കേരള മൈഗ്രേഷൻ സർവേയുടെ കണക്കനുസരിച്ച് 6.4 ശതമാനം പണമടയ്ക്കൽ സാധനങ്ങളായാണ് ലഭിച്ചത്. ലോക്ഡൗൺ കാരണം, ചരക്കുകളുടെ കൈമാറ്റം നിന്നിരിക്കുന്നു. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ പ്രവാസിപ്പണത്തെ വളരെയധികം ആശ്രയിച്ചിരിക്കുന്നതിനാലും ഇത് സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ ഒരു പ്രധാന പങ്ക് വഹിക്കുന്നതിനാലും, അത്തരം ഫണ്ടുകളുടെ വരവ് കുറയുന്നത് സമ്പദ്‌വ്യവസ്ഥയെ മൊത്തത്തിൽ ബാധിക്കും. ഉദാഹരണത്തിന്, ഇത് സംസ്ഥാനത്തിന്റെ നിർമ്മാണ മേഖലയ്ക്കും തൊഴിൽ കമ്പോളത്തിനും നേരിട്ടുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാക്കും.

## ജിസിസി രാജ്യങ്ങളിലെ പ്രവാസികളുടെ മേലുള്ള കോവിഡ്-19 ന്റെ സ്വാധീനം

കേരളത്തിന്റെ മൊത്തം 22 ലക്ഷം പ്രവാസികളിൽ 19 ലക്ഷത്തോളം പേർ ജിസിസി രാജ്യങ്ങളിലാണ്: സൗദി അറേബ്യ (39 ശതമാനം), യുഎഇ (23 ശതമാനം), ഒമാൻ (8.6 ശതമാനം), കുവൈറ്റ് (6 ശതമാനം), ബഹ്റൈൻ (3.8 ശതമാനം), ഖത്തർ (8.7 ശതമാനം) (കേരള മൈഗ്രേഷൻ സർവേ, 2018). കൊറോണ വൈറസ് പൊട്ടിപ്പുറപ്പെടുന്നത് സൗദി അറേബ്യ ഒഴികെയുള്ള എല്ലാ ജിസിസി രാജ്യങ്ങളിലെയും പ്രവാസി കേരളീയർക്ക് ഭീഷണിയാണ്. മറ്റ് ജിസിസി രാജ്യങ്ങളിലെ കുടിയേറ്റക്കാർക്ക് തൊഴിൽ നഷ്ടം, സാമൂഹിക അകലം പാലിക്കാനുള്ള കഴിവില്ലായ്മ, ശരിയായ വൈദ്യസഹായത്തിന്റെ അഭാവം, ഇന്ത്യയിലേക്ക് തിരികെ കൊണ്ടുപോകുന്നതിലെ പ്രശ്നങ്ങൾ എന്നിവ ഉൾപ്പെടുന്നു.

## സാമ്പത്തിക ആഘാതം

ജിസിസി രാജ്യങ്ങളിലെ സാമ്പത്തിക മാന്ദ്യം കോവിഡ്-19 മഹാമാരി രൂക്ഷമാക്കി. കോവിഡ്-19 ന്റെ ആഘാതം കണക്കിലെടുത്ത്, അന്താരാഷ്ട്ര നാണയ നിധി അവരുടെ വേൾഡ് എക്കണോമിക് ഔട്ട് ലുക്കിൽ, 2020 ൽ ജിസിസി രാജ്യങ്ങളിലെ യഥാർത്ഥ ജിഡിപി വളർച്ച 3.9 ശതമാനമായിരിക്കുമെന്ന് പ്രവചിച്ചു. ദുബായിൽ വേൾഡ് എക്സ്പോ 2020, ഒക്ടോബർ മാസത്തോടെ തുറക്കാൻ തീരുമാനിച്ചിരുന്നു എന്നാൽ അത് അടുത്ത വർഷത്തേക്ക് മാറ്റി. പല കമ്പനികളും ആ ഇവന്റിൽ വലിയ തുക നിക്ഷേപിച്ചിട്ടുണ്ട്, ഇവന്റിൽ നിക്ഷേപം പൂട്ടുന്നത് അവർക്ക് ഗണ്യമായ നഷ്ടമായിരിക്കും.

## തൊഴിൽ വിപണി

സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് വിവിധ ജിസിസി രാജ്യങ്ങളിൽ പുതിയ തൊഴിൽ നയങ്ങൾ അവതരിപ്പിച്ചു. കമ്പനികളിലെ 30 ശതമാനം ജീവനക്കാരെ പിരിച്ചുവിടൽ, വേതനം നൽകുന്നത് തീരുമാനിക്കാൻ സ്വകാര്യ കമ്പനികളെ ഉപദേശിക്കുക, പൗരന്മാർക്ക് തൊഴിൽ സംവരണം നയങ്ങൾ അവതരിപ്പിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. നിർമ്മാണം, വിനോദം, ടൂറിസം, ഇവന്റ് മാനേജ്മെന്റ്, വാഹന വ്യവസായങ്ങൾ തുടങ്ങിയവയാണ് തിരിച്ചടി ബാധിച്ച വ്യവസായങ്ങൾ. റെസ്റ്റോറന്റുകൾ, മാളുകൾ, സിനിമാ തിയേറ്ററുകൾ, കായിക ഇവന്റുകൾ എന്നിവ 6 മാസത്തേക്ക് പൂർണ്ണമായും അടച്ചു. പല കമ്പനികളിലെയും തൊഴിലാളികൾ ആറുമാസത്തേക്ക് ശമ്പളമില്ലാതെ അവധി എടുക്കാൻ നിർബന്ധിതരായി. കമ്പനികൾ വീണ്ടും തുറക്കുന്നതുമായി ബന്ധപ്പെട്ട് അനിശ്ചിതത്വമുണ്ട്. യുഎഇയിൽ, ബാങ്കിംഗ് മേഖലയിലെ തൊഴിലാളികൾക്ക് അവരുടെ ശമ്പളത്തിന്റെ 50 ശതമാനം മാത്രമേ ലഭിക്കുന്നുള്ളൂ, ഭാവിയിൽ ശമ്പളം നൽകുമെന്ന് ഉറപ്പില്ല.

## മടങ്ങിവരുന്ന കുടിയേറ്റക്കാരുടെ നയപരമായ ഇടപെടൽ

തിരിച്ചു വരുന്ന പ്രവാസികൾക്ക് വൈദഗ്ധ്യവും അർദ്ധ-നൈപുണ്യമുള്ള ജോലികളിൽ വൈദഗ്ധ്യവും പരിചയവുമുണ്ടാകും, ഒപ്പം മാനേജർ വൈദഗ്ധ്യമുള്ള വ്യക്തികളും അവർക്കിടയിൽ ഉണ്ടാകും. അവരിൽ പലകാര്യങ്ങളും ചെയ്യാൻ കഴിയുന്ന തൊഴിലാളികൾ, എണ്ണവ്യവസായത്തിലെ പരിചയസമ്പത്തുള്ള തൊഴിലാളികൾ, അധ്യാപകർ, മറ്റുള്ളവർ എന്നിവരടങ്ങുന്ന വ്യത്യസ്തഗുണങ്ങളുള്ള ഒരു സംഘമായിരിക്കും. അവരെ സംസ്ഥാനത്തെ തൊഴിൽ കമ്പോളത്തിൽ ഉൾക്കൊള്ളാനും പുനരധിവസിപ്പിക്കാനുമുള്ള അനുയോജ്യമായ നടപടികൾ സ്വീകരിക്കണം.
റിട്ടേൺ എമിഗ്രന്റുകളുടെ പശ്ചാത്തലത്തിൽ പുനരധിവാസം, പുന:ഏകീകരണം, വീണ്ടും വിദേശത്ത് കുടിയേറ്റം എന്നിങ്ങനെ സംസ്ഥാന സർക്കാരിനു മുമ്പിലുള്ള വെല്ലുവിളികളെ മൂന്ന് വിഭാഗങ്ങളായി തിരിക്കാം.

നിലവിലെ അനിശ്ചിതത്വത്തിൽ, പുനരധിവാസ നടപടികളിൽ ഇനിപ്പറയുന്നവ ഉൾപ്പെടാം,

(i) ബാങ്കുകളിൽ നിന്നുള്ള വായ്പകളുടെ മൊറട്ടോറിയം.

(ii) തിരികെ വരുന്ന കുടിയേറ്റക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ്.

(iii) സംസ്ഥാനത്തെ വൈവിധ്യമാർന്ന വൈദഗ്ധ്യങ്ങളുടെ സമന്വയം

(iv) കേരളീയർക്ക് വീണ്ടും കുടിയേറേണ്ടിവന്നാൽ നൈപുണ്യം ഒരു പ്രധാന കർത്തവ്യമാണ്.

നോർക്ക വകുപ്പിനുള്ള വിഹിതം വർദ്ധിപ്പിക്കുന്നത് സർക്കാർ പരിഗണിച്ചേക്കാം. എൻആർകെകൾക്കായി നിലവിലുള്ള പ്രോഗ്രാമുകൾ നവീകരിക്കുകയും പുന:ക്രമീകരിക്കുകയും വേണം. അന്താരാഷ്ട്ര വിപണിയിലെ തൊഴിൽ, ജോലിക്കായുള്ള എമിഗ്രേഷൻ രാജ്യം തിരിച്ചുള്ള സാധ്യതകൾ മനസിലാക്കുന്നതിനും മടങ്ങിയെത്തുന്ന കുടിയേറ്റക്കാരുടെ പുനരധിവാസം എന്നിവയ്ക്കും ആഴത്തിലുള്ള പഠനം ആവശ്യമാണ്.

## *ESTIMATING LOSSES FOR KERALA USING AN INPUT-OUTPUT MODEL*

### *Overview of Methodology*

1. An Input-Output (IO) Table for Kerala is not available. Hence, the first step is to scale down the IO Table for India to represent the inter industry linkages for Kerala.[5] However, in the immediate absence of output data at the State level, and for other technical reasons, two significant assumptions are made that are explained further on. These assumptions appear reasonable though because of the need to provide urgently rapid estimates of both the direct and indirect losses to Kerala's economy due to Covid-19 and the response measures this has required.

2. The IO table for India for 2017-18 has been constructed by ADB[6]. It is a 34 sector IO. Since data is available for 16 aggregate sectors for the state of Kerala, the 34 sector India IO was first aggregated to 16 sectors.

3. The GVA for India for 16 aggregated sectors is available for year 2017-18 (GNVA). The GSVA for Kerala for the same 16 aggregated sectors is also available for the year 2017-18. To scale down from national to state IO using non-survey methods, a standard methodology[7] is applied. The technical details of the methodology are given in the end of this note. The ratio between the sector-wise output of the state and sector-wise output of at the national level is required for this method. In the absence of sector-wise output data at the State level, **the ratio of state to national GVA is used as a proxy to estimate the ratio of sector-wise state output to national output.** This is the first major assumption in the model. With this assumption state-level output can be estimated.

4. Once the IO table for Kerala for year 2017-18 is thus constructed, the IO coefficients are assumed to hold unchanged subsequently. **Using the estimates for the GSVA available from the DES for the year 2019-2020, the values of final demand for the year for each sector are manually adjusted to get the same values of GSVA in the IO table for 2019-20 with the IO coefficients unchanged.** This is the other major assumption. A similar adjustment is carried out for the year 2020-2021 as well since GSVA estimates are provided for this year as well.

5. Thus self-consistent IO Tables are constructed for the "normal year" 2019-2020 without the impact of Covid-19. Similarly, for 2020-21, based on the projections, we set up an IO Table without the impact of Covid-19.

---

[5] An alternative methodology to estimate the input-output coefficients based on GST data is in progess.

[6] Economic Research and Regional Cooperation Department (ERCD), Asian Development Bank https://data.adb.org/dataset/india-input-output-economic-indicators (Accessed on 14 April 2020).

7 Miller, R. E., & Blair, P. D. (2009). Input-output analysis: foundations and extensions. Cambridge university press.

6. Remittances have not been accounted for. **This is a major gap and the impact of Covid-19 on remittances and through that on final demand is not accounted for in this analysis. However, in the absence of remittances and their likely decline on account of Covid-19, our estimate of the economic loss on account Covid-19, represents a lower limit. Inclusion of remittances and their impact would increase the estimate of economic loss.**

7. The losses estimated by the Kerala DES in GVSA are taken as the direct losses in output for all sectors, based on our earlier assumption of equating state-level output and GVSA.

8. Using this we estimate the loss in final demand using the standard I-O analysis methodology and recalculate the loss in output, that is now inclusive of both direct and indirect impact of Covid-19.

9. From the post-Covid-19 output, the post-Covid-19 GSVA can be calculated and compared to the projected GSVA for both 2019-20 and 2020-21, to estimate the scale of the loss for both years.

10. The total estimated losses in GSVA and sector wise losses as per both the DES estimates and IO estimates for the years 2019-20 and 2020-21 are given in Tables 1, 2, and 3.

11. We reiterate that this estimate (within the scope of our assumptions) is a lower limit on the possible sum of direct + indirect impact since the remittances have not been accounted for, and they are likely to have an important contribution especially through indirect effects.

*Results*

Table 1 *Total GVSA loss: comparison of DES estimates and IO model results*

| | Total Loss in GVSA for Kerala | | | | |
|---|---|---|---|---|---|
| | Normal Year Estimates (Rs in lakh crore) | GVA Post-Covid: Direct Impact Estimates - DES (Rs in lakh crore) | Direct Loss Estimates (DES) (%) | GVA Post Covid: Direct + Indirect Impact Estimates - IO (Rs in lakh crore) | Direct + Indirect Loss Estimates (IO) (%) |
| 2019-20 | 7.73 | 7.23 | 7% | 6.93 | 10% |
| 2020-21 | 8.56 | 7.52 | 12% | 6.87 | 20% |

Table 2 *Sector-wise loss estimates in 2019-2020: DES & IO*

| | 2019-20 | | | | |
|---|---|---|---|---|---|
| | Estimated GVA - Normal Year (Rs. Lakh Crore) | Estimated GVA Post-Covid Direct Impact: DES (Rs. Lakh Crore) | Direct Loss Estimates (DES) [%] | Estimated GVA Post Covid Direct + Indirect Impact: IO (Rs. Lakh Crore) | Direct +Indirect Loss Estimates (IO) [%] |
| Agriculture, hunting, forestry, and fishing | 0.76 | 0.74 | 3% | **0.71** | **8%** |
| Mining and quarrying | 0.03 | 0.02 | 15% | **0.02** | **32%** |
| Manufacturing | 0.81 | 0.76 | 6% | **0.69** | **15%** |
| Electricity, gas, and water supply | 0.10 | 0.10 | 1% | **0.09** | **14%** |
| Construction | 1.01 | 0.86 | 15% | **0.86** | **15%** |
| Trade and Repair | 1.39 | 1.26 | 9% | **1.18** | **15%** |
| Hotels and restaurants | 0.12 | 0.11 | 10% | **0.11** | **14%** |
| Inland transport | 0.33 | 0.30 | 10% | **0.27** | **17%** |
| Water transport | 0.00 | 0.00 | 9% | **0.00** | **11%** |
| Air transport | 0.01 | 0.01 | 9% | **0.01** | **10%** |
| Other supporting and auxiliary transport activities; activities of travel agencies | 0.02 | 0.02 | 9% | **0.02** | **17%** |
| Post and telecommunications | 0.10 | 0.10 | 2% | **0.10** | **7%** |
| Financial intermediation | 0.30 | 0.29 | 4% | **0.26** | **13%** |
| Real Estate and Accommodation | 1.29 | 1.20 | 7% | **1.18** | **8%** |
| Public administration and defence; compulsory social security | 0.30 | 0.30 | 0% | **0.30** | **0%** |
| Other Services | 1.14 | 1.14 | 0% | **1.14** | **1%** |
| **Total** | **7.73** | **7.23** | **7%** | **6.93** | **10%** |

Table 3 *Sector-wise loss estimates in 2020-2021: DES & IO*

| | 2020-21 | | | | |
|---|---|---|---|---|---|
| | Estimated GVA - Normal Year (Rs. Lakh Crore) | Estimated GVA Post-Covid Direct Impact: DES (Rs. Lakh Crore) | Direct Loss Estimates (DES) [%] | Estimated GVA Post Covid Direct + Indirect Impact: IO (Rs. Lakh Crore) | Direct +Indirect Loss Estimates (IO) [%] |
| Agriculture, hunting, forestry, and fishing | 0.78 | 0.70 | 10% | **0.61** | **22%** |
| Mining and quarrying | 0.02 | 0.02 | 22% | **0.01** | **72%** |
| Manufacturing | 0.87 | 0.68 | 22% | **0.56** | **35%** |
| Electricity, gas, and water supply | 0.12 | 0.11 | 7% | **0.08** | **31%** |
| Construction | 1.11 | 0.89 | 20% | **0.88** | **21%** |
| Trade and Repair | 1.56 | 1.36 | 13% | **1.17** | **25%** |
| Hotels and restaurants | 0.14 | 0.10 | 25% | **0.09** | **32%** |
| Inland transport | 0.34 | 0.27 | 20% | **0.22** | **36%** |
| Water transport | 0.01 | 0.01 | 16% | **0.00** | **19%** |
| Air transport | 0.01 | 0.01 | 16% | **0.01** | **17%** |
| Other supporting and auxiliary transport activities; activities of travel agencies | 0.02 | 0.02 | 17% | **0.02** | **31%** |
| Post and telecommunications | 0.11 | 0.10 | 5% | **0.09** | **16%** |
| Financial intermediation | 0.32 | 0.30 | 6% | **0.24** | **25%** |
| Real Estate and Accommodation | 1.46 | 1.34 | 8% | **1.30** | **11%** |
| Public administration and defence; compulsory social security | 0.33 | 0.33 | 0% | **0.33** | **0%** |
| Other Services | 1.35 | 1.28 | 5% | **1.26** | **7%** |
| **Total** | **8.56** | **7.52** | **12%** | **6.87** | **20%** |

1. To scale down from national to state IO using non-survey methods, a standard methodology from Miller and Blair (2009)[8] is used. The state output $x_i^r$ (total regional output for sector i) and national output $x_i^n$ are first used to estimate the Location Quotients using Equation (1)

$$LQ_i^r = \left( \frac{x_i^r}{x^r} \Big/ \frac{x_i^n}{x^n} \right) \quad (1)$$

2. The location quotients are then used to calculate the regional technical coefficients matrix $[A_{ij}]$ using Equation (2)

$$a_{ij}^{rr} = \begin{cases} (LQ_i^r) \times a_{ij}^n & if\ LQ_i^r < 1 \\ a_{ij}^n & if\ LQ \geq 1 \end{cases} \quad (2)$$

The notation 'n' denotes values at the national level and 'r' denotes values at the regional level.

3. Once the matrix of technical coefficients for the region (i.e. the square matrix $[A^r_{ij}]$ and vector $[x_i^r]$ are available, the square matrix of inter-industry flows$[Z_{ij}]$, the column vector of final demands [f], and row vector of GSVA are calculated using the standard Leontief method and a regional IO Table for Kerala for the year 2017-18 is constructed.

4. Since the estimates for the GSVA are available from the DES for the year 2019-2020, the values of final demand [f] for the year for each sector are manually adjusted to self-consistently obtain the same values of GSVA in the IO table for 2019-20 as well. The same procedure is applied for the year 2020-2021.

5. The final demand for the "normal year" 2020 [f2020-NY] is then used to calculate the total output vector [X2020-NY] using the standard Leontief equation $x = L \times f$. The final demand, $Z_{2020\text{-}NY,}$is then calculated **assuming the technical coefficients $[A^{rr}_{ij}]$ remain constant between 2017-18 and 2020-21**. I-O Tables for "normal years" (before impact of Covid-19) for years 2019-20 and 2020-21are then calculated.

6. The next step is to estimate the total loss in output due to the lock-down implemented to contain the spread of Covid-19**.** The losses estimated by the Kerala DES are used to calculate the proportionate loss in total annual output.

8 Miller, R. E., & Blair, P. D. (2009). Input-output analysis: foundations and extensions. Cambridge university press.

7. This loss is an output loss (i.e. a $\Delta x$), but the standard linear IO analysis using the Leontief matrix requires a change in the final demand [$\Delta f$]. Therefore, the change in output is converted to a change in final demand using the methodology discussed by Miller and Blair (2009), i.e. dividing the total output vector [$x_{2020}$] by the diagonal of the square matrix [L]. This is because the direct impact on final demand of a loss in output is captured by the diagonal elements of the matrix [L].

8. The resultant vector [$\Delta f$] is the corresponding loss in final demand. The new final demand vector [$f_{2020\text{-CV}}$][9] is then estimated by subtracting [$\Delta f$] from [$f_{2020}$]. A new row vector [$X_{2020\text{-CV}}$], square matrix [$Z_{2020\text{-CV}}$], and column vector [$GVA_{2020\text{-CV}}$] is calculated and a new $IO_{2020\text{-CV}}$ is constructed to reflect the system of economic transactions post Covid-19 for year 2019-20. The same is done for year 2020-21 as well.

9. Based on these, we may now compute the loss in GVSA due to both direct and indirect impact of Covid-19.

[9] The term 2020-CV is used to denote the estimates of all relevant vectors and matrices post COVID-19, i.e. after taking into account the losses due to the lock-down period.